# ക്രൈസ്റ്റ കോളേജ് മാഗസിൻ 1979



79
78-79
Philosophy

CHRIST COLLEGE LIBRARY
ACC. No. 57427
CALL NO.

# CHRIST COLLEGE STUDENTS MAGAZINE

1978-79

CHRIST COLLEGE, IRINJALAKUDA, KERALA - Pin 680 121



താൻ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലത്തെ വിസ്മരിച്ച്, ശൂന്യതയിലേക്കു മുഖംതിരിച്ചിരിക്കുന്നവൻ യഥാർത്ഥത്തിൽ തെററുകാരനാണ്. തനിക്കുചുററും സംഭവിക്കേണ്ടിയിരിക്കുന്ന അനിവാര്യമായ മാററങ്ങളിൽ ഒരു രാസത്വരകത്തിന്റെ സ്വഭാവം പങ്കുവെക്കാത്തവനും, മരിച്ചുകൊണ്ടിരിക്കുന്ന സത്യത്തിന്റെ നാസാരന്ധ്രങ്ങളിൽ ജീവശ്വാസം പകരാൻ ചങ്കൂററം കാണിക്കുന്നവരെ കൊഞ്ഞനംകുത്തി പരിഹസിക്കുന്നവനും ചരിത്രപരമായ തന്റെ കടമ വിസ്മരിക്കുകയാണു ചെയ്യുന്നത്. അഥവാ തന്റെ വർഗ്ഗത്തെ ഒററിക്കൊടുക്കുകയാണ്. ഇന്നും നമ്മിൽ പലരും ഇത്തരം പൊയ്മുഖങ്ങളും അണിയുന്നതിൽ ജാള്യം പ്രകടിപ്പിക്കുന്നവരല്ല. നാം തികഞ്ഞ യാന്ത്രികത്വത്തിന്റെ പിടിയിൽ അമർന്നുപോയിരിക്കുന്നു. നിസ്സംഗതയുടെ പണ്ടുശാലയിൽനിന്നും, വ്യർത്ഥമായ കാല്പനികതയുടെ വലയങ്ങളിൽനിന്നും സ്വന്തം അസ്തിത്വത്തെ മോചിപ്പിച്ചെടുക്കുകയാണ് ഇന്നിന്റെ ആവശ്യം.

സ്കോച്ച് വിസ്കി നുണഞ്ഞുകൊണ്ട് നമ്മുടെ ദാരിദ്ര്യത്തെക്കുറിച്ചും, പ്രസവിക്കാനിരിക്കുന്ന സായുധവിപ്ലവത്തെക്കുറിച്ചും വാചകമടിക്കുന്ന ഉപരിവർഗ്ഗബുദ്ധിജീവികളെ നമുക്കു വെറുതെ വിടാം. നീലരക്തജീവികളെന്നോ, ചെമന്ന മേലങ്കി ധരിച്ചവരെന്നോ കുററപ്പെടുത്തി നമ്മെ വേർതിരിക്കാൻ ശ്രമിക്കുന്നവരേയും ഒററപ്പെടുത്താം.

അങ്ങനെ മൺപാവകളായി നിഴൽനൃത്തമാടിക്കൊണ്ടിരിക്കുന്ന നമുക്ക് ബന്ധനത്തിന്റെ ചരടുകൾ അറുത്തുമാററാം.

നിയമത്തിന്റെ തടവറകളിൽ അനാഥമായി പൊഴിഞ്ഞുവീഴുന്ന ഇന്ത്യൻപൗരന്റെ നിശ്വാസങ്ങൾക്ക് വില ഉണ്ടായേ മതിയാകൂ.

ഇസങ്ങളുടെ ഇരുട്ടറകളിൽ തുണിയുരിയെറിയുന്നവരുടെ നഗ്നതകളിൽ വിഷക്കാററു പരക്കുന്ന കാലം സമീപത്താണ്. അതിന്നായി നിറഞ്ഞ ആത്മാർത്ഥതയോടെ (ആത്മാർത്ഥതയോടെ) വീണ്ടും നമുക്കു തുടങ്ങേണ്ടിയിരിക്കുന്നു.

---

**വി. പി. സുദർശൻ**

ചീഫ് സ്റ്റുഡന്റ് എഡിറ്റർ.

# MAGAZINE COMMITTEE



| | | |
|---|---|---|
| *Magazine Editor* | : | V. P. Sudarsan<br>II B. Sc. (Chemistry) |
| *Staff Advisor* | : | Sri. C. V. Francis<br>Dept: of English |
| *Members* | : | P. Sivadas<br>Sreekumar Menoth<br>N. Sachidanandan |
| *Sketches* | : | Poet Kunjunny, Ravindran and other renowned artists. |
| *Blocks* | : | Gerwas John & Co., Ernakulam. |
| *Printing* | : | Vivekodayam Printing & Publishing Co. Mapranam, Irinjalakuda. |

സിംപോസിയം: ഐ. എം. വേലായുധൻമാസ്റ്റർ
മാമ്പുഴ കുമാരൻ
കല്ലറ ബാലകൃഷ്ണൻ
ബാലചന്ദ്രൻ വടക്കേടത്ത്
'ഇന്ത്യൻയുവത്വ'ത്തെക്കുറിച്ച്
വിദ്യാർത്ഥികളുടെ
അഭിപ്രായങ്ങൾ.

ലേഖനങ്ങൾ: സെബാസ്റ്റ്യൻ ജോസഫ്
രാധേഷ്ചന്ദ്രൻ
വി. വി. ഉണ്ണിക്കൃഷ്ണൻ
സെബാസ്റ്റ്യൻ പി. പാലാട്ടി
കെ. സി. എസ്. പണിക്കർ
എം. വി. രാമൻ

കവിത: കൊന്നക്കുഴി ഇട്ടീര
ജയരാജ് പി. ഒ.
ശിവദാസ് പി.
സുനിൽ എം. എസ്.
ജോസ് കെ. എൽ.
കുറച്ചു വിദേശ കവിതകൾ
കവിയരങ്ങിൽ അവതരിപ്പിച്ച
കവിതകൾ
ജോജോ വെള്ളാനിക്കാരൻ
തോംസൺ ഡേവീസ് പി.
രാമചന്ദ്രൻ പി. ആർ.
ജോൺ ജെ പാനികുളം
രണ്ട് ഭാഷാകവിതകൾ.

കഥ: കെ. രാമചന്ദ്രൻ
കെ. എസ്. ജോൺസൺ
രത്നമോഹൻ
ഉണ്ണികൃഷ്ണൻ
കെ. പി. ജോർജ്ജ്
സുധാകരൻ കെ.
വി. ശിവദാസൻ
വി. പി. സുദർശൻ
അഞ്ച് കുഞ്ഞിക്കഥകൾ
കഥയരങ്ങിൽ അവതരിപ്പിച്ച
കഥകൾ
പ്രോത്സാഹനസമ്മാനം നേടിയ
കഥ.

പലവക: റിപ്പോർട്ടുകൾ
കുറിപ്പുകൾ
സുവിശേഷം
ചിത്രപ്പേജുകൾ
മുഖചിത്രചിന്തകൾ
കഥകളിലൂടെ
ഗ്രന്ഥാവലോകനം
ഋത്വിക് ഘട്ടക്കുമായിരുന്നഭിമുഖം
സിനിമാനിരൂപണം.




# ഇന്ത്യൻ യുവത്വം



**ഇന്ത്യൻ യുവത്വത്തെക്കുറിച്ച്**

**വീണ്ടുമൊരു ചർച്ച—**

**വീണ്ടുമൊരു വഴി.**

1979 ഫെബ്രുവരി 7-ാംതിയ്യതി ക്രൈസ്റ്റ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ചു നടത്തപ്പെട്ട 'ഇന്ത്യൻ യുവത്വം' എന്ന സിംപോസിയത്തിൽ പങ്കെടുത്തവരുടെ പ്രസംഗസംഗ്രഹങ്ങളാണ് അടുത്തടുത്ത പേജുകളിൽ ചേർത്തിരിക്കുന്നത്. സർവ്വശ്രീ ഐ. എം. വേലായുധൻ മാസ്റ്റർ, മാമ്പുഴ കുമാരൻ, കല്ലറ ബാലകൃഷ്ണൻ, ബാലചന്ദ്രൻ വടക്കേടത്ത് എന്നിവർ ഈ സെമിനാറിൽ പങ്കെടുത്തു. ഈ വിഷയത്തെ ആസ്പദമാക്കി സെബാസ്റ്റ്യൻ ജോസഫ്, രാധേഷ്ചന്ദ്രൻ, വി. വി. ഉണ്ണികൃഷ്ണൻ എന്നിവർ എഴുതിത്തന്ന ലേഖനങ്ങളും ഇതോടൊപ്പം ചേർക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്കിടയിൽനിന്നു ശേഖരിച്ച അഭിപ്രായങ്ങളും, ലേഖനങ്ങളും.

സഹകരിച്ച എല്ലാവർക്കും നന്ദി.

—എഡിറ്റർ

# സിംപോസിയം

ഐ. എം. വേലായുധൻമാസ്റ്റർ

യുവത്വത്തെപ്പററി യുവത്വത്തോട് വിടപറഞ്ഞുകഴിഞ്ഞ ഒരു മധ്യവയസ്കൻ സംസാരിക്കുമ്പോൾ അതിൽ ചില വീക്ഷണവൈകല്യങ്ങളും മുൻവിധികളും ഉണ്ടായെന്നു വരാം. ഇംഗ്ലീഷ് സാഹിത്യകാരനും ചിന്തകനുമായ പ്രൊഫ. സി. ഇ. എം. ജോഡ് തൻെറ ആത്മകഥയിൽ 'കിഴവന്മാരുടെ ക്രൂരതകൾ' എന്ന ഒരധ്യായം എഴുതിച്ചേർത്തിട്ടുണ്ട്. യൌവനം നശിച്ചവർ യുവാക്കളെ അസൂയയോടും അസഹിഷ്ണുതയോടുംകൂടി നോക്കുന്നതിൻെറ മനഃശാസ്ത്രം അദ്ദേഹം വിശകലനം ചെയ്യുന്നു. ഒരുകാലത്ത് താൻ ആത്മനിർവൃതിയോടെ അനുഭവിച്ചിരുന്ന കാമിനിമാരുടെ കടാക്ഷവും രുചികരമായ ആഹാരവും ഒന്നും അനുഭവിക്കുവാൻ കാലത്തിൻെറ ഗതിമൂലം കഴിയാതായ കിഴവന്മാർ, അതെല്ലാം തൻെറ കൺമുമ്പിൽവെച്ച് നിസ്സങ്കോചം അനുഭവിക്കുന്ന യുവാക്കളെപ്പററി അസൂയാലുക്കളാകുന്നു; രോഷാകുലരാകുന്നു. അവരുടെ നിരങ്കുശമായ സദാചാരഭ്രംശത്തേയും മൃഗീയ വികാരങ്ങളേയുംപററി കിഴവന്മാർ പരാതി പറയുന്നു. ജോഡിൻെറ മനശ്ശാസ്ത്രവിശകലനത്തിൻെറ വെളിച്ചത്തിൽ കിഴവനല്ലെങ്കിലും യുവാവല്ലാത്ത ഞാൻ യുവത്വത്തെപ്പററി വിലയിരുത്തുമ്പോൾ അസൂയയുടെ നിറഭേദം അതിനുണ്ടാകുമൊ എന്ന് ആശങ്കിക്കുകയാണ്. ആകുന്നതും അതുണ്ടാകാതെ നോക്കാം.

യുവാക്കൾ സത്യത്തിൻെറ ദാർശനികന്മാരാണെന്ന് പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ മാക്സിംഗോർക്കി പറയുന്നു. യുവാക്കൾ എത്തുകാലത്തും ആദർശത്തിനുവേണ്ടി നിലകൊണ്ടിട്ടുണ്ട്. അവക്ക് നയത്തിൻേറയൊ പ്രായോഗികതന്ത്രത്തിൻേറയൊ പേരിൽ സത്യം മറച്ചുവെയ്ക്കേണ്ട ആവശ്യമില്ല. കഥയിലെ വിഡ്ഢിയായ മഹാരാജാവ്, താൻ സത്യവിരോധമൊ കുററകൃത്യമൊ ചെയ്യാത്തവക്കുമാത്രം കാണാവുന്ന, അപൂർവ്വമായ വസ്ത്രം ധരിച്ചിരിക്കുന്നു [എന്ന വിശ്വാസത്തിൽ ദിഗംബരനായി ജനക്കൂട്ടത്തിലേയ്ക്കെഴുന്നള്ളിയപ്പോൾ പ്രധാനമന്ത്രിയ്ക്കോ, പട്ടാളമേധാവിയ്ക്കോ പട്ടമഹിഷിക്കോ ജനക്കൂട്ടത്തിൽ മുതിർന്നവക്കൊക്കെങ്കിലുമൊ സത്യസ്ഥിതി പരസ്യമായിപ്പറയാൻ ധൈര്യമുണ്ടായില്ല. എന്നാൽ ഒരു കുട്ടി ഉറക്കെ വിളിച്ചുപറഞ്ഞു: ''അയ്യേ, രാജാവ് തുണിയുടുത്തിട്ടില്ല!'' ആ കുട്ടിയുടെ ധൈര്യമാണ് നാം യുവാക്കളിൽ പ്രതീക്ഷിക്കുന്നതു്. അത്തരം യുവാക്കളെയാണ് സത്യത്തിൻെറ ദാശ്നികന്മാരായി മാക്സിംഗോക്കി വിശേഷിപ്പിക്കുന്നതു്.

ഈ മാനദണ്ഡംവച്ചുനോക്കുമ്പോൾ ഇന്ത്യൻ യുവത്വത്തിന്നു പൊതുവേ അത്ര അഭിമാനിക്കാൻ വകയുണ്ടെന്നു തോന്നുന്നില്ല. ഇവിടെ രാജാവ് വസ്ത്രംധരിക്കാതെ, താൻ വീരാളിപ്പട്ടുടുത്തിരിക്കുന്നു എന്നു പറഞ്ഞ്, തെരുവിലിറങ്ങി വിലസിയപ്പോൾ സത്യം വിളിച്ചുപറയാൻ യുവത്വത്തിന്നു കഴിഞ്ഞില്ല. എല്ലാ യുവാക്കളും അങ്ങനെയായിരുന്നു എന്നു ഞാൻ പറയുന്നില്ല. നല്ലൊരു പങ്ക് നഗ്നനായ രാജാവിന്നു ചാമരം വീശാനും 'ഹല്ലേലൂയാ' പറയാനുമാണ് തയ്യാറായതു് എന്ന വസ്തുത നിഷേധിക്കാനൊക്കുകയില്ലല്ലൊ.

ഇന്ത്യൻ യുവത്വമടക്കം ലോകമെങ്ങുമുള്ള യുവത്വം നേരിടുന്ന ഒരു വലിയ പ്രശ്നമാണ് വിശ്വാസത്തിൻെറ പ്രതിസന്ധി. വ്യാവസായിക വിപ്ലവത്തിൻെറ ആരംഭംവരെ മതവും ഈശ്വരനും വലിയ ആലംബമായിരുന്നു. എന്നാൽ സയൻസിൻേറയും ടെക്നോളജിയുടേയും സഹായത്തോടെ ഉരുത്തിരിഞ്ഞ പുതിയ യന്ത്രസംസ്കാരം ആ ആലംബം തകർത്തുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ നൂററാണ്ടിൻെറ ആരംഭത്തിൽ ജനാധിപത്യം എന്ന ഒരു പുതിയ പ്രത്യയശാസ്ത്രം യുവജനങ്ങളെ ആവേശംകൊള്ളിച്ചുകൊണ്ട് ഉയർന്നുവന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരവും ഫ്രഞ്ചുവിപ്ലവവും പൌരസ്വാതന്ത്ര്യത്തേയും സമത്വത്തേയും സംബന്ധിക്കുന്ന നൂതനങ്ങളായ ആശയങ്ങൾ ഉയർത്തിപ്പിടിക്കുകയുണ്ടായി. ലോകത്തെങ്ങുമുള്ള യുവാക്കൾ മഹത്തായ ആ ആദർശങ്ങൾക്കുവേണ്ടി മരിക്കാൻ തയ്യാറായി. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ സോഷ്യലിസം എന്ന ശക്തിയേറിയ പ്രത്യയശാസ്ത്രം അത്യന്തം തിളക്കത്തോടെ അവരുടെ മുന്നിൽ ഉയർന്നു. റഷ്യയിലെ ഒക്ടോബർവിപ്ലവം യുവാക്കളേയും ബുദ്ധിജീവികളേയും ആവേശംകൊള്ളിച്ചു. മുപ്പതുകളുടെ അന്ത്യംവരെ ആ ആദർശം യുവാക്കളുടെ ധ്രുവനക്ഷത്രമായി നിലകൊണ്ടു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ ആദർശങ്ങൾ ദേശീയത എന്ന തീക്ഷ്ണവികാരവുമായിച്ചേർന്ന് ത്യാഗത്തിൻെറ അസിധാരയിൽ നൃത്തംചെയ്യുന്നതിന് യുവത്വത്തെ കരുത്തുററതാക്കി.

എന്നാൽ ഇന്നത്തെ നിലയതല്ല. ഇന്ന് ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ആദർശങ്ങൾക്ക് പഴയതിളക്കമില്ല. ഇതു സംഭവിച്ചതു് ആ ആദർശങ്ങൾ കൈകാര്യംചെയ്ത നേതൃത്വത്തിൻെറ തകരാറുകൊണ്ടാകാം; അല്ലെങ്കിൽ ആദർശങ്ങളിൽതന്നെ അന്തർഹിതമായ അപര്യാപ്തതമൂലമാകാം. എങ്ങിനെയായാലും എൻെറ തലമുറയുടെ പ്രതിജ്ഞാബദ്ധത (അവരുടെ യൌവനകാലത്തു്) ദേശീയതയോടും ജനാധിപത്യത്തോടും സമത്വസങ്കല്പത്തോടും ഇന്നത്തെ തലമുറയ്ക്കില്ല എന്നാണെൻെറ അഭിപ്രായം.

ഇന്ത്യയിൽ യുവത്വം ഇന്ന് മറെറാരു പ്രശ്നത്തെ നേരിടുകയാണ്. ദേശീയതലത്തിൽ അവർക്കനുകരിക്കാവുന്ന മാതൃകയില്ല എന്നതാണാപ്രശ്നം. എൻെറ യൌവന കാലത്തു് ഗാന്ധിജി മുതൽ ഭഗത്സിങ്ങ്വരെ താരങ്ങളുടെ ഒരു മഹാവ്യൂഹംതന്നെ മാതൃകാപുരുഷന്മാരായുണ്ടായിരുന്നു. അവർ പൊതുജീവിതത്തെ ഒരു തപശ്ചര്യയുടെ നിലവാരത്തിലേയ്ക്കുയർത്തിയവരായിരുന്നു. ഇന്നാകട്ടെ പൊതുപ്രവർത്തനം ഉപജാപത്തിൻേറയും വിശ്വാസവഞ്ചനയുടേയും കാപട്യത്തിൻേറയും അഴിമതിയുടേയും നാറുന്ന കുപ്പക്കുഴിയായി മാറിയിരിക്കുന്നു. ''ഇതാ, ഇദ്ദേഹത്തെപ്പോലെയാകാൻ ശ്രമിക്കൂ!'' എന്ന് ഇന്നാരെ ചൂണ്ടിക്കാണിച്ചു പറയും?

ഈ അവസ്ഥയെപ്പററി അസ്വാസ്ഥ്യമനുഭവിക്കുന്നവരോ പ്രതിഷേധിക്കുന്നവരോ ആയി യുവജനങ്ങളിൽ അധികമാരുമില്ലെന്നതാണ് വേദനാജനകമായ സത്യം. മുതിർന്ന തലമുറയുടെ കളിതന്നെ, അവരേക്കാൾകൂടുതൽ സമർത്ഥമായികളി

ക്കുന്നതിലാണ് രാഷ്ട്രീയത്തിൽ പ്രവേശിക്കുന്ന യുവാക്കൾ പരസ്പരം മത്സരിക്കുന്നത്. കേരളത്തിലെങ്കിലും യുവത്വത്തിന്റെ കൈകളിൽ അധികാരം വന്നുചേരുകയുണ്ടായി. പക്ഷെ അവർ അതു ഉപയോഗിച്ച രീതി അവരെപ്പററി അശേഷം പ്രതീക്ഷയുളവാക്കുന്നതായിരുന്നില്ല. ഇന്നത്തെ സ്ഥിതിയിൽ അക്ഷമയും അമർഷവുമുള്ള ഒരത്യന്തന്യൂനപക്ഷം യുവാക്കളിലുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അവരുടെ അമർഷം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ അവർക്കു കഴിയുന്നില്ല. അവരുടെ വിപ്ലവസ്വപ്നങ്ങൾ സംസ്കൃതചിത്തരെ കിടിലംകൊള്ളിക്കുന്ന വൈകൃതങ്ങളിൽ സാഫല്യം കാണുന്നു. അപൂർവ്വം ചിലർ ''അസ്തിത്വദുഃഖ''ത്തിന്റെ നോക്കുകുത്തികളായി പഥികർക്കു നേരംപോക്കിനു വകനൽകാറുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം പേരും സമൂഹത്തിന്റെ വേദനയ്ക്കു പുറംതിരിഞ്ഞുനിന്നു വെള്ളിത്തിരയിലെ ലൈംഗികകേളികളിലും സ്റ്റണ്ടുകളിലും പരോക്ഷാനുഭൂതി തേടുന്നവരാണ്.

ത്യാഗവും ധീരതയും ആവശ്യപ്പെടുന്ന ആദർശസാക്ഷാൽക്കാരത്തിനുവേണ്ടി സമർപ്പിക്കപ്പെടാത്ത യുവത്വം രാജ്യത്തിനു ഭാവിയിൽ ഒരു ബാദ്ധ്യതയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്ത്യൻ യുവത്വം ഈ ആലസ്യത്തിൽനിന്നുണരേണ്ടിയിരിക്കുന്നു... ജീവിച്ചിരിക്കുന്നവരിൽനിന്നു അവർക്കു മാതൃകകൾ ലഭിക്കുന്നില്ലെങ്കിൽ ദേശീയ വിമോചനപ്രസ്ഥാനകാലത്തെ പലരേയും അവർക്കു മാതൃകകളാക്കാൻ കഴിയും. അവരുടെ ജീവിതത്തെപ്പററി യുവാക്കൾ പഠിക്കേണ്ടിയിരിക്കുന്നു. അവർ പറഞ്ഞതുതന്നെ പറയണമെന്നല്ല ഞാൻ പറയുന്നത്. അവർ ചെയ്തതല്ല നിങ്ങൾ ചെയ്യേണ്ടതും. ഒരു കോൺഗ്രസ്സ് സമ്മേളനത്തിൽവെച്ച് മോട്ടിലാൽനെഹ്റു ചരിത്രത്തെ അനുസരിക്കാൻ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചപ്പോൾ ജവഹർലാൽനെഹ്റു പറയുകയുണ്ടായി, ചരിത്രം ആവർത്തിക്കാനല്ല, പുതിയ ചരിത്രം രചിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത് എന്നു. ജവഹർലാലിന്റെ തലമുറ പുതിയ ചരിത്രം രചിക്കുകയുംചെയ്തു. പിതാക്കൾ ചെയ്തതുമാത്രം മക്കളും ചെയ്താൽ പുരോഗതി എന്നൊന്നു ഉണ്ടാകുകയില്ലെന്നു നമുക്കറിയാം. അച്ഛൻ ചിന്തിച്ചതിന്നപ്പുറം മകൻ ചിന്തിക്കണം, അച്ഛൻ ചെയ്തതിന്നപ്പുറം മകൻ പ്രവർത്തിക്കണം. അതുകൊണ്ടു ഗാന്ധിയൻ യുഗത്തിലെ നേതൃത്വപരമ്പരയിൽനിന്നു മാതൃകകളെ ഉൾക്കൊള്ളാൻ പറയുമ്പോൾ അതിന്നർത്ഥം അവരുടെ ആശയങ്ങൾ അങ്ങിനെത്തന്നെ പകർത്തണമെന്നല്ല. അവരുടെ പ്രതിജ്ഞാബദ്ധത, അവരുടെ ധീരത, അവരുടെ ത്യാഗബുദ്ധി, അവരുടെ ജീവിതശുദ്ധി—അതെല്ലാം ഉൾക്കൊള്ളണമെന്നാണ്. അങ്ങിനെ ഇന്ത്യയിലെ യുവത്വത്തിന്നു ഒരുയിർത്തെഴുന്നേൽപ്പുണ്ടാകട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു. □

---

## മാമ്പുഴ കുമാരൻ

**ഭാ**രതത്തിൽ യുവാക്കൾക്കു മാത്രമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടെന്നു ഞാൻ കരുതുന്നില്ല... ഭാരതത്തിൽ പ്രശ്നങ്ങളുണ്ട്; ശരിതന്നെ. പട്ടിണി, തൊഴിലില്ലായ്മ, വിചിത്രങ്ങളായ സനാതന നൈതിക ധാർമ്മികമൂല്യങ്ങൾ, സോഷ്യലിസംപോലുള്ള ആദർശങ്ങളെക്കുറിച്ചുള്ള പ്രതിജന ഭിന്നസങ്കല്പങ്ങൾ—ഇവയെല്ലാം ഒരർത്ഥത്തിൽ ആധുനിക യുഗത്തിന്റെ പ്രശ്നങ്ങളാണ്. പക്ഷെ, ഇവ ഒരു പ്രത്യേക തലമുറയെ മാത്രം സ്പർശിക്കുന്നവയല്ല. നമ്മുടെ കാലഘട്ടത്തിലെ എല്ലാ മനുഷ്യരേയും ഒരുപോലെ ബാധിക്കുന്ന പ്രശ്നങ്ങളാണ് ഇവ.

ഇത്തരം പ്രശ്നങ്ങളോട് പ്രതികരിക്കുമ്പോൾ വിഭിന്ന തലമുറകൾ വ്യത്യസ്തവീക്ഷണം പുലർത്തുന്നുവെന്നതു സത്യമാണ്. പക്ഷെ, സൂക്ഷ്മത്തോളം നോക്കുമ്പോൾ, ഈ വ്യത്യസ്തത കേവലം ഉപരിതലസ്പർശിയാണെന്നു കാണാം. ഇതിനേക്കാൾ ശ്രദ്ധേയവും, പ്രസക്തവുമായ ഒരു വസ്തുതയുണ്ട്. നാം ഒരു പ്രശ്നത്തെ സമീപിക്കുമ്പോൾ, നമ്മുടെ വർഗ്ഗപരമായ വാസന, അഥവാ വീക്ഷണമാണ് നിർണ്ണായകശക്തിയായി വർത്തിക്കുന്നതു. അടിയന്തിരാവസ്ഥക്കാലത്തു മനുഷ്യസ്വാതന്ത്ര്യം ക്രൂരമാംവിധം നിഷേധിക്കപ്പെട്ടുവെന്നു അമർഷംകൊണ്ട യുവാവും, ആ കാലത്തെ അച്ചടക്കത്തിന്റെ സുവർണ്ണയുഗമെന്നു വിശേഷിപ്പിച്ച യുവാവും, ഒരേ തലമുറയെത്തന്നെയല്ലേ പ്രതിനിധാനം ചെയ്യുന്നതു. പക്ഷെ, അവർ രണ്ടു വർഗ്ഗത്തെയാണ് പ്രതിനിധാനംചെയ്യുതെന്നുകൂടി പറയണം.

എനിക്കു തോന്നുന്നു, ഭാരതീയയുവത്വം ഇന്നു നിശ്ചലവും ചൈതന്യരഹിതവുമാണെന്നു. യുവതലമുറ അസ്വസ്ഥമാണെന്നു പറയുമ്പോൾ, ഒരപസ്മാരരോഗിയുടെ അസ്വസ്ഥതയിൽ കവിഞ്ഞു ഒരസ്വസ്ഥതയും ഞാൻ കാണുന്നില്ല. അടിസ്ഥാനപരമായ, ആഴത്തിൽ വേരോട്ടമുള്ള, ഒരു പ്രത്യയശാസ്ത്രത്തിന്റെ സൃഷ്ടിയെന്നു പറയാവുന്ന ഒരസ്വസ്ഥതയും ഇവിടെ ഞാൻ കാണുന്നില്ല.

നാൽപത്തിയേഴിൽ ഇവിടെ അധികാരക്കൈമാററം നടന്നു. ഭാരതം സ്വതന്ത്രമായെന്നർത്ഥം. പക്ഷെ, ആ പഴയ പാരമ്പര്യത്തിന്റെ ചക്രച്ചാലിൽനിന്നു നമ്മുടെ സമൂഹം ഈ മുപ്പത്തിയൊന്നുവർഷം കഴിഞ്ഞിട്ടും, കരകയറിയിട്ടില്ലെന്നുള്ളതാണ് സത്യം. അടുത്തെങ്ങും കരകയറുന്ന ലക്ഷണവും കാണുന്നില്ല. ''ഞങ്ങൾ ചരിത്രം നോക്കി പഠിക്കാനല്ല, ചരിത്രം സൃഷ്ടിക്കുവാനാണ് പോകുന്നതെന്നു'' പണ്ടു മോട്ടിലാൽ നെഹ്രുവിന്റെ മുഖത്തുനോക്കി യുവാവായ ജവഹരിലാൽ നെഹ്രു പറഞ്ഞുവെന്നു ഇവിടെ പ്രസ്താവിക്കപ്പെട്ടല്ലോ—സത്യത്തിൽ, അങ്ങിനെ പുതിയൊരു ചരിത്രം സൃഷ്ടിക്കുവാൻ ഭാരതീയ യുവത്വത്തിനു സാധിച്ചുവോ? നാല്പത്തിയേഴിനു ശേഷം — അധികാരക്കൈമാററത്തിനുശേഷം — ഒരു പുതിയ ഇന്ത്യ സൃഷ്ടിക്കുകയാണ് തങ്ങളുടെ കർത്തവ്യമെന്നു കരുതി പ്രവർത്തിക്കാൻ ഭാരതീയ യുവത്വത്തിനു സാധിച്ചുവോ? സാധിച്ചിരുന്നെങ്കിൽ ഈ രാജ്യം കുറേക്കൂടി നന്നാകുമായിരുന്നു. നിർഭാഗ്യവശാൽ അതുണ്ടായില്ല. വാദ്ധക്യം തെളിച്ച

വഴി വിട്ടുപോകാൻ യുവത്വത്തിന്ന് കഴിഞ്ഞില്ല. വാർദ്ധക്യം വിജയിക്കുകയും യുവത്വം പരാജയപ്പെടുകയുമാണുണ്ടായത്.

സ്വാതന്ത്ര്യസമരകാലത്ത്, രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കുറിച്ചെന്നപോലെതന്നെ, സാംസ്കാരിക പരിവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ചും നമ്മുടെ ജനങ്ങൾ ബോധവാന്മാരാകേണ്ടതായിരുന്നു. ഗാന്ധിജിയുടെ അഭിപ്രായങ്ങളോട് നാം യോജിച്ചാലും ഇല്ലെങ്കിലും ശരി,—പലപ്പോഴും യോജിക്കാൻ സാദ്ധ്യവുമല്ല—ഒരു സാംസ്കാരിക വിപ്ലവത്തെക്കുറിച്ച് ഗാന്ധിജി ബോധവാനായിരുന്നു. പക്ഷെ, അത് ഉൾക്കൊള്ളാൻ അനുയായികൾക്ക് കഴിഞ്ഞില്ല.

ഈ പ്രകൃതത്തിലാണ്, ഏതാനും വർഷങ്ങൾക്കുമുമ്പ് ചൈനയിൽ വിദ്യാർത്ഥികളും തൊഴിലാളികളും, മാവോയുടെ ധാർമ്മികപിന്തുണയോടെ സംഘടിപ്പിച്ച സാംസ്കാരിക വിപ്ലവത്തെക്കുറിച്ച് നാം ചിന്തിച്ചുപോകുന്നത്. അതു വെറും പേക്കൂത്തായി പല പത്രങ്ങളും ചിത്രീകരിച്ചു. പക്ഷെ, അക്കാലത്ത് ചൈനയിൽ സഞ്ചരിച്ച്, കാര്യങ്ങൾ പഠിച്ച്, ഒരിംഗ്ലീഷുകാരി എഴുതിയ ഗ്രന്ഥം ആ സാംസ്കാരിക വിപ്ലവത്തിന്റെ പ്രസക്തി വെളിവാക്കിയിരുന്നു. പഴയ മൂല്യസങ്കല്പങ്ങളിൽനിന്ന് പൂർണ്ണമായി വിട്ടുപോരാൻ കഴിയാത്ത ഭരണാധികാരികളേയും; തങ്ങളെത്തന്നെയും, ആ വർഗ്ഗസ്വഭാവത്തിൽനിന്ന് വിടർത്തി, പുതിയൊരു വിതാനത്തിലെത്തിക്കുകയെന്നതായിരുന്നു ആ യുവാക്കളുടെ ലക്ഷ്യം. സാംസ്കാരിക വിപ്ലവത്തിന്റെ ഉദ്ദേശം അതായിരുന്നു. യാഥാർത്ഥ്യബോധത്തിൽനിന്ന്, ക്രാന്തദർശിത്വത്തിൽനിന്ന് രൂപം കൊള്ളുന്ന ചിന്താഗതിയാണിത്. ഇങ്ങനെ, ഒരു സാംസ്കാരികപരിവർത്തനത്തിനുവേണ്ടി ഉററുശ്രമിക്കാൻ നമ്മുടെ യുവതലമുറയ്ക്ക് കഴിയുമോ? ആധുനിക കാലഘട്ടം യുവാക്കളുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളിയാണത്. □

---

## കൽപററ ബാലകൃഷ്ണൻ

പുതിയൊരു ലോകവ്യവസ്ഥയിലേയ്ക്കുള്ള കുതിപ്പാണ് എല്ലാ രാജ്യങ്ങളിലും. ഇന്ത്യൻ ചെറുപ്പക്കാരന്ന് അതു കണ്ടില്ലെന്നുനടിക്കാൻ ആവുകയില്ല. ഇന്ത്യൻ സമൂഹത്തിന്റെ ശാശ്വതഭാവങ്ങളെ നവീകരിക്കുന്നതിലൂടെ അയാൾ ഉണർത്തുന്ന പ്രശ്നങ്ങൾ പൂർണ്ണമായും ഇന്ത്യൻ പ്രശ്നമാകണമെന്നില്ല. അപ്പോൾ രണ്ടു ചോദ്യം: സ്വന്തം സമൂഹത്തിന്റെ ഏതേതംശങ്ങളെയാണ് അയാൾ തിരസ്കരിക്കേണ്ടത്? ഇല്ലാത്ത എന്തെല്ലാം വശങ്ങളാണ് കൂട്ടിച്ചേർക്കേണ്ടത്.

തിരസ്കരിക്കേണ്ടതിനെക്കുറിച്ച് പല വാദങ്ങളുമുണ്ടാകാം. ഇന്ത്യൻ സംസ്കാരം യാഥാസ്ഥിതിക സംസ്കാരമാണെന്നും അതിനെ പാടേ തള്ളിക്കളയേണ്ടതാണെന്നും വാദിക്കുന്ന ചുരുക്കം ചിലരെങ്കിലുമുണ്ട്. യാഥാസ്ഥിതികമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന കാര്യങ്ങളോട് മതവാദികൾ വെച്ചുപുലർത്തുന്ന ചില താല്പര്യങ്ങൾ ഈ വാദത്തെ കൂടുതൽ ശക്തമാക്കുകയുംചെയ്യുന്നു. എന്നാൽ ഇന്ത്യ എന്ന സങ്കല്പം നൽകുന്ന മതാനുഭൂതിയിൽനിന്ന് വിട്ടുമാറി ഈ സമൂഹത്തിന്നുവേണ്ടി ഒന്നുംചെയ്യാൻ സാദ്ധ്യമാവുകയില്ല. മതാനുഭൂതി അമ്പലങ്ങളിൽ വിളയിക്കുന്നതല്ല. ബാബാമാർ ആകാശത്തിൽനിന്നു ചുരത്തി എടുക്കുന്നതല്ല. ഇന്ത്യൻസംസ്കാരം നൂററാണ്ടുകളായി ജീവിതദർശനത്തിന്റെ ആത്യന്തികഭാവമായി ഉൾക്കൊണ്ടുപോന്നിട്ടുള്ളതാണ്. ടാഗോറിനും ഗാന്ധിക്കും ഉൾക്കൊള്ളാൻകഴിഞ്ഞതാണ് ആ അനുഭൂതി. മതപ്രകടനങ്ങളിൽനിന്ന് ദേശീയസംസ്കാരത്തിലേയ്ക്കുള്ള കുതിച്ചുപായലാണത്. നഗരവല്ക്കരണത്തിന്റെ ഈ ആധുനികതയ്ക്കിടയിലും കലയും സാഹിത്യവും ഈ അനുഭൂതിയുടെ ആഴങ്ങൾ തേടുന്നു. രാഷ്ട്രീയവും സാമൂഹ്യവിപ്ലവകാരികളും ഇതിന്റെ പുറന്തൊണ്ടുകൾക്കുവേണ്ടി കടിപിടികൂടുകയുംചെയ്യുന്നു. ഇവിടെ മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം സംശയം ഏതു ചെറുപ്പക്കാരനാണുണ്ടാവുക? ദേശീയത ഒരു പൊള്ളവാക്യമാകാനുള്ള സാദ്ധ്യതകൾ അന്തരീക്ഷത്തിൽ ധാരാളമായിരിക്കേ, സമയം വളരെകുറച്ചേ കൈവശമുള്ള എന്നവൻ മനസ്സിലാക്കുകയും വേണം.

ലോക രാഷ്ട്രീയദർശനത്തിൽ ഇന്ത്യ കുറേ വാക്കുകൾനല്കിയിട്ടുണ്ട്. സ്വാതന്ത്ര്യപ്പോരാട്ടങ്ങൾക്ക് ഉത്തേജനംനൽകുക, ജീവിക്കാനുള്ള മനുഷ്യന്റെ മൗലികാവകാശത്തെ സംരക്ഷിക്കുക ഇതൊക്കെ അതിൽപെട്ടതായിരുന്നു. ജീവിക്കാൻ നെററിയിൽ കുരിശേറിയുന്ന ജൂതനുമവകാശമില്ലേ? സ്വാതന്ത്ര്യപ്പോരാട്ടം ചെക്കോസ്ലാവാക്കിയയിലുമുണ്ടായിക്കൂടെ? നമുക്കുവേണ്ടി ഇന്ത്യൻ നേതാക്കൾ ഇതിനുത്തരം പറഞ്ഞിട്ടില്ല. തൊട്ടടുത്ത രാജ്യമായ പാക്കിസ്ഥാൻപോലും അണുബോംബുണ്ടാക്കുമ്പോൾ അന്തരീക്ഷത്തിന് മറയില്ലാതെ അറുപതു കോടി അർദ്ധനഗ്നർ കഴിയേണ്ടിവരുന്ന കഥ വൃദ്ധരായ കോമാളികൾ ഇനിയും മനസ്സിലാക്കിയിട്ടില്ല. ലോകം കൂടുതൽ മാരകമായിക്കൊണ്ടിരിക്കുയാണ്. കാലുറച്ചുനില്ക്കാൻ സ്വയംശക്തിനേടാത്തവനെ ഇളങ്കാററുമതി പറപ്പിച്ചുകളയാൻ. ഇന്ത്യൻ ചെറുപ്പക്കാരനെ ഈ വിപത്തിൽനിന്ന് രക്ഷിക്കാൻ ആരാണ് ശ്രമിക്കുന്നത്? അക്കാദമിക് സ്ഥാപനങ്ങളിൽ കരിപുരണ്ട കുറേ വാക്കുകൾ വിളമ്പിക്കൊടുക്കുന്നു. ചരിത്രത്തെയും ഗ്രാമങ്ങളെയും രാഷ്ട്രീയ വ്യഭിചാരത്തിന്ന് വിധേയമാക്കുന്നു. അക്കാദമിക് വിപ്ലവം മരക്കസേരകൾക്കുവേണ്ടിയുള്ള തല്ലുകൂടൽ മാത്രമായിരിക്കുന്നു. സ്വന്തം സംസ്കാരം ആത്മവിമർശനത്തിലൂടെ കണ്ടെത്താൻ സഹായിക്കാത്തവിധത്തിൽ നാലു ചുവരുകളിൽ യുവാക്കളുടെ വിജ്ഞാനസ്ഫോടനസ്വഭാവത്തിന് കൂച്ചുവിലങ്ങിട്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്തും സാംസ്കാരികരംഗത്തും കോമാളികളെ മാത്രമേ കാണാനുള്ളൂ. ഇതിനെ അതിജീവിക്കാൻ ചെറുപ്പക്കാരനുള്ള ബാദ്ധ്യത ഇവിടെ ഒതുങ്ങിനില്ക്കുന്നതല്ല. വിദ്യാഭ്യാസം ഇടതുപക്ഷമാവണോ വലതുപക്ഷമാവണോ എന്ന തർക്കമാണ്

നമ്മുടെ യുവ കരങ്ങളാക്ക് എന്നിട്ടും ബാക്കിയുള്ളത്! അവർ പുറംലോകം അടുത്ത തലമുറയ്ക്കുവേണ്ടി എന്തുചെയ്യുന്നു എന്നു കണ്ടുപഠിക്കണമെന്ന് പറയുന്നവരെ പുച്ഛിച്ചേക്കും.

47-നു ശേഷമാണോ ഇന്ത്യയിൽ പുതിയ സംസ്കാരം തുടങ്ങിയത്? അമേരിക്കയിൽപോലും 50നു ശേഷമാണെന്നാണ് പറയുന്നത്. അതിനൊരു സ്വഭാവമേ ഉള്ളൂ. അടുത്ത കാലഘട്ടത്തിനുംകൂടി ഉപയോഗപ്പെടാത്തവയെ തള്ളിക്കളയാനുള്ള മനക്കട്ടി ബോധമുള്ളവർക്കുണ്ടായി. ഈ കട്ടി നമുക്കിനും ഉണ്ടായോ? ഉണ്ടാവണമെന്ന് തോന്നുകയെങ്കിലും ചെയ്തോ? കഴിഞ്ഞ നൂറ്റാണ്ടിന്റെ ശക്തികുറഞ്ഞ ബീജങ്ങൾക്ക് പടർന്നു വളരാനുള്ള വഴിയൊരുക്കിക്കൊടുക്കലാണ് ഇന്നും ഇന്ത്യൻ രാഷ്ട്രീയത്തിൽ, സാംസ്കാരിക മണ്ഡലങ്ങളിൽ, സാമൂഹ്യ ദർശനങ്ങളിൽ, ഭൗതിക ശാസ്ത്രത്തിന്റെ ഉപദർശനങ്ങളിൽ. എന്നിട്ടും 'ഇന്ത്യൻ ചെറുപ്പക്കാരൻ' എന്ന പദം ചന്തകളിൽ വിറ്റഴിയുന്നു. ചെറുപ്പത്തിലെ തങ്ങളുടെ ദൈവം മരിച്ചെന്ന് എത്ര പേരറിഞ്ഞു? അറിഞ്ഞവരും പ്രത്യേകിച്ചൊന്നും ചെയ്തിട്ടില്ല. വിപ്ലവം, ഇടതുപക്ഷം, ജനാധിപത്യസംസ്കാരം, വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയ പരപ്പൻ വാക്കുകൾകൊണ്ട് ആരെയും ആകർഷിക്കാവുന്ന അവസ്ഥയിൽനിന്ന് ഇന്നും നമ്മുടെ നാട് മുക്തമല്ല. ഇവയ്ക്കിടയിൽ സമസ്ത ജാതികളും യുക്തിവാദങ്ങളും കസേരകളികളും സ്വന്തം നെല്ലറകൾ നിറയ്ക്കുകയും ചെയ്യുന്നു. ആദ്യം ചെറുപ്പക്കാരനാവുക, പിന്നെ വെറും മനുഷ്യനാവുക, 'ചിന്തിക്കുന്ന യന്ത്രം' സൃഷ്ടിച്ച നാലാംയുഗത്തിൽ (fourth epoch) ജീവിക്കുന്ന എല്ലാവർക്കുമുള്ള വെല്ലുവിളിയാണത്. ആദ്യം സ്വയം സ്വതന്ത്രനാവുക; പിന്നെ പുതിയ ബാദ്ധ്യതകളുള്ള ഒരു സ്വതന്ത്ര സമൂഹത്തിനുവേണ്ടി തിണ്ടാടുക; ഒരാൾക്കൂട്ടത്തിനുവേണ്ടി. അറിവും നെറിവും അനുഭവമായ ഒരു കൂട്ടത്തിനുവേണ്ടി. □

---

### ബാലചന്ദ്രൻ വടക്കേടത്ത്

ഒരിക്കലും ചോദ്യങ്ങളിഷ്ടപ്പെടാതിരുന്ന ഇന്ത്യൻ യുവാവ് ചോദ്യങ്ങളായിത്തീരുകയാണിന്ന്. ആ ചോദ്യങ്ങൾക്കുള്ള ഉത്തരം ഇതേ യുവാവുതന്നെയാകുന്നു. ഇന്ത്യൻ യുവത്വത്തിന്റെ പ്രശ്നവും ഇതുതന്നെ.

ഇന്ത്യൻ യുവത്വം—പ്രയോഗം സാധുവാണോ? അഥവാ ആ പ്രയോഗത്തിൽനിന്ന് നാം തെരഞ്ഞെടുക്കേണ്ട അർത്ഥമെന്ത്? ഇന്നത്തെ യുവാക്കൾക്കിടയിൽ പരുങ്ങിനടക്കുന്ന ആദർശവൈരുദ്ധ്യങ്ങളും ചിന്താവൈരുദ്ധ്യങ്ങളും ആണെങ്കിൽ പ്രശ്നം ചെറുതല്ല. ആലോചനയുടെ അക്ഷരമാല അറിയാതെ ഇതിനെക്കുറിച്ചൊന്നും പറയാനും വയ്യ. സ്വല്പനേരത്തെ ചിന്തയിൽ ഞാൻ എന്നോടുതന്നെ ചോദിച്ച ചോദ്യം, അതുകൊണ്ടുതന്നെ, നിങ്ങളോടും ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ലളിതമായൊരു ചോദ്യമാണത്. കേൾക്കുന്ന മാത്രയിൽ നിസ്സാരമെന്നു തോന്നിയേക്കാമെങ്കിലും അതിന്ന് ആഴവും വ്യാപ്തിയും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇന്ന് ഇന്ത്യയിലെ യുവാക്കളിൽ എത്രപേർ ''ഇന്ത്യൻ യുവാക്കളാ''യുണ്ട്?

''ഇന്ത്യൻ യുവത്വ''മാണല്ലോ ചർച്ച. അതുകൊണ്ട് ഇന്ത്യൻ യുവാവ് ഉയർന്നുവരുന്നു. ഇവിടെ ജനിച്ചുവളർന്നുവെന്ന അർത്ഥത്തിലല്ല ഞാൻ പ്രയോഗിക്കുന്നത്. ഇംഗ്ലണ്ടിന്റേയും റഷ്യയുടേയും ഫ്രാൻസിന്റേയും ചൈനയുടേയും അമേരിക്കയുടേയും ആദർശങ്ങൾ ഉൾക്കൊള്ളുന്ന യുവാക്കളാണിന്ന് ഏറെയുള്ളത്. ആ രാജ്യങ്ങളിലെ ചിന്താപരമായ എല്ലാ വൈരുദ്ധ്യങ്ങളേയും അവരും ഉൾക്കൊള്ളുന്നു. ചിന്താവൈകൃതങ്ങളുടെ കൂടെ കിടന്നുറങ്ങാനുള്ള വ്യഗ്രത എന്തുകൊണ്ടോ ഇന്നത്തെ ഇന്ത്യൻ യുവാവിൽ വളർന്നുവരുന്നു. സാഹിത്യരംഗത്തുപോലും ഈ വൈരുദ്ധ്യം കാണാം. ഈ നാടിന്റെ ചിന്തകളുമായി ഇണങ്ങാൻ ഇവിടത്തെ എഴുത്തുകാരൻ മടി കാണിക്കുന്നു. സ്വന്തം നാടിന്റെ ഗന്ധമുള്ള സാഹിത്യരചന നടത്താനും നിരൂപണം ചെയ്യാനും അവനൊരുക്കമല്ല. സ്വന്തം സംസ്കാരത്തെക്കുറിച്ചും സ്വന്തം രാജ്യത്തെക്കുറിച്ചും തന്റെ തന്നെ നിലനില്പിനെക്കുറിച്ചുമുള്ള അജ്ഞതയാണത്. ഇവരിൽനിന്ന് ഭിന്നരായി ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും ഇവിടെയുണ്ട്. എന്നാൽ അവർക്കിവിടെ സ്ഥാനമില്ലാതായിരിക്കുന്നു. അവർ അപഹസിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നു. അതാണിന്നത്തെ നില.

രാമകൃഷ്ണപരമഹംസർ പലപ്പോഴും പറയാറുള്ള ഒരു കഥ ഞാൻ ഓർക്കുന്നു. ഭഗവദ്ഗീതയെ നിന്ദിച്ചുകൊണ്ട് നടന്നിരുന്ന ഒരു യുവാവ് ഒരിക്കൽ ഭഗവദ്ഗീതയെ പ്രശംസിച്ചു സംസാരിക്കുകയുണ്ടായി. ഏതോ പാശ്ചാത്യൻ ഭഗവദ്ഗീതയെ പ്രശംസിച്ചതു കേട്ടപ്പോഴാണ് അയാൾ ഭഗവദ്ഗീതയെ പ്രശംസിക്കാൻ തുടങ്ങിയത്. ഏകദേശം ഇന്നത്തെ യുവാവും ഇതുപോലെയായിത്തീർന്നിരിക്കുന്നു. ഇതിന്റെ വ്യക്തമായ അനുരണനങ്ങൾ മലയാള സാഹിത്യത്തിലാണുള്ളത്. ഗാന്ധിജിയേയും നെഹ്റുവിനേയും വിവേകാനന്ദനേയും ഉദ്ധരിച്ചാൽ അയാൾ പിന്തിരിപ്പനായിത്തീരുന്നു. മാർക്സിനേയും ലെനിനേയും അരിസ്റ്റോട്ടലിനേയും ഉദ്ധരിക്കുന്നയാൾ പുരോഗമനവാദിയായിമാറുന്നു. പക്ഷേ, ഭരതമുനിയേയും, ബാലഗംഗാധരതിലകനേയും, ഡോ. രാധാകൃഷ്ണനേയും ഉദ്ധരിച്ചാൽ അത്യാധുനികനല്ലാത്തവൻ! ഈ നിലയിൽ ഇന്ത്യയിലെ യുവാവ് എന്ന പ്രശ്നം ഗുരുതരമാവുന്നു. ഇന്ത്യൻ യുവാവ് ഉണ്ടോയെന്നുതന്നെ സംശയിക്കേണ്ട അവസ്ഥയാണിത്.

ഒരു മറുചോദ്യം ഇപ്പോൾ ഉയർന്നുവന്നേക്കാം. ഇന്ത്യൻ യുവാക്കൾക്കിടയിൽ കാണുന്ന അസ്വസ്ഥതയാണ് ഇവിടത്തെ ചർച്ചാവിഷയമെന്ന് വാദിച്ചേക്കാം. പക്ഷെ, അതൊരു അടിസ്ഥാനമില്ലാത്ത വാദഗതിയായിത്തീരാനാണ് വഴി. ഈ അസ്വസ്ഥത മുഴുവനും പരസ്പരവിരുദ്ധങ്ങളായ ആശയ

ങ്ങൾ ഉൾക്കൊള്ളുകയും ഇന്ത്യയുടേതായ ചിന്താഗതി ഉൾക്കൊള്ളാൻ വിസമ്മതിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യതയാണെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? പക്ഷെ, വാസ്തവമതാണെന്ന് സൂക്ഷ്മദൃക്കുകൾക്ക് കാണാൻ കഴിയും. ഇന്ത്യൻ യുവത്വത്തിന്ന് മാതൃകയായിരിക്കേണ്ട ഇന്ത്യൻ ചിന്തകൻ ഈ ആശയവൈരുദ്ധ്യത്തിൽപെട്ട് നട്ടെല്ലുതകർന്ന് കിടക്കുന്ന ദയനീയമായ കാഴ്ചയാണ് ഞാൻ കാണുന്നത്.

ഗാന്ധിജിയുടെ ആദർശം ഉൾക്കൊള്ളുകയും അദ്ദേഹത്തെ ആരാധിക്കുകയും ചെയ്തിരുന്ന പലരല്ല; ചിലർ അറിഞ്ഞോ അറിയാതെയോ ഗോഡ്സെയുടെ ആരാധകരായിമാറിയിരിക്കുന്നു. ഗോഡ്സെയുടെ പേർ പറയുന്നില്ലെന്നു മാത്രം. ഒരു കാര്യംകൂടി ശ്രദ്ധിക്കൂ. അയാളുടെ അനുയായികളാവട്ടെ ഗാന്ധിജിയുടെ ചിതാമണ്ഡപത്തിൽ പുഷ്പചക്രം അർപ്പിക്കുന്നു. ആദർശസംശുദ്ധിയേശാത്ത ഈ നേതൃത്വത്തിന്റെ തണലിൽ തഴച്ചുവളരുന്ന ഇന്ത്യൻ യുവത്വം അസ്വസ്ഥതയുടേയും വൈരുദ്ധ്യങ്ങളുടേയും ആഴക്കടലിൽ അകപ്പെട്ട് നശിക്കുമെന്നല്ലാതെ വളരുമെന്ന് എങ്ങിനെ ഉറപ്പിച്ചുപറയാൻ കഴിയും.

ഇന്ത്യയുടെ മണ്ണിൽ വേരോടുന്ന, അതും ആ വേരോട്ടത്തിന്ന് ആഴമുള്ള യുവചൈതന്യത്തിന്ന് ചിന്താപരമായി നേതൃത്വം നല്കാൻ കഴിവുള്ള യുവാക്കൾ ഇവിടെയുണ്ട്. എന്നാൽ അവരുടെ ചിന്തകൾക്ക് ആകൃതി നൽകാനും ഇന്ത്യൻ യുവത്വത്തെ ഊട്ടിയുറപ്പിക്കാനുമാണ് ശ്രമിക്കേണ്ടത്. ഇക്കാര്യത്തിൽ മറ്റുള്ളവർക്കല്ല; നമുക്കുതന്നെയാണ് ബുദ്ധിമുട്ടുള്ളത്. നമ്മുടെ ചിന്ത ഉരുത്തിരിഞ്ഞുവരേണ്ടത് ഇതേ പശ്ചാത്തലത്തിൽനിന്നുതന്നെയാണ്. മറ്റുള്ളവരുടെ ചിന്താശക്തിയെ വേണമെങ്കിൽ ഉപയോഗപ്പെടുത്താമെന്നുമാത്രം.

ഇന്ത്യൻ യുവത്വത്തെക്കുറിച്ചു പറയുമ്പോൾ ഇന്ത്യൻ യുവത്വത്തെ നശിപ്പിക്കുന്ന വാർദ്ധക്യത്തിന്റെ ചിന്തകൾ എതിർക്കപ്പെടേണ്ടതാവശ്യമാണ്. ഇന്ത്യൻ യുവത്വത്തെക്കുറിച്ച് സംസാരിക്കാൻ യുവത്വത്തിന്റെ അനുഭവജ്ഞാനമുള്ളവർക്കു മാത്രമേ അധികാരമുള്ളുവെന്ന ഒരു സ്വരം ഈയടുത്ത കാലത്തായി ഇന്ത്യൻ ചിന്തകന്മാരെന്നഭിനയിക്കുന്നവരിൽനിന്ന് കേൾക്കാനിടയായി. ഒരു കാലഘട്ടത്തിൽ ജനിച്ച് വേറൊരു കാലഘട്ടത്തിലൂടെ വളർന്ന് ഈ കാലഘട്ടത്തിൽ എത്തിനിൽക്കുന്ന ആ വാർദ്ധക്യത്തിന്റെ ചിന്തകളോട് അനുസരണക്കേട് കാണിക്കാൻ ഇന്ത്യൻ യുവാവ് തയ്യാറാവുകതന്നെവേണം. ചുരുക്കത്തിൽ, ഈ രൂക്ഷമായ പ്രശ്നത്തെക്കുറിച്ച്, ഇവിടത്തെ സംസ്കാരചിന്തകളുമായി ലയിച്ചുകഴിയുന്ന ഒരിന്ത്യൻ യുവാവിന്നു മാത്രമേ, ചിന്തിക്കാനും ആശയം പ്രകടിപ്പിക്കാനുമുള്ള അവകാശമുള്ളു എന്നാണെന്റെ പക്ഷം. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായത്തെ തള്ളിപ്പറയുന്നുവെന്ന് ഇതിന്നർത്ഥമില്ല. യോജിക്കാവുന്നതിനോട് ഇണങ്ങിച്ചേരാവുന്നതാണ്. ഇന്ത്യൻ യുവാവിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഇന്ത്യൻ യുവാവാണ് സംസാരിക്കേണ്ടത്. ''ഇന്ത്യൻ യുവാവ്'' എന്നൊരു യുവാവ് ഇവിടെയില്ലാതിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

മാത്രമല്ല; ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അപ്പോൾ, ഇന്ത്യൻ യുവത്വത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് നാം എന്തിന് ചർച്ചചെയ്യണം? ഒരിന്ത്യൻ യുവാവിനെ എപ്രകാരം വാർത്തെടുക്കാമെന്നതിനെക്കുറിച്ചാണ് നാം ഇപ്പോൾ ആലോചിക്കേണ്ടത്. ഇത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് എനിക്ക് തോന്നുന്നു. □




## കുഞ്ഞുണ്ണിമാസ്റ്റർ കുറിക്കുന്നു:

○ വയസ്സന്മാർക്ക് വോട്ടുചെയ്ത്, വോട്ടുചെയ്ത് വയസ്സന്മാരാകാൻ ശപിക്കപ്പെട്ടവരാണ് ഇന്ത്യൻ യുവാക്കൾ. വയസ്സനായാൽ വലിയ മന്ത്രിയാകാമെന്നതിനാൽ എളുപ്പം വയസ്സായിക്കിട്ടാൻ കൊതിക്കുന്നവനാണിന്ത്യയിലെ ഓരോ ചെറുപ്പക്കാരനും. ചെറുപ്പത്തിൽത്തന്നെ താടിയും മുടിയും നീട്ടി വളർത്തുന്നത് അതുകൊണ്ടാണല്ലൊ! ○


ശരിയാണ് മാഷേ,
ഇവിടെ വയർ നിറയാത്ത ചെറുപ്പക്കാരേ-
ഉള്ളൂ; വിശക്കുന്ന ചെറുപ്പക്കാരില്ല.
അതിനാൽ ഇവിടെ പടിക്കൽ സമരം
മാത്രമേ നടക്കൂ, വിപ്ലവം നടക്കില്ല.

# പ്രൊമത്യൂസിൻെറ വിലാപം

സെബാസ്റ്റ്യൻ ജോസഫ്

## പ്രൊമത്യൂസിൻെറ ശബ്ദം

മനുഷ്യദ്വേഷിയായ ദേവദേവൻ സ്യൂസിനാൽ കോക്കസ്സസ്സ് ഗിരിശിഖരങ്ങളിലെ ശിലയോട് ബന്ധിതനായ പ്രൊമത്യൂസിൻെറ മുപ്പതിനായിരം വർഷങ്ങളിലെ ഗദ്ഗദങ്ങൾ ആധുനിക യുവതലമുറയിൽനിന്നും നിർഗ്ഗളിക്കുന്നു. കോക്കസ്സസ്സിലെ ഓരോ മഞ്ഞുകട്ടയുടേയും കൂർത്തുമൂത്ത മുള്ളുകൾ ശരീരത്തിലേയ്ക്കു കുത്തിയിറങ്ങുമ്പോഴും, തിളങ്ങുന്ന ചങ്ങലയുടെ കത്തിയെരിയുന്ന തണുപ്പ് അസ്ഥികളിലേയ്ക്കരിച്ചിറങ്ങുമ്പോഴും പ്രൊമത്യൂസുതിർക്കുന്ന ആക്രന്ദനങ്ങളും, വരാനിരിക്കുന്ന സുവർണ്ണഭാവിയെ ഓർത്തുള്ള നെടുനിശ്വാസങ്ങളും ആധുനികയുവാക്കളിലൂടെ മുഴങ്ങിക്കേൾക്കുന്നുണ്ട്. സ്വർഗ്ഗത്തിൽനിന്നും തീയപഹരിച്ച് ഭൂമിയിലെ മനുഷ്യർക്കു നല്കിയെന്നതാണ് പ്രൊമത്യൂസ് ചെയ്ത കടുത്ത അപരാധം. എന്നാൽ, വ്യഭിചരിക്കപ്പെട്ട 'നിയതി'യെ അഴുക്കുചാലിൽനിന്നും രക്ഷിച്ച് മനുഷ്യർക്കു നല്കാൻ ശ്രമിച്ചു എന്നതാണ് ഇന്ന് യുവതലമുറ ചെയ്ത തെററ്. അക്കിലിസ്സിൻെറ മുമ്പിലേയ്ക്കു നടന്നടുക്കുന്ന പ്രിയാമിൻെറ ധീരതയോടെയും, ക്ലിയോപേട്രയോട് ''ഞാൻ ഭവതിയെ സ്നേഹിക്കുന്നു'' എന്നു പറയുന്ന യുവാവിൻെറ ചങ്കൂററത്തോടെയും, കാററിലുള്ളൊരു കൊടുങ്കാററിനേയും, ചുററുമുള്ളതും വരാൻപോകുന്നതുമായ വേലിയേററത്തേയും ഉററുനോക്കിക്കൊണ്ട് മുന്നേറുകയാണ് ആധുനികൃതലമുറ.



## കടലിനപ്പുറം

അമേരിക്കയിൽ രണ്ടാംവിപ്ലവം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു, എന്ന് മാർക്സും യേശുവുമില്ലാതെ (Without Marx or Jesus) എന്ന ഗ്രന്ഥത്തിലൂടെ പ്രഖ്യാപിച്ച ജോഫ്രാൻസ്വാറവൽ ആധുനിക യുവാക്കളെ പൊഴിഞ്ഞുപോയ വ്യക്തികളായിട്ടാണ് കാണുന്നതു്. അവനവൻെറ വ്യക്തിത്വം നശിച്ചുവെന്നും, ജീവിതോദ്ദേശത്തിന് വികൃതമായ വ്യാഖ്യാനമാണുണ്ടായിട്ടുള്ളതെന്നുമുള്ള സുവ്യക്തമായ ബോധമാണ് ഈ തലമുറയുടെ പ്രത്യേകത.

ഒരു മത്സരാത്മക സമൂഹവും മത്സരബുദ്ധിയും അവർക്കു വേദനാജനകമാണ്. എന്നാൽ അവർ ആ സമൂഹത്തെ സ്വയം പവിത്രത ഭാവിച്ച് നിന്ദിക്കുന്നില്ല; സൈദ്ധാന്തികമായി നിരാകരിക്കുന്നില്ല. അതിൽ ഭാഗഭാക്കാകാൻ തയ്യാറില്ലെന്നുമാത്രം.

കാൾ ചാപ്പക്കിൻെറ 'റോബട്ടുകളെ'പ്പോലെ സമൂഹത്തിലെ മെക്കാനിക്കൽ മനുഷ്യരായിത്തീരാനാവില്ലെന്ന് തീർത്തു പറയുന്ന ഹിപ്പികളും, ഗവൺമെൻറിന് കിടക്കറയിൽ അവകാശമില്ലെന്ന് തീർത്തുപറഞ്ഞുകൊണ്ട് തങ്ങളുടെ മുഴുവൻ ലൈംഗികാവശ്യങ്ങൾക്കും വേണ്ടി വാദിക്കുന്ന അമേരിക്കയിലെ നാഷണൽ ഗേ ടാസ്ക് ഫോഴ്സുകാരും (National Gay Task Force)മാർക്സിസമടക്കമുള്ള സകല തത്വസംഹിതകളും, ഉപയോഗശൂന്യവും നിരർത്ഥകവും ആപല്ക്കരവുമാണെന്ന് പറയുന്ന ഫ്രാൻസിലെ ന്യൂ ഫിലോസഫേഴ്സും, ദൈവം കൈവിട്ട തങ്ങളെ രക്ഷിക്കാൻ പിശാചിനോട് പ്രാർത്ഥിക്കുന്ന ജീസ്സസ്സ് ഫ്രീക്കുകളും, പരിണിതഫലങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ എല്ലാ തത്വസംഹിതകളേയും തച്ചുടയ്ക്കാനുദ്ദേശിക്കുന്ന റാഡിക്കൽസ് ആയ ജർമ്മനിയിലെ 'സ്പോണ്ടിസുകളും' ആധുനിക ലോകത്തിൽ പല നിറങ്ങളിലുള്ള പ്രശ്നങ്ങൾ വിതച്ച് പരിവർത്തനങ്ങളുടെ കൊയ്ത്തുകൾക്ക് ഒരുങ്ങിയിരിക്കുകയാണ്. സയൻസിൻെറ ഉത്തുംഗശൃംഗങ്ങളിൽ വിരാജിച്ചിരുന്ന പാശ്ചാത്യ സർവ്വകലാശാലകളിലേയ്ക്ക് 'ഡെവിൾ സയൻസ്'' പഠിപ്പിക്കുവാൻ പൂർവ്വദേശങ്ങളിൽനിന്ന് അതീന്ദ്രിയക്കാർ ഇറക്കുമതി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നാശത്തിൻെറ ഗർത്തത്തിലേയ്ക്കുള്ള, ഒരു പുതിയ 'ഇസത്തിൻെറ പാത' തെളിഞ്ഞിരിക്കുന്നു. അമേരിക്കയിലും ബ്രിട്ടനിലും പോപ്പിൻെറ ആസ്ഥാനമായ റോമിലും 48% ജനങ്ങൾ ചെകുത്താനിൽ വിശ്വസിക്കുന്നു. 1974-ൽ ക്രിസ്തുമസ് വാരത്തിൽ അമേരിക്കൻ തിയറററുകളിൽ പ്രദർശിപ്പിക്കപ്പെട്ട 'എക്സോർസിസ്റ്റിന്''ണ്ടായ സാമ്പത്തികവിജയം യുവജനങ്ങളിൽ നിരാശാബോധവും വ്യർ

ഥതാബോധവും പടന്നു കഴിഞ്ഞുവെന്ന് തെളിയിക്കുന്നു. 'ഓപ്റ്റിമിസത്തെ' താലോലിച്ചിരുന്ന പാശ്ചാത്യ യുവജനങ്ങൾ 'പെസ്സിമിസ'ത്തിലൂടെ നിരർത്ഥകമായ ഒരു ലോകത്തിനർത്ഥം കണ്ടെത്തുവാൻ ശ്രമിക്കുന്നു.

## പുതിയ സംസ്കാരം

സ്വയം നിഷേധിക്കുവാനും ഇറങ്ങിപ്പോകുവാനുമുള്ള അവകാശങ്ങളുപയോഗപ്പെടുത്തുന്നവരാണ് ഹിപ്പികൾ. അവർ നഗരങ്ങളിലെ പൂച്ചവിദ്യകൾകൊണ്ടും പുകക്കുഴലുകളിൽനിന്നുയരുന്ന ധൂമപടലങ്ങൾകൊണ്ടും നാഗരികത നിശ്ചയിക്കുന്നു. എൽ. എസ്. ഡി. യിലും, മരിജുവാനയിലും ഇവർ ജീവിതത്തെ കണ്ടെത്തുന്നു. അമേരിക്കയിലും മറ്റു പാശ്ചാത്യദേശങ്ങളിലും പ്രകൃതിവിരുദ്ധമായ ലൈംഗിക ആവശ്യങ്ങൾക്കും, ലിംഗൈക്യത്തിനും വേണ്ടി പ്രകൃതിയെപ്പോലും വെല്ലുവിളിച്ചുകൊണ്ട് യുവലോകം മുന്നോട്ടിറങ്ങിയിരിക്കുകയാണ്. ഇവിടത്തെ നാഷണൽ ഗേ ടാസ്ക്ഫോഴ്സ് എന്ന ഗേ ഗ്രൂപ്പുകാർ തങ്ങൾ സ്വവർഗ്ഗഭോഗികളാണെന്നു പറയുന്നതിൽ ഊറ്റംകൊള്ളുന്നു. ഹോളിവുഡ് ചലച്ചിത്രനിർമാതാവും, എഴുത്തുകാരനുമായ സ്റ്റീഫൻ മലോയ്ഡിന്റെ അഭിപ്രായത്തിൽ ഒരു ലക്ഷത്തിലധികം ആൺവേശ്യകൾ അമേരിക്കയിൽത്തന്നെയുണ്ടത്രെ. സ്ത്രീപുരുഷ ബന്ധത്തേക്കാൾ പുരുഷനും പുരുഷനും തമ്മിലുള്ള ബന്ധത്തിൽ വിശ്വസിക്കുന്ന ഇവർ, സ്ത്രീകളുടെ മോചനത്തിനായി അവരോടും സ്വവർഗ്ഗഭോഗികളാകാൻ ആവശ്യപ്പെടുന്നു. പടിഞ്ഞാറ്, പെൺകുട്ടികൾ ആൺകുട്ടികളുടെ വേഷംധരിക്കുന്നു. കട്ടിയുള്ള കമ്പിളിക്കോട്ടും, ട്രൗസറും ധരിച്ചുകഴിയുമ്പോൾ സ്ത്രീത്വത്തിന് പ്രകൃതി നൽകിയിരിക്കുന്ന പല ലക്ഷണങ്ങളും അപ്രത്യക്ഷമായിക്കൊള്ളും. അവിടെ ആൺകുട്ടികൾ തലമുടി നീട്ടി തലയിൽ കെട്ടിവയ്ക്കുന്നു. അവർ യൂണിസെക്സിലേയ്ക്കുള്ള പ്രയാണത്തിലാണ്. അങ്ങനെ നാശത്തിലേയ്ക്കുള്ള അടികൾവെച്ചുകൊണ്ടിരിക്കയാണ് പാശ്ചാത്യ യുവതലമുറ.

## കാഫ്കെ, കാമു, പുതിയ ചിന്തകൾ — തത്വശാസ്ത്രങ്ങൾ

മേല്പറഞ്ഞ 'നശീകരണപ്രമുഖമായ ഉയർത്തെഴുന്നേല്പിന്' വ്യക്തമായ നിരവധി കാരണങ്ങളുണ്ട്. ചെറുപ്പക്കാർ സ്വാതന്ത്ര്യത്തെ തങ്ങളുടെ ജന്മാവകാശമായി കണക്കാക്കുന്നു. ഭീകര സംഭവങ്ങൾക്ക് സാക്ഷ്യംനിന്ന് ഭൂതകാല വ്യവസ്ഥിതികളിൽനിന്ന് മോചനം നേടുക, കാലഹരണപ്പെട്ട പാരമ്പര്യങ്ങളെ തച്ചുടയ്ക്കുക ഇവയായിരുന്നു അവരുടെ ലക്ഷ്യം. ഉന്നതമായ ഈ ലക്ഷ്യവും, ദുഷ്ടമായ പാതയും തമ്മിൽ സമന്വയമുണ്ടായിരുന്നില്ല. തന്മൂലം പഴമയും പുതുമയും തമ്മിൽ ഒരു ശീതസമരം ആരംഭിച്ചു. യുവലോകവും പുറംലോകവും തമ്മിൽ ഒരു യുക്തി, അല്ലെങ്കിൽ, യുക്തിഭംഗമുണ്ടായി. ഇതിനെ കാഫ്ക, കള്ളമെന്നും, കമ്യൂ, അയനസ്കോ തുടങ്ങിയവർ അർത്ഥശൂന്യത എന്നും, സാർത്ര് മനംപിരട്ടൽ എന്നും, കിർക്കഗോർഡ് തീവ്രനൈരാശ്യം എന്നും വിളിച്ചു. ഈ യുക്തി അല്ലെങ്കിൽ യുക്തിഭംഗത്തിൽനിന്നുയരുന്ന സമന്വയമില്ലാത്ത സംഘർഷമാണ് യുവാക്കളേയും, സമൂഹത്തേയും അകറ്റിക്കൊണ്ടിരിക്കുന്നത്. 'ഹെർമൻ കസ്സാക്കി'ന്റെ സിറ്റി ബിയോണ്ട് ദി റിവർ (City beyond the river) എന്ന പുസ്തകത്തിൽ അദ്ദേഹം രണ്ട് ഫാക്ടറികളെ വർണ്ണിക്കുന്നു. ഒരു ഫാക്ടറിയിൽ കരിങ്കല്ലുരച്ച് മാവാക്കുമ്പോൾ, മറ്റേ ഫാക്ടറിയിൽ ഈ മാവ് കരിങ്കല്ലാക്കുന്നു. ആദ്യത്തേതിൽ വീണ്ടും അതിനെ മാവാക്കുന്നു. ഈ 'സൈക്ലിക് പ്രോസസ്സ്' അവിരാമം നടക്കുന്നുണ്ട്. യുവലോകം ജീർണ്ണതകളെ പൊട്ടിച്ചെടുക്കുമ്പോൾ, യാഥാസ്ഥിതികർ അതിനെ പരിപാലിക്കുന്നു. ചെറുപ്പക്കാർ അതിനെ എതിർക്കുന്നു. ഒരിടത്ത് സ്വാതന്ത്ര്യം മഹത്തരമാക്കപ്പെടുമ്പോൾ മറ്റൊരിടത്ത് വ്യഭിചരിക്കപ്പെടുന്നു. ജീവിതം ആവർത്തനാത്മകവും വൈരസ്യപൂർണ്ണവുമായി അവശേഷിക്കുന്നു.

## തലമുറകൾ തമ്മിൽ

മിത്രങ്ങളെ മാത്രമല്ല ശത്രുക്കളെക്കൂടി സ്നേഹിക്കുവാൻ പഠിപ്പിച്ച ഏറ്റവും വലിയ വിപ്ലവകാരി ക്രൂശിക്കപ്പെട്ടു. അടിമത്തത്തിനെതിരെ സമരംചെയ്ത ലിങ്കണും, മാർട്ടിൻ ലൂഥർ കിങ്ങും വെടിയേറ്റുമരിച്ചു. ഫ്രാൻസിനെ മോചിപ്പിച്ചതിന് ജോൺ ഓഫ് ആർക്ക് അഗ്നിക്കിരയാക്കപ്പെട്ടു. സഭയുടെ പഠനങ്ങൾക്കെതിരായി, പുതിയ സത്യങ്ങൾ കണ്ടെത്തിയതിന് ബ്രൂണോയും, ഡാർവിനും, കോപ്പർനിക്കസ്സും ശിക്ഷിക്കപ്പെട്ടു. പൗരാണിക കാലംമുതൽ സമൂഹം എന്തിനും ഒരു മാനദണ്ഡംവച്ചു പുലർത്തിയിരുന്നു. അവരുടെ മാനദണ്ഡങ്ങൾ തെറ്റാണോ എന്നതു പ്രശ്നമായിരുന്നില്ല. ഈ മാനദണ്ഡങ്ങൾ ചവിട്ടിക്കടന്ന 'ബൊഹീമിയൻമാരെ' സമൂഹം എന്നും കരിവാരിത്തേച്ചിട്ടുണ്ട്. രണ്ടു ലോകമഹായുദ്ധത്തിലൂടെ ഒരു പുതിയ ചിന്താസരണി കെട്ടിപ്പടുത്ത യുവലോകം ഈ ജീർണ്ണിച്ച മനസ്സുകൾക്ക് അരുനിന്നില്ല. തങ്ങളുടെ തലയ്ക്കുനേരെ ഖഡ്ഗങ്ങളുയരുന്നെന്നു കണ്ടപ്പോൾ പഴമക്കാർ ഒരു പച്ചനുണപറഞ്ഞു, ''യുവലോകം എന്നന്നേക്കുമായി അധഃപതിച്ചു''.

വെന്ത് വെണ്ണീറായിക്കഴിഞ്ഞ പാശ്ചാത്യലോകത്തിന്റെ ശിഥിലീകരണവാസനകൾ അറ്റ്ലാന്റിക് താണ്ടി ഇന്ത്യൻ മഹാസമുദ്രത്തിലൂടെ പർണ്ണശാലകളുടേയും, 'ഓം'കാരശബ്ദങ്ങളുടേയും നാട്ടിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. പുത്തൻ പരിഷ്കാരത്തിന്റെ വക്താക്കളായ യൂറോപ്യൻ സന്തതികളുടെ മുതുമുത്തച്ഛന്മാർ ബാർബേറിയന്മാരായി മെഡിറ്ററേനിയൻ തീരത്തുകൂടി അലഞ്ഞുതിരിഞ്ഞു നടന്നിരുന്നപ്പോൾ, നമ്മുടെ പിതാമഹന്മാർ സിന്ധുനദീതടങ്ങളിൽ പണിതെടുത്ത സംസ്കാരങ്ങളെവിടെ? യുഗങ്ങളുടെ തിരോധാനത്തിൽ ആ പഴയ സത്യങ്ങൾ സ്വപ്നങ്ങളായിമാറിയിരിക്കുന്നു.

## ഇന്ത്യൻ യുവത്വം

ഇന്ത്യൻ യുവലോകത്തിന് പാശ്ചാത്യരുടേതിൽനിന്നു വിഭിന്നമായ പ്രശ്നങ്ങളാണുള്ളത്. സമ്പത്സമൃദ്ധിയുടെ ആധിക്യംനിമിത്തം 'എയർ-കണ്ടീഷന്റ്' ദുഃഖമനുഭവിക്കുന്ന പാശ്ചാത്യൻ യുവജനങ്ങളും, ഒട്ടിയ വയറും നൈതിക പ്രശ്നങ്ങളുമായി മല്ലിടുന്ന ഇന്ത്യൻ യുവലോകവുംതമ്മിൽ വലിയ അന്തരമുണ്ട്. ഭാരതത്തിൽ തലമുറകൾ തമ്മിലുള്ള വിടവ് അനന്തമാണ്. ഈ ജനറേഷൻ ഗ്യാപ്പിനേക്കാൾ പ്രാമുഖ്യമിന്ന് മെന്റാലിറ്റിഗ്യാപ്പിനാണ്(mentality gap). കാലഹരണപ്പെട്ട പഴഞ്ചൻ ലോകവും, പ്രശ്നങ്ങളോട് സമരംചെയ്യുന്ന 'ബൊഹീമിയൻ' യുവലോകവും തമ്മിൽ സന്ധിയില്ലാത്ത സമരത്തിലാണിവിടെയും.

നാലുകെട്ടിനകത്തിരുന്ന് പെണ്ണുങ്ങൾ ഒന്നു ശബ്ദിച്ചാൽ ''അമ്മിണിക്കുട്ടീ, ഇവിടെ ആണുങ്ങളില്ലാതായോ?'' എന്ന് ചോദിക്കുന്ന സ്ഥൂലവിഗ്രഹത്തിന്റെ കാർക്കശ്യ ശബ്ദംകൊ

ണ്ട് മലീമസമായ ഈ നാടിന് ഇനിയുമൊരുദ്ബോധനമാവശ്യമില്ലെന്നോ? മുസ്ലീംയുവതികൾക്ക് ഇനിയും വെളിച്ചം കാണാൻ കാലമായില്ലെന്നോ? പതിനാറ് കഴിയുന്നതിനു മുമ്പ് എട്ടുംപൊട്ടുംതിരിയാത്ത പെൺകുട്ടികളെ പാവുന്നവന്റെ കയ്യിലേയ്ക്ക് കൈമാറുന്ന വൃത്തികേടിനെ എതിർക്കുന്നതു് തെററാണെന്നോ? അഞ്ചുകാശിന്റെ താത്ക്കാലിക ലാഭത്തിന് അഞ്ചു ജീവിതങ്ങൾക്ക് തിരശ്ശീലയിടാൻ മടിയില്ലാത്ത വിവരംകെട്ട തലമുറയാണ് നമ്മുടെ കാരണവന്മാരുടേതു്. ഈ സഹാറയിലെ കാനൽജലങ്ങൾക്കപ്പുറത്തു് മറ്റൊരു മരുപ്പച്ചയുണ്ടാവില്ലേ?

ഇതൊക്കെ സാമൂഹ്യമായ കരിപ്പുമുഖങ്ങൾ മാത്രമാണെങ്കിൽ ഭാരതീയ യുവതലമുറയ്ക്ക് അനേകം 'മുഖങ്ങളെ' നേരിടേണ്ടതുണ്ട്. ഇതര ഇന്ത്യൻ നഗരങ്ങളിലേയും, പുരോഗതിക്കുവേണ്ടി ദാഹിക്കുന്ന ഗ്രാമങ്ങളിലേയും, അഭ്യസ്തവിദ്യരായ യുവാക്കളെ തൊഴിലില്ലായ്മ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. ലക്ഷ്യമില്ലാതെ അലഞ്ഞുതിരിഞ്ഞുനടക്കുന്ന അവരുടെ കണ്ണുകളിൽ ഈ പഴയ മൂല്യങ്ങളുടെ വീഴ്ച്ചബോധവും. പേറിനടക്കുന്ന സമൂഹരാക്ഷസനെ ദഹിപ്പിക്കുവാനുള്ള ക്രൗര്യമില്ലെ? അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി മൈലുകൾ താണ്ടി പഠിച്ചിട്ട് അർഹതയ്ക്കംഗീകാരംതരാൻ തയ്യാറില്ലാത്ത സമൂഹത്തെ മാടപ്പിറാവിന്റെ നിഷ്കളങ്കതയോടെ നോക്കിക്കാണണമെന്നോ? ഭാരതത്തിൽ ടാററാമാരും, ബിർളാമാരും ജീവിക്കുമ്പോൾ ഇവിടത്തെ ജനകോടികൾ കല്ക്കട്ടായിലെയും, ഡൽഹിയിലെയും, ബോംബെയിലെയും തെരുവുകളിൽത്തന്നെ അഭയം കണ്ടെത്തണമെന്നോ? ഇവിടത്തെ പഴകിദ്രവിച്ച തെരുവീഥികളും, പട്ടിണിവാഴുന്ന കുടിലുകളും ഭാരതത്തിന് മകുടംചാർത്തുന്നുണ്ടോ? പെററുവീണ കുഞ്ഞിന് ഒരുനേരത്തെ ആഹാരമേകാൻ കഴിയാതെ, കരഞ്ഞുതളർന്ന അവന് മുലയൂട്ടാൻപോലും പാലില്ലാതെ, മനംമടുത്ത മഹത്തായ ഭാരതത്തിലെ അമ്മമാരും, ജനിപ്പിച്ച കുഞ്ഞുങ്ങളുടെ വയറിൽനോക്കി കയ്യുമോളുന്നു് സ്വന്തംമുണ്ട് വരിഞ്ഞുമുറുക്കി നെടുവീർപ്പുകളുതിർക്കാൻ ഭാഗ്യംലഭിച്ച പിതാക്കന്മാരും ഇന്ത്യൻ സമൂഹത്തിലെ നീറിപ്പുകയുന്ന യഥാർത്ഥ്യങ്ങളാണ്. ജീവിക്കുവാൻവേണ്ടിമാത്രം മറെറല്ലാ അവലംബങ്ങളും നഷ്ടപ്പെടുമ്പോൾ സമൂഹം നികൃഷ്ടമെന്ന് വിവക്ഷിക്കുന്ന വ്യഭിചാരംകൊണ്ട് കാലംകഴിക്കുന്ന 'സൂസൻ ലാറമാർ' ഇന്ത്യയിലെ ചുവന്ന തെരുവീഥികളിലും ഡൽഹിയിലെ എം. ജി. റോഡിലുമുണ്ട്. മഹാന്മാരുടെ പേരുകൾനല്കി പച്ചമാംസത്തിന്റെ രൂക്ഷമായ ഗന്ധം തടഞ്ഞുനിർത്തിയിരിയ്ക്കുയാണ് പകൽമാന്യന്മാർ. എന്തിന്? വൻനഗരങ്ങളിൽ പെൺകുട്ടികൾ വില്പനച്ചരക്കുകളായിത്തീർന്നിരിക്കുകയാണിന്ന്.

**രാഷ്ട്രീയം!**

ഭാരതത്തെപ്പോലെ യുവാക്കളെ കാണുന്നതിനു അരാഷ്ട്രീയമുള്ള മറ്റൊരു രാഷ്ട്രമുണ്ടോ എന്നു സംശയമാണ്. മന്ത്രിക്കസേരകൾക്കുള്ള മത്സരത്തിൽ നേതാക്കന്മാർ നൂറുനൂറു പാർട്ടികൾക്കിവിടെ ജന്മം നല്കിയിട്ടുണ്ട്. സ്വാർത്ഥതയുടെ ഈ ബീഭത്സരൂപങ്ങൾ, ചെമ്മരിയാടിന്റെ നിഷ്കളങ്കതയോടെ യുവാക്കളെ സമീപിക്കുകയും, സൃഷ്ടിപരമായ പ്രക്രിയയിൽ അതിമഹത്തായ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിവുള്ള അവരെ തെരുവുകളിലേക്കിറക്കി അക്രമാസക്തരാക്കുകയും ചെയ്യുന്നു.

ഇന്ന് തെററുകളുടെ കൊടുമുടിയിലിരുന്നുകൊണ്ട് ശരികൾക്കുവേണ്ടി ആഹ്വാനം മുഴക്കുന്ന നേതൃമാന്യന്മാരാണ് നമുക്കുള്ളതു്. അദ്ധ്വാനിക്കുന്നവർക്ക് നേരെ വേലികെട്ടി, സ്വയം ഉന്നതകുലജാതരെന്ന് ഭാവിക്കുന്ന ഈ പ്രമാണികൾക്കെതിരെ എങ്ങനെ ശബ്ദമുയർത്താതിരിക്കും? സ്വന്തം ഉത്തരവാദിത്വങ്ങളെ മറന്ന് മററുള്ളവരുടെ ഉത്തരവാദിത്വമില്ലായ്മയെ ഭർത്സിക്കുന്ന ഇത്തരക്കാരുടെയിടയിൽ വ്യക്തിപരമായ യോഗ്യതകൾകൊണ്ടു മാത്രം വിജയം നേടാനാവില്ലെന്ന് കാണുമ്പോൾ ഒരു യുവാവ് അസ്വസ്ഥനാകുക സാധാരണമാണ്. ഇന്ന് ആർഭാടത്തോടെ നടക്കുന്ന ഭാരതീയ സർവ്വകലാശാലകൾ, മാരകമായ പാഷാണങ്ങളാണ്. കൂററൻ കെട്ടിടങ്ങളും, മോഹങ്ങളും, ശമ്പളസ്സ്ലിപ്പുകളുമാണ് ഇവിടെ ഗണിക്കപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ സവിശേഷത.

സ്ത്രീകൾക്ക് ലോകത്തിൽ ചെയ്യാനുള്ളതു് കുഞ്ഞുങ്ങളെ പ്രസവിക്കുക മാത്രമാണെന്ന് യാഥാസ്ഥിതികർ വിശ്വസിച്ചു. സൃഷ്ടിപരമായി ഒരു സ്ത്രീ എന്തെങ്കിലും ചെയ്താൽ അതു് അവൾക്ക് ഒരു 'പെനിസ്'' ഉണ്ടാകാനുള്ള 'ന്യൂറോട്ടിക് വിഷ്'' ആണെന്നുപോലും അവർ വാദിച്ചു. അതിനെതിരെ യുവതലമുറ അടരാടിയപ്പോൾ അധികാരമോഹികളും, സുഖഭോഗികളും, ധനമോഹികളുമായ ഇക്കൂട്ടർ യുവാക്കളെ കാർന്നുതിന്നുവാനുള്ള ചെപ്പടിവിദ്യകളുമായി രംഗത്തിറങ്ങി. യാന്ത്രികയുഗത്തിന്റെ ആരംഭത്തോടെ മനുഷ്യനും 'റോബർട്ടുകളാ'യി മാറി. മനുഷ്യനെക്കാൾ വലിയ മനുഷ്യനിർമ്മിത യന്ത്രങ്ങൾ മാനവധർമ്മങ്ങളേറെറടുക്കാൻ വന്നപ്പോൾ ജീവിതത്തിന് അർത്ഥരാഹിത്യമേറുകയും തന്മൂലം അസ്വസ്ഥത കൊടുമ്പിരികൊള്ളുകയും ചെയ്തു. ജീവിതത്തെ മറക്കുവാൻ അവർ സ്വാഭാവികമായും ലഹരിയിലേയ്ക്കു തിരിഞ്ഞു. മതിഭ്രമം വരുത്തുന്ന മരുന്നുകളാൽ ആലസ്യം ബാധിച്ച യുവമനസ്സിൽ തുളഞ്ഞുകയറാൻ പററിയതു് ചെകുത്താനും, മന്ത്രവാദവും, പെണ്ണുമാണെന്ന് മനസ്സിലാക്കിയ വഞ്ചകരുടെ ലോകം ഇതെല്ലാം യുവമനസ്സുകളിലേയ്ക്ക് വീണ്ടും വീണ്ടും കുത്തിവച്ചു. അതിന്റെ പരിണിതഫലമാണിന്നത്തെ സംഘർഷവും അരാജകത്വവും. ഫ്രഞ്ച് സാഹിത്യകാരനായ ആൽബർട്ട് കമ്യൂ പറഞ്ഞു: ''കോൺസൻട്രേഷൻ ക്യാമ്പുകളിൽ നിന്നും കഴുമരങ്ങളിൽനിന്നും പുരോഗതി ഒരിക്കലുമുണ്ടാവില്ല.'' ഇന്ന് യുവലോകത്തെ വിസ്മരിക്കാതെ തൂക്കിലേററാൻ കഴുമരങ്ങളും, ശ്വാസംമുട്ടിച്ചു കൊല്ലാൻ എക്സ്ററർമിനേഷൻ ക്യാമ്പുകളും നിരത്തിയിട്ടുണ്ട്.

**നിഷേധികൾ**

സമകാലിക ജീവിതത്തിന്റെ നാനാമണ്ഡലങ്ങളിലേയും ജീർണ്ണത തുടച്ചുമാററാൻ ഒരു സമൂലപരിവർത്തനം ഇവിടെ ആവശ്യമാണ്. അതിനുള്ള നിഷേധികളെ കരുപ്പിടിപ്പിക്കുകയാണ് രക്ഷാമാർഗ്ഗം. അംഗീകൃത നിയമങ്ങൾ കൂട്ടാക്കാതെ സ്വന്തം ഇച്ഛാശക്തി സ്ഥാപിച്ചെടുക്കുന്നവനാണ് നിഷേധി. ചരിത്രപരങ്ങളായ മൂല്യങ്ങളും, നിഷേധിയുടെ മൂല്യങ്ങളും തമ്മിൽ സംഘട്ടനത്തിലേർപ്പെട്ടേയ്ക്കാം. മനുഷ്യമനസ്സിന്റെ വികാസത്തിന് ആ സംഘട്ടനം ആവശ്യമാണ്. വിപ്ലവത്തെ അർത്ഥശൂന്യമായ മതാനുഷ്ഠാനമാക്കിമാററാതെ എല്ലാ ശിഥിലീകരണ പ്രവണതകളേയും നിഷേധിക്കുക.

ഒരുപുതിയ ഹെക്ലിറ്റസ്സുണ്ടാകണമെങ്കിൽ, ഒരു പുതിയ ഡീവോഗാസ്റ്റിന്റെ പ്രഭാവമുള്ള യുവജനത ഉരുത്തിരിയേണ്ടിയിരിക്കുന്നു. അതിന്, സ്രാവുകളോട്, നിങ്ങൾക്കെന്നെ, നശിപ്പിക്കാനാവും പക്ഷെ, തോല്പിക്കാനാവില്ലെന്ന് പറയുന്ന സാൻറിയാഗോമാരും, തന്റെ ജീവിതലക്ഷ്യമായ തിമിംഗല വേട്ട നടത്തുന്ന ആഹാബുമാരും, സെലസ്റ്റിയൽ സിററിയിലേയ്ക്ക് പ്രയാണം നടത്തുന്ന ക്രിസ്ത്യന്മാരും, വീറോടെ പടവെട്ടി മരിച്ചുവീഴുന്ന ഹെക്ടർമാരും ജനിക്കേണ്ടിയിരിക്കുന്നു. □

# YOUTH AND PROBLEMS

RADHESH CHANDRAN

The term 'youth' covers that cross-section of humanity just past their teens or in their early twenties. This is the stage when humanity is seen at its idealistic and untarnished best. This idealism flings them into a flood of problems. The problems the youth face today fall broadly into three categories—personal, social and national. It goes without saying that the three categories often overlap into an amorphous and often confused philosophy seen in the majority of the present day youth.

The personal problems are mainly those relating to lack of ambition and an inability to discriminate between the right and the worng. The first malady is by and far seen in almost everyone. Not even 5% of the total student community have any definite idea as to what they would be in future. Most of them are studying in the college because it is a natural continuation of the education received at school. Even those good or brilliant at studies have rarely anything else in mind than further studies in professional courses!! This total lack of originality results in an impairment of faculties and an insularity of outlook. They drift on to some job after their education; if they get any, and only after a few years of life, do they realise how ill-suited for that particular job they are. There is no attempt to explore their faculties to determine their fitness for a job. More often than not the youth try to fit themselves into a job rather than find a job that fits their character and capacities.

The ability to discriminate has more or less vanished. Loving one's parents has gone out of fashion. Nowadays the older generation is most often treated more with tolerance than with any reverent concern. Most young men today have a brash self-confidence that restrains them from listening to the advice of their parents. Smoking and drinking are some of the vices that ought not to be cultivated. The body at this age is like a brand new engine that is full of energy and dynamism and pouring pollutants into its grand constitution will have devastating consequences in later years.

The social problems can easily be solved with a re-education of attitudes and behaviour. One social evil is the dowry system. In its literal sense it means the bargaining and selling of one's own son in exchange for a few thousand rupees! It is high time the youth realises that the worth of a human life can never be measured in terms of gold and cash.

Another vital problem is that the lack of social intercourse has led many of us to view women merely as objects of sex. This idea has been consistently nurtured by present day films. Very few of us regard a woman as an individual to be dealt with in her own merits and weaknesses. With the result women are illtreated and mishandled. The paradox is that a vast majority of the student community are apprehensive of the members of the fairer sex. Not even 20% of our friends would have the guts to walk into a women's college alone without a pal whether there be a valid reason or not. This lack of social intercourse has led to the erection of a huge barrier between the two sexes and men neither understand nor try to understand the fairer sex as they should be understood, nor do the women cowed down by years of traditional pressures make an effort to break this barrier. The young seldom have a genuine respect for females of their own age and seldom do they bother to understand and study this most intriguing of Nature's creations.

The national problems are those that relate to politics and unemployment. Whatever one may say politics and education are mutually incompatible. The politician more often than not is thoroughly selfish and all he tries to see is that he is well seated in the minds of the public to help him get through his next elections. What better way to keep oneself safely within memory than to incite the idealistic student population to destroy public property and smash buses. Hardly does one out of the 100 students benefits by politics. For those aspiring to be politicians, colleges provide a training ground and a spring-board to future activities. But the vast majority

loose a whole lot of classes, loaf about and ruin their future. Politics undoubtedly has its plus points but they benefit only a selected few.

Another problem peculiar to India is the youth's hankering after white collar jobs. The vast majority want to be doctors, engineers or officers. This misplaced priority is a prime cause of unemployment. They should try and set up individual enterprises with the governments' new generous help. But the present day student does not want to undertake anything tough or risky; he prefers a safe and secure desk job.

If the youth re-educate themselves and change their outlook to life a vast majority of the problems will simply disappear. What is meant essentially by re-education is to break out of the present norms of socially accepted but morally unacceptable codes of conduct. The personal problems can be solved if the student realises that education is only a passport to social respect and acceptability. It's up to them to diversify and develop their abilities and move towards unexplored areas which though naturally risky in the beginning, stabilises to provide security at later stages and helps the development of an all round mature personality. But for the present the state of present day youth can only be expressed in the verses of Thomas Gray:

> " Full many a gem of purest ray serene
> The dark unfathomed caves of ocean bear
> Full many a flower is born to blush unseen
> And waste its sweetness on the desert air."

□

# THE YOUNGER GENERATION

V. V. UNNIKRISHNAN

### " Better tomorrow "

This is a phrase we hear repeated by our leaders on almost all of our national days. A beautiful phrase indeed! But the question is that, with a student community like that of today's, are we entitled to dream about a better tomorrow?

All of us are aware of the pains the authorities are taking to improve the social standards of our people, by making educational improvements for the younger generation. They are preparing new syllabi each year, and are prescribing bulkier texts for study. In spite of all these, the sad truth is that the condition is not improving, and is perhaps becoming worse.

What happens to the student who joins the University, all set for a new phase of life? Is the curriculum all that is necessary for better results? I intend to deal with these questions on a small scale here.

### Role of politics

Let us get to the root of the problem. An average student joins the University at the age of fifteen or sixteen, at the wake of adolescence. For the sake of convenience, let us call this student 'Mr. A.' This is a period of increased sensitivity to the adolescent mind. Circumstances can mould it into any shape during this period. 'Mr. A.' does not know what is right and what is wrong. It is at this period that politics casts its nets.

The politician enters his life, and feeds empty words to the already muddled thoughts of young 'Mr. A'. The talks about revolution and all that, boils his blood. His power of clear thinking is lost. He does not care to, or at least, he is unable to think about the actual state of affairs. He begins to give only a secondary importance to his studies, and joins some organisation. And his downfall begins.

### Films

By this time, Mr. A manages to get some 'friends'. On one fine morning, he decides to boycott a 'not so important' class to see a popular film with his 'friends'. He does not remember that 70% of learning takes place in the class-room. Anyhow, he is satisfied, seeing the superhuman deeds of the hero of the film. He plunges himself into a series of such dreams of his own. Dreams invade him even while he is in the class-room.

### Illicit literature

Mr. A starts reading this, first by borrowing film publications from his 'friends'. As everyone knows, these publications contain at least one page of yellow journalism—either as photographs or as the so-called 'confessions' of some ladies. After some time, Mr. A. needs books of much 'higher standard'. He is desperate. He starts buying the yellow journals from the streets, and starts reading.

### Alcoholism

To finish off with Mr. A, his friends introduce alcohol to him (and probably drugs too). Smoking is so common these days that it is almost a fashion. Smoking, drinking, yellow journals and drugs! Still he does not realise that only one of these is necessary to doom his life for ever.

### The Result

In a matter of two years, Mr. A, the seventeen year old young man, loses all his power of logical thinking. He sits there and dreams and dreams. He does not have any idea of his own. Systematics is something foreign to him.

Now the examinations come. Mr. A. realises that he can concentrate on practically nothing. The results of the examination are, of course, disgusting. Mr. A's attitude towards life becomes negative. And his destruction is complete.

This utterly painful story of 'Mr. A.' is that of thousands of our students. That means, our Universities are producing a lot of good-for-nothing 'Mr. A's every year. These individuals can never shed their newly-acquired personalities in their real life. In effect, they become an unwanted burden to the nation. This in turn, retards the nation's growth.

This, dear reader, is the terrible truth which we can find right in front of our eyes, but of which we are unaware. With these problems of of students remaining unsolved, no curriculum is ever going to improve our social and economic standards.

With this problem remaining unsolved, we have absolutely no right, even to dream about a better tomorrow. □

---



പണ്ടുപണ്ടൊരിക്കൽ
ആവശ്യത്തിലധികം സ്നേഹിക്കുന്നവനും
സ്നേഹിക്കപ്പെടുന്നവനും ആയിരുന്നതിന്
ഒരു മനുഷ്യൻ ക്രൂശിക്കപ്പെട്ടു.
ഇന്നലെ ഞാനയാളെ മൂന്നുതവണ കണ്ടുമുട്ടി.
ഒന്നാംതവണ ആ മനുഷ്യൻ
ഒരു വേശ്യയെ കാരാഗൃഹത്തിലടക്കാതിരിക്കാൻ
പോലീസുകാരിലൊരുവനോട് അഭ്യർത്ഥിക്കുമ്പോൾ.
രണ്ടാംതവണ ആ മനുഷ്യൻ
ഒരു തെമ്മാടിയോടൊപ്പം മദ്യപിക്കുമ്പോൾ.
മൂന്നാംതവണ ആ മനുഷ്യൻ
ഒരു പള്ളിക്കകത്തുവച്ച്
പ്രവാചകന്മാരിലൊരുവനുമായ് മുഷ്ടിയുദ്ധം നടത്തുമ്പോൾ.

—ഖലീൽ ജിബ്രാൻ

○ യുവാക്കൾ ○ നിഷേധികൾ ○ നോക്കുകുത്തികൾ ○



○ യുവാക്കൾ ○ നിഷേധികൾ ○ നോക്കുകുത്തികൾ ○

പതിവുപോലെ, സമരത്തിന്റെ മുഖാവരണമണിഞ്ഞുകൊണ്ട് പുലർന്ന ഒരു ദിവസം. വിദ്യാർത്ഥിസുഹൃത്തുക്കൾ ആവേശത്തോടെ മുദ്രാവാക്യങ്ങൾ വിളിക്കുന്നു. പെൺകുട്ടികൾ നിറഞ്ഞുകവിഞ്ഞ ബസ്സുകൾക്കുനേരെ മുഷ്ടികളെറിഞ്ഞ് അവർ എന്തെല്ലാമോ വിളിച്ചുചോദിക്കുന്നു. ബസ്സിൽനിന്നും ബുദ്ധിമുട്ടി പുറത്തേയ്ക്കിറങ്ങുന്നവർ ഒരു ദിവസംകൂടി സ്വതന്ത്രമായി ലഭിച്ചതിലുള്ള സന്തോഷത്തോടെ സമരത്തിൽ പങ്കുചേർന്നു.

സമരക്കാർക്കു പിന്നാലെ ചുമരിൽ സിംപോസിയം വിളിച്ചറിയിക്കുന്ന രവിയുടെ കമനീയമായ പരസ്യം അനാഥമായി കിടന്നു. ചിലരെല്ലാം അതു ശ്രദ്ധിക്കുന്നുണ്ട്.

ഞങ്ങൾ സംശയിച്ചു: കുട്ടികൾ ഉണ്ടാവുമോ?

പതിനൊന്നുമണി കഴിഞ്ഞപ്പോൾ സമരക്കാർ തികഞ്ഞ സംതൃപ്തിയോടെ കാന്റീനിലേക്കു മടങ്ങി.

കഴിയുന്നത്ര വിദ്യാർത്ഥികളെ ക്ഷണിച്ചു.

‘വരില്ലേ?’

‘എന്തിനാ! ഇന്ത്യൻ യുവാവ് ചത്തുപോയില്ലേ! എങ്കിലും വരാം. ചരമഗീതം പാടാൻ.’

വന്നു. രണ്ടുമണിക്കുമുന്നേ ഓഡിറേറാറിയം നിറഞ്ഞിരുന്നു. യുദ്ധം തുടങ്ങി. അഭിപ്രായങ്ങളും അഭിപ്രായങ്ങളും ഏറ്റുമുട്ടി.

—ഇന്ത്യൻ യുവത്വം ദുർബ്ബലമായിരിക്കുന്നു. ഇന്ത്യൻ യുവാക്കൾക്ക് വയസ്സന്മാരുടെ പിറകിൽ നില്ക്കേണ്ടിവന്നിരിക്കുന്നു. അവർക്കിനി കുറെ വാചകങ്ങൾ തൊടുത്തുവിടാനല്ലാതെ, കുറെ വിപ്ലവ വായ്ത്താരികൾ മുഴക്കാനല്ലാതെ, ഒരു പുതിയ വീര്യം ആവാഹിച്ചെടുത്ത് രംഗത്തേക്കിറങ്ങുവാൻ കഴിയുകയില്ല—ഒരു വിഭാഗം വാദിച്ചു.

—ഇന്ത്യൻ യുവത്വത്തെ പ്രലോഭനങ്ങൾ കാണിച്ച് മയക്കിക്കിടത്തിയിരിക്കുകയാണെന്നും, അവർക്ക് ഇനിയൊന്നും ശബ്ദിക്കാനാവില്ലെന്നും, ഉണരാനുള്ള ശ്രമത്തിലാണവരെന്നും, പുതിയ പുലരി തങ്ങളെ കാത്തിരിക്കുന്നുവെന്നുമാണ് മറുവിഭാഗത്തിന്റെ വാദം.

വിദ്യാർത്ഥികൾ ശ്രദ്ധയോടെ കേട്ടിരുന്നു.

സിംപോസിയം കഴിഞ്ഞു പുറത്തേക്കിറങ്ങിയപ്പോൾ ആരോ പറഞ്ഞു: ‘‘വരേണ്ടിയിരുന്നില്ല. മനസ്സിനിപ്പോൾ അനേകം മുറിവുകൾ.’’

അവർ താമസിയാതെ തങ്ങളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും കുറിച്ചുതരികയുംചെയ്തു. അവയിൽനിന്നും ചിലതു തെരഞ്ഞെടുത്ത് താഴെ ചേർക്കുന്നു.

സഹായിച്ച എല്ലാവർക്കും നന്ദി. നിറഞ്ഞ നന്ദി.

—എഡിറ്റർ.

○ പി. കെ. അനിൽ

ഒരുപക്ഷേ തവളകൾ പോത്തുകളേക്കാൾ
ഉച്ചത്തിലുച്ചത്തിൽ
അമറുമായിരിക്കാം.
പക്ഷേ അവയ്ക്ക് വയലുകളിൽ ഉഴുവാനോ,
എണ്ണച്ചക്കുകൾ തിരിക്കുവാനോ
സാധിക്കുകയില്ല. അവയുടെ
തോലുകൾ പാദരക്ഷയ്ക്കുപോലും
കൊള്ളുകയില്ല.

—ഖലീൽ ജിബ്രാൻ.



**അ**വകാശങ്ങൾ നേടിയെടുക്കുമെന്നത് വിദ്യാലയങ്ങളിൽനിന്നു സാധാരണ കേൾക്കാറുള്ള മുദ്രാവാക്യമാണ്. ഓരോ വിദ്യാർത്ഥിസംഘടനയും, പ്രത്യേകം പ്രത്യേകം അവകാശങ്ങൾ നേടാനുണ്ടാകും. അതുകൊണ്ട് കൊല്ലം മുഴുവൻ ഇത് നിലനില്ക്കുകയും ചെയ്യും. ആ നിലയ്ക്ക്, ഈ കാലംകൊണ്ട് ഇവർ നേടിയെടുത്ത അവകാശങ്ങൾ എന്തെല്ലാമാണെന്ന് നോക്കിയാലോ?

തെരഞ്ഞെടുപ്പുകാലത്തു നടത്തുന്ന തീപ്പൊരി പ്രസംഗങ്ങളിൽ വിദ്യാർത്ഥിനേതാക്കൾ ഇവ എണ്ണമിട്ട് വിളിച്ചുകൂവാറുണ്ട്. കലാലയങ്ങളിൽ സീററ് വർദ്ധിപ്പിച്ചു. ഫീസേകീകരണം നടത്തി യാത്രാസൗകര്യങ്ങൾ ലഭ്യമാക്കി. വർദ്ധിപ്പിച്ച പരീക്ഷാഫീസ് കുറച്ചു. ഇവ ഈ കൂട്ടത്തിൽ പ്രധാനപ്പെട്ടവയായി നിരത്തിവയ്ക്കുന്നു. എന്നാൽ, വിദ്യാർത്ഥിയുടെ പ്രശ്നവുമായി തട്ടിച്ചുനോക്കുമ്പോൾ; നേടിയ ഈ അവകാശങ്ങൾ ഒരു ഓട്ടയടയ്ക്കലെങ്കിലുമാകുന്നുണ്ടോ? ഇല്ല, മറിച്ച് മറെറാരുതരത്തിൽ അവക്കു ദോഷം വരുത്തിവയ്ക്കുന്നു എന്നു വേണമെങ്കിൽ പറയാം. കാരണം, വിദ്യാഭ്യാസം കഴിഞ്ഞെന്നു തെളിയിക്കുന്ന സർട്ടിഫിക്കററുകളുമായി, തൊഴിലന്വേഷിച്ചു നടക്കുന്നവരുടെ എണ്ണം കൊല്ലംതോറും വർദ്ധിക്കുകയാണെന്നറിഞ്ഞിട്ടും, കലാലയങ്ങളിൽ സീററ് വർദ്ധിപ്പിച്ച് കൂടുതൽപേരെ പടച്ചുവിടാൻ വിദ്യാർത്ഥി സംഘടനകൾ എന്തിനു സമരം നടത്തുന്നു? കലാലയവിദ്യാഭ്യാസം കഴിഞ്ഞെത്തുന്നവർ തൊഴിൽ ചെയ്യാൻ അറിയാത്തവരാണ്, ലക്ഷ്യബോധമില്ലാത്തവരാണ് എന്നെല്ലാം മനസ്സിലാക്കിയിട്ടും, ഫീസ് കുറച്ച് യാത്രാസൗജന്യങ്ങൾ നൽകി കൂടുതൽ പേരെ ഈ രംഗത്തേക്കാകർഷിക്കാൻ അവർ എന്തിന് പ്രക്ഷോഭം നടത്തുന്നു? പക്ഷെ ഈ വിദ്യാർത്ഥികൾ തന്നെയാണ് പിന്നീട് തൊഴിലന്വേഷിച്ചു നടക്കുന്ന യുവജനങ്ങൾ എന്നു കാണുമ്പോഴോ? അപ്പോഴാണ്, വിദ്യാർത്ഥി സംഘടനകൾ നേടിയ അവകാശങ്ങളുടെ പൊള്ളത്തരം നമുക്ക് മനസ്സിലാവുക. ദശാബ്ദങ്ങൾ പഴക്കമുള്ള ഈ വിദ്യാഭ്യാസ വ്യവസ്ഥിതിക്ക് മിനുക്കുപണികൾ നടത്താതെ, അടിസ്ഥാനപരമായ ഒരു മാററം വേണമെന്ന് ചിന്തിക്കാൻ, അങ്ങിനെ ഒരു മാററത്തിനുവേണ്ടി പ്രവർത്തിക്കാൻ, കഴിയാത്ത വിദ്യാർത്ഥി സംഘടനകളുടെ നിസ്സഹായത ശ്രദ്ധിച്ചിട്ടുണ്ടോ?

ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയാഞ്ഞിട്ടാണോ? തീർച്ചയായും ആവില്ല. അതിനുള്ള സമയമില്ലാതെയാകും, സൗകര്യം നല്ലാതെയാകും. കാരണം, നമ്മുടെ വിദ്യാർത്ഥി സംഘടനകളെല്ലാംതന്നെ രാഷ്ട്രീയ പാർട്ടികളുടെ പോഷക (?) സംഘടനകളാണല്ലോ! അതുകൊണ്ട് മാതൃസംഘടനകളെ അധികാരത്തിലേററാൻ സിംഹാസനത്തിൽ നിന്നിറക്കാതിരിക്കാൻ വേണ്ടി പ്രചരണം നടത്താൻ അവക്ക് ഭൂരിഭാഗം സമയവും വിനിയോഗിക്കേണ്ടിവരുന്നു. പ്രസംഗങ്ങളും, സിംപോസിയങ്ങളും എല്ലാം ഈ ഒരൊററ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുമാത്രം നടത്തേണ്ടിവരുന്നു. ഇങ്ങനെ ഓരോ സംഘടനയും അവരുടേതായ പ്രത്യയ ശാസ്ത്രങ്ങൾ വിദ്യാർത്ഥികളെ മനസ്സിലാക്കി, തികച്ചും പുതിയ ഒരു തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരു തലമുറയെ വാർത്തെടുത്ത്, സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിക്കൊപ്പം വിദ്യാഭ്യാസ വ്യവസ്ഥിതിയേയും മാററാം എന്നാണുദ്ദേശ്യമെങ്കിൽ അതിനു കാലതാമസം ഏറെയുണ്ട്.

ഏററവും വേഗത്തിൽ ഇത് സാധിക്കാൻ, വിദ്യാർത്ഥി സംഘടനകൾ രാഷ്ട്രീയ പാർട്ടികളുടെ പിടിയിൽനിന്ന് വിമുക്തമാകണം.

വിദ്യാർത്ഥികളുടേതു മാത്രമായ ഒരു സംഘടനയാകണം. ''ഒരു നല്ല സ്വപ്നം'' എന്നല്ലാതെ, ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ എന്തെങ്കിലും പറയാൻ വയ്യ. എന്തുകൊണ്ടെന്നാൽ അത്രയ്ക്കുണ്ട് ഇവിടെ അതിന്റെ പ്രായോഗികത. പിന്നെ കരണീയമായിട്ടുള്ളത് ഇന്നുള്ള സംഘടനകളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ്. പല തത്വശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവരുടെ സംഘടിതമായ പ്രവർത്തനം. പക്ഷെ അതൊരിക്കലും പല സംഘടനകളും പല നമ്പറുകളിൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ എഴുതി ഗവണ്മെൻറിന് സമർപ്പിക്കുന്നതുപോലുള്ള ഒരു പ്രഹസനമാകരുത്. അതിനുവേണ്ടി ഇന്നത്തെപ്പോലുള്ള സമരമുറകളുമല്ല സ്വീകരിക്കേണ്ടത്. പിന്നെയോ? അതാണവക്ക് ചെയ്യുവാനുള്ളത്. ദീർഘവീക്ഷണത്തോടെ, പ്രശ്നങ്ങളുടെ ഗൗരവം കണക്കിലെടുത്ത് ചിന്തിച്ച് നടപ്പാക്കേണ്ട ഒന്ന്.

ഭാരതം ഭാവിയിൽ തലച്ചോറിനുവേണ്ടി അന്യരാജ്യങ്ങളെ ആശ്രയിക്കാതിരിക്കണമെങ്കിൽ, ഭാരതപൗരന്മാർ സ്വപ്നജീവികളും, സമുദായത്തിൽ നിന്നകന്നു നില്ക്കുന്നവരും ആകാതിരിക്കണമെങ്കിൽ, ഇങ്ങനെയൊരു ഒത്തുചേരൽ അത്യാവശ്യമാണ്. □

**ഠ ജോസ് കെ. എൽ.**

നമ്മുടെ ഭരണവർഗ്ഗം — ചൂഷകവർഗ്ഗത്തിന്റെ ഏററവും നല്ല പ്രതിനിധികൾ. ചൂഷിതവർഗ്ഗത്തിനു മുമ്പാകെ നിരത്തിവെക്കുന്ന പുരോഗതിയുടെ മഹത്തായ നണകൾ എത്രമാത്രം അത്ഭുതകരമാണെന്നോ! സമ്പൂർണ്ണ ജനാധിപത്യ സോഷ്യലിസത്തിൽനിന്ന് സമ്പൂർണ്ണ വിപ്ലവത്തിലേക്ക്, വിപ്ലവപ്രഹസനങ്ങളിലേക്ക്, കുടുംബാസൂത്രണത്തിൽനിന്ന് കുടുംബക്ഷേമത്തിലേക്ക്, ഗരീബിഹഠാവോയിൽനിന്ന് പത്തു വർഷത്തിനുശേഷം ലഭിക്കാൻപോകുന്ന സമ്പൂർണ്ണ തൊഴിൽസമ്പാദനത്തിലേക്ക്—പഞ്ചവത്സരപദ്ധതികളിൽനിന്ന് റോളിങ്ങ് പ്ലാനിലേക്ക്—അധീശവർഗ്ഗജനാധിപത്യത്തിൽനിന്ന് അടിയന്തിരാവസ്ഥയിലേക്ക് ഇന്ത്യൻ ജനത അനുനിമിഷം പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ. സാമ്പത്തിക വർഷാവസാനങ്ങളിൽ വിദഗ്ദ്ധന്മാർ നിരത്തിവെക്കുന്ന മൂർത്തമായ കറുത്ത അക്ഷരങ്ങളുടെ കള്ളക്കളികൾ എന്തേ ഞങ്ങളിൽ പ്രതികരണം സൃഷ്ടിക്കാതെ കടന്നുപോകാൻ? ആദ്ധ്യാത്മികവും സാമ്പത്തികവുംകൊണ്ട് കളിത്തട്ട കളിക്കുന്ന മതനായകന്മാരും ജനസംഖ്യാവർദ്ധനവും പ്രതിശീർഷവരുമാനവും ശരാശരി അനുപാതത്തിലല്ലെന്നു വിളിച്ചുകൂവുന്ന ഭരണാധിപന്മാരും.... എന്നിട്ടും എന്തേ ഞങ്ങൾ നിശ്ചലരാവാൻ?......

എഴുത്തുപാട്ടുകാരായ, ആത്മാർത്ഥതയുള്ള യുവചേതനകൾ എന്നും രാജ്യദ്രോഹികളായിരുന്നു. മുരടിച്ച വൃദ്ധമാനസങ്ങൾ ചക്രം തിരിക്കുന്നിടത്തോളംകാലം അതങ്ങനെതന്നെ ആയിരിക്കും. പോലീസിന്റെയും ആഭ്യന്തര സമാധാനത്തിന്റെയും ശത്രുക്കളായ ഹസീനമാർ(!) പോരാട്ടങ്ങളിൽ മരിക്കുക പതിവായിരുന്നു. അവരുടെ മൂർത്തമായ നഗ്നതാ പ്രദർശനം ഭാവി തലമുറകൾക്കുള്ള മുന്നറിയിപ്പായിരിക്കാം. ജയിലറകളിൽവെച്ചുള്ള ലഘുവായ ചോദ്യംചെയ്യൽകൊണ്ട് കൊല്ലപ്പെടുന്ന രാജന്മാരും സ്നേഹലതാ റെഡ്ഡിമാരും നമുക്കു പുത്തരിയല്ലല്ലോ. ഉയർന്ന കമ്പിയഴികളാൽ ചുററപ്പെട്ട ജയിലറകളിൽവെച്ച് ചാരുമജുംദാരുമാർ രോഗംപിടിച്ചു മരിക്കുക സാധാരണമാണല്ലോ എന്നാൽ മസ്താന്മാരുടെ കമ്പസാരത്തിന് എന്നും നമ്മുടെ നാട് അത്യധികമായ വില കല്പിച്ചിരുന്നു. അഹിംസാ പാർട്ടികളുടേയും വിപ്ലവ വായാടി പാർട്ടികളുടേയും ചുക്കാൻ പിടിച്ചിരുന്നതു് സാധാരണ അവരായിരുന്നല്ലോ. എന്നിട്ടും എന്തേ എന്റെ തലമുറ നിശ്ചലരാവാൻ?...... ഞങ്ങളുടെ ഇരുമ്പിന്റെ പേശികളിൽ ഒരുക്കൂട്ടിവെച്ചിരിക്കുന്ന അഗ്നി ആളിപ്പടരാൻ എന്തേ ഇനിയും താമസം? കൊടുങ്കാററിനുമുമ്പുള്ള ഈ നിശ്ചലതയുടെ നാളുകളിൽ ഞങ്ങളെ ഉത്തേജിതരാക്കുന്ന വാർത്തകൾ ഞങ്ങൾ ശ്രവിക്കുകയാണ്. നിക്കാരാഗ്വായിൽ, അഫ്ഗാനിസ്ഥാനിൽ, ഇറാനിൽ (?) അഗ്നിയുടെ തീനാമ്പുകൾ ആകാശംമുട്ടെ വളരുകയാണ്. ആ അഗ്നിയുടെ ആളിപ്പടർപ്പിനായ് നമുക്കും ഒരുക്കുക...... നമുക്കും ഒരുങ്ങുക...... □

**ഠ എം. വി. രാമൻ**

സാമൂഹ്യവ്യവസ്ഥിതിയുടെ ചരിത്രപരമായ വികാസവുമായി ബന്ധപ്പെടുത്താതെ ഒരു രാജ്യത്തിലെ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനാവില്ല. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ് ആ രാജ്യത്തിലെ യുവജനങ്ങളുടെ പ്രശ്നവും. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷത്തിന്റെ പ്രശ്നപരിഹാരത്തിലൂടെയല്ലാതെ യുവജനങ്ങൾക്ക് മാത്രമായി പ്രശ്നങ്ങളോ പരിഹാരമാർഗ്ഗങ്ങളോ ഇല്ല. മനുഷ്യസമൂഹത്തേയും പ്രപഞ്ചത്തെ മുഴുവനായും കൃത്യമായും സൂക്ഷ്മമായും നോക്കിക്കാണുകയും പരിശോധിക്കുകയും ചെയ്യുന്ന ഒരൊററ ലോകവീക്ഷണമേയുള്ളൂ—അതാണ് മാർക്സിയൻ ലോകവീക്ഷണം. സത്യം പറയുവാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അതിന്റെ അടിസ്ഥാനത്തിലല്ലാതെ ഒന്നും പറയുവാൻ ആകുകയുമില്ല.

വളർന്നുകൊണ്ടിരിക്കുന്ന ഉല്പാദനശക്തികൾക്ക് മാത്രമേ വർദ്ധിച്ചുവരുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കൂ. മുരടിച്ചു നിൽക്കുന്ന ഉല്പാദനശക്തികൾക്കിനി വളരണമെങ്കിൽ തടസ്സമായി നിൽക്കുന്ന ഉല്പാദനബന്ധങ്ങളെ തകർത്ത് പുതിയ ഉല്പാദനബന്ധങ്ങൾ സ്ഥാപിക്കണം. ഇന്ത്യൻ പരിതഃസ്ഥിതിയെ അടിസ്ഥാനമായെടുത്താൽ പട്ടിണി, തൊഴിലില്ലായ്മ എന്നീ അടിസ്ഥാന പ്രശ്നങ്ങൾപോലും പരിഹരിക്കാൻ മുതലാളിത്ത ഭരണകൂടത്തിനു കഴിയുകയില്ല ബൂർഷ്വാ യൂണിവേഴ്സിററികൾ പടച്ചുവിടുന്ന ലക്ഷക്കണക്കിനു ബിരുദധാരികൾ വർഷന്തോറും തൊഴിലില്ലാത്തവരായി അലഞ്ഞുതിരിയുന്നു. ജീവിക്കാൻവേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കാൻ നിർബ്ബന്ധിതരായിത്തീരുന്ന യുവതീയുവാക്കളെ സാമൂഹ്യദ്രോഹികളാക്കി മാററാനല്ലാതെ ഈ വ്യവസ്ഥിതിക്ക് വേറൊന്നും ചെയ്യുവാൻ കഴിയില്ല. ചൂഷണം നിയമംമൂലം അംഗീകരിക്കുന്ന ഒരു സ്ഥിതിവിശേഷത്തിൽ മറിച്ചാവാൻ സാദ്ധ്യതയില്ല. ചുരുക്കത്തിൽ ഇവിടെ ഇന്ത്യൻ യുവത്വം പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ യുവത്വത്തിന്റെ സർഗ്ഗപരമായ ശക്തി തിരിച്ചുവിടേണ്ടതു് ഭൂരിപക്ഷം ജനങ്ങളുടേയും പ്രശ്നം പരിഹരിക്കാവുന്ന ഒരു ലക്ഷ്യത്തിലേക്കായിരിക്കണം. ആ ലക്ഷ്യം തീരുമാനിക്കേണ്ടതു് കാലഘട്ടവുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം. നമ്മളാരും നമ്മുടെ വർത്തമാനകാലത്തിനു സമകാലികരല്ല (We are not contemporaries with our history) എന്ന 'ദിബ്രെ'യുടെ ആശയം കൂടുതൽ അർത്ഥവത്തായിരുന്നു. മുതലാളിത്തസാമൂഹ്യവ്യവസ്ഥിതിക്ക് സോഷ്യലിസ്റ്റ് യുഗത്തിലേയ്ക്കല്ലാതെ നാടുവാഴിത്തത്തിലേയ്ക്കു തിരിച്ചുപോകാനാവില്ല. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതിയിലെ പ്രശ്നങ്ങൾക്ക് സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെയല്ലാതെ പരിഹാരം കാണാനാവില്ല. സമകാലീനമായ സാമൂഹ്യബോധം സോഷ്യലിസ്റ്റ് ബോധമാണ്. ഒരു വർഗ്ഗസമൂഹത്തിൽ സ്വന്തം വർഗ്ഗത്തിന്റെ പ്രശ്നപരിഹാരത്തിലൂടെയല്ലാതെ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല.


ഈ നൂററാണ്ടിൽ മനുഷ്യൻെറ വിധി നിണ്ണയിക്കപ്പെടുന്നതു് സാമൂഹ്യ മാററത്തിലൂടെയാണു്. അത്തരം ഒരു ലക്ഷ്യം വെച്ചുകൊണ്ടു് പ്രവത്തിക്കാതെ ഇന്ത്യൻ യുവത്വത്തിൻെറ പ്രശ്നങ്ങൾക്കു് പരിഹാരം കാണാനാവില്ല. □

## ○ കെ. എ. ഇട്ടീര

ഇന്ത്യൻ യുവത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നതു് ഇന്നത്തെ യുവാവിൻെറ പ്രശ്നങ്ങളാണല്ലൊ ! യുവത്വത്തിനു മററു കാലഘട്ടങ്ങളേക്കാൾ ഒരു പ്രത്യേകതയുണ്ടു്. അതു വാദ്ധക്യത്തെപ്പോലെ ചുളുങ്ങിയതോ, ബാല്യത്തെപ്പോലെ സങ്കുചിതമായ അവസ്ഥയിലുള്ളതോ അല്ല. ഇന്നത്തെ ഇന്ത്യൻ യുവാവു് ഒരു പരിധിവരെ വാദ്ധക്യത്തിലാണു്. ഒന്നോ രണ്ടോ ശതമാനംവരുന്ന യുവാക്കൾ ഇന്ത്യൻ യുവത്വം ആസ്വദിക്കുന്നവരായുണ്ടു്. ഇന്നു് ഇന്ത്യയെ വാദ്ധക്യത്തിൻെറ കണ്ണിലൂടെമാത്രമേ കാണാനാകുകയുള്ളൂ. ഇവിടത്തെ ബഹുഭൂരിപക്ഷംവരുന്ന യുവാക്കളും ഇന്നു നിരക്ഷരരാണു്. വിദ്യാഭ്യാസത്തിനു ഇന്നും നമുക്കു് ഉപരിപ്ലവമായ ധാരണകളേയുള്ളൂ. എന്നാൽ ഇന്നു ഇന്ത്യയിൽ ഒരു യുവത്വം സൃഷ്ടിക്കാൻ കഴിയും എന്ന വിശ്വാസവുമായി ഒരുപററം ചെറുപ്പക്കാർ വാദ്ധക്യത്തിൽനിന്നു മോചനംതേടി പുറപ്പെടുന്നുണ്ടു്. ഇതിൻെറ അലയടികൾ ഇന്നു കവിതാരംഗത്തും കഥാരംഗത്തും കാണാവുന്നതാണു്.

ഇന്ത്യൻ മഹാസമുദ്രത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാററു് ഇവിടെ പരുക്കേണ്ടിയിരിക്കുന്നു. പത്രങ്ങളിൽ ആവേശകരമായും അനാർഭാടകരമായും ആത്മഹത്യചെയ്യുന്ന യുവാവും, തൊഴിൽരഹിതനായി നക്ഷത്രങ്ങളെണ്ണുന്ന യുവാവും, ജയിലറകൾക്കുള്ളിൽ വിധിക്കപ്പെട്ട ശിക്ഷ നടന്നുകാണാൻ കാത്തിരിക്കുന്ന യുവാവും, വിപ്ലവം പ്രസംഗിച്ചു് ചൂഷണം നടത്തുന്ന ഇന്ത്യൻ യുവാക്കളും അടങ്ങിയതാണു് ഇന്ത്യൻ യുവത്വം. □

* * *



ഇവിടത്തെ മുലകിണുക്കി സാഹിത്യത്തെക്കുറിച്ചു് എനിക്കൊട്ടും പരാതിയില്ല. അവർ ഒരിടത്തും മനുഷ്യനുവേണ്ടി വാദിച്ചിട്ടില്ല. മായംചേർത്തു് മരുന്നും ഭക്ഷണവും വിററു് നിരപരാധികളായ മനുഷ്യരെ കൊന്നൊടുക്കുന്ന ദ്രോഹികളെ കഴുവിലേററാത്തിടത്തോളംകാലം ഈ മുലകിണുക്കികൾക്കു് ഇവിടെ നിർബ്ബാധം വാഴാനും ന്യായം കാണുന്നുണ്ടു്. അവർ സാഹിത്യ കമ്പോളങ്ങളിൽ ചരക്കിറക്കുന്നു. അവരുടെ പ്രശ്നം വയററുപിഴപ്പാകുന്നു.

പക്ഷേ, മനുഷ്യനുവേണ്ടി എഴുതുന്നു എന്നു് ഉച്ചൈസ്തരം പ്രലപിക്കുന്ന ഇവിടത്തെ സാഹിത്യകാരന്മാർ മറുപടി പറയണം, എക്കാലത്തും ഇവിടെ ഉണ്ടാകേണ്ടതു് കുട്ടക്ഷരം വായിക്കാൻ തപ്പിത്തടയേണ്ട ഗതികേടനുഭവിക്കുന്ന വായനക്കാരാണോ? അതേ എന്നവർ മറുപടി പറയില്ല. അവർ പൊയ്മുഖത്തെക്കുറിച്ചും ധാരാളമെഴുതിയിട്ടുണ്ടല്ലോ. പൊയ്മുഖങ്ങളിലെ ചുവന്ന താടി താൻതന്നെയാണെന്നു് അവർ എങ്ങിനെ സമ്മതിക്കും? എങ്ങിനെ മനസ്സിലാക്കും?

—കോവിലൻ

Principal Rev. Fr. J. V. Ambooken C. M. I.



Presents

# College Annual Report 1978-79

First of all let me avail myself of this opportunity of offering our warmest felicitations to you, esteemed Vice-Chancellor, and Chief Guest of the day, and convey on behalf of Christ College, our sincere good wishes, and offer our unstinted cooperation for the success of the great task the University of Calicut has set for itself. Your message will certainly hearten us in our task, and inspire us to uphold the high goals of education.

This has been an year of departures and arrivals. Never before in the history of the college, has there been such an influx of new blood, active, vibrant and devoted, into the stream of the teaching staff. Management, Staff and Students extend to you young new comers, a warm welcome. The veterans who left us, for foreign service, we hope, will return with enriched experience.

To prof. P I. Devassy of the Department of Commerce, who retires at the end of the academic year, after 18 years of meritorious and fruitful service, we wish an active and peaceful retired life.

Academically the passing year has been one of rewards. Students have continued their excellent record of performance in the University Examinations. With 71% pass in the Pre-Degree results, we still hold the first place in the University in the number of first classes. The Department of Zoology has bounced back with 100% pass in its B. Sc. Examinations.

Congratulations. With 21 first classes and one third class, the Department of Chemistry established a new record with 95% pass.

## University Examinations April/May 1978

Names of Rank holders:

PRE-DEGREE: I Rank — Sri. K. N. Sunil (Reg No. 5008)

II Rank — Sri. Rojan Kuruvilla P. (Reg. No. 5018)

FINAL B. Sc.

Mathematics: I Rank — Sri T. V. Varghese (Reg. No. 20786)

M. Sc. FINAL:

Chemistry II Rank — Sri. Koodathil Krishnan (Reg. No. 169)

III Rank — Sri. P. Sukumaran (Reg. No. I69)

Zoology II Rank — Madhavan S. (Reg. No. 175)

III Rank — Sri. Krishnanandan E. (Reg. No. 174)

## Results — 1978 II Pre-Degree

| GROUP | I CLASS | II | III | PERCETAGE OF PASS |
|---|---|---|---|---|
| I | 46 | 45 | 25 | 77.8 |
| II | 47 | 38 | 19 | 76.4 |
| III | 1 | 8 | 28 | 52.8 |
| Iv | 13 | 21 | 20 | 65.8 |
| | 107 | 112 | 92 | 72.1 |

## Final B. A. / B. Sc. / B. Com.

| | | | | |
|---|---|---|---|---|
| B. A. Economics Main | 2 | 4 | 32 | 84.4 |
| B. Sc. Maths Main | 3 | 7 | 6 | 69.5 |
| B. Sc. Physics Main | 22 | 11 | 2 | 89.7 |
| B. Sc. Chemistry Main | 21 | 3 | 1 | 94.4 |
| B. Sc. Zoology Main | 8 | 8 | 4 | 100 |
| B. Com. | 7 | 18 | 19 | 83 |

## M. Sc. / M. Com. Final

| | | | | |
|---|---|---|---|---|
| M. Sc. (Chem.) | 5 | – | – | 100 |
| M. Sc. (Zool.) | 3 | 3 | – | 100 |
| M. Com. | 3 | 9 | – | 100 |

Besides the 100% pass in M. Sc. Zoology, M. Sc. Chemistry and M. Com., the Department of Zoology and Chemistry put their heads together to snatch the second and third place in the University Examinations.

Realising that Arts, Mechanical or Fine, are for the refreshment of the soul, a fuller understanding of the human spirit, and enlargement of our capacity for life, we extended to our Artists, whole-hearted cooperation to find their talents in full bloom. Both in the Zonal and Inter-Zonal Competitions of the University Arts Festival, members of the Fine Arts Club endeared themselves to the audience and the Judges by their outstanding performance. In the Inter-Zonal Competitions of the Arts Festival, held at Calicut we won places in Verse-making, Folk Dance, Group Dance, Group Music, Tripple Drum, Kathakali, Ottamthullal and Quiz (Senior)

Harikumar K., our renowned dance artist, once again proved his mettle by winning the individual Championship of the University.

In tune with the best traditions of the College, many Athletes and Sportsmen have found their way to the University and State Teams. While Subash George and Loit Joseph represented the University of Calicut at the All India Inter-University Athletic Meet, Abey, Roy Mathew, Chacko, Jomy Abraham, Cyril, Johnson, Saleem, Nanda-Kumar, Benny and Davis rendered creditable service to the University Volley ball and Foot ball Teams. Subash George who won the individual Championship, deserves special mention.

The numerous trophies we won include the FACT Athletic Championship, Junior Athletic Championship of the University of Calicut, District Volley ball Championship, Nedumkallel trophy for Foot ball, and Runners up trophy at the Kandamkulathil Lonappan Memorial Foot ball match, Irinjalakuda.

Our Volley ball Team has been adjudged one of the best teams fielded this year in Various Inter-Collegiate and State level Competitions. Our supremacy in this field has been amply demonstrated when we fought our way to Victory under the able leadership of Roy Mathew in the Inter-Zone Competitions to annex the Championship of the University of Calicut. We are sure, victories are still awaiting us in Tennis and our Champions Paul K. R. and Anandan are eagerly looking forward the chance to defend their

title. We hope, with a little more cooperation and dedication from all quarters, better results will be produced.

Any satisfactory system of education should aim at a balanced growth of the individual, and insist on both knowledge and wisdom. Our education is never complete unless our hearts are full of compassion for the suffering humanity. Two of our student organisations, the National Service Scheme and the Catholic Students Association have been in the forefront of the struggle to alleviate the suffering of some sections in their humble way.

The 10-day "Youth for Rural Reconstruction Camp", the construction of E. S. P. Type Latrines, Compost Pits for the poor and the cleaning of the local markets by N. S. S. Volunteers, cleaning of Hospitals, distribution of coconut seedlings, provision of Scholarships and noon-meal tickets to needy students, and the construction of a small house by the members of C. S. A. are some of the symbolic activities of our students expressing their willingness to help. The N C. C. Volunteers have also been involved in activities like hospital-cleaning and blood donation, designed to instil the noble instinct of compassion among students.

Our Quiz-Team that won almost all the contests they chose to attend also needs special mention. Congratulations to Sebastian Joseph, Krishnadas K., Jimmy Maliekal, Joseph Antony Valiyaveetil, Raveendra Varma R. and Rameshkumar M. R.

Inspite of financial restraints, we have been successful in improving our Library and Laboratory facilities. The project we launched at the beginning of the year is nearing completion. We have spent about Rs. 80,000/- on books, and Rs 85,000/- on equipments, and will be spending Rs. 2,61,000/- by the end of this year to complete the M. Sc. Block under construction. For the next year we are proposing a bolder programme of constructing an indoor Stadium which will cost us about 9 lakhs of rupees. With the help of the Management, the generous public, the enlightened staff and students, and with the encouragement of the University, we hope to make our dream a reality.

Before I conclude, I wish to express my deep gratitude to Rev. Fr. Pastor Neelamkavil, our manager, for his guidance, to the members of the Guardians and Well-Wishers Association for their generosity, the members of the teaching and non-teaching staff for their hard work and devotion to duty, the Wardens of Junior and senior hostels for their constant attention and my beloved students for their whole-hearted cooperation in making this year, an year of quiet toil. Above all, with grateful heart, I bow before the enkindling and emboldening spirit of Our Lord and Saviour, Jesus Christ. Lead Kindly Light. □

## REPORTS : Physical Education activities

I am very happy to present the report of our activities and achievements in the athletic arena. This year we could rise to the level of the noble tradition by the rare honour of winning the university tripple crown. We won the university championships in Volleyball, Tennis and Athletics.

### Athletics

Our athletes started their off season practice in early June. A training camp under the guidance of Sri. S. S. Kaimal, University Athletic coach was held in August. The college senior boys team captained by A. O. Sunny won the championship at F. A. C. T. open athletic meet for the second year in succession and Shaji Jacob won the individual championship. In the University Athletic Meet we retained the championship in the junior division and were runner up in the senior division. Loyit Joseph equalled university record in 400 metres while Subash George leapt to a new record distance in broad jump and Sudhakaran found a new height in Polevault. Subash George out jumped his rivals from the

different universities of India and received the Gold Medal in tripple jump at the All India Inter University Athletic Meet. Loyit Joseph and Subash donned the university colours while Sunny and Subash represented Kerala State in the national games at Hyderabad.

Christ College has a uniqe tradition in Volleyball. This year also ours was one of the strongest teams fielded in various tournaments. In addition to the various trophies they have won from far and near, they won the district championship and the university crown. Abey John captained the Calicut university volleyball team which won the south zone inter university championship. He was assisted by Roy, Chacko, Jomi and Jose. Abey was once again selected to the Kerala State team which played in the Hyderabad Nationals. Jomi and Cyril played for the junior state volleyball team which was adjudged the second best in India. In this connection I would like to mention the brilliant captaincy of Roy whose scintillating displays in tournaments will be remembered long.

## Tennis

Paul K. R. and Anand rose to great heights in competetive Tennis at the university interzone championship. Paul remained unchallenged in singles championship and he partnered Anand to annex the university doubles crown. Paul brushed aside stiff challenge and came out with flying colours and won the Trichur District open singles championship for the second consecutive year. In addition Paul captained the university Tennis team.

## Football

Our college has produced a large number of outstanding footballers who wore university, state and national colours. In keeping with this bright tradition this year too we had a band of excellent boys in the ranks. Johnson, Saleem, Nandakumar, Benny and Davis played for the Calicut University football Team this year. Under the able captaincy of Johnson, the university team won the coveted Sir Asuthosh Mukherjie Shield, the symbol of soccer supremacy among the universities of India. Pradeep was a standbye in the university team. Rajeev was adjudged the best goalkeeper and Antony the best half back at the Christ College football tournament. Our team was the runner up in the Christ College football tournament for the Kandamkulathil Lonappan trophy. At Moovattupuzha they made short work of the opponents while bringing home the Msgr. Nedumkallel Trophy. They also won the Trichur District B-division championship. Two coaching camps, one under Sri. Usmankoya and another under Sri C. J. Baby were held. Johnson our mercurial striker, Saleem, the outstanding linkman and Nandan the spearhead of attack were automatic choices to the Indian Universities coaching camp. The Christ College football tournament was successfully held in November in which leading college teams from all over South India participated.

## Wrestling

The activities started with a coching camp in early August under Sri. K. P. Ramakrishna Pillai, the state coach. The team competed in the State Rural meet and the state open wrestling championships. The junior squad secured the fourth place in the State meet. Wilfred vas and C. S. Unnikrishnan deserve special mention. The repeated postponement of the university wrestling contest upset the training schedule and hence we could present only a small contingent. Yet they grappled valiantly and became the university runner up. Thanks to the splendid services of Prof. K. J. Joseph.

Our bright cricketeers under skipper Bose and Ball Badminton players led by Johnson qualified themselves from the zone while Sabu and his Basketballers lost narrowly the zone title.

The college annual athletic meet was held on 14th Feb. '79 in which Antony and Gracious Thomas shared individual honours while Saji Mathew was adjudged the best alrounder among the juniors.

The college gives due importance to games and sports. All our achievements in sports and games have been in no small scale due to the incessant work of our indefatigable physical education staff—Prof. Joseph P. Thomas and lecturer Thomas Varghese. May I place on record our deep feelings of gratitude to one and all of them.

A. O. SUNNY
(General Captain)

## Physics association

The activities of the association was formally inaugurated by Prof T. K. Balakrishnan, Principal Govt. College Chalakudy on 15th January 1979. In a very informative inaugural address he spoke on power consumption and on ways to increase the power factor.

Prof. P. I. Paul gave us a talk on Atomic Physics and Sri. E. N. Narayanan gave a talk on Laser Technique. Both the talks were inspiring and interesting.

Under the auspices of our association a quiz in physics was conducted and it proved to be a success.

I thank the staff and fellow students.

E. REGUNATH
(Secretary)

## Chemistry association

The activities of our association commenced with the formation of the Executive committee. Due to certain unexpected and inevitable circumstances we were able to conduct our inaugural function, only on 18th January. Mr. Baburaj of the B. A. R C Trombay gave an interesting talk on 'strengthening methods in metals'.

Thanking the members, staff and fellow students.

SATHEESAN C. K.
(Secretary)

## Biology association

The Biology association was formally inaugurated on 7th December 1978 by Dr. M. J. Sebastian, Professer of Fisheries, Kerala Agricultural University College, Mannuthy. He spoke on ocean resources and fish culture,

Under the auspices of our association many activities like biology quiz, film shows etc. were conducted during this year.

The validictory function of the association was held on 16th March 1979. The prizes for the quiz were distributed on the occasion.

I extend my gratitude to all

VINCENT K. O.
(Secretary)

## Commerce Association

Mr. V. T. Jose, Chairman, Christ College union, inaugurated the activities of the association, It is with pleasure I recall the 'kerallite social' organised in connection with the inaugural function.

For the first time in the history of Christ College the Commerce association organised an inter class Football tournament for an ever rolling trophy 'COMAS 79' donated by Mr. T. V. Madhavan, Lecturer, Christ College. This year the IInd Pre-Degree students won the trophy.

After 17 years of meritorious and sincere service Prof. P. I. Devassy is retiring from the dept. this year. A farewel meeting under the chairmanship of Rev. Fr. Benett, Principal, St. Joseph's College, Calicut was held on this occasion Prof. Devassy has decided to instal an endowment of Rs. 1000 for awarding a scholarship to the best socond Pre-degree student.

Thanks to all

THOMAS KAREDAN
(Secretary)

## Catholic Students Association

It was on Friday 14th July 1978 that the activities of C. S. A. for 1978-79 commenced. The planing forum met on July 19th 1978 to suggest a number of projects.


C. S. A. organised a leadership camp on August 11th, 12th and 13th 1978 at St. Aloysious High school, Elthuruth. The unit organised an essay writing competition for the catholic students of Calicut University in English and Malayalam and gave cash awards to the winners.

On February 3rd a one day seminar was organised on 'National Adult Education'. N A E P officer of Trichur District, Mr. Kartikeyan Nayar and Prof. Lakshmanan Nayar from Trichur Engineering College spoke on the subject.

A one day free service camp at the Irinjalakuda Govt. Hospital on August 26, 1978 helped to

"ഭൂട്ടാനിൽനിന്നു് പാർലിമെൻറിലേക്കുള്ള മെമ്പർ ആരാണു്?" എം. പി.യായ കുഞ്ഞമ്പു ചോദിച്ചു. ഞാനാകെ കുഴഞ്ഞു. ഭൂട്ടാൻ ഒരു സ്വതന്ത്രരാഷ്ട്രമാണെന്നും അവിടെനിന്നും ഇന്ത്യൻപാർലിമെൻറിലേക്കു് മെമ്പർമാരെ അയക്കാറില്ലെന്നും ഞാൻ വിശദീകരിച്ചു.

(ജി. ബാലചന്ദ്രൻെറ 'ന്യൂ ദൽഹിയിൽ ഒരപരിചിതൻ' എന്ന ലേഖനത്തിൽനിന്നു്.)



inculcate into the young minds the dignity of labour and service mentality. December 18th was celebrated as sanitation day when the members cleansed the surroudings of the Govt. Hospital Irinjalakuda. The students spent a day on 12th October to dig and plant palm seedlings in 'LakshamVeeduColony' at Nadavaramba. The unit financed the education of a lot of students.

To impart a deep knowledge about Catholic Religion and philosophy classes in religion started on August 28th. The students rendered all possible help to make the solemn consecration ceremony of Bishop Jamas Pazhayattil, a success and also gave a reception to him in our College under the auspices of C. S. A. Bishop inaugurated the activities of C. S. A. for the year.

Every month on Ist Fridays, Holy Mass is celebrated. On February 2nd a religion examination was conducted for Catholic students and cash awards given to deserving students.

Annual retreats separately for every batch of students was an important function of the year. Our unit was adjudged the IInd best in the Calicut region. We thank all the members for their co-operation.

JOHNSON K. K.
Secretary

## എൻ. എസ്. എസ്.

ക്രൈസ്റ്റ് കോളേജ് എൻ. എസ്. എസ്. യൂണിററിൻെറ ഈ വർഷത്തെ ('78 - '79) പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചതു്, എൻ. എസ്. എസ്. പച്ചക്കറിത്തോട്ടത്തിലെ ചേനത്തൈകൾക്കു വളംവെച്ചുകൊണ്ടാണു്. പിന്നീടു നടന്ന 'യുവാക്കൾ ഗ്രാമോദ്ധാരണത്തിനു്' എന്ന ദശദിനക്യാമ്പു് സെപ്തംബർ 8-നു് ആരംഭിച്ചു. 50 പേരടങ്ങിയ പ്രസ്തുത ക്യാമ്പു്, ഇരിങ്ങാലക്കുട മാർക്കററിലെ അഴുക്കു നിർമ്മാർജ്ജനത്തോടെ ഉൽഘാടനം ചെയ്യപ്പെട്ടു. തുടർന്നുള്ള ക്യാമ്പുദിനങ്ങളിൽ അസൂയാവഹമായ നേട്ടങ്ങളാണു് ക്യാമ്പംഗങ്ങൾ കൈവരിച്ചതു്. ചവറക്കോളനിയിലേക്കുള്ള ഒരു കിലോമീററർ നീളംവരുന്ന റോഡു് നിർമ്മിച്ചതും കുണ്ടും കുഴിയും നിറഞ്ഞ ആസാദു് റോഡു് സഞ്ചാരയോഗ്യമാക്കിയതും ക്യാമ്പിൻെറ വിജയമായിരുന്നു.

ദേശീയ വയോജനവിദ്യാഭ്യാസത്തിൻെറ ഭാഗമായി ഈ യൂണിററു്, ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനിയിലും മാപ്രാണം, മാടായിക്കോണം എന്നിവിടങ്ങളിലും നവംബർ മാസത്തിൽ മൂന്നു് ക്ലാസ്സുകളാരംഭിച്ചു. ഇരിങ്ങാലക്കുട നഗരത്തിലെ സേവനവാരപരിപാടിയുടെ ഭാഗമായി ആയുർവ്വേദ ആശുപത്രി ശുചീകരണവും, ഒക്ടോബർ 25-നു് മുനിസിപ്പൽ അഴുക്കുചാൽ ശുചീകരണവും നടത്തപ്പെട്ടു. കോളേജു് മതിലും മററും വെള്ളതേച്ചു് വൃത്തിയാക്കി. ഈ യൂണിററു് ദത്തെടുത്ത ധർമ്മപോഷണ കോളനിയിലും എല്ലാ വീടുകളിലും ഇ എസ്. പി. സ്ലാബുകൾ സ്ഥാപിക്കുകയും, അടുത്ത വർഷം അവിടെ ഒരു റിക്രിയേഷൻ സെൻറർ ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മററു് 9 കേന്ദ്രങ്ങളിൽകൂടി വയോജന ക്യാമ്പുകൾ ആരംഭിക്കുവാനും പരിപാടിയുണ്ടു്. ക്രൈസ്റ്റ് കോളേജിനു് ഒരു പുതിയ യൂണിററുകൂടി ലഭിച്ച വിവരം ഇത്തരുണത്തിൽ അറിയിക്കട്ടെ. സഹകരിച്ച എല്ലാവർക്കും നന്ദി!

**പോൾ ജി. അവറാൻ**
സെക്രട്ടറി



# Real Life is Between Persons

SEBASTIAN P. PALATTY

It is an existential fact that the presence of other people in our lives is undeniable. Every man is essentially born into a community of human persons, and lives with other persons. There are few realities which are more evident to a person than the presence of other people around him...the ultimate significance of my existence is in being "some one" to (for) somebody. And when my existence means nothing for anyone, then, I am really dead. And so, the existential fact of co-existence...is it a problem?

## The Dignity of the Human Person

We say, 'a person is fair, tall, dark, or wearing good cloths etc. We also relate a person to his talents, his qualifications, his position in society etc. But who is that person-the subject? Certainly, it isn't the qualities nor the qualifications, but it is the person who is the 'invisible activity' with an enormous potentiality for good. He is waiting to fulfil ambitions, working towards self-realization and intersubjectivity (personal relationship) in Love. In a biological sense, human person may be the present 'end product' of the progressive evolution of animals But in the spiritual sense 'man is God-incarnate'. "Let us create man in our own image and likeness".* According to this, God created human beings in his own image so that man's activity should be in consonance with that of God. God's activity, we know, is unconditional love; perfect Love. "God is Love"–we all say it very often. Therefore the human person is specially called to be God like. A man attains his full maturity as a person only when he loves others sincerely as persons and becomes available to them. This availability or 'loving presence' usually brings about the formation of a true interpersonal relationship, and together with that-'free dialogue', which is nothing, but experiencing the other persons' points of view with concern. Therefore a person is truly human, or a person fulfils his call as human being only at the rate at which he is authentically and personally related to other persons respecting them at all levels.

## Off the Track

If our living together is a necessary fact, then to live means 'to be related'. And it is in this second part 'life in common' turns out to be a real problem for many, just because each person is, as unique, important and free as any other person. Hence co-existence is characterised by conflict and hatred. That confidential whisper of love-"be with me"- now turns out to be a groan-"be useful to me"-A boss in a factory looks down upon his workers in the same way as he deals with the machines. 'First of all I exist; and then because of me, others'-there is no respect for the human person, and much less, love and relationship. This kind of mentality, i. e., a sort of 'Business mentality' at the expense of human dignity is the distinctive mark of the capitalistic civilization. In this world of indifference "no one is someone (some one dear) because no one cares for anyone".

The so-called 'Love' which is supposed to be an unconditional relationship and loving presence is being twisted without mercy and adjusted for the advantage of a few. Coming

* 'Genesis'

nearer home to the world of students: they spend years together in the same class rooms, sit side by side, without knowing one another. They remain a group of "strangers" and at the end, are no better friends than at the beginning. "Who is sitting next to you"?. "Oh! he is a tall, fair fellow with average intelligence". "But who is he? What does he mean to you?". "His name is such and such, I never bothered to know him personally". There is every possibility that even a married couple could exist side by side without 'knowing each other' in the real sense of the term. Wife is only an 'unpaid servant' and a 'stimulative sexual apparatus', and for her, husband is only 'security and protection'. Love has taken a different route altogether. It has become a means for selfish finalities. And the elevated human life has become static, a burden and a problem. The relationships that exist, are not of love and concern, but of competition.

A loss of spiritual and human values is evident everywhere and particularly in the 'youth world'. This upsets the priority of values of a person. His vision of life has changed. He becomes a self defeated person; a loser in love and relation. His basic attitude is 'Mistrust' of others and even of himself. He is never led by reason. This may even turn him into a neurotic.

Every year there are special awards given to the best actors and actresses even though they act only in the films. But we act so wonderfully all through our lives hiding our real selves, so much so we are understood as 'somebody else' altogether, other than the true selves. This is because we have closed ourselevs up, wrapped in beautiful clothing which belong to someone else perhaps my hero, or my 'ideal self'. Now we have no relation to anyone. 'I' and 'my world', which I have created, that is the whole reality for me. I may come to know about others but I'll never "know others".

We must wake up from this dehumanized situation. For this, the dignity of the human person should be re-established and accepted.

The utilitarian "business mentality" should be replaced by 'love and concern.' A revival in the human hearts is necessary to face the fact of co-existence happily. For this we must remove the 'masks' we wear and try to be ourselves.



In order to have mature relationships, it is essential to known the other person in his totality; his good qualities and defects; likes and dislikes; strengths and weaknesses; attitudes and convictions. In each person, a world of personal experience unique to himself 'is going on'. Nobody else has those particular experiences and no one will ever experience them in future. These experiences help the person grow, if he shapes his life in their light. Two individuals can grow twice by sharing their unique personal experiences with each other in 'respect and love.' But this sharing is possible only when there is real relationship: the acceptance of the other person as he is, and supporting him in love—an 'interpersonal relationship' where one considers the other person as important as he is to himself.

A person is a 'community of persons' he has met and had relationships with. Whenever we encounter a person and have some real experience with him, something of that person (some impressions, i. e. a small part of that person) becomes a part of us and that makes us grow a little more. So, the more we are related, the more we are enriched. But a person 'is' (has) an inalienable 'right' to choose and decide, and to have a life of his own. Therefore, no one can positively force anyone to relate himself to another. One must choose by himself to go out to his fellow men. A person "is a life" (has a life) which can be lived together with my life in love and perfect harmony.

At times the person who sits near you can be a "suffering person" (person in deep suffering), two or more desires are pulling him in different directions, and he is disorganised within himself. He looks for a genuine friend who can share his worries and can console him. This suffering person has to be accepted by others in a relationship of love. Some are forced to be "suffering persons" all through their lives because, the society has branded them as 'black sheep'. However bad a person would appear to be, an optimist can find at least one good quality in that person. By appreciating that good quality in him he encourages him to grow in that positive quality. And through an interpersonal loving presence the whole life of that 'black sheep' can be


altered and he can be led to 'self realization' and 'fulfilment' in his life

'Persons are Gifts'

In a way each person is a 'gift' from God, sent to me wrapped in a 'paper'-the human body. Some wrappings are very beautiful indeed, and so very attractive too..., but others are not so. Some may be big and strong; or lean and weak. Some are very beautifully coloured, while some others are simply 'brown paper'. We have to relate ourselves to all 'gifts' no matter the kind of wrapping they possess. It is quite easy and spontaneous to relate ourselves to some, than the rest depending upon the kind of wrapping. In this case we must examine our 'purpose' of relating; whether it is for the real 'gift' or for the 'cover alone' since it is quite attractive externally. In our interpersonal life of love, what we have to do is this: to break through the 'wrappings' and meet the 'gift' and help it to grow by our support.

There is a danger looking behind this relation. That is, if our relation stops with the 'wrapping' alone, we can destroy the whole 'Gift' (Person) because at this level we don't care for the gift, rather we possess only the 'cover' like a child breaking the doll into pieces, and then playing with the wrapping which had enclosed the valuable doll. Therefore if the gift is thrown away by cruel criticisms, by spreading bad reputations, or by unfaithful behaviour, he can take a 'negative attitude' by which that 'gift' allows no one to enter his life any more. And he makes the wrappings very strong and tight, so much so, nobody will be able to break through it, and at the same time, the enormous amount of "goodness" in him is sealed up for ever.

Each gift is different from the rest. All cannot have all talents and abilities. But everyone is sent by the 'Author of Life' (God). If a gift appears to be bad, it is because we consider it bad, or he made himself so, for which we are also responsible. Every gift is good and wonderful in itself. Therefore a 'positive attitude' towards others is essential. With a proper understanding of other persons and through our relationship with them, we can bring back that 'lost human dignity and the identity' of true love. □



A few years ago a man operating a soft-drink stand was called before a magistrate for selling adulterated syrups and was instructed to tell the truth about the ingredients. Later when an agent checked up on the man, he was found to be complying with the law and his business was better than it had ever been. In front of the stand was a new sign reading: 'All of our soft drinks are guaranteed to be highly adulterated.'

# ആധുനിക ഭാരതീയകലയുടെ ദേശീയ പ്രചോദനങ്ങൾ


ഫ്രാൻറ്സ് ഫാനൺ തൻെറ 'ഭൂമിയിലെ പീഡിതർ' എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു : മൂന്നാംലോകത്തിലെ ഓരോ വിപ്ലവവും ദേശീയതകളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് പ്രവർത്തിക്കണം. വിവിധ ജനതകളുടെ സ്വത്വങ്ങൾ ഉദാത്തമായ ഒരു ണർച്ചയ്ക്കു് വിധേയമാകാത്തപക്ഷം ആ ദേശങ്ങളിൽ അന്തർദേശീയത പ്രവർത്തനക്ഷമമാവുകയില്ല.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇതു് പ്രത്യേകിച്ചും ബാധകമാണു്. ഇപ്പോൾ ഈ ഉപഭൂഖണ്ഡത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു് ഒരർത്ഥത്തിലും ഒരു വിപ്ലവമല്ലെങ്കിലും, അതു് പുതിയ ചക്രവാളങ്ങൾക്കായുള്ള അന്വേഷണത്തിൻെറ ആരംഭമാണു്. നമ്മുടെ സാംസ്കാരികമൂല്യങ്ങളിൽ പലതും പാശ്ചാത്യമൂല്യങ്ങളുടെ യുക്തിശൂന്യമായ ആധിപത്യത്തിൽ ആണ്ടുപോയിരിക്കുന്നു. അവയുടെ വിമോചനത്തിന്നായുള്ള വഴിയൊരുക്കൽ ഈ അന്വേഷണത്തിൻെറ ഭാഗമാണു്. പാശ്ചാത്യനാടുകളിലെ പല കലാവിമർശകരും, എഴുത്തുകാരും, ഇന്ത്യ ഇത്തരത്തിലുള്ള പ്രാതികൂല്യങ്ങളേയും പരിമിതികളേയും അതിജീവിക്കേണ്ട കാലം കഴിഞ്ഞുവെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇന്ത്യയിൽ വച്ചു നടന്ന സമകാലീന ലോകകലയുടെ ഒന്നാം 'ട്രിയന്നേലി'നെക്കുറിച്ചു് ജോൺബർഗർ പറഞ്ഞു: ഇക്കാര്യങ്ങളിൽ യൂറോപ്പിൻേറയും, വടക്കൻ അമേരിക്കയുടേയും ആധിപത്യത്തെ തുരത്തിയെറിയുന്നതിനുള്ള സാധ്യത ഇതു (ഈ പ്രദർശനം) സൂചിപ്പിക്കുന്നു. അത്തരം ഒരാധിപത്യം അപകടകരമാണു്. കാരണം, വ്യക്തികളെന്ന നിലയിൽ കലാകാരന്മാരുടേയും, കലാദ്ധ്യാപകരുടേയും വികാരങ്ങളും ആശയങ്ങളും എന്തുമാകട്ടെ, അതിൻെറ അടിസ്ഥാനം ദൃശ്യകലാസൃഷ്ടി ഒരു സ്വത്താണെന്ന സങ്കല്പമാണു്. അത്തരമൊരു സങ്കല്പത്തിൻെറ ചരിത്രപരമായ പ്രചോദനം പണ്ടേ കഴിഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ അതു് വികാസത്തിന്നൊരു പ്രതിബന്ധമാണു്. ആധുനിക യൂറോപ്യൻ സ്വത്തിൻെറ പ്രത്യയശാസ്ത്രം സാമ്രാജ്യത്വത്തിൽനിന്നും അവിഭാജ്യമാണു്. അതുകൊണ്ടു് സാമ്രാജ്യത്വത്തിനും അതിൻെറ ഏജൻസികൾക്കും എതിരായ സമരം യഥാർത്ഥമായ ഒരാധുനിക കലയ്ക്കായുള്ള സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു.

സമകാലീന ഭാരതീയ കലയുടെ പ്രശ്നങ്ങളെക്കുറിച്ചു് പറയുമ്പോൾ, ലുഡ്‌വിഗ്ഗ് ഗോൾഡ്ഷ്‌മീഡർ അഭിപ്രായപ്പെടുന്നു: ''അയാൾ (ഇന്ത്യൻ കലാകാരൻ) ലോക കലയുടെ പാഠശാലയിലൂടെ കടന്നുപോകണം. പക്ഷേ ഒരു യഥാർത്ഥ കലാകാരനാകണമെങ്കിൽ അയാൾ തൻെറ ഗോത്രപരവും, ദേശീയവുമായ വികാര—ദർശന—രൂപീകരണ രീതികളെ മറന്നുകൂടാ — അയാൾ ഒന്നുകിൽ ഒരു ഇന്ത്യൻ കലാകാരനാകണം. അല്ലെങ്കിൽ ഒന്നുമല്ലാതായിത്തീരണം.'' ഇന്നത്തെ ഇന്ത്യൻ കലാകാരന്മാരെ സംബന്ധിച്ചിടത്തോളം സാർത്ഥകമായ ആധുനികതയ്ക്കായുള്ള മൂല്യവത്തായ അന്വേഷണം അമ്പതുകളുടെ തുടക്കത്തിലാണു് ആരംഭിച്ചതു്. ആദ്യമായി ജാമിനി റോയിയും, അമൃതാഷെർഗ്ഗിലും ജനങ്ങളെ പുതിയ രീതിയിൽ ചിന്തിപ്പിക്കുന്ന സൃഷ്ടികൾ നടത്തി. ജാമിനി റോയിക്കു് തുടക്കത്തിൽ ആധുനിക പാശ്ചാത്യ കലയോടു് തീരെ അനുഭാവമില്ലായിരുന്നു; അദ്ദേഹം പ്രകടമായും, ഭാരതീയ ഘടകങ്ങളെ അത്യധികം ഇഷ്ടപ്പെട്ടു. താരതമ്യേന അപക്വമായ ഈ സമീപനം ഒരു തരം കപട ആധുനിക ഭാരതീയ ചിത്രകലയിലേയ്ക്കു് നയിച്ചു. ഇരുണ്ട കനത്ത ബാഹ്യരേഖകൾകൊണ്ടു് ശ്രദ്ധേയമായ ഗോപിനീപരമ്പരയിലെ വർണ്ണശബളവും വികാരശൂന്യവുമായ ടെമ്പറർ ചിത്രങ്ങൾ ഇതിനൊരുദാഹരണമാണു്. വിമർശനബുദ്ധി തീരെയില്ലാതിരുന്ന ആസ്വാദകലോകം ഈ ചിത്രങ്ങളെ ആധുനിക ഭാരതീയ ചിത്രകലയുടെ മാസ്റ്റർപീസുകളെന്നു് പ്രശംസിച്ചു. വിചിത്രമെന്നു് പറയട്ടെ, ഇന്നും ചിലർ അവയെ കാര്യമായി പുകഴ്ത്തുന്നു. എന്നാൽ പെട്ടെന്നു് നാല്പതുകളുടെ അവസാനത്തിൽ ജാമിനി റോയ്, ഒരു പ്രമുഖ ചിത്രകാരനെന്ന നിലയ്ക്കുള്ള തൻെറ ഏററവും പ്രധാനമായ ഘട്ടത്തിലേയ്ക്കു് പൊട്ടിവീണു. തൻെറ ക്രിസ്തുചിത്ര പരമ്പരയിൽ അദ്ദേഹം പഴയ പരിമിതമായ ആദർശങ്ങളിൽ നിന്നു് മുക്തി നേടുന്നു. അദ്ദേഹത്തിൻെറ രചനകൾ ബാഹ്യമായ പാരുഷ്യം നേടുന്നു. വർണ്ണങ്ങൾ വെളുപ്പുകളിലും, കറുപ്പുകളിലും, കാവിയിലും, മൺനിറങ്ങളിലും ഒതുങ്ങി

നിൽക്കുന്നു. വരകൾ, കൃശവും, ധ്യാനാത്മകവും, ധ്വനിപൂർണ്ണവുമായി മാറുന്നു. 'ഭാരതീ'യമായ കാര്യങ്ങൾക്കായുള്ള കുത്തിക്കുട്ടിയുള്ള അന്വേഷണം അവസാനിക്കുന്നു. ക്രിസ്തുവിനെ തൻെറ വിഷയമായി തെരഞ്ഞെടുത്തതുതന്നെ ഇന്ത്യൻ പാരമ്പര്യത്തിന്ന് വിരുദ്ധമായിരുന്നല്ലോ! ഇവിടെ അദ്ദേഹത്തിൻെറ ഭൂതകാലം സാർത്ഥകവും, ചരിത്രപ്രധാനവുമായ ഒരൊററ സമഗ്രതയായി മാറുന്നു. ഈ പുതിയ ലോകം സൃഷ്ടിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് പതിനൊന്നും, പന്ത്രണ്ടും നൂററാണ്ടുകളിലെ ഫ്രാൻസിലെ ശില്പകലയായിരുന്നു. ഈ ഘട്ടത്തിലെ അദ്ദേഹത്തിൻെറ ചില പ്രമുഖ സൃഷ്ടികളാണു് ''അവസാനത്തെ അത്താഴം'', ''ക്രിസ്തു എമ്മോസിൽ'', ''ക്രിസ്തുവും യൗസേപ്പും'' തുടങ്ങിയവ.

ഈ സൃഷ്ടികൾ വഴിയാണു് അദ്ദേഹം ഓർമ്മിക്കപ്പെടുക. സ്വന്തം പീഡിതമായ അഹംബോധത്തിൽനിന്നു് അദ്ദേഹത്തെ മോചിപ്പിച്ചതു് ഈ ചിത്രങ്ങളായിരുന്നു. അദ്ദേഹത്തിൻെറ ആദ്യ ചിത്രങ്ങൾ പകർത്താനെളുപ്പമായിരുന്നു. എന്നാൽ ഈ അവസാന ചിത്രങ്ങൾ അനുകരിക്കുക അസാദ്ധ്യമാണു്. കാരണം, അവയുടെ ഡ്രോയിംഗും, ബ്രഷ്‌വേലയും അത്ഭുതകരമാംവിധം അനൗപചാരികവും, വാസനാപരവുമാണു്. ആത്മാവിൻെറ അടിയന്തിരാവശ്യം മാത്രമാണു് അവയുടെ പ്രചോദനം.



പണിക്കരുടെ ഒരു ഒറാഞ്ചുചിത്രം

ദേശീയ പ്രചോദനത്തിനുള്ള അമൃതാഷെർഗളിൻെറ അന്വേഷണം, ഇന്ത്യൻ കലാകാരന്മാരുടെമേൽ ഒരാശയമെന്ന നിലയിൽ വലിയ സ്വാധീനംചെലുത്തി. പരിമിതമായ ഒരർത്ഥത്തിൽ നവീന ബംഗാൾ ചിത്രകലാപ്രസ്ഥാനവും പിന്നീടു് ജാമിനിറോയിയും ഈ ആശയം തുടങ്ങിവച്ചു കഴിഞ്ഞിരുന്നുവല്ലോ! നവീന ബംഗാളി ചിത്രകലയുടെ തെററുകൾ ഇവയായിരുന്നു—പാശ്ചാത്യ കലയുടെ പൂർണ്ണമായ തിരസ്ക്കാരം. ചിത്രകലയെ 'പരിപാവന'മായ ഒരു ഭൂതകാലത്തിൻെറ സെൻറിമെൻറൽ ചിത്രീകരണം മാത്രമായി ചുരുക്കാനുള്ള പ്രവണത. അവക്കു വർത്തമാനകാലവുമായി യാതൊരു ബന്ധവുമില്ലായിരുന്നു വർത്തമാനം ഒരു പുതിയ സ്വപ്നത്തെ സൃഷ്ടിക്കാൻ അപര്യാപ്തവും ആശാരഹിതവും സമ്മിശ്രവും ആണെന്നു് അവർ കരുതി. ഷെർഗം ഒരു വർത്തമാനത്തെ സൃഷ്ടിക്കാനായി ഭൂതകാലത്തേക്കു് കരുതിക്കൂട്ടി മടങ്ങാൻ ശ്രമിക്കാതിരുന്നില്ല. അവരുടെ ചിത്രകലാപരിചയം അതുവരേയും, തീർത്തും യൂറോപ്യനായിരുന്നു. തുടക്കത്തിൽ സെസാനും, പിന്നീടു് ഗൊഗായിനും ആയിരുന്നു അവരുടെ പ്രധാന സ്വാധീനങ്ങൾ. അവരുടെ ഇന്ത്യൻ ബാല്യത്തിൻേറയും, കൗമാരത്തിൻേറയും ഓർമ്മകൾ വളരുന്ന ഒരു മനുഷ്യമനസ്സിനെ വർണ്ണശബളമാക്കേണ്ടതായിരുന്നു. എന്നാൽ ഇരുപത്തൊന്നുവയസ്സാകുംവരെ പാരീസിലും, ഇന്ത്യയിലുംവച്ചു് അവർ വരച്ച ചിത്രങ്ങളെ ഈ നാട്ടിലെ ഒരു കാരവ്യം അബോധമായിപ്പോലും ചലിപ്പിച്ചിരുന്നില്ല. പീഡിതമായ ഒരു പ്രണയം ആവിഷ്ക്കരിക്കാനുള്ള ഗൃഹാതുരമായ ആവേശംപോലും അവരിലില്ലായിരുന്നു. ഗാലറികളിലെ അവരുടെ സൃഷ്ടികൾകണ്ടാൽ തോന്നുക ഒരു ഗൊഗായിനായി കളിക്കാൻ അവർ നിശ്ചയിച്ചിരുന്നുവെന്നാണു്. ഗൊഗായിനു്, താഹിതി എന്തായിരുന്നുവോ, ഷെർഗളിനു് ഇന്ത്യ അതായിരുന്നു. പടിഞ്ഞാറിനോടുള്ള തൻെറ ആത്മാർത്ഥ സ്നേഹത്തിലൂടെ ഒരു ആധുനിക ഭാരതീയ ശൈലി രൂപപ്പെടുത്താനും അവർ ശ്രമിച്ചു. ഒപ്പംതന്നെ താൻ പുതുതായി കണ്ടെത്തിയ ഇന്ത്യയിൽ മുഗൾ, രാജപുട്ട്, മിനിയേച്ചർ ചിത്രങ്ങളുടെ സമ്പന്നമായ പൈതൃകവും അവരെ കാര്യമായി സ്വാധീനിച്ചു. അവരുടെ പിൽക്കാലസൃഷ്ടികളിൽ ഇല്ലാത്തതു് ഇന്ത്യയുടെ പുതിയ ഉണർന്ന ഒരു ബിംബത്തോടുള്ള സ്വാഭാവികസ്നേഹവും ആവേശവുമാണു്. അതുകൊണ്ടാകാം അവരുടെ സങ്കേതം ഈ നാട്ടിലെ കലാകാരന്മാരെ കാര്യമായി സ്വാധീനിച്ചില്ല. ഒരു പുതിയ പാരമ്പര്യവും അവർ അവശേഷിപ്പിച്ചുമില്ല. അവരുടെ ഇന്ത്യ സമരംചെയ്യുന്ന സമകാലീന ഇന്ത്യൻ കലാകാരനേക്കാൾ പാശ്ചാത്യരെയാണു് ആകർഷിപ്പിച്ചതു്. അവരുടെ കണ്ണഞ്ചിപ്പിക്കുന്ന കൗശലത്തിൽ വ്യാമുഗ്ദ്ധരായിരുന്നെങ്കിലും ഈ കലാകാരന്മാർ അവരിലെ പടിഞ്ഞാറൻ അധീശത്വം കണ്ടുപിടിച്ചു. പക്ഷേ ഒന്നോർക്കണം അവർ ചെറുപ്പത്തിലേ മരിച്ചു. കുറച്ചുകൂടി ജീവിച്ചിരുന്നെങ്കിൽ സ്നേഹിക്കാനുള്ള അവരുടെ അദമ്യമായ ശക്തി അവരെ ഒരു പുതിയ കണ്ടെത്തലിലേക്കു് നയിക്കുമായിരുന്നു. ഏതായാലും വരും

കെ. സി. എസ്. പണിക്കർ

തലമുറകൾ അമൃതാഷെർഗളിനെ സ്വന്തംകാലത്തെ ഒരൊന്നാന്തരം ചിത്രകാരിയായി ഓർമ്മിക്കും.

ഈയിടെ ഇന്ത്യ അവളുടെ പഴയ താന്ത്രിക കല അവ്യക്തമായെങ്കിലും, വീണ്ടും കണ്ടെത്തിയിട്ടുണ്ടു്. അതു് തളർന്നു കഴിഞ്ഞ പടിഞ്ഞാറൻ ലോകത്തെ അല്പമൊന്നു് ആകർഷിച്ചിട്ടുമുണ്ടു്. ഈ കണ്ടെത്തൽ ഗോത്രപരമോ, ദേശീയമോ ആയ തനിമ ഉയർത്തുന്നതിൽ ഒരു ചെറിയ സംഭാവന ചെയ്യുമായിരുന്നു. എന്നാൽ അതിൻെറ പരിമിതമായ ധർമ്മം മനസ്സിലാക്കുന്നതിനുപകരം സങ്കേതത്തിലും കാലത്തിലും പഴയ താന്ത്രിക് കലയിലേക്കും, അതിൻെറ പഴഞ്ചൻ പദസഞ്ചയത്തിലേക്കും തിരിച്ചുപോവുക എന്ന വലിയ തെററാണു് ഇന്ത്യയിലെ ചില വിമർശകർക്കും ചിത്രകാരന്മാർക്കും പററിയിരിക്കുന്നതു്. ഇവക്കു പല ശബ്ദങ്ങളുമുണ്ടു്. വർത്തമാനത്തോടു് പിന്തിരിഞ്ഞു് ഭൂതകാലമൂല്യങ്ങളിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്ന പരിശുദ്ധ താന്ത്രിക് പ്രത്യയശാസ്ത്രക്കാരനെക്കുറിച്ചു് കേൾക്കുന്നു. 'ശിവ—ശക്തി' തത്വത്തിൻെറ ആധുനിക കലാഭക്തന്മാരെക്കുറിച്ചും, 'പുരുഷ—പ്രകൃതി'യെക്കുറിച്ചും, 'ബീജ'ത്തെക്കുറിച്ചും, 'യന്ത്ര'ത്തെക്കുറിച്ചും 'അതീന്ദ്രിയ ധ്യാന'ത്തെക്കുറിച്ചും, വിശുദ്ധമായ ബ്രഹ്മാണ്ഡദർശനത്തെക്കുറിച്ചും കേൾക്കുന്നു. ഇതെല്ലാം പറയുന്നതോ ഇന്നലെവരെ കലയിൽ പുതിയതൊന്നും ചിന്തിക്കാതിരുന്ന, ഉള്ളതുകൊണ്ടു കഴിഞ്ഞുകൂടിയിരുന്ന പാവങ്ങളും. പക്ഷേ അവരിൽ ഭേദപ്പെട്ട ചിലർ അതിൻെറ ധർമ്മത്തെ ശരിക്കും മനസ്സിലാക്കുന്നതായിക്കാണുന്നു—ഒരു പുതിയ വഴി തുറക്കലിനുള്ള ഉപാധിയായി. ഇന്നത്തെ കലാചിന്തയിലും ഭാവനയിലുമുള്ള വിദേശാധിപത്യത്തിൽനിന്നു് രക്ഷനേടാനുള്ള ഒരുപാധിയായി. തുടർന്നുള്ള നമ്മുടെ യാത്രയെ സഹായിക്കുന്നിടത്തോളം നമ്മുടെ ഭൂതകാലാനുഭവം ഉപയോഗിക്കാൻ നമുക്കവകാശമുണ്ടു്. എന്നാൽ ഭൂതകാലത്തിൻെറ ചിന്താശൂന്യമായ ആരാധന അപകടത്തിൻെറ സൂചനയാണു്. □

# സാമൂഹ്യമനഃശാസ്ത്രം  ഒരു ആമുഖം

വ്യക്തി മനഃശാസ്ത്രത്തിന്റെ അതിപ്രസരത്തിൽ യഥാർത്ഥ മനഃശാസ്ത്രമായ 'സാമൂഹ്യമനഃശാസ്ത്രം' വളരെയൊന്നും വളച്ച് പ്രാപിക്കാതിരിക്കുന്ന ഈ കാലഘട്ടത്തിൽ സാമൂഹ്യ മനഃശാസ്ത്രത്തിനുള്ള പ്രാധാന്യം തുറന്നുകാണിക്കേണ്ടതു് അനിവാര്യമായിതീർന്നിരിക്കുന്നു. മനുഷ്യൻ സാമൂഹ്യജീവിയായിരിക്കെ സാമൂഹ്യചലനങ്ങളുടെ സ്വാധീനത്തിൽ നിന്നു് സ്വതന്ത്രമായി വ്യക്തിക്കു് നിലനില്ക്കാനാവാത്തതുപോലെ, സാമൂഹ്യമനഃശാസ്ത്രത്തിന്റെ സ്വാധീനവലയത്തിൽനിന്നു് വിമുക്തമായി വ്യക്തിമനഃശാസ്ത്രത്തിനും നിലനില്ക്കാനാവില്ല. 'സാമൂഹ്യമനഃശാസ്ത്ര'മെന്ന് നാം പറയുമ്പോഴും, നാം ഉദ്ദേശിക്കുന്നതു് 'മനഃശാസ്ത്ര'മാകുന്നു; അതായതു് മസ്തിഷ്കത്തിന്റേയും നാഡീവ്യൂഹത്തിന്റേയും പ്രവർത്തനത്തെ ഭരിക്കുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട ഒരു ശാസ്ത്രം. ശരീരശാസ്ത്രം കൂടാതെയുള്ള മനഃശാസ്ത്രത്തിന്റെ എല്ലാ സങ്കല്പങ്ങളും ശാസ്ത്രവിരുദ്ധമാണു്. ചുററുപാടിൽനിന്നു് അപരിച്ഛിന്നനായ മനുഷ്യനെപ്പററി, മനുഷ്യനും അവന്റെ ചുററുപാടും തമ്മിലുള്ള അവിരാമമായ പ്രതിപ്രവർത്തനത്തേയും, മനുഷ്യന്റെ വ്യക്തിത്വം നിർണ്ണയിക്കുന്ന സാമൂഹ്യസമരത്തേയുംപററിയുള്ള പഠനമാണു് സാമൂഹ്യമനഃശാസ്ത്രം.

മനഃശാസ്ത്രം ഒരേസമയം ജീവശാസ്ത്രവും സാമൂഹ്യശാസ്ത്രവുമാണു്. വ്യക്തിതന്നെ സമൂഹമാണെന്നതു് സാമൂഹ്യമനഃശാസ്ത്രത്തിനു് അനുകൂലമായ ആണിക്കല്ലാണു്. സാമൂഹ്യമനഃശാസ്ത്രം മൗലികമായും ചരിത്രപരമായ ശാസ്ത്രമാകുന്നു. ശാരീരികപ്രവർത്തനത്തിനു് ഭൗതികമായ ശാരീരിക ശാസ്ത്രാടിസ്ഥാനമെന്നപോലെ, സാമൂഹ്യമനഃശാസ്ത്രത്തിനു് ചരിത്രപരമായ വശം അതിന്റെ അടിത്തറയാകുന്നു. കാരണം മാറിക്കൊണ്ടിരിക്കുന്ന മനുഷ്യനെയാണു് അതു് പഠിക്കുന്നതു്.

1966-ൽ മോസ്കോവിൽ മനഃശാസ്ത്രജ്ഞന്മാരുടെ 18-ാം അന്തർദ്ദേശീയ കോൺഗ്രസ്സിൽ വച്ചു് ജെ മൊറീനോ താൻ സമൂഹത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിൽ വിജയിച്ചിരിക്കുന്നു, കാരണം സാമൂഹ്യശാസ്ത്രം ശാസ്ത്രമായിത്തീർന്നിരിക്കുന്നു എന്നു് പ്രഖ്യാപിച്ചു. സംഘമനഃശാസ്ത്രത്തിന്റെ പ്രണേതാക്കളായ ടാർസെ, ലെബോൺ, സിഗലെ എന്നിവർ വ്യക്തിപരമായ അഭിപ്രായങ്ങൾക്കു് ഒരു ജനക്കൂട്ടത്തെ തീവ്രവികാരത്തിനു വിധേയമാക്കാൻ കഴിയുമെന്നു് വാദിച്ചു. അൻേറാണിയോലോ, ബ്രിയോളോ, ആഗസ്റ്റ് ബേബിൽ റോസാലക്സംബർഗ്, ജി. വി. പ്ലെഖനോവ് തുടങ്ങിയവർ സാമൂഹ്യാസ്തിത്വം ബോധത്തെ നിർണ്ണയിക്കുന്നു എന്ന നിയമത്തിന്റെ സാദ്ധ്യമായ പ്രവർത്തനങ്ങളെ സമ്മൂർത്തമായ രീതിയിൽ അപഗ്രഥിക്കാൻ ശ്രമിച്ചു.

1955-ൽ റോമിൽ ചേർന്ന 10-ാം സാർവ്വദേശീയ ചരിത്രകോൺഗ്രസ്സിനെ അഭിസംബോധന ചെയ്തുകൊണ്ടു്, 12-ാം പിയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചു: എല്ലാ ആത്മീയ പ്രവർത്തനത്തിലും, വിജ്ഞാനത്തിലും മതത്തിലും, ധാർമ്മികതയിലും, നിയമത്തിലും എല്ലാം പരിണാമമല്ലാതെ മറ്റൊന്നും ദർശിക്കാത്ത തത്വചിന്താവ്യവസ്ഥയാണു് ''ചരിത്രശാസ്ത്രം''

എം. വി. രാമൻ


എന്ന പദംകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ആകയാൽ അത് അലംഘനീയവും, പരമവും, ശാശ്വതമൂല്യവുമുള്ള എല്ലാററിനേയും നിരാകരിക്കുന്നു. ഈ വ്യവസ്ഥ, കത്തോലിക്കാ വീക്ഷണവുമായും ഒരു വ്യക്തിപരദൈവത്തെ അംഗീകരിക്കുന്ന ഏതു മതവുമായും തീർച്ചയായും പൊരുത്തപ്പെടാത്തതാകുന്നു

ചരിത്രപരമായ വീക്ഷണം മതവുമായി പൊരുത്തപ്പെടാത്തതാണെന്ന കാര്യം തീർത്തും സത്യമാണ്. മനുഷ്യനു് സ്ഥായിയായി അവന്റെ ശരീരഘടനാ ശാസ്ത്രവും ശരീരശാസ്ത്രവും (മസ്തിഷ്കം അടക്കം) മാത്രമാണുള്ളത്. മറിച്ചുള്ളതൊക്കെ സാമൂഹ്യ ചുററുപാടുകളാണ്. അതായത് ഉന്നതനാഡീവ്യൂഹപ്രവർത്തനത്തെ ഭരിക്കുന്നത് ചരിത്ര ശാസ്ത്രപരമായ തത്വങ്ങളാണ്. ആകയാൽ സാമൂഹ്യ മനഃശാസ്ത്രവും ചരിത്ര ശാസ്ത്രവും ഉഭയസംയോജിതമാകുന്നു. സാമൂഹ്യാസ്തിത്വവും അവബോധവും തമ്മിലുള്ള കാര്യകാരണ ബന്ധമാണ് ചരിത്രപരമായ ഭൗതികവാദത്തിന്റെ മർമ്മസ്ഥാനം. സാമൂഹ്യാസ്തിത്വം ബോധത്തെ നിർണ്ണയിക്കുന്നു എന്നതു് താക്കോൽ പ്രാധാന്യമുള്ള തത്വമാണ്. അതു് സാമൂഹ്യവികാസ ശാസ്ത്രത്തിന്റെ അനന്ത ദിശകളിലേയ്ക്കുള്ള കവാടം തുറക്കുന്നു. ചരിത്രപരമായി മാറിക്കൊണ്ടിരിക്കുന്ന മനുഷ്യാവസ്ഥയെക്കുറിച്ച് പഠിക്കാൻ അതു് സാമൂഹ്യ മനഃശാസ്ത്രത്തെ പ്രേരിപ്പിക്കുന്നു.

ചരിത്രകാരന്മാർ മാനസികാവസ്ഥയെ വിശദീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നുണ്ടോ? നിർഭാഗ്യവശാൽ, ചുരുക്കം ചിലർ മാത്രം. പക്ഷേ, മനഃശാസ്ത്രം കൂടാതെയുള്ള ചരിത്രം ജീവനുള്ള മനുഷ്യരില്ലാത്ത ചരിത്രമാണ്. തൊഴിലാളി പ്രസ്ഥാന ചരിത്രം സംബന്ധിച്ച ഗ്രന്ഥം തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നു; തൊഴിലാളികളുടെ എണ്ണവും, പണിമുടക്കുകളും, തൊഴിലാളിവർഗ്ഗ സംഘടനകളും, രാഷ്ട്രീയ പാർട്ടികളും പ്രത്യയശാസ്ത്ര സമരങ്ങളും സംബന്ധിച്ച സ്ഥിതിവിവര കണക്കുകളും മററു വിവരങ്ങളും അതു് ഉൾക്കൊള്ളുന്നു. പക്ഷേ, അവയിൽ തൊഴിലാളികളെപ്പററി വളരെയൊന്നും ഉണ്ടാവില്ല. തൊഴിലാളികളെ സംബന്ധിച്ച് അപ്പടി ആണ്ടിറങ്ങിയുള്ള ഒരു പഠനം സാധാരണഗതിയിൽ ഉണ്ടാവില്ല ചരിത്രപരമായ ഭൗതികവാദത്തിന്റെ പേരിൽ നമുക്ക് ലഭിക്കുന്നത് ഒരു തരം പെരുമാററസംഹിതയാണ്. തൊഴിലാളികളുടെ സാമൂഹ്യപ്രവർത്തനം സംബന്ധിച്ച് ഒരു പഠനം, അവരുടെ മനഃശാസ്ത്രം സംബന്ധിച്ച് ഒരു സൂചനപോലും ഉണ്ടാവില്ല.

യഥാർത്ഥ ചരിത്രശാസ്ത്രം വാസ്തവികതയുടെ എല്ലാ വശങ്ങളും പരിശോധിക്കുകയും മനുഷ്യന്റെ സാമൂഹ്യവശങ്ങളേയും വ്യത്യസ്ത നിലവാരങ്ങളേയും ഭരിക്കുന്ന വ്യതിരിക്ത നിയമങ്ങൾ പഠിക്കുകയും വേണം. പൊതുജന വികാരത്തിന്റെ ചലനശാസ്ത്രത്തേയും മററു സാമൂഹ്യ മനഃശാസ്ത്രപരമായ വസ്തുതകളേയും സംബന്ധിച്ച്, അവയെ മനഃശാസ്ത്രവൽക്കരിക്കുക എന്ന ഭയം കൂടാതെ എങ്ങിനെ പഠനം നടത്തണമെന്നതിനു് ലെനിന്റെ കൃതികൾ ഉത്തമോദാഹരണങ്ങളാണ്

റഷ്യയിലെ പ്രഗത്ഭനായ ശാസ്ത്രീയ മനഃശാസ്ത്രജ്ഞൻ 'സക്കിനോവ്'' ആത്മാവിനെക്കുറിച്ചുള്ള ദാർശനിക തത്വങ്ങൾ തിരസ്കരിച്ച് മാനസിക വ്യാപാരങ്ങളുടെ ഭൗതികമായ അടിത്തട്ടുകളെപ്പററി, സിരാവ്യൂഹപ്രക്രിയകളെപ്പററി നേരിട്ട് അപഗ്രഥിക്കാനാണ് തയ്യാറായതു്. ലെനിൻ തന്റെ പുസ്തകങ്ങളിൽ, വിവിധ കാലഘട്ടങ്ങളിലെ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെ മനഃസ്ഥിതി, മാനസികമായ പരിവർത്തനം, മനോവികാരങ്ങൾ എന്നിവയെക്കുറിച്ച് സമചിത്തതയോടെ എന്നാൽ ഊർജ്ജസ്വലതയോടെ വിസ്മയജനകമാംവണ്ണം പരാമർശിച്ചിട്ടുണ്ട്. 1920-ൽ ലെനിൻ എഴുതി: ''ബഹുജനങ്ങളെ ക്ഷമയോടും ശ്രദ്ധയോടുംകൂടി സമീപിക്കാൻ പഠിക്കണം. കാരണം ഈ ബഹുജനങ്ങളിലെ ഓരോ വിഭാഗത്തിന്റേയും വിഭിന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടേയുമെല്ലാം വ്യത്യസ്തമായ സവിശേഷതകളും മനോവ്യാപാരവും മനസ്സിലാക്കാൻ അതു് ആവശ്യമാണ്. ഓരോ വർഗ്ഗത്തിലും വിഭാഗത്തിലും പ്രത്യേക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിലും ഇതു് അതാതിന്റെ പ്രത്യേകമായ മനഃശാസ്ത്ര വിശേഷതകൾ സൃഷ്ടിക്കുന്നു.''



അതുകൊണ്ടാണ് തൊഴിലാളി വർഗ്ഗത്തിന്റെ നിർവ്വചനത്തിൽ മനഃശാസ്ത്രവശം കൂടി ഉൾപ്പെടുത്തണമെന്നു് ലെനിൻ നിഷ്കർഷിച്ചതു്. 'തൊഴിലാളി' എന്ന പദത്തെ നിർവ്വചിക്കേണ്ടതു് സ്വന്തം ജീവിത സാഹചര്യങ്ങളിൽനിന്നു് തൊഴിലാളിവർഗ്ഗ മനോഭാവം ആർജ്ജിച്ചു കഴിഞ്ഞവർ മാത്രം ഉൾപ്പെടുന്ന തരത്തിലായിരിക്കണം. ബന്ധപ്പെട്ട വ്യക്തികൾ ഒരു ഫാക്ടറിയിൽ കുറെയേറെ വർഷങ്ങൾ ജോലി ചെയ്തില്ലെങ്കിൽ ഈ മനോഭാവം കൈവരിക്കാൻ സാദ്ധ്യമല്ല. ഗൂഢമായ ചില ഉദ്ദേശ്യങ്ങൾകൊണ്ട് നേടാവുന്ന കാര്യമല്ല അതു്. മറിച്ച് അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തിന്റെ പൊതു സാഹചര്യങ്ങളിൽ നിന്നുമാണ് ഇതു് ഉളവാകുന്നതു്. ഇങ്ങനെയാണ് യഥാർത്ഥ തൊഴിലാളിവർഗ്ഗ മനോഭാവം കൈവരിക്കാൻ സാധിക്കുക.

പ്ലെഖനൊവ് തന്റെ 'ഭൗതികവാദ ചരിത്രത്തെ സംബന്ധിച്ച ഉപന്യാസങ്ങൾ' എന്ന ഗ്രന്ഥത്തിൽ സമൂഹത്തെ

ങ്ങ് പരസ്പരാശ്രിത ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു: 'ഉൽപാദനശക്തികളുടെ വികാസത്തിന്റെ ഒരു നിശ്ചിതഘട്ടം: ഈ സാമൂഹ്യോല്പാദന പ്രക്രിയയിൽ വികാസത്തിന്റെ നിശ്ചിതഘട്ടത്താൽ നിർണ്ണയിക്കപ്പെടുന്ന മനുഷ്യ ബന്ധങ്ങൾ, ഈ മനുഷ്യ ബന്ധങ്ങളെ പ്രകാശിപ്പിക്കുന്ന സാമൂഹ്യ രൂപം, ഈ സമൂഹത്തിനനുസൃതമായ മനോഭാവവും ആചാരങ്ങളും. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ നിന്നുളവാകുന്ന പാടവം, അഭിരുചി, ആഭിമുഖ്യം എന്നിവ പ്രതിഫലിപ്പിക്കുന്ന മതം, തത്വശാസ്ത്രം, സാഹിത്യം, കല എന്നിവ.'' സാമൂഹ്യ മനഃശാസ്ത്രം എന്നു് വിശാലാർത്ഥത്തിൽ പറയുന്ന 'മനോഭാവങ്ങളും' 'ആചാരങ്ങളും' (മററിടങ്ങളിൽ മുഖ്യ വികാരവും മാനസികാവസ്ഥയും). സാഹിത്യം, കല, തത്വശാസ്ത്രം തുടങ്ങിയവയുടെ ചരിത്രത്തെ സംബന്ധിച്ച ശാസ്ത്രീയമായ പഠനം അത്യാവശ്യമാണു്. അദ്ദേഹം എഴുതി: ഒരു രാജ്യത്തിന്റെ ശാസ്ത്രചിന്തയുടേയും അതിന്റെ കലയുടേയും ചരിത്രം മനസ്സിലാക്കാനും, അതിന്റെ സംഭാവന വിലയിരുത്താനും സമ്പദ്ഘടനയെ മാത്രം കണക്കാക്കിയാൽ പോരാ. സമ്പദ്ഘടനയിൽനിന്നും അതിന്റെ സാമൂഹ്യ മനഃശാസ്ത്രത്തെപ്പററി സൂക്ഷ്മമായ ഒരു പഠനത്തിലേയ്ക്കും ധാരണയിലേയ്ക്കും നാം മുന്നോട്ട് പോകണം.''

ഇതില്ലെങ്കിൽ പ്രത്യയശാസ്ത്രങ്ങളുടെ ചരിത്രം സംബന്ധിച്ച് യാതൊരു ഭൗതികമായ വിശദീകരണവും സാദ്ധ്യമല്ല. മറെറാരിടത്തു് പ്ലെഖനൊവു് ഈ സംശയം കൂടുതൽ സംക്ഷിപ്തമായി ക്രോഡീകരിച്ചിട്ടുണ്ട്. ''എല്ലാ പ്രത്യയശാസ്ത്രവും ഒരു വേരിൽനിന്നു്, സമകാല മനഃശാസ്ത്രത്തിൽനിന്നു് ഉടലെടുക്കുന്നു.'' പുതിയ പ്രത്യയശാസ്ത്രം ആവിർഭവിക്കുന്നതു് സാമ്പത്തിക മാററങ്ങളിൽനിന്നല്ല, മറിച്ച് പൊതുജന മനഃശാസ്ത്രത്തിൽനിന്നാണു്, അതിന്റെ ആശയരൂപവല്ക്കരണ മൂർത്തിമദ്ഭാവമെന്ന നിലയിൽ. മറിച്ച് പറഞ്ഞാൽ, പൊതുജന മനഃശാസ്ത്രത്തിന്മേൽ പ്രത്യയശാസ്ത്രം വമ്പിച്ച സ്വാധീനം ചെലുത്തുന്നു. രണ്ടും പ്രതിപ്രവർത്തനം നടത്തുന്നു. പൊതുജന മനഃശാസ്ത്രത്തിന്റെ മൂർത്തിമദ്ഭാവമായി മാത്രം നാം പ്രത്യയശാസ്ത്രത്തെ കണക്കാക്കിയാൽ, പ്രത്യയശാസ്ത്രത്തിന്റെ ഘട്ടാനുഘട്ട വികാസത്തിന്റെ തുടർച്ചയും, അതിന്റെ ആന്തരിക കാര്യത്തിനു് മനോവ്യാപാരവശവും ആശയരൂപവൽക്കരണവശവും അതിന്റെ സ്വന്തമായ ഘടനയ്ക്കു് പ്രത്യേകമായ രചനയും ഉണ്ടെന്നു് കരുതുന്നതായിരിക്കും കൂടുതൽ ശരി. എന്നാൽ സാമൂഹ്യ മനോവ്യാപാര പ്രതിഭാസം ഒന്നല്ലെങ്കിൽ മറെറാരു സാമൂഹ്യ—സാമ്പത്തിക അടിത്തറയിൽനിന്നു് ആവിർഭവിക്കുന്നു. അതു് ആശയങ്ങളുടെ വികാസത്തെ പ്രോത്സാഹിപ്പിക്കുകയോ തടയുകയോ ചെയ്യുന്നു.

യഥാർത്ഥത്തിൽ സാമൂഹ്യ മനഃശാസ്ത്രം എപ്പോഴും, അവ്യക്തമായിട്ടാണെങ്കിൽകൂടി, ഏതെങ്കിലും പ്രത്യയശാസ്ത്രവുമുള്ളതായിരിക്കും. അനുഭൂതി, ജന്മവാസന, മനോഭാവം ഇവയെല്ലാം, അതായതു് വിവിധ വസ്തുക്കളുടേയും ബഹുജനങ്ങളുടേയും മാനസികാവസ്ഥ, അവരുടെ സാമ്പത്തികാവസ്ഥയിൽനിന്നും മൗലികമായ സാമ്പത്തിക താല്പര്യത്തിൽനിന്നും ഉത്ഭവിക്കുന്നുവെന്നു് ലെനിൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

1859-ൽ വംശ മനഃശാസ്ത്രത്തിന്റേയും ഭാഷാശാസ്ത്രത്തിന്റേയും ജേണലിന്റെ എഡിററർമാരായ ലാസറസും സ്റ്റൈന്താളും അവരുടെ ഒന്നാംലക്കത്തിൽ ദേശീയസത്തയെ പഠിക്കുന്ന പുതിയ ഒരു ശാസ്ത്രത്തിന്റെ ആവിർഭാവം പ്രഖ്യാപിച്ചിരുന്നു. ഏതെങ്കിലും പ്രദേശത്തു് ധാരാളംപേർ ജീവിക്കുകയും ഒരേ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുമ്പോഴേ ഈ സംഘമനഃശാസ്ത്രം പ്രായോഗികമാകൂ എന്നവർ വ്യക്തമാക്കി. ഈ ചിന്താഗതിക്കു് രണ്ടു് ശാഖകളുണ്ടായി. ഒന്നു്, ജനവംശ മനഃശാസ്ത്രം, ജനതകളുടേയും രാഷ്ട്രങ്ങളുടേയും, സാമൂഹ്യ ശാസ്ത്രപരമായ മനഃശാസ്ത്രം, സംഘടിതമോ അല്ലാത്തതോ ആയ സാമൂഹ്യ ഗ്രൂപ്പുകളുടെ മനഃശാസ്ത്രം. ഈ രണ്ടു ശാഖകൾക്കും പ്രമുഖരായ പല പ്രണേതാക്കളേയും ലഭിക്കുകയുണ്ടായി. വസ്തുനിഷ്ഠങ്ങളായ നിരീക്ഷണങ്ങൾ പലതും ഇവർ ഗവേഷണത്തിനു നൽകിയിട്ടുണ്ട്. ജനവംശ മനഃശാസ്ത്രത്തിൽ വില്യം വൂണ്ഡ്ട് മുതൽ മാർഗരററ് മീഡുവരെയും, സാമൂഹ്യ ശാസ്ത്രപരമായ മനഃശാസ്ത്രത്തിൽ എമീൻഡർക്ക് ഹൈം മുതൽ ഗബ്രിയൽ ഡാർഡേവരേയും ഉള്ള പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്.

ഇവരുടെ ആശയങ്ങൾ, ചിലപ്പോഴൊക്കെ ആഴമേറിയതും പ്രയോജനപ്രദങ്ങളും ആണെങ്കിൽപോലും, അവയുടെ ആദർശപരമായ വീക്ഷണത്തെ രണ്ടു സംഗതികൾ ചോദ്യം ചെയ്യുന്നു; ഒന്നു്, അവരെ സംബന്ധിച്ചിടത്തോളം മനഃശാസ്ത്രപരമായ പഠനവസ്തു അശരീരിയായ ചേതനയാണു്. (അതിന്റെ സത്താനിർവ്വചനമനുസരിച്ച്, പരിണാമാത്മക പഠനം നിഷേധിക്കുന്നുമുണ്ട്); രണ്ടു്, ഇവരുടെ പഠനങ്ങൾ മിക്കവയും വ്യക്തിമനഃശാസ്ത്രത്തിനെതിരായിട്ടാണു്. വാസ്തവത്തിൽ, ഒരു മനഃശാസ്ത്രജ്ഞനും, ആശയവാദത്തിൽ വിശ്വസിക്കുന്നവർപോലും വ്യക്തിത്വത്തിന്മേൽ സാമൂഹ്യവും ദേശീയവുമായ സാഹചര്യങ്ങളുടെ സ്വാധീനം നിഷേധിക്കുന്നില്ല. ഓരോ വ്യക്തിയും വളരുന്ന സാഹചര്യം, വിദ്യാഭ്യാസം, പുറവപാഠകൾ, കൂട്ടുകാർ, മേലുദ്യോഗസ്ഥർ, അദ്ധ്യാപകർ, കൂട്ടുതൊഴിൽക്കാർ, കുടുംബം, അയൽക്കാർ, പരിചയക്കാർ എന്തിനു്, ചിലപ്പോൾ യാദൃച്ഛിക സന്ദർശകർപോലും, വായിക്കുന്ന പുസ്തകങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവയെല്ലാം മനുഷ്യന്റെ ആത്മീയലോകത്തെ മുൻനിർണ്ണയം ചെയ്യുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നുണ്ടെന്നു് മനഃശാസ്ത്രജ്ഞരെല്ലാം സമ്മതിക്കുന്നുണ്ട്. ഇവയെല്ലാം സാമൂഹ്യ മനഃശാസ്ത്രത്തിന്റെ ഭാഗമാണുതാനും. പക്ഷെ, ഇതെല്ലാം വ്യക്തിയുടെ മനസ്സിൽ ഉള്ളതാണു്. അതേസമയം, മററുള്ളവയെല്ലാം—ഒരു സാമൂഹ്യപരിതഃസ്ഥിതിയും അതിന്റെ പൈതൃകമായ പ്രത്യേക മനോഭാവവും ചേർന്നു് രൂപപ്പെടുന്ന വ്യക്തികളുടെ പരസ്പര പെരുമാററവും പരസ്പര പ്രവർത്തനവും അവരുടെ മാനസിക ഭാവവും—സാമൂഹ്യ മനഃശാസ്ത്രത്തിന്റെ പരിണത ഫലങ്ങളാണു്.

രണ്ടു പേരെങ്കിലും ഇല്ലാത്ത സംസാരം, ഭാഷ, വിവര വിനിമയം, ഗ്രഹണം എന്നിവയെപ്പററി ചിന്തിക്കാനാവില്ലല്ലോ. അങ്ങനെ പല പ്രധാന മാനസിക പ്രതിഭാസങ്ങളും—വിജ്ഞാനത്തിന്റെ അഗാധതയിലേയ്ക്കു ചുഴിഞ്ഞു് ഇറങ്ങുന്നവയുൾപ്പെടെ—ഒരു മസ്തിഷ്കത്തിലല്ല, ഒരു ജോടി മസ്തിഷ്കങ്ങളിലാണു് കണ്ടെത്താൻ കഴിയുക.

ജർമ്മൻ ക്ലാസിക്ക് ആദർശവാദത്തിന്റെ സ്ഥാനമൊഴിഞ്ഞ ലുഡ്വിഗ് ഫ്യൂവർ ബാക്ക് നിർദ്ദേശിച്ചതു് വിജ്ഞാനം ഉൾക്കൊള്ളുന്നതിന്റെ കർത്തൃത്വം ''ഞാൻ'' എന്നതിൽനിന്നു് ''ഞാനും നീയും'' എന്നാക്കി മാററണമെന്നായിരുന്നു. പ്ലെഖനോവ്, ഫ്യൂവർ ബാക്കിന്റെ ആശയം ഇങ്ങനെ വ്യാഖ്യാ

നിച്ചു: യഥാർത്ഥത്തിൽ ''ഞാൻ'' എന്നതു് ''നീ'' എന്നതിനെതിരായ സങ്കല്പമാണു്; ''ഞാൻ'' ''നീ''യും ''നീ'' ''ഞാനും''ആകാം, ഒന്നു് ഒന്നിനെതിരെ. സ്വന്തം നിലയിൽ ''ഞാൻ'' ''കർത്താവാണു്''. മറ്റുള്ളവക്കു് അതു് ''കർമ്മ''മാണു്. മറ്റു വിധത്തിൽ പറഞ്ഞാൽ ജനങ്ങൾ തമ്മിലുള്ള ബന്ധത്തിൽക്കൂടിയല്ലാതെ ഫ്യൂവർ ബാക്കിനു് ''ബോധാവസ്ഥ''യെ കാണാൻ ആകുമായിരുന്നില്ല. നിന്നിൽക്കൂടിയും, നിന്നോടൊപ്പവുമേ ''ഞാൻ'' യഥാർത്ഥ്യമാവുന്നുള്ളു. എന്റെ ബോധമനസ്സിൽ നേരിട്ടു് ''നിന്നെ'' കാണുന്നതുകൊണ്ടാണു്, മറ്റൊരു മനുഷ്യനായി വീക്ഷിക്കുന്നതുകൊണ്ടാണു് ''എന്നെ''പ്പററി ഞാൻ ബോധവാനാകുന്നതു്.

തത്വശാസ്ത്രരംഗത്തു് ഫ്യൂവർബാക്കിന്റെ ഈ മഹത്തായ ഉൾക്കാഴ്ചയുടെ സ്വാധീനം അഥവാ പ്രതികരണം വമ്പിച്ച ഒന്നായിരുന്നു പുരോഗമന ചിന്താഗതിയെ സംബന്ധിച്ചിടത്തോളം ഇമ്മാനുവൽ കാന്റിന്റേയും ഹ്യൂമിന്റേയും കാലത്തു് ദർശനത്തിന്റെ കേന്ദ്രീഭാവമായിരുന്ന വ്യക്തി, അമൂർത്തവും ഏകാന്തവുമായിരുന്ന കർത്താവു്, നിഷ്ക്രാന്തനായി. ഫ്യൂവർബാക്കിന്റെ ആശയങ്ങൾ മാർക്സ് തന്റെ ''മൂലധന''ത്തിൽ സ്പർശിച്ചിട്ടുണ്ടു്. പരിഹാസരൂപത്തിൽ മനുഷ്യനെ അവിടെ ഒരു ''ചരക്കി''നോടു് ഉപമിച്ചിരിയ്ക്കുകയാണു്. മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതു് മുഖംനോക്കുന്ന ഒരു കണ്ണാടിയുമായിട്ടല്ല, 'ഞാൻ ഞാനാണെ'ന്ന ഫിഷ്തേയുടെ ദാർശനിക സങ്കല്പത്തോടെയുമല്ല. മനുഷ്യൻ ആദ്യമായിതന്നെ കാണുകയും തിരിച്ചറിയുകയും ചെയ്യുന്നതു് മററുള്ളവരിലാണു്. ഫ്യൂവർബാക്കിന്റെ ''ഞാനും നീയും'' എന്ന ആശയത്തിൽ നിന്നു് മാർക്സിസം വളരെ മുന്നോട്ടുപോയി ഏകത്വത്തിൽ നിന്നു് ദ്വിത്വത്തിലേക്കുള്ള മാററം പല പുതിയ സങ്കല്പങ്ങൾക്കും രൂപം നൽകി. അതനുസരിച്ചു് മാനുഷിക ബന്ധങ്ങളുടെ ഉല്പന്നമായ മനുഷ്യനേതാക്കൾ പ്രഥമവും പ്രധാനവുമായി മനുഷ്യർ തമ്മിലുള്ള ബന്ധത്തെ വെയ്ക്കുന്നതു മാററി തൽസ്ഥാനത്തു് രണ്ടു സമുദായങ്ങൾ തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതുവരെ സാമൂഹ്യമനഃശാസ്ത്രം ഒരു ശാസ്ത്രമാവുകയില്ല.

എന്നാൽ എങ്ങിനെയാണു് സമുദായം വ്യക്തിയുടെ അവബോധത്തിലേക്കു് കടന്നു് ചെല്ലുന്നതു്? രണ്ടു് പ്രാകൃത സംഘങ്ങളെ—കുടുംബങ്ങളേയോ ഗോത്രങ്ങളേയോ—കണക്കിലെടുക്കുക. ഈ രണ്ടു് സംഘങ്ങൾ പരസ്പരം ഒരിക്കലും സന്ധിച്ചില്ലെങ്കിൽ, ''എ'' ഗ്രൂപ്പിലെ വ്യക്തികൾക്കൊക്കും ഒരു സമുദായത്തിലെ അംഗങ്ങളാണെന്നു് ബോധമുണ്ടാവുകയില്ല. സമുദായത്തിൽ അവർ പരസ്പരം ഭിന്നരല്ലാതിരുന്നതുകൊണ്ടു്, അവരെപ്പോലുള്ളവരെ മററുള്ളവരിൽനിന്നു അവർ വേർതിരിച്ചുകാണുകയുമില്ല. അതു് കേവലം ഒരു ''വസ്തുനിഷ്ഠ''സമുദായം ആണു്. ആത്മനിഷ്ഠമായ ഒരു ''നാം'' ഭാവമുണ്ടാകണമെങ്കിൽ അതിനു് മുമ്പു് '' അവർ '' എന്ന ഒരു വിഭാഗവുമായി അവിചാരിതമായി കണ്ടുമുട്ടുകയും ''അവർ'' കൂട്ടത്തിൽ ചേരാത്തവരായി സ്വയം മാറുകയും വേണം. ആത്മനിഷ്ഠാപരമായും മനഃശാസ്ത്രപരമായും ''നാം'' എന്ന ഭാവത്തേക്കാൾ പ്രാഥമികമാണു് ''അവർ'' എന്നതു്. അതുകൊണ്ടു് ''അവർ'' എന്ന സങ്കല്പം മനുഷ്യമനസ്സിൽ ഉണ്ടാകുമ്പോൾ അതു് സാമൂഹ്യമനഃശാസ്ത്രത്തിന്റെ പ്രഥമ പ്രവർത്തനമാണെന്നു് പറയാം.

സാമൂഹ്യമനഃശാസ്ത്രത്തിന്റെ പൊതുസിദ്ധാന്തം സമുദായമെന്ന ഒരു കേന്ദ്ര സങ്കല്പത്തിന്റെ സമഗ്രമായ ഒരു മനഃശാസ്ത്രാപഗ്രഥനമാണു്. ആത്മനിഷ്ഠവശങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുന്നതിനുമുൻപു്, വ്യത്യസ്തങ്ങളായ സാമൂഹ്യ ഉള്ളടക്കവും മാതൃകയുമുള്ള സമുദായങ്ങളുടെ അനന്തമായ രൂപങ്ങൾ നിലവിലുണ്ടെന്ന കാര്യം വ്യക്തമായിരിക്കണം. സമുദായങ്ങൾ രണ്ടാളുകൾ മുതൽ വലിയ രാഷ്ട്രങ്ങൾവരെ ആകാം. സമുദായങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ വ്യാപ്തി പരസ്പരവൈരുദ്ധ്യങ്ങളും പരോക്ഷമായ ശത്രുതയും തൊട്ടു് പരസ്പര സഹായത്തിന്റെ ഒരു രൂപമായ സൗഹൃദപരമായ മാത്സര്യംവരെ വിസ്തൃതമാണു്. വ്യതിരിക്തവ്യക്തികൾ ഒരേ സമയം വ്യത്യസ്ത മാതൃകയിലും വ്യവസ്ഥയിലുമുള്ള സമുദായങ്ങളിൽ അംഗമായിരിക്കാം. പക്ഷേ അയാൾക്കു് ഒരേ സമയം പരസ്പര വിരുദ്ധമായ വർഗ്ഗങ്ങളിലും പരസ്പര വിരുദ്ധമായ സാമൂഹ്യ വ്യവസ്ഥകളിലും മററും അംഗത്വം പാടില്ലതാനും.

പുരാവസ്തുഗവേഷകർ പറയുന്നതു് നാം എത്രത്തോളം പിന്നോക്കം പോയി പരിശോധിക്കുന്നോ അത്രത്തോളം ജനവാസകേന്ദ്രങ്ങൾ തമ്മിലുള്ള അകലവും ഏറിയിരിക്കുമെന്നാണു്. ഏതോ അജ്ഞാത കാരണങ്ങളാൽ ജനങ്ങൾ വിശാലമായ ഭൂവിഭാഗങ്ങൾ കടന്നു്, വൻ നദികളിലൂടെ തടികളിൽ ദീർഘദൂരം സഞ്ചരിച്ചും, സമുദ്രങ്ങളിലെ അജ്ഞാതമായ ഒഴുക്കുകളുടെ ദാക്ഷിണ്യത്തിനു് സ്വയം വിട്ടുകൊടുത്തുകൊണ്ടു് പലപ്പോഴും പലതരക്കേയും ജീവഹാനിവരെ സഹിച്ചുകൊണ്ടും മറുകരയെത്തി പാർപ്പിടമുറപ്പിച്ചിരുന്നു. പത്തോ പതിനഞ്ചോ ആയിരം വർഷങ്ങൾക്കുമുമ്പു് ജനവാസയോഗ്യമായ ഭൂഖണ്ഡങ്ങളിലും ദ്വീപസമൂഹങ്ങളിലും ഒററതിരിഞ്ഞുള്ള ദ്വീപുകളിലുമായി മനുഷ്യർ ചിന്നിച്ചിതറി താമസിക്കാൻ തുടങ്ങി. പുരാതന കാലങ്ങളിൽ അപരിചിതർക്കെതിരെ (അവർ) പൊതുവെ സ്വീകരിക്കുന്ന നടപടി പരമാവധി അകന്നു താമസിക്കുക എന്നതായിരുന്നു. മിക്ക പുരാവസ്തുഗവേഷകരും, നരവംശ ശാസ്ത്രജ്ഞരും, ഭാഷാശാസ്ത്രജ്ഞരും പുരാതന മനുഷ്യരാശിയെ ഒററതിരിഞ്ഞ സാമൂഹ്യഗ്രൂപ്പുകളായിട്ടാണു് വിശേഷിപ്പിച്ചിട്ടുള്ളതു്. റഷ്യൻ വിപ്ലവത്തിനുമുമ്പു് സൈബീരിയായിലെ തൈഗായിലെ തുങ്കഗോത്രക്കാർ വേട്ടയാടുമ്പോൾ അവർ വ്യത്യസ്തരീതിയിൽ മുഖത്തു് പച്ചകുത്തിയിരുന്നു. പച്ചകുത്തു് അവരുടെ ഗോത്രത്തിന്റേതല്ലെങ്കിൽ അവനെ വെറുതെ കൊല്ലുകയും വന്യമൃഗങ്ങൾക്കായി അവന്റെ ശവം ഇട്ടേച്ചുപോവുകയും ചെയ്യും.

ഇം. എം. കർ എന്ന അന്വേഷകൻ പറയുന്നതു് പ്രാകൃത വർഗ്ഗക്കാരിൽ ആരെങ്കിലും എന്തെങ്കിലും രോഗംമൂലമോ അപകടത്തിൽപ്പെട്ടോ മരണമടഞ്ഞാൽ, അതവരുടെ ശത്രുക്കളോ അപരിചിതരോ ആയ ഏതെങ്കിലും വർഗ്ഗക്കാരുടെ ക്ഷുദ്രപ്രയോഗംകൊണ്ടാണെന്നു് ആരോപിക്കപ്പെട്ടമെന്നാണു്. ശവദാഹം കഴിഞ്ഞാൽ രക്തദാഹികളായ ഒരു പററം യോദ്ധാക്കൾ യാത്രതിരിക്കുകയായി. തങ്ങൾക്കു് പേരുപോലുമറിയാത്ത വംശജരെത്തേടി 50ഉം 60ഉം മൈൽ രാത്രികാലത്തു് രഹസ്യമായി സഞ്ചരിക്കുകയും മറെറാരു ഗ്രൂപ്പിനെ കണ്ടെത്തിയാലുടൻ രാത്രിവരെ പതിയിരുന്നു വളരെയിരുട്ടിയശേഷം അവരെ കടന്നാക്രമിച്ചു് കുട്ടികൾ ഉൾപ്പെടെയുള്ള മനുഷ്യരെ ഉറക്കത്തിൽ കൂട്ടക്കൊലനടത്തി തുപ്തിയടയുകയും ചെയ്യും.

ആസ്ത്രേലിയായിലെ 'കർനായ്' എന്ന ഗോത്രവർഗ്ഗക്കാരെപ്പററി പഠിച്ച ആൽഫ്രഡ് വില്യംപോവിക്കു്, ദൃശ്യവും

അദൃശ്യവുമായ എല്ലാററിനേയും അവർ ഭയക്കുന്നുവെന്നും. ബ്രാഡ്ഷ് ഹെറരാക്ക് വർഗ്ഗത്തിൽപ്പെട്ട ആരെങ്കിലും തന്നെ പിന്നിൽനിന്ന് കുന്തംകൊണ്ട് കുത്തി വീഴ്ത്തുന്നതെപ്പോഴാണെന്നും, തന്റെ ഗോത്രത്തിന്റെ ഒരു രഹസ്യശത്രു എപ്പോഴാണ് തന്റെമേൽ ഒരു രഹസ്യമന്ത്രം പ്രയോഗിക്കുന്നതെന്നും അറിയാതെ ഭയന്നു കഴിയുകയാണവരെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വിവരിച്ച സംഗതികൾ ആസ്ട്രേലിയൻ ഗോത്രവർഗ്ഗക്കാരെ സംബന്ധിച്ച് മാത്രമല്ല, മററു പല പ്രാകൃതവർഗ്ഗങ്ങളെ സംബന്ധിച്ചും ശരിയാണ്. ജർമ്മൻ അധീനതയിലായിരുന്ന ന്യൂഗിനിയുടെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവർ അവർക്കിടയിൽ ഉണ്ടാകുന്ന ഓരോ മരണവും അതിനടുത്ത വാസസ്ഥലത്തെ ഒരു രഹസ്യശത്രു മൂലമുണ്ടാകുന്നതാണെന്നു ധരിച്ചവരായിരുന്നു.

നരവംശപരമായ മാനസിക സവിശേഷതകളെ വംശപരമായ ശരീരഘടനയുമായി ബന്ധിക്കുന്നതു് അശാസ്ത്രീയമാണ്, ഇതൊരു വലിയ തെററായാലും സദ്ദേശത്തോടെയുള്ളതാണ്. മററുള്ളവയേക്കാൾ ചില പ്രത്യേക വംശങ്ങളുടേയും ജനതകളുടേയും ജീവശാസ്ത്രപരമായ മേന്മ അവകാശപ്പെടൽ തികച്ചും നിരത്ഥകമാണ്.

മറെറാരു ചിന്താധാരയുള്ളതു് മാനസികാവസ്ഥയേയും സ്വഭാവത്തേയും കാലാവസ്ഥയേയും, ഭൂമിശാസ്ത്രഘടകങ്ങളേയും ബന്ധിക്കുന്നതാണ്, ഇതും വളരെ പഴക്കംചെന്ന ആശയമാണ്. ഹിപ്പോക്രിററസ്, സ്ട്രാബോയും ഉൾപ്പെടെയുള്ള അനവധി എഴുത്തുകാർ ഈ വാദമുഖമാണ് അംഗീകരിച്ചതു്. 18-ാം ശതകത്തിലെ ഫ്രഞ്ച് വിദ്യാഭ്യാസ വിദഗ്ധനായ മോണ്ടെസ്ക്യൂ പ്രകൃതി സാഹചര്യങ്ങളാണ് മാനസികാവസ്ഥയും ആചാരങ്ങളും നിർണ്ണയിക്കുന്നതെന്നും അവ തുടന്ന് രാഷ്ട്രീയവ്യവസ്ഥയ്ക്ക് രൂപംനൽകുകയാണെന്നും വാദിക്കുന്ന ഒരു സിദ്ധാന്തം തന്നെയുണ്ടാക്കി. തികച്ചും യാഥാസ്ഥിതികമായ കാഴ്ചപ്പാടിൽനിന്നുകൊണ്ട് ഓരോ ജനതയും അവക്ക് പ്രത്യേകമായ രാഷ്ട്രീയവ്യവസ്ഥയിൽ എക്കാലവും ഉറച്ചുനിൽക്കണമെന്നും അതിനു ചേരാത്ത എല്ലാ താല്ക്കാലിക പ്രതിഭാസങ്ങളേയും തകർക്കണമെന്നുമുള്ള നിഗമനങ്ങളിലാണ് മോണ്ടെസ്ക്യൂ എത്തിച്ചേർന്നതു്. ബൂർഷ്വാ നരവംശ ശാസ്ത്രത്തിൽ, കാലാവസ്ഥയും ഭൂമിശാസ്ത്രവും ബന്ധപ്പെടുത്തിയുള്ള ഈ ചിന്താരീതിക്ക് പ്രചുരപ്രചാരം സിദ്ധിച്ചിട്ടുണ്ട്. അതിന്റെ സത്ത പച്ചയായ യാഥാസ്ഥിതികതയും പരോക്ഷമായ വംശമേധാവിത്വചിന്തയുമാണ്.

പ്രകൃതിദത്തമായ സാഹചര്യങ്ങളിൽനിന്നും വിമുക്തമായി മാനസികനിലയെ ചരിത്രപരമായി ബന്ധപ്പെടുത്തുന്നവരാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നതു്. ഈ സമീപനം കൂടുതൽ ശാസ്ത്രീയമാണ്.

എല്ലാതരം സാമൂഹ്യ മാനസിക സമുദായങ്ങളും പൊതുവിൽ സ്ഥിരവും ചാലകവും എന്ന് രണ്ടായി വിഭജിക്കാം; അതായതു് മാനസികനിലയെന്നും, മനോഭാവമെന്നും, ''അവർ'' ''നാം'' എന്നീ ഗ്രൂപ്പുകളെപ്പററി പറഞ്ഞതു് എല്ലാം എല്ലുരണ്ട് വ്യക്തികളെക്കുറിച്ചും ജനതയെക്കുറിച്ചും ശരിയാണ്. രണ്ടിനത്തിലും ബാഹ്യമായ വ്യത്യാസങ്ങൾ ആന്തരീകമായ കണ്ടെത്തലിനു് കാരണമാകുന്നു; ''അവർ'' ഗ്രൂപ്പിനെതിരായ നിഷേധാത്മകത, ''നാം'' ഗ്രൂപ്പിൽ ഒരു സാംക്രമികതയാകും വളർത്തുക.

സോവിയററ് സാമൂഹ്യ മനഃശാസ്ത്രഗവേഷകനായ പാരിഗിൻ മനോഭാവത്തെ ഇങ്ങനെയാണ് വിശദീകരിക്കുന്നതു്. വ്യക്തിത്വത്തിന്റെ സങ്കീർണ്ണവും ബഹുമുഖവും അജ്ഞേയററം പ്രചോദനാത്മകവുമായ ഒരു വൈകാരികാവസ്ഥയാണ് മനോഭാവം. ഗ്രൂപ്പിന്റെയും കൂട്ടായ്മയുടെയും ബഹുജനങ്ങളുടെയും മനോഭാവവും ഈ ഗുണങ്ങളൊക്കെയുള്ളവയാണ്. പുറമെ അവക്ക് സംക്രമണം, കൂടുതൽ ഉത്തേജനശക്തി, ബഹുജനസ്വഭാവം, ഊർജ്ജസ്വലത എന്നീ സവിശേഷതകളുണ്ട്. ഈ സ്വഭാവവിശേഷതകൾ സംഘ മനോഭാവത്തിനുള്ളതു് സാമൂഹ്യ മനഃശാസ്ത്രത്തിന്റെ രൂപീകരണത്തിൽ അതിനുള്ള പ്രാധാന്യം വ്യക്തമാക്കുന്നു.

സന്തോഷ-സന്താപങ്ങൾക്ക് ഒരു ശാരീരിക തത്ത്വസിദ്ധാന്തം രൂപവൽക്കരിക്കാൻ സോവിയററ് ശരീരശാസ്ത്രജ്ഞരായ അനോഖിനും സിമണോവും ഉൾപ്പെടെ അനവധി ശാസ്ത്രകാരന്മാർ ശ്രമിച്ചിട്ടുണ്ട്.

മനുഷ്യരിൽ അനുകൂലവും പ്രതികൂലവുമായ പ്രചോദനമുണ്ടാകുന്നതു്, വൈരുദ്ധ്യമാന്ന ജീവശാസ്ത്രപരമോ നാഡീവ്യൂഹപരമോ, ചേതനാപരമോ ആയി ജീവിയിലുണ്ടാകുന്ന മാററങ്ങളുടെ ഫലമായല്ല; ഇങ്ങനെയൊന്നും സംഭവിക്കുന്നില്ല. ഒരാൾ വിറയ്ക്കുന്നതു് സന്തോഷംകൊണ്ടോ, ഭയംകൊണ്ടോ, ദ്വേഷ്യംകൊണ്ടോ ആകാം, അതുപോലെ ഒരാൾ വിയർക്കുന്നതു് ഭയംകൊണ്ടോ ലജ്ജകൊണ്ടോ ആയിരിക്കാം. രസകരമായ സന്ദർഭത്തിൽ മാത്രമെ ചിരിക്കാവൂ എന്നില്ല, സംതൃപ്തിസൂചകമോ, അപൂർവ്വമായെങ്കിലും വേദനയുടെ ബാഹ്യപ്രകടനമോ ആകാം അതു്. പലതരത്തിലുള്ള അനുഭവങ്ങളിൽ, സാഹചര്യങ്ങളിൽ, ഒരാൾ വിളറിവെളുത്തുവെന്ന് വരാം. അതുപോലെതന്നെ കണ്ണുനീർ സന്തോഷത്തിന്റെയും സന്താപത്തിന്റെയും അനുകമ്പയുടേയും ആകാം. വികാരങ്ങൾ കണ്ണുനീർ ഉണ്ടാക്കണമെന്നില്ല. പ്രസിദ്ധ ചിന്തകനായ ബിക്കോററ് പറയുന്നതു് ''സങ്കടം കരച്ചിലിലൂടെ പ്രകടമാക്കിയില്ലെങ്കിൽ അതു് മററ് അവയവങ്ങളെ കരയിക്കും.'' എന്നാണ്. ഇതത്ഥമാക്കുന്നതു്, അടുത്തതോ അകന്നതോ ആയ ശാരീരിക മേഖലകളിൽ, ആന്തരികാവയവങ്ങളിലും സിസ്റ്റത്തിലും വേദനയുണ്ടാകത്തക്കവിധം വികാരങ്ങൾ ഉണ്ടാകാമെന്നാണ്. എന്താണ് സന്തോഷം? മനഃശാസ്ത്രപരമായി പറഞ്ഞാൽ, അതു് ആഗ്രഹങ്ങളും നേട്ടങ്ങളും സാമൂഹ്യമായി ഭവിക്കുന്നു എന്നതിന്റെ സൂചനയാണ്. ഈ സ്ഥിതിവിശേഷം നമ്മെ മറെറാരു തലത്തിലേക്ക് നയിക്കുന്നു— വ്യക്തി മന:ശാസ്ത്രത്തിന്റെ തലത്തിൽ നിന്ന് കൂടുതൽ ആഴത്തിലുള്ള സാമൂഹ്യ മന:ശാസ്ത്രത്തിലേക്ക്. സാമൂഹ്യ മന:ശാസ്ത്രം മാനസികാവസ്ഥയുടേയും മനോഭാവങ്ങളുടേയും സ്ഥിരതയുടേയും ചലനാത്മകതകളുടേയും മൂലകാരണങ്ങളോടൊപ്പം ജനതകളുടെയും, ബഹുജനങ്ങളുടെയും, കൂട്ടായ്മകളുടെയും മാനസികനിലയെ അവയുടെ അഗാധതലേ സ്ഥിതമായ ചരിത്രപരവും സാമൂഹികവുമായ രൂപങ്ങളെയാണ് അവിടെ വിശകലനം ചെയ്യുന്നതു്.

''നാം'' ''അവർ'' എന്നീ വിഭാഗങ്ങളെ സമ്മൂത്തങ്ങളായ സാമൂഹികവും ചരിത്രപരവുമായ സ്ഥിതിഗതികളിൽ നിന്ന് നാം വേർതിരിച്ച് കഴിഞ്ഞു.

''നാം'', ''അവർ'', എന്നതു് പരസ്പരാകർഷണത്തിന്റെയും വൈരുദ്ധ്യാത്മകതയുടെയും സ്വഭാവങ്ങളെ സൂചിപ്പിക്കുന്നു. ''നാം'', ''അവർ'' എന്നീ മനോഭാവങ്ങൾ

ക്ക് ആ മനോഭാവം ഉൾക്കൊള്ളുന്ന വ്യക്തികളുടെ ചിന്താരീതിയനുസരിച്ച് പരിധി കൂടിയും കുറഞ്ഞും ഇരിക്കും. ഒരു ക്രിസ്ത്യൻ വൈദികൻ 'നാം' അഥവാ 'ഞങ്ങൾ' എന്ന് പറയുമ്പോൾ ക്രിസ്ത്യൻ മതവിശ്വാസികളെ മാത്രം മുന്നിൽ കാണുന്നു. ഒരു ഹിന്ദുവിശ്വാസി 'നാം' അഥവാ 'ഞങ്ങൾ' എന്ന് പറയുമ്പോൾ ഹിന്ദുവിശ്വാസികളെ മാത്രം മുന്നിൽ കാണുന്നു. മറിച്ച് ഒരു മാർക്സിസ്റ്റ്—ലെനിനിസ്റ്റിനെ സംബന്ധിച്ചിടത്തോളം 'ഞങ്ങൾ' എന്ന് പറയുമ്പോൾ ലോകത്തിലെ മുഴുവൻ അദ്ധ്വാനിക്കുന്ന വർഗ്ഗത്തേയും മുന്നിൽ കാണാതിരിക്കാൻ കഴിയുകയില്ല. വിശാലമായ അർത്ഥത്തിൽ, ശാസ്ത്രീയ മന:ശാസ്ത്രം സാമൂഹ്യ മന:ശാസ്ത്രമാണ്. കാരണം, ഒരു വ്യക്തിയുടെ മാനസികാവസ്ഥ, സാമൂഹികവും ചരിത്രപരവുമായ ചുറ്റുപാടിനെയാണ് ആശ്രയിച്ചിരിക്കുന്നത്. സ്വഭാവം, പെരുമാററം, ഉന്നത നാഡീവ്യൂഹ പ്രവർത്തനം എന്നിവയിൽ ജനങ്ങൾ ഭിന്നരാണ്. ഇത് അവർക്ക് സമൂഹം നൽകിയതല്ല. പക്ഷെ ജനങ്ങൾ സമൂഹത്തിൽ എന്ത് പങ്കാണ് വഹിക്കുന്നത് എന്നത് ഇതിനെ ആശ്രയിച്ചിരിക്കും. അതും വ്യക്തിത്വത്തെ നിർണ്ണയിക്കുന്നില്ല. പൊതുവിൽ, വികസനഗതിയിൽ, വ്യക്തി സ്വയം രൂപീകരിക്കുന്ന മാതൃകകൾക്ക് അനുസരിച്ചാണ് അയാളുടെ വ്യക്തിത്വം രൂപംകൊള്ളുന്നത്. മനുഷ്യൻ, സ്വയം ബോധത്തിലും സ്വയം മൂല്യനിർണ്ണയത്തിലും തന്നെപ്പററിയുള്ള തൻെറ തന്നെ മാനസിക സങ്കല്പങ്ങളുമായി തന്നെത്തന്നെ തുലനം ചെയ്യുക പതിവാണ്. സങ്കല്പത്തോട് സ്വയം അനുയോജ്യമാകാനും, സങ്കല്പത്തെ തനിക്ക് അനുയോജ്യമാക്കാനുമുള്ള ശ്രമം മുറയ്ക്ക് നടക്കുകയും ചെയ്യും. വ്യക്തിയും മാതൃകയും ഭിന്നമാണ്, പക്ഷെ മിക്കവൊറും അവ പൊരുത്തപ്പെട്ടു പോകാറുണ്ട്. വ്യക്തിത്വത്തെ മാതൃകയ്ക്ക് അനുസൃതമാക്കുകയാണ് അവിടെ. സ്വയം വിലയിരുത്താതെ, ''ഞാൻ ആരാണ്''? എന്ന ചോദ്യം ഉന്നയിക്കാതെ, ഒരു വ്യക്തിത്വവും നിലനില്ക്കയില്ല.

ഉപബോധമനസ്സിലോ അബോധമനസ്സിലോ രൂപപ്പെടുന്ന സാമൂഹിക–മാനസിക പ്രതിഭാസങ്ങൾ അനന്തമായി മാറിക്കൊണ്ടിരിക്കുന്നതാണ്. അതിൻെറ വൈവിദ്ധ്യം എണ്ണമററതാണ്. മനുഷ്യപ്രവൃത്തി ഒരു ഏകീഭാവമല്ലെന്നും, അന്തമില്ലാത്ത ബഹുഭാവമാണതിനുള്ളതെന്നും പറയാം. പ്രസിദ്ധ ഫ്രഞ്ചു മനഃശാസ്ത്രജ്ഞനായ ഇഗ്നസ് മെയർസണിൻെറ ചിന്താഗതി സാമൂഹ്യചരിത്രം മനുഷ്യപ്രകൃതിയിൽ തുടർച്ചയായ പരിവർത്തനം വരുത്തുന്നു എന്നതായിരുന്നു. മെയർസൺ തന്നെ വിവരിക്കുന്നു. ''ചരിത്രവസ്തുതകളുപയോഗിച്ച് പെരുമാററം അപഗ്രഥിക്കുമ്പോൾ മനഃശാസ്ത്രജ്ഞൻെറ അമൂർത്ത മനുഷ്യനെക്കുറിച്ചല്ല പരാമർശിക്കേണ്ടത്, നേരെമറിച്ച് ഒരു നിശ്ചിത കാലവും ഒരു നിശ്ചിത രാജ്യവും ഉള്ള ആ കാലഘട്ടത്തിലേയും ആ നിശ്ചിത രാജ്യത്തേയും സാമൂഹികവും ഭൗതികവുമായ വ്യവസ്ഥകളിൽ ബന്ധിക്കപ്പെട്ടതുമായ മനുഷ്യനെ കുറിച്ചാണ്.'' അതുകൊണ്ട് ചരിത്രപരമായ സ്വഭാവമുള്ള ഒരു മണ്ഡലം മനഃശാസ്ത്രപഠനങ്ങളുടെ രംഗത്ത് നിലവിലുണ്ടെന്ന് പറയാം. മെയർസണിൻെറ ചരിത്രപരമായ മനഃശാസ്ത്രം, ജനങ്ങളുടെ പ്രവൃത്തികൾ, അവരുടെ തൊഴിൽ അടക്കമുള്ള കർമ്മങ്ങളും, വിശേഷിച്ചും അവരുടെ നേട്ടങ്ങളുമാണ് വസ്തുതകളുടെ മുഖ്യ ഉറവിടമായി സ്വീകരിച്ചത്.



ചരിത്രപരമായ മനഃശാസ്ത്രം പ്രധാനമായും ഫ്രാൻസിൽ ഉടലെടുത്ത് വികസിച്ചതാണെങ്കിലും സഗോത്ര ചിന്താഗതിയായതിനാൽ സാമൂഹ്യമനഃശാസ്ത്രത്തോട് വളരെ അടുത്തതാണെങ്കിലും വെർനാഡ് സമൂഹത്തേക്കാൾ കൂടുതലായി വ്യക്തിത്വത്തിൽ ശ്രദ്ധ പതിപ്പിച്ചത് ഖേദകരമായിപ്പോയി.

ഫ്രാൻസിലെ ചരിത്രപരമായ മനഃശാസ്ത്രത്തിന് ഒട്ടേറെ സമീപനങ്ങളുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്—ഫ്റോയിഡിൻെറ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ചരിത്രപരമായ സംഘമനഃശാസ്ത്രം ഉണ്ടാക്കാൻ ശ്രമിച്ച ഡ്യൂപ്രൻെറ മുതൽ ലൂസിയൻ ഫെബ്‌ഫ്രേയുടെ കാലടികൾ പിൻതുടർന്ന് 16– 17– ശതകത്തിലെ ഫ്റഞ്ച് സമൂഹത്തിൻെറ വിപുലമായ മനഃശാസ്ത്രം ചിത്രീകരിക്കാൻ ശ്രമിച്ച മാൻഡ്രോവരെ ഇതിലുണ്ട്. ഫ്റഞ്ച് നരവംശശാസ്ത്രജ്ഞനും തത്വചിന്തകനുമായ ലെവിബ്രൂൾ, കുറെക്കൂടി ആഴത്തിലും വ്യാപ്തിയിലും ചിന്തിച്ചു. സമകാലീന സംസ്കൃത മനുഷ്യൻെറ യുക്തിചിന്തക്ക് വിപരീതമായ എല്ലാ മാനസിക പ്രവർത്തനങ്ങളേയും ''പങ്കാളിത്തത്തിൻെറ നിയമം'' എന്ന തൻെറ പുസ്തകത്തിൽ ലെവിബ്രൂൾ വിവരിച്ചിട്ടുണ്ട്. അതിൽ അപരിഷ്കൃത ചിന്തയെ 'പ്രാഗ്‌യുക്തിചിന്ത'യെന്നൊ 'മിസ്റ്റിസിസം' എന്നോ ആണ് വിവക്ഷിച്ചിട്ടുള്ളത്. ചിലർ പറയുംപോലെ പ്രാകൃത മനുഷ്യന് തൻെറ പ്രകൃതിദത്തമായ ചുററുപാടുകളെ മനസ്സിലാക്കാനും യുക്തിസഹമായി ചിന്തിക്കാനും കഴിയില്ലെന്ന് അദ്ദേഹം ഒരിക്കലും അഭിപ്രായപ്പെട്ടിട്ടില്ല. ഒരു കമ്മ്യൂണിസ്റ്റും മാർക്സിസ്റ്റും ഭൗതികവാദ മനഃശാസ്ത്രജ്ഞനുമായ ഹെൻററിവാലൻ (20-ാം ശതകത്തിലെ ഏററവും മികച്ച മനഃശാസ്ത്രജ്ഞൻ കൂടിയാണ് അദ്ദേഹം) പറയുന്നു: ''മിസ്റ്റിക് ചിന്തയും യുക്തിസഹചിന്തയും വികസനത്തിൻെറ രണ്ട് ഘട്ടങ്ങളല്ല, മറിച്ച് മനുഷ്യാത്മാവിൽ നൈസർഗികമായി അടങ്ങിയിരിക്കുന്നതും, വിശ്വാസത്തിനും, കാര്യകാരണചിന്തക്കും അനുസൃതവുമായ വൈരുദ്ധ്യാത്മകങ്ങളായ രണ്ട് അനശ്വര തത്വങ്ങളാണ്.'' □



# സുവിശേഷം

നാം വീണ്ടും ഒരാഘോഷത്തിനു തുടക്കമിട്ടിരിക്കുന്നു. എല്ലാതരത്തിലുള്ള ശിശുക്കളുടെപേരിലും ഒരു ശ്രദ്ധ തട്ടിപ്പു നാടകത്തിനു തിരശ്ശീല ഉയർത്തിയിരിക്കുന്നു. 1979 ശിശു വർഷമായി ആചരിക്കാനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ തീരുമാനത്തിനു പത്രങ്ങളടക്കമുള്ള എല്ലാ വാർത്താമാദ്ധ്യമങ്ങളും, വിവിധ സംഘടനകളും ഹൃദ്യമായ (?) സ്വാഗതമാണ് നല്കിയിരിക്കുന്നത്. യൂനിസെഫിന്റെ ഒരു ശാഖ പ്രവർത്തിക്കുന്ന രാഷ്ട്രമാണല്ലോ ഭാരതം. പ്രതിമാസം ഒരുലക്ഷത്തിൽപരം കുഞ്ഞുങ്ങൾ പോഷകാഹാരക്കുറവുമൂലം ചത്തുവീഴുന്ന ദേശമാണല്ലോ ഭാരതം! അതുകൊണ്ടുതന്നെ ഇവിടെ ആഘോഷങ്ങളും, പ്രദർശനങ്ങളും, പ്രസംഗങ്ങളും, ഗ്രന്ഥപ്രകാശനങ്ങളും വലിയതോതിൽ നടക്കുമെന്നും കരുതാം.

വനിതാവർഷവും, ലോക മലയാള സമ്മേളനവും വലിയ ഒച്ചപ്പാടോടെ കടന്നുപോയതോർമ്മയുണ്ട്. ഒരു നേരിയ അളവിലെങ്കിലും ഗുണംനല്ലാതെ ഇവ അധഃപതിക്കുകയുംചെയ്തു. ഇതുപോലെ ശിശുവർഷവും താഴെക്കിടയിലുള്ള ശിശുക്കളെറിയാതെ കടന്നുപോകണമെന്നുണ്ടോ? നാടൻ ക്ലബ്ബുകൾതുടങ്ങി ലയൺസ് ക്ലബ്ബുകൾവരെ ശിശുമത്സരം നടത്തുന്ന തിരക്കിലാണ്. വിശക്കുന്ന കുഞ്ഞിനു പ്രകൃതിദത്തമായ മുലപ്പാൽ നല്കാതെ ശല്യമൊഴിവാക്കുന്ന മാളികപ്പുറത്തമ്മമാർ ലേഡീസ്ക്ലബ്ബുകളിൽ സിംപോസിയങ്ങൾ സംഘടിപ്പിക്കുന്നു. എക്കാലവും ഭരണകൂടത്തിന്റെ മെഗഫോണായ ആകാശവാണി ''ശിശുക്കൾ രാജ്യത്തിന്റെ സമ്പത്താണ്-അവരെ രക്ഷിക്കുക'' തുടങ്ങിയ സ്ഥിരം വാക്യങ്ങൾ ഇടക്കിടെ ഓർമ്മിപ്പിക്കുന്നുമുണ്ട്. [അടിയന്തിരാവസ്ഥ നാടിന്റെ നന്മയ്ക്കു്—മൂന്നുവർഷംമുമ്പ് മിനുട്ടുകൾ ഇടവിട്ടുകേട്ട ഒരു വാക്യം.—മറന്നിട്ടില്ല.] ശിശുക്കൾക്കുവേണ്ടി നോവലുകളും, സിനിമകളും പടച്ചുവിടാൻ പ്രധാനമന്ത്രിവരെ ഉപദേശിച്ചിരിക്കുന്നു.

ഇത്തരം മുതലക്കണ്ണീരൊഴുക്കൽകൊണ്ടെന്തുകാര്യം? തെരുവുകളിലും, ബസ്സ്റ്റാൻറിലും നാണംമറക്കാനും, പൊരിയുന്ന വിശപ്പിനെ തടുക്കാനും കഴിയാതെനിലവിളിക്കുന്ന ശിശുക്കളെക്കൂടി ഈ വർഷത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കേണ്ടതല്ലേ! കണ്ണുകാണാത്ത പിച്ചക്കാരന്റെ ചട്ടിയിൽനിന്നും പൈസ കവർന്നെടുക്കാൻ തക്കം കാത്തിരിക്കുന്ന നമുക്ക് കർമ്മോന്മുഖമായി എന്തുചെയ്യാൻ കഴിയുമെന്നതാണ് പ്രശ്നം.



1974-ൽ ശിശുക്കളെ സംബന്ധിച്ച ഒരു ദേശീയ നയം (child welfare policy statement) ഭാരതം ആവിഷ്ക്കരിക്കുകയുണ്ടായി. പതിന്നാലുവയസ്സുവരെയുള്ള കുട്ടികൾക്ക് നിർബ്ബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം വേണമെന്ന നിയമമുണ്ട്. ഇക്കാര്യത്തിൽ നമുക്കെത്ര പടിവരെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്?

ഇന്നും ഭാരതത്തിൽ ബീഡിതെറുപ്പ്, കൃഷിവൃത്തി, ഹോട്ടൽവ്യവസായം, തോട്ടകൃഷി, തീപ്പെട്ടിവ്യവസായം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും കുട്ടികളാണ്. ജോലിസമയത്തിൽ കുറവുവരുത്താതെ, കൂലിയിൽ ഇളവുവരുത്താൻ മുതലാളിവർഗ്ഗം ശ്രദ്ധിക്കുന്നുമുണ്ട്. അങ്ങിനെ മുരടിച്ച മനസ്സുമായി വളർന്നുവരുന്ന ഇവരുടെ യുവത്വം വാർദ്ധക്യമായി ഇവർക്കനുഭവപ്പെടുന്നു. അനാഥശിശുക്കളെ അംഗവൈകല്യംവരുത്തി ഭിക്ഷാടനത്തിനുപയോഗിച്ച് വിശപ്പുമാററുന്ന സാമൂഹ്യദ്രോഹികളും കുറവല്ല. ഇതൊക്കെ നിർത്താൻ ഇവിടെ നിയമമില്ലേ എന്നാണു ചോദ്യമെങ്കിൽ ''ഇവിടെ ഒരു യഥാർത്ഥ ഭരണകൂടമില്ല'' എന്നോർത്ത് ആശ്വസിക്കുകയേ വഴിയുള്ളൂ. സ്റ്റേജുകളിൽകയറി വായ്മിടുക്കു പ്രകടിപ്പിക്കാതെ ഈ നഗ്നസത്യങ്ങൾക്കുനേരെ കണ്ണുതുറക്കാൻ ബ്യൂറോക്രസിയുടെ വൈതാളിക വൃന്ദങ്ങൾക്കുകഴിയണം.

## ഇവിടെ ശിശുക്കൾ ലക്ഷക്കണക്കിൽ മരിക്കുന്നു

ന്യൂഡൽഹി, ഡിസംബർ 31

ഒന്നര സെക്കൻറുതോറും ഓരോ ശിശു ജനിക്കുന്ന ഇന്ത്യയിൽ പ്രതിമാസം പോഷകാഹാരക്കുറവുമൂലം ഒരു ലക്ഷം കുഞ്ഞുങ്ങൾ മരിക്കുന്നുമുണ്ട്.

രാജ്യത്തുണ്ടാകുന്ന മരണങ്ങളിൽ 40 ശതമാനത്തോളവും അഞ്ചുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കാണ് സംഭവിക്കുന്നതെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. ജനിക്കുന്നതിൽ 1000-ൽ 122 കുട്ടികളും ആദ്യത്തെ കൊല്ലംതന്നെ മരണമടയുകയും ചെയ്യുന്നു.

പുതുവത്സരം അന്താരാഷ്ട്ര ശിശുവർഷമായി ആഘോഷിക്കുന്നതിൻെറ പശ്ചാത്തലത്തിൽ നടത്തിയ പഠനത്തിൽ വെളിപ്പെട്ട വസ്തുതകളാണിവ.

ഇന്ത്യയിലെ ജനസംഖ്യയുടെ 42 ശതമാനത്തോളം ശിശുക്കളാണ് — അമേരിക്കയിലെ ആകെ ജനസംഖ്യയിൽ കൂടുതൽ വരും ഇത്.

ഇവിടത്തെ കുട്ടികളിൽ അഞ്ചു ശതമാനം ജോലിയെടുക്കുന്നവരാണ്. ഏറ്റവുമധികം കുട്ടികൾ ജോലിചെയ്യുന്ന രാജ്യങ്ങളുടേയും മുൻപന്തിയിലാണ് ഇന്ത്യ.

അഞ്ചു ശതമാനം മാത്രമാണ് സ്കൂളിൽ പോകുന്നത്. അങ്ങനെ ചേരുന്ന കുട്ടികളിൽ പകുതിയിൽ താഴെ മാത്രമെ അഞ്ചാംക്ലാസ്സിലെത്തുന്നുള്ളൂ.

ഒന്നര ലക്ഷത്തിലേറെ കുട്ടികൾ തെണ്ടുകയോ അലഞ്ഞുതിരിഞ്ഞു നടക്കുകയോ ചെയ്യുന്നവരാണ്.

ലോകത്തിലെ കുട്ടികളിൽ 20 കോടിക്കും എഴുതാനോ വായിക്കാനോ അവസരംതന്നെ കിട്ടുന്നില്ലെന്ന് ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നു. 150 കോടിയിലേറെ കുട്ടികൾ ലോകത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. □

[ 'മാതൃഭൂമി' പത്രത്തിൽനിന്ന്]



''പ്രിയമുള്ള കുട്ടികളെ, ഈ വർഷം നിങ്ങൾക്കൊരു സ്വർഗ്ഗം ഒരുക്കിയിരിക്കുന്നു'' എന്ന പ്രലോഭനത്തിൻെറ കരിമ്പിൻതുണ്ടുകൾ എറിഞ്ഞുകൊടുക്കാതെ നിസ്സാരമായ ചില കാര്യങ്ങളെങ്കിലും ചെയ്യാൻ കഴിയും.

തെരുവുകളിൽ അടിപിടികൂടി വളരുന്ന അപകടകാരികളായ കുട്ടികൾക്ക് ചെറിയ സംരക്ഷണകേന്ദ്രങ്ങൾ നല്കാൻ കഴിഞ്ഞാൽ ശിശുവർഷം ധന്യമായി. ഇവർക്കനുവദിക്കുന്ന ക്ഷേമശേഖരം പതിവുപോലെ സ്വകാര്യവ്യക്തികളുടെ കീശയിൽവന്നു നിറയാതിരിക്കാൻ ശ്രദ്ധിക്കുകയുംവേണം. എടുക്കാൻവയ്യാത്ത സിലബസ് ചുമന്ന് ശ്വാസംമുട്ടുന്ന കുട്ടികൾക്ക് അല്പം ഭാരം കുറച്ചുകൊടുക്കാം. ഉച്ചനേരത്ത് കുറുക്കി കൊടുക്കുന്ന അമേരിക്കൻ ഗോതമ്പുമാവിൽനിന്നും തടിച്ചു വീർത്ത പുഴുക്കളെ എടുത്തുമാററാം.

അല്ലെങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കുകയാണെന്ന വ്യാജേന നമുക്കിവരെ നുള്ളി നോവിപ്പിക്കാം. തെരുവുശിശുക്കൾക്ക് അക്ഷരങ്ങൾക്കുപകരം അടയാളങ്ങൾ പഠിപ്പിച്ചു കൊടുത്ത്, ''ഇതാ ഈ അടയാളത്തിൽ വോട്ടുരേഖപ്പെടുത്തു'' എന്നുപറഞ്ഞു സ്വാധീനിക്കാം. ശിശുക്കളേ ഉണ്ടാകാതിരിക്കാൻ പഴയ നിർബ്ബന്ധ വന്ധ്യംകരണം തുടരാം.

ഭാവിയുടെ സംരക്ഷകർ തമ്മിലടിച്ചും മോഷ്ടിച്ചും വളരട്ടെ. തൊഴിൽരഹിതരെക്കൊണ്ടും, കൂട്ടിക്കൊടുപ്പുകാരെക്കൊണ്ടും ഇവിടം നിറയട്ടെ. പെൺകുട്ടികൾ സുഖംവിൽക്കുന്നവരായി മാറട്ടെ. എന്നിട്ടൊടുവിൽ നമുക്കു വിളിച്ചുപറയാം: ഹാ! ഈ ലോകം എത്ര സുന്ദരമെന്ന്! □

---

മാഗസിൻ കമ്മിററി

---

# കവിത

ഇതാ, കുറച്ചു കൊച്ചു കവിതകൾ. നിറംപിടിപ്പിച്ച ലേബലിൽ പുറത്തിറങ്ങുന്ന കഷായങ്ങളിൽനിന്നും വിഭിന്നങ്ങളാണിവ. ആത്മവഞ്ചകർ കുറുക്കിയെടുത്ത വിപ്ലവഗീതങ്ങളെ തിരിച്ചറിയാൻ കവികൾക്കു സാധിച്ചിരിക്കുന്നു. പ്രതികരണസ്വഭാവമുള്ള ഈ കവിതകളുടെ ലക്ഷ്യബോധവും, വീക്ഷണവും ഒരേ ആഴങ്ങൾ തേടുന്നു. നല്ലതുതന്നെ. സ്വയം കണ്ണടച്ചിരുട്ടാക്കി അന്ധത ഭാവിക്കാൻ ഇവർ തയ്യാറാകുന്നില്ല. ഈ കവിതകളുടെ വിതാനഭംഗി ഇവിടെ പരിചയപ്പെടുത്തട്ടെ.

—എഡിറ്റർ.

കവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിതകവിത



കൊന്നക്കുഴി ഇട്ടീര

# കൊന്നക്കുഴിയിലെ കർഷകന്റെ രേഖാചിത്രം

എന്റെ ഗ്രാമത്തിലെ കർഷകർക്കെല്ലാം ഒരേ രൂപമാണ്, ഭാവമാണ്. കിഴക്ക വെള്ളിമിന്നുമ്പോൾ അവരിലുള്ള ആലസ്യത്തിന്റെ വേരുകളെ അവർ മുറിച്ചു മാററുന്നു. കോടമഞ്ഞിന്റെ നിശ്ശബ്ദതയിൽ അവരുടെ സ്വരം ഒഴിഞ്ഞ വയലുകളിൽനിന്നുമുണരുന്നു. അവരുടെ ശരീരത്തിന്റെ എല്ലാ അവയവത്തിലും അദ്ധ്വാനത്താലുതിരുന്ന കറുത്ത തയമ്പു തടിച്ചു കിടക്കുന്നു. കനകം വിളയിക്കാനായി അവരുടെ കനകവണ്ണം സൂര്യന്റെ രശ്മികൾ ഒരു ചൂഷകനെപ്പോലെ വലിച്ചെടുക്കുന്നു.

അക്ഷരങ്ങളവർക്ക് ആനക്കൊമ്പുകൊണ്ടു തീർത്ത ചെപ്പിലടച്ച ആനയായിരുന്നു. അതുകൊണ്ടുതന്നെ വായിക്കുന്ന ഒരു തൊഴിലാളിയുടേതായ ചോദ്യങ്ങളൊന്നും അവരുടെ നാവുകളിൽ നിന്നു പുറപ്പെടുന്നില്ല. കർഷകന്റെ വിയർപ്പിൻഗന്ധത്തെക്കുറിച്ചോ, കറുത്ത മണ്ണിനെക്കുറിച്ചോ കവിതയെഴുതുന്നുമില്ല.

ചാഴിയിൽനിന്നു ബ്രൗൺ ഹോപ്പറിലേക്കുള്ള പരിവർത്തനമാണവരുടെ ചരിത്രം. പച്ചിലവളമില്ലാത്ത വയലിന്റെ ഫലപുഷ്ടിക്കുറവായിരുന്നു അവർക്കു ഭൂമിശാസ്ത്രം. കുടിലിലെ ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളുമുള്ള കുഞ്ഞുമക്കളുടെ പട്ടിണിപ്പകലുകളുടെ എണ്ണമെടുക്കലായിരുന്നു ഗണിതം. പെണ്ണിന്റെ വററിപ്പോയ യൗവനത്തിലില്ലാത്ത പ്രകാശമായിരുന്നു അവർക്ക് ഭൗതികശാസ്ത്രം. കഞ്ഞിയിലൊഴിക്കാനില്ലാത്ത ഉപ്പായിരുന്നു രസതന്ത്രം. അവരോടൊപ്പം നുകം വലിക്കുന്ന കാളയുടെ ശരീരശാസ്ത്രമായിരുന്നു ജന്തുശാസ്ത്രം. അവന്റെ പ്രയത്നത്തിന്റെ ഫലമെന്നോണം കുലയുടെ ഭാരംകൊണ്ട് ഒടിഞ്ഞുവീഴുന്ന വാഴയായിരുന്നു സസ്യശാസ്ത്രം.

പക്ഷെ—

ഒരു വിപ്ലവപ്രാസംഗികന്റെ വായ്മിടുക്കിലോ
ഒരു തെരഞ്ഞെടുപ്പിന്റെ ബഹളത്തിലോ
അവൻ പെട്ടുപോകുന്നു.

വയലുകളിലെ ചെളിവെള്ളത്തിൽ മക്കളുടെ മുഖം കാണുമ്പോൾ അവൾ ഞെട്ടിത്തെറിക്കുന്നു. അവനോ, ഉച്ചവെയിലിന്റെ നിഴലിൽ അവരുടെ നിഴൽകൂടി കാണാമ്പോൾ ഞെട്ടുന്നു. ചെററക്കുടിലിൽനിന്നു അവന്റെ പെണ്ണിന്റെ രോദനമുയരുന്നു...

എങ്കിലും, എന്നിൽ പ്രതീക്ഷ നിലനിൽക്കുന്നു.

പെട്ടെന്നാണ് കിഴക്കുനിന്നൊരു കാററു വീശിയത്. ആ കാററ് ശാന്തസമുദ്രത്തേയും അറബിക്കടലിനേയും എന്റെ ഗ്രാമത്തേയും ഇളക്കിമറിച്ചു. അതിനുശേഷം അവരുടെ ശബ്ദത്തിനു കരുത്തു കൂടിയിരിക്കുന്നു. കണ്ണുകൾക്ക് തിളക്കമേറിയിരിക്കുന്നു. അവരുടെ ഗ്രാമത്തിൽ ഇനിയും കൊടികളുയരേണ്ടിയിരിക്കുന്നുവെന്ന്, അവരുടെ സോദരർ ഉറക്കം മതിയാക്കേണ്ട സമയമായെന്ന്, ശത്രുവിനേയും ബന്ധുവിനേയും തിരിച്ചറിഞ്ഞത് മററുള്ളവരെ അറിയിക്കേണ്ട സമയമായെന്ന്, വിളഞ്ഞ നെൽപാടത്തിനായി പുതിയ കൊയ്ത്തുപാട്ടു രചിക്കേണ്ടിയിരിക്കുന്നുവെന്ന് അവർ ഉറക്കെയുറക്കെ പറയുന്നു.

''സൃഹൃത്തേ, വരൂ! രഥങ്ങളും സന്നാഹങ്ങളും നമ്മെക്കാത്തിരിക്കുകയാണല്ലോ!''

□

# ഒററുകാരൻെറ കുമ്പസാരം



ജയരാജ് പി. ഒ.

ചാരനിറം പൂണ്ടിരുന്ന ആകാശം
പെട്ടെന്ന് ചുവപ്പണിഞ്ഞ്തിണർക്കുമ്പോഴം,
പെരുമ്പാമ്പുപോലെ നീണ്ടു കിടക്കുന്ന–
പെരുവഴിയിൽ
കൈ രണ്ടും കൂട്ടിപ്പിണച്ച്,
ഞാനൊററയ്ക്കു നടക്കുമ്പോഴം
എൻെറ മുഖം ഒരൊററുകാരൻേറതായിത്തീരുന്നു.

ഒട്ടിയവയറിനു താഴെ
നിലയ്ക്കാത്ത രക്തസ്രാവവുമായി,
അലറുന്ന കണ്ണുകളിൽ
ആവിയാവുന്ന കണ്ണുനീരുമായി
കീറത്തഴപ്പായിൽ—
തളർന്നു കിടക്കുന്ന വേശ്യാപ്പെണ്ണിനു്
ആളെ തേടുന്നവൻെറ—
വിരസമായ ജാള്യതയാണു സുഹൃത്തുക്കളെ,
എൻെറ കണ്ണുകളിൽ.
ചുട്ടുപൊള്ളുന്ന പാറകളിൽ
നഗ്നനായി മലർന്നുകിടന്നുകൊണ്ട്
ഞാൻ
കരിമ്പുപോലുള്ള എൻെറ ഹൃദയത്തെ
ഇരുമ്പുപോലെ ഉറച്ചതാക്കിത്തീർക്കുന്നു.
എനിക്കെതിരെയുയർത്തിയിരിക്കുന്ന
ദൈന്യതയുടെ പാറക്കെട്ടുകൾക്കിപ്പുറം
കരിങ്കൽചീളുകൾപാകിയ
ഈ അനന്തപഥത്തിലൂടെ,
ഞാനൊററയ്ക്കു നടക്കുമ്പോഴം
എൻെറ മുഖം ഒരൊററുകാരൻേറതായിത്തീരുന്നു.

കാക്കയുടെ കൂട്ടിൽ കയിൽകുഞ്ഞിനെപ്പോലെ
പെട്ടെന്ന് ഞാനൊരന്യനായിത്തീരുന്നു.

കാറേററ ററു് വിറഞ്ഞുലയാറുള്ള ആൽമരങ്ങൾ
ഭീകരമായ രൂപംപൂണ്ട്, ഇന്ന്
എനിക്കു മുൻപിൽ വെറുങ്ങലിച്ചു നിൽക്കുന്നു.
ഇരുട്ടേറുന്ന സന്ധ്യയിൽ എൻെറ ഹൃദയം
പിടിച്ചുകൊണ്ടേയിരിക്കുന്നു.
അമ്മയെക്കുറിച്ചും, മരണത്തെക്കുറിച്ചും
അച്ഛനെക്കുറിച്ചും, സൂര്യനെക്കുറിച്ചും
ചിന്തിച്ചിരുന്ന എൻെറ തലച്ചോറ്
ഇന്നു് മനുഷ്യനെക്കുറിച്ചു ചിന്തിക്കുമ്പോൾ
ഞാനറിയാതെ
എൻെറ മുഖം ഒരൊററുകാരൻേറതായിത്തീരുന്നു. □

# അവസാനംവരെ ഞാൻ കാത്തിരിക്കും

അവസാനംവരെ ഞാൻ കാത്തിരിക്കും
കുറച്ചു ശുദ്ധവായു;
ചില നല്ല വർത്തമാനങ്ങൾ
ഇല്ല; ഒന്നുംതന്നെയില്ല.
ചങ്ങലക്കണ്ണികൾക്കിടയിൽ,
ബന്ധുക്കളും സുഹൃത്തുക്കളും ആർത്തുചിരിക്കുന്നു.
എത്ര ഊക്കോടെയാണ് നാമിവിടെ തള്ളപ്പെട്ടിരിക്കുന്നതു്.
കെട്ടിടങ്ങൾക്കുമുകളിലും കാറുകൾക്കുമുൻപിലും,
അതേ ത്രിവർണ്ണക്കൊടി,
സ്വാതന്ത്ര്യദിനവും റിപ്പബ്ലിക്ദിനവും,
നിർവ്വികാരമായി കടന്നുപോവുന്നു.
മുറിയിലെ ഘടികാരത്തിനും അതേശബ്ദം;
കണ്ണാടിക്കുമുൻപിൽ പ്രതിഫലിക്കുന്ന
അതേ വൈകൃതം;
ഇടനാഴികളിൽക്കൂടരിച്ചരിച്ചെത്തുന്ന
അസഹ്യമായ ഗന്ധം……
ദുഃഖങ്ങൾക്കുമുകളിലൂടെ ഒരു കാററ്,
അല്ലെങ്കിൽ, ഒരു ചാററമഴ,
അതെ;
അവസാനംവരെ ഞാൻ കാത്തിരിക്കാം,
ഈ നെരിപ്പോട് ഊതിയൂതിയെരിക്കുക
എൻെറ ജാലകങ്ങൾ തുറന്നിട്ടിരിക്കുതന്നെയാണ്. □

ശിവദാസ് പി.



## മരിയപ്പൻെറ ഓർമ്മ

മരിയപ്പൻ !
മോഷ്ടിക്കാൻ വിധിക്കപ്പെട്ട നിൻെറ
സ്നേഹാർദ്രമായ മുഖം ഞാനോക്കുന്നു
നിൻെറ കൂട്ടിപ്പിടിച്ച ചുണ്ടുകളിലെ ദാർഢ്യവും
ചിരിക്കുന്ന കണ്ണുകളിലെ ആത്മവിശ്വാസവും.

ദൂരങ്ങളിൽനിന്ന് നിൻെറശബ്ദം,
പ്രവർത്തിക്കുന്നവൻെറ പരാധീനതയില്ലാത്ത ശബ്ദം
ഞാൻ കേൾക്കുന്നു.
ഇരുമ്പഴികളുടെ ലാളിത്യത്തെപ്പററി
അവയ്ക്കപ്പുറംവന്നുനില്ക്കുന്ന ഹാസ്യരൂപങ്ങളുടെ
നിവരാത്ത നട്ടെല്ലുകളെപ്പററി
നീ എഴുതിയിരിക്കുന്നു.
മരിയപ്പൻ !
ഈവഴിയിൽനിന്നുതന്നെയാണ് വായിക്കുന്നതു്.
സദാ വിയർക്കുന്ന നിൻെറമുഖത്തെ
ഈർപ്പംപിടിച്ചെടുക്കുന്ന വരണ്ടകാററിനെതിരെ
നാം നടക്കാറുള്ള ഇതേവഴിയിൽ

ഇന്ന്
നിൻെറ തീപ്പിടിക്കുന്ന മുഖത്തിനുമുമ്പിൽ
വിയർത്തുകുളിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ
ഞങ്ങൾ എഴുത്തിനിരിക്കട്ടെ
പോരാളിയുടെ സ്വപ്നംപോലെ
ഉജ്ജ്വലമായ മുഖത്തുനിന്ന്
വിശ്വസിക്കുന്നവൻെറ വീര്യംപോലെ
വിശ്വോത്തരമായിട്ടൊന്നുമില്ലെന്ന്
പഠിപ്പിച്ച അതേമുഖത്തുനിന്ന്
ഞങ്ങൾ ആരംഭിക്കട്ടെ. □

---

സുനിൽ എം. എസ്.

---

## ഉത്സവത്തിൻെറ അവസാനത്തിൽ

ഓരോ സൗരവർഷത്തിൻേറയും മദ്ധ്യത്തിൽ
മേലാളന്മാരുത്സാഹത്തിമർപ്പോടെ കൊണ്ടാടിയിരുന്ന
ഉത്സവനാളിന്നന്ത്യത്തിലാണതു സംഭവിച്ചതു്.
ഇടക്കിടെ ഒളിച്ചിരുന്ന സൂര്യൻ കിഴക്കുദിക്കുന്നതിനു മുൻപേ
കീലുരുകുന്ന രാജവീഥിയുടെ അങ്ങേത്തലക്കലെ-
വിമോചകൻെറ നാറുന്ന പ്രതിമയുടെ കീഴെനിന്നും
പ്രദക്ഷിണമാരംഭിച്ചിരുന്നു.
ഞങ്ങളുടേതായിരുന്ന തോരണംചാർത്തിയ തെരുവുകളിൽ
ഞങ്ങളുടെ ഉന്നതരായ പൂർവ്വികർവേർപ്പുററിതീർത്ത
ആരുടേയോ മഞ്ഞക്കൊട്ടാരങ്ങൾ നോക്കുകുത്തികളായി
തെരുവിൻെറ ഊർദ്ധ്വശ്വാസം കാണാനായി നിന്നിരുന്നു.
അണിതെററാതെയുള്ള പ്രദക്ഷിണത്തിൻെറ മുൻവരിയിൽ
ചുകന്നതൊപ്പിയും കറുത്തകുഴലുംധരിച്ച്
നിസ്സംഗഭാവത്തിൻ മുഖംമൂടിയേന്തിയ
സന്തുഷ്ടരായജനം നീങ്ങിക്കൊണ്ടേയിരുന്നിരുന്നു.
അണിതെററിയുള്ള പ്രദക്ഷിണത്തിൻെറ പിൻവരിയിൽ
ഉത്സവത്തിൻെറ വർണ്ണവൈചിത്ര്യത്തിലുൾപ്പെടാതെ
കറുത്തമാറും മഞ്ഞപ്പല്ലും പ്രക്ഷാളനംനടത്തിയ
മസ്തിഷ്കങ്ങളുമായി
രാമരാജ്യത്തിൻെറ ശ്രേഷ്ഠപൗരർ
അടങ്ങാത്ത ആത്മരോഷത്തിൻെറ നിശ്ശബ്ദഗീതങ്ങളുമായി
ചിട്ടയോടെ നീങ്ങിക്കൊണ്ടേയിരുന്നു.
വോളണ്ടിയർമാർ
[1]അപ്പക്കഷണവും ശീലത്തുണ്ടും നല്കി
ജാഥയെ നിയന്ത്രിച്ചുകൊണ്ടേയിരുന്നു.

---

ജോസ് കെ. എൽ.

---

പ്രദക്ഷിണം ഉത്സവപ്പറമ്പിലെത്തിയപ്പോൾ
കരിവളവില്ക്കുന്ന പട്ടാണിയും കല്ലുമാലവില്ക്കുന്ന ചെട്ടിച്ചിയും
കരിമന്ത്രപ്രയോഗം നടത്തുന്ന അടിയാളനും
ജമന്തിയും ചുകന്നചേലയുമുള്ള കാമാക്ഷിമാരും
കേളികൊട്ട് നടത്തിയിരുന്ന അരങ്ങിലെ ആശാന്മാരും
പ്രതീക്ഷയുടെ തീ വമിക്കുന്ന കണ്ണുകളുമായി ഞങ്ങളെ
കാത്തിരുന്നു.

ഉത്സവത്തിന്നന്ത്യത്തിലുള്ള കലാശക്കളിക്ക്
ഉത്സവപ്പറമ്പിലെ ജനസമുദ്രം രണ്ടായ്പകുത്തിരുന്നു.
തട്ടകത്തിൽ ദേവിയുടെ അനുഗ്രഹമുള്ളദേവപക്ഷവും
കാരിരുമ്പിൻെറ കരുത്തേറുന്ന കൈകളുമായി അസുരപക്ഷവും
യുദ്ധക്കളത്തിൽ മുഖാമുഖമായണിനിരന്നു.
കലാശക്കളിയിൽ പതിവിനു വിപരീതമായി അസുരപക്ഷം
അക്ഷൗഹിണികളേറെയുള്ള ദേവപക്ഷത്തെ തോല്പിച്ചു.
കലാശക്കളിയിലെഅസുരപക്ഷത്തിൻെറ വിജയംകണ്ടമ്പരന്ന
ജാഥാനായകന്മാരും ഗുരുക്കന്മാരും
[2]ഇത്തിരികൂടുതൽ ശമ്പളംപററുന്ന അധികാരിവർഗ്ഗവും
ഇത്തിരി കുറച്ച് ശമ്പളംപററുന്ന വാലാട്ടികളും
ഒരേ ഈണത്തിലൊരേ ചോദ്യമാവർത്തിച്ചുകൊണ്ടേയിരുന്നു.
''എങ്കിലും എന്തേ ഇത്ര പെട്ടെന്ന്?''
ദശാസന്ധികളിലവതരിക്കുന്നവർ രക്ഷകന്മാരല്ലെന്നും
സമത്വലോകത്ത് ഇരുണ്ട പ്രവചനങ്ങൾപൊളിയാണെന്നും
വർഷമദ്ധ്യങ്ങളിലാവർത്തിച്ചിരുന്ന ഉത്സവം
മിഥ്യയായിരുന്നെന്നും
ഇടനാഴികകളിലെ തേയ്മാനംവന്നവിഗ്രഹങ്ങൾ
മാററണമെന്നും

ഒരേ താളത്തിലൊരേയീണത്തിലലറുന്ന
എൻെറ തലമുറയുടെ രൂപാന്തരീകരണം അവക്കൊരു-
ചോദ്യചിഹ്നമായില്ലെങ്കിലേ അതിശയമുള്ളൂ. □

1, 2—ബെർതോൾഡ്ബ്രെഹ്ററ്.

## കഴുകൻ ദിനങ്ങൾ

സീഡ്നിലാനിയർ

ഞങ്ങളുടെ നെരിപ്പോട്ടുകളണഞ്ഞുപോയിരിക്കുന്നു.
ഞങ്ങളുടെ ഹൃദയങ്ങൾ തകർന്നുപോയിരിക്കുന്നു.
ഞങ്ങളുടെ വീടുകളുടെ പ്രേതങ്ങൾ മാത്രം
ഞങ്ങൾക്കിനി ബാക്കിയുണ്ട്.
സുഹൃത്തു സുഹൃത്തിനോടു പറയാനാകാത്ത വേദനകൾ
കഴിഞ്ഞ കണ്ണുകളാലും
മുഴങ്ങിയ നിശ്വാസങ്ങളാലും
അറിയിച്ചുകൊണ്ടേയിരിക്കുന്നു...
ഓ ! കഴുകൻ ദിനങ്ങളേ,
ഇരുണ്ട ദുഃഖത്തിൻ കഴുകൻ ദിനങ്ങളേ,
ആനക്കൊമ്പുപോലെ വിളറിയ നിങ്ങളുടെ കൊക്കുകളിൽ
വിദൂരസ്ഥമായ ആ നാളെയുടെ ദേശത്തുനിന്നും
ഞങ്ങൾക്കായ്
എന്തെങ്കിലുമൊരടയാളം കൊണ്ടുവരൂ —
കടൽനിറമാർന്നൊരു പ്രഭാതത്തിൻചീളോ
ഓറഞ്ചുനിറമാർന്ന കുറച്ചുരശ്മികളോ.
എന്നും ക്രാ ക്രാ എന്നു കരഞ്ഞു്
ഇരുണ്ടുവരിവരിയായി നിങ്ങളൊഴുകിപ്പോകുന്നു.
നിങ്ങളുടെ ദുരന്തനിഴലുകൾകൊണ്ടു്

ഇന്നു ഞങ്ങളൊരു കൈക്കുമ്പിൾ വെള്ളത്തിൽ
മുങ്ങിച്ചാകില്ല.
ഇരുണ്ടിരുണ്ട മേഘങ്ങളീവഴി
കിഴക്കോട്ടുപോയതു്
കുട്ടികളേയും പനിനീർപ്പൂക്കളേയും
വിളവുകളേയും ഹിമകണങ്ങളേയും
കൊന്നുകൊണ്ടാണ്.
മരണങ്ങളും ശവകുടീരങ്ങളും
വിദ്വേഷവും അസൂയയും
സൃഷ്ടിച്ചുകൊണ്ടാണ്.
ഇതേ വഴിതന്നെ
ആ ഇരുണ്ട മേഘങ്ങൾ തിരിച്ചുപോകും.
എത്രകാലമവ ഇവിടെ നിന്നാലും
തീർച്ചയായും തിരിച്ചുപോകും.
ഞങ്ങൾ ജയിച്ചുകഴിഞ്ഞിരിക്കുന്നുവെന്നു്
പറയല്ലേ !
ഈ ജയം തോൽവിയേക്കാൾ മോശമാണ്.
നാം മുകൾപ്പരപ്പുമാത്രം പരിഗണിച്ചാൽപോരാ
അവരുടെ പാദങ്ങളുടെ ആഴംകൂടി കണ്ടെത്തണം.
ഇല്ല ! വെളിച്ചത്തിന്റെ നാമത്തിൽ ഞാൻ
സത്യം ചൊല്ലുന്നു.
നമ്മുടെ ഈ സ്വതന്ത്രമായ മണ്ണിലെ
ഒരു തരിപോലും നമുക്കു് നഷ്ടപ്പെടരുതു്.
ഉരുക്കിനും തീയ്ക്കും നമ്മൾ തലകുനിക്കില്ല

# കുറച്ചു വിദേശകവിതകൾ

നിങ്ങളുടെ പുരുഷത്വത്തെ നിങ്ങൾ
മഞ്ഞുകട്ടയാക്കുന്നു.
യേപ്പെടാൻപോലും കഴിയാത്തവിധം ക്ഷീണിതരായി
ദൈവത്തെപ്പോലും വിളിച്ചുണർത്താതെ
ഇരുട്ടിൽ വിളറിയ ഞങ്ങൾ
ചങ്ങലകളാൽ കുരുങ്ങിക്കിടക്കുന്നു...
ഓ, കഴുകൻ ദിനങ്ങളേ,
ഇരുണ്ട ദുഃഖത്തിൻ കഴുകൻ ദിനങ്ങളേ,
ഒരു ശകലം ഊഷ്മളപ്രകാശമിനിയെന്നെങ്കിലും
വന്നെത്തീടുമോ ?
കണ്ണീരൊഴുകുന്ന ഈ നിരപ്പുനിലങ്ങൾക്കുമീതെ
നാളെയുടെ ജ്വലിക്കും പർവ്വതങ്ങൾ
എന്നെങ്കിലുമെന്നെങ്കിലും
വെട്ടിത്തിളങ്ങി പ്രതിഫലിക്കാൻ തുടങ്ങുമോ ?

## ഈ വിജയം തോൽവിയേക്കാൾ മോശമാണ്

തുഫിസിയാദ്

ഇന്നലെ ഞങ്ങളൊരു കൈക്കുമ്പിൾ വെള്ളത്തിൻ മീതെ
ഒഴുകിയില്ലായെന്നതുപോലെ

നാല്പത്തിനാല്

ഇതു് വെറുമൊരു വീഴ്ചയാണ്
ധീരന്മാർ പലപ്പോഴും വീഴാറുണ്ട്.
ഇതു് പിന്നിലേക്കുള്ള ഒരു അടിവെയ്പായിരുന്നു,
പക്ഷേ ഇതുടനെ
മുന്നിലേക്കുള്ള പത്തു് അടിവെയ്പുകളാക്കി
നമുക്കുമാററാം....

## ജനങ്ങളെപ്പററി ചിലതുകൂടി

ഒഗ്ഡൻനാഷ്

ജനങ്ങൾ—
അവരൊന്നുകിൽ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും.
അല്ലെങ്കിൽ നിർദ്ദേശങ്ങൾ തന്നുകൊണ്ടേയിരിക്കും.
അതല്ലെങ്കിൽ നമ്മുടെ തോളിൻമീതെ എത്തിച്ചുനോക്കി
കൊണ്ടേയിരിക്കും.
ഇതൊന്നുമല്ലെങ്കിൽ നമ്മുടെ കാൽവിരൽത്തുമ്പുകൾ ചവിട്ടി
യരച്ചുകൊണ്ടേയിരിക്കും.
ഇത്രയൊന്നും സാധിച്ചില്ലെങ്കിൽ അവർ നമ്മെ ജോലി
ചെയ്യിക്കും.
ഒഴിവുള്ളവനൊക്കെ ഒഴിവില്ലാത്തവന്റെ സമയങ്ങൾ
കളഞ്ഞുകൊണ്ടേയിരിക്കും.
എന്നിട്ടുമവർ പറഞ്ഞിടും :

ക്രൈസ്റ്റ്കോളേജ്മാഗസിൻ

ജോലിചെയ്യുന്നതല്ലോ ഉത്തമമായ ആരോഗ്യമരുന്ന്.
നിരന്തര ജോലികൊണ്ടല്ലയോ
ഫയർസ്റ്റോണും, ഫോർഡും, എഡിസണും,
ഉന്നതന്മാരായത്! 
ഇവ്വിധം അവർ കിതയ്ക്കുന്നതുവരെ
ജോലിചെയ്യാതെതന്നെ നമ്മോടു പ്രസംഗിച്ചുകൊണ്ടേ
യിരിക്കും.
ചുരുക്കമിതല്ലോ:
ജോലിചെയ്യാതെ സുഖമായൊന്നുജീവിയ്ക്കുവാൻ
ആഗ്രഹിച്ചിടുന്നെ-
ങ്കിൽ, അതിനായി പണമുണ്ടാക്കാൻ ചത്തുപണിയെടുത്തു
കൊണ്ടേയിരിക്കണം.

## ജനങ്ങളോട്

### ആർച്ചിബാൾഡ് മക്‌ലീഷ്

സന്ദേശങ്ങൾക്കായ് കാത്തു നില്ക്കുന്ന
എൻെറ ക്ഷമയേറിയ കൂട്ടരേ,
ഒന്നെന്നോടു പറയൂ:
ഏതു വിദേശ കരയിൽനിന്നാണ്
ഏതപരിചിതനിൽ നിന്നാണ്
എങ്ങുനിന്നാണ്
നിനക്കു കാണാനാവുന്ന ഭൂമി
നീയ്യീകണ്ടുകൊണ്ടിരിക്കും ഭൂമിയല്ലോ.
ഈ സൂര്യൻ സത്യത്തിൽ അത്യുജ്ജ്വലനാണ്.
യഥാർത്ഥത്തിൽ ഊഷ്മളനാണ്.
സ്ത്രീകൾ, നിങ്ങളവരെ കാണുമ്പോലെത്തന്നെ
സുന്ദരികളല്ലോ !
അവരുടെ മാർവിടം [എന്നെ വിശ്വസിക്കൂ] വരാന്തകളിലെ
പ്രാവിൻ കൂജനം പോലെയല്ലോ !
അവരുടെ മാർവിടങ്ങളിലവർ
വാത്സല്യം മാർദ്ദവത്തോടെ വഹിച്ചുകൊണ്ടുനടക്കുന്നു.
അവർക്കു നേരെ നോക്കൂ
ഇനി നിന്നെത്തന്നെ നോക്കൂ :
നീ ശക്തനാണ്.
നീ ആകാരസുഭഗനാണ്.
ലോകത്തെ നോക്കൂ :
നീയ്യൊരിക്കലും കീഴടക്കാത്ത ലോകത്തെ—
ഈ ലോകത്തിൽ കൂസലെന്യേ
നിനക്കു ജീവിക്കാമെന്നതു്
സത്യം, സത്യമാണ്
പിന്നെയെന്തിനു നീയതൊരു പുസ്തകത്തിൽ
വായിച്ചറിയാൻ കാത്തിരിക്കണം?
നീ തന്നെ അതെഴുതൂ
വേണമെങ്കിൽ നിനക്കായ്മാത്രമെഴുതൂ...
സൂര്യനുണ്ടെന്നു നിന്നോടുതന്നെ പറയൂ.

# കുറച്ചു വിദേശകവിതകൾ

വചനം വരേണ്ടിയിരുന്നതു്?
ആരാണ് നിങ്ങൾക്കു പാഠങ്ങൾ എടുക്കേണ്ടിയിരുന്നതു്?
ഒരു പുൽക്കൂട്ടിലൊരു കുഞ്ഞിൻ പിറവിക്കിടക്കകീഴെ
ശ്രദ്ധിച്ചിരിക്കുന്നവരേ,
ഒരുകാലത്തുവെളിച്ചപ്പാടുകളേയും
ഇപ്പോൾ പള്ളിവാതിലുകളേയും ശ്രദ്ധിച്ചിരിക്കുന്നവരെ,
നിങ്ങളാർക്കുവേണ്ടി കാത്തിരിക്കുന്നു ?
ആരൊരു വിശദീകരണം തരുമെന്നാണ് നിങ്ങൾ
വ്യാമോഹിക്കുന്നതു്?
സഹസ്രാബ്ദങ്ങളായ് ഉത്തരം ലഭിക്കാതെ
ചെവിയോർത്തിരിക്കുന്നവരെ;
ഏകാന്തകാമുകികൾക്ക് രാത്രിയിൽ കത്തെഴുതുന്നവരേ
അക്ഷരത്തെററുകൾ ശീലമായുള്ളവരേ
നിങ്ങളുടെ കണ്ണുകൾ തുറക്കൂ, നോക്കൂ:
ഭൂമിയും മനുഷ്യനും മാത്രമേ ഇവിടെയുള്ളൂ-
ടെലഫോണിൻെറ അങ്ങേത്തലക്കൽ വേറൊരാളില്ല.
അശരീരികൾ മന്ത്രിക്കാൻ
നിന്നെ വിളിച്ചുണർത്താൻ
വാതിൽമണിയടിക്കാൻ നീയ്യൊഴികെ വേറാരുമില്ല.
നിനക്കറിയില്ലെങ്കിൽ അറിയുന്നവർ ആരുമില്ല.
കപ്പലുകൾക്കോ തുറമുഖങ്ങൾക്കോ
അവക്കിടയിലുള്ള ഇരുളിൻ സന്ദേശം മനസ്സിലാക്കാനാവില്ല.
നിനക്കു നിൻെറ കണ്ണുകളുണ്ടല്ലോ
നിൻെറ കണ്ണുകൾ കാണുന്നതെന്തോ
അതു മാത്രമേയുള്ള സത്യമായി—
അപ്പോൾ സൂര്യനുദിക്കും.
നിന്നെപ്പോററാനുള്ള ഭക്ഷണം
ഈ ഭൂമിയിലുണ്ടെന്നു
നിന്നോടുതന്നെ പറഞ്ഞുറപ്പിക്കൂ...
മനുഷ്യർ മരിക്കേണ്ടവരാണെന്നു
മരിച്ചു കഴിഞ്ഞ മനുഷ്യൻ പറഞ്ഞലറട്ടെ.
മരണമെന്തെന്നു നിന്നേക്കാൾ നന്നായറിയുന്നവൻ
ആരുണ്ടിവിടെ?
തകർന്നടിഞ്ഞൊരു ശരീരത്തിനോ
മാംസം കൊഴിഞ്ഞടർന്നൊരസ്ഥിക്കോ
അതെവ്വിധം മനസ്സിലാകാനാണ്?
മരിച്ചവർ അവരുടെ പിറുപിറുക്കുന്ന നിശ്വാസങ്ങളിൽ
അലമുറയിടട്ടേ...
അവരെ പുച്ഛിച്ചു തള്ളിയെറിയൂ.
കൊലചെയ്യപ്പെട്ട ആത്മാക്കൾ ഉണർന്നെഴുന്നേൽക്കുമെ-
ന്നവരോടു ചൊല്ലൂ—
പണിയെടുക്കുന്ന നമുക്കു പക്ഷേ
അദ്ധ്വാനത്തിന്നൊരു ലക്ഷ്യമുണ്ടെന്നും.
നിങ്ങളോടുതന്നെ പറയൂ:
ഈ ഭൂമി കീഴടക്കപ്പെടുവാൻ കാത്തുകിടക്കുന്നുവെന്ന്—
പുറത്തെ ഇരുട്ടിൽനിന്നും സന്ദേശങ്ങൾക്കായ് കാത്തു
നിൽക്കുമ്പോൾ
നിങ്ങൾ പാവപ്പെട്ടവരായിരുന്നു.
ഭൂമി എന്നും നിങ്ങളുടേതായിരുന്നു, നിങ്ങളതുപക്ഷേ
വേണ്ടെന്നു വച്ചിരുന്നല്ലോ...
□

# കവിയരങ്ങിൽ അവതരിപ്പിച്ച കവിത

ഇന്ന് ബ്രഹ്മഗിരിയുടെ കൊടുമുടികളിൽ
രണ്ടു വാൽനക്ഷത്രങ്ങളുദിച്ചു.
ഒരിക്കൽ ഇവ ഒരു മനുഷ്യൻെറ കണ്ണുകളായിരുന്നു.
ഇന്ന് വടക്കൻപാട്ടുകൾക്കുമീതേ പുതുമഴത്തുള്ളികൾ
ചിതറിവീണു
ഒരിക്കൽ ഇവ ഒരു മനുഷ്യൻെറ വാക്കുകളായിരുന്നു.

ഉയിർത്തെണീററ അവനെ ആദ്യംകണ്ടതു്
ചുരമിറങ്ങിപ്പോകുന്ന ഒരു കാററായിരുന്നു
പിന്നെ തിരുനെല്ലിക്കാടുകളിലെ ഒരണ്ണാർക്കണ്ണൻ.
പനവല്ലിയുടെ കററിക്കാടുകളിൽ അയവിറക്കിനടന്ന
ഒരാട്ടിൻകുട്ടി
പിറകിൽ കനത്ത കാലടികൾകേട്ടു് പകച്ചുനോക്കി
കറിച്യപ്പടയാളികളുടെവീര്യംനിറഞ്ഞ തേയിലക്കൊളുന്തുകൾ
നുള്ളുന്ന
കറുത്തുമെലിഞ്ഞ ഒരു പണിയപ്പെൺകുട്ടി
പരിചിത സുന്ദരമായ ക്രൂശിതാകാരംകണ്ടു്
തിരിച്ചറിവോടെ പുഞ്ചിരിച്ചു.
ഇപ്പോഴിതാ, ഉറക്കംവരാത്ത തേജസ്വനിയുടെ വയലുകളിൽ
അസ്വാസ്ഥ്യസ്വർണ്ണം വിളയിക്കുന്ന ഒരു ദ്ധകർഷകൻ
നിൻെറ സമൃദ്ധസ്നേഹത്തിൻെറ സ്വരംകേട്ടു് ശിരസ്സുയർത്തുന്നു

നീ വിളിച്ചുപറയുന്നു: 'ഇതു ശരിയല്ല.'
വിയററ്നാംനിന്നെ ഖേദംനിറഞ്ഞ ധ്യാനത്തിലാഴ്ത്തുന്നു.

ഭൂമി ചുററി നീ തിരിച്ചെത്തുമ്പോൾ
പള്ളിമണികൾ പരിഭ്രമിച്ചുമുഴങ്ങുന്നു
വിശുദ്ധവസ്ത്രങ്ങൾ കണ്ണുമൂടി കതക കൊട്ടിയടയ്ക്കുന്നു
അധികാരസ്ഥാനങ്ങൾ കാവൽ ശക്തിപ്പെടുത്തുന്നു
നീയോ, കുരുടക്കു് ചരിത്രത്തിൻെറ കണ്ണുകൾനല്കുന്നു
മരിച്ചവരെ വഗ്ഗ്വീര്യത്താൽ ജീവനിലേയ്ക്കുണർത്തുന്നു
പീഡനങ്ങളുടെ ഗലീലിജലങ്ങൾക്കുമേൽ
അക്ഷോഭ്യനായി നടക്കുന്നു
ഭൗർഭിക്ഷ്യത്തിൻെറ വെറുംവെള്ളത്തെ പ്രതീക്ഷയുടെ
വീഞ്ഞാക്കുന്നു

കൗമാരങ്ങളെ ആത്മബോധത്താൽ സ്നാനപ്പെടുത്തുന്നു
വംശവഞ്ചകർക്കെതിരെ ചാട്ടവാറുയർത്തുന്നു.
നീ ഹൃദയംതുറന്നു വിടുന്നു,
സാഹോദര്യത്തിൻെറ ശുഭ്രനദികൾ കവിഞ്ഞൊഴുകുന്നു
നീ പുഞ്ചിരി ഉരുക്കിയൊഴിക്കുന്നു
അകന്നുപോയ വഴികൾ വിളക്കിച്ചേർക്കപ്പെടുന്നു
നീ പഠിക്കുന്നു, നീ പഠിപ്പിക്കുന്നു,
നീ ഒററിക്കൊടുക്കപ്പെടുന്നു

## സുഹൃത്തു്

**സച്ചിദാനന്ദൻ**

കരിംകാവേരികളുടെ മൂകവക്കിടാങ്ങളെ
നീ തെളിഞ്ഞ രക്തംകൊണ്ടു് എഴുത്തിനിരുത്തുന്നു
രാജഹാരയിലെ ഉണങ്ങിയ ഖനിത്തൊഴിലാളിയുടെ
പിറകിലെത്തി
നീ പതുക്കെ മന്ത്രിക്കുന്നു: 'സുഹൃത്തേ'
നാഗാമലകളുടെ രക്തപീഠത്തിൽ തോളിൽ വന്നുവീണ
കൈ കണ്ടു

തിരിഞ്ഞുനോക്കുന്ന ഒളിപ്പോരാളി
കിളരമേറിയ ഒരു നിഴൽചുംബിച്ചു തളർച്ചയകററുന്നു
ബ്രസീലിൻെറ പുകയിലക്കാടുകളിൽ
ഒരു കാട്ടുപൂച്ചയുടെ കണ്ണുകൾക്കു നീ തീ കൊളുത്തുന്നു
വെനിസ്വേലായിൽ റെഡ്ഇന്ത്യൻ രക്തമുറച്ചുണ്ടായ
ചെമ്പയിരുകൾ നിൻെറ ഉച്ഛ്വാസംകൊണ്ടു് തുടുക്കുന്നു
വൈററ്ഹൗസിന്നുമുന്നിൽ കൊടിയും തോക്കുമായി
പെട്ടെന്നു ചാടിവീണു് കറുത്തവരുടെ പ്രതിഷേധജാഥ
നയിക്കുന്ന

ഒരു മെലിഞ്ഞ കേരളീയനെക്കണ്ടു്
വെളുത്ത കാവൽക്കാർ അമ്പരക്കുന്നു
ലെനിൻഗ്രാഡിലും പീക്കിങ്ങിലും
വരണ്ടുപോകുന്ന വസന്തങ്ങളിൽനിന്നു്
വഞ്ചിക്കപ്പെട്ട കുഞ്ഞുങ്ങളെ മാറോടടക്കി
പുതിയ ചക്രവർത്തിമാർക്കുനേരെ വിരൽചൂണ്ടി

അവർ നിൻെറ വസ്ത്രങ്ങൾക്കായി നറുക്കിടുന്നു
എങ്കിലും നിന്നെ ഞങ്ങൾ പിന്നെയും കണ്ടെത്തുന്നു:
ഞങ്ങളുടെ കുരുമുളകിലെ ഹരിതജ്വാലകളുടെ എരിവു്,
ഞങ്ങളുടെ കരിമ്പിൻെറ മധുരം,
കാപ്പിക്കു് ദീപ്തശൗര്യം, ജലത്തിന്നു് ശീതളരജതം,
സ്വർണ്ണത്തിന്നു് ഘനീകൃതമായ തീ.

ഞങ്ങൾക്കറിയാം,
നീ ഉയിർത്തുവന്നിരിക്കുന്നതു്
നാല്പതുനാളത്തെ ദൈവസന്ദേശപ്രചാരണത്തിനും
അതിഭാവുകത്വം തകർത്തുകളഞ്ഞ
ഒരു സ്വർഗ്ഗാരോഹണരംഗത്തിന്നും വേണ്ടിയല്ല,
നീ ശമിക്കുകയില്ല,
ഒലീവിലകളാലും സ്വർണ്ണക്കാസകളാലും
നീ പ്രതിരോധിക്കപ്പെടുകയില്ല,
കറുത്ത ഹോശന്നാകളാലും കൽക്കുരിശുകളാലും,
എല്ലാ പാട്ടുകളുടെയും കീർത്തിയാകാനാണു നീ വന്നതു്,
തകിലിലും ചെണ്ടയിലും മുഴങ്ങിയാർക്കുവാൻ,
കുടത്തിലും വീണയിലും തിരയടിച്ചുയരുവാൻ,
എന്നെന്നേയ്ക്കും ജീവിക്കുവാൻ, സമരംചെയ്യുവാൻ,
എന്നെന്നേയ്ക്കുംനയിക്കുവാൻ. □

വേനൽക്കാലത്തെ ഞായറാഴ്ച,
വിവാഹിതരെല്ലാം ഇന്നു വീട്ടുകളിൽ.
വിജനമായ ലോഡ്ജിൽ
ആരെയോ ഞാൻ കാത്തിരിക്കുന്നു.

ഇനി ആരെങ്കിലും വരാനുണ്ടോ ?

മൺകൂജയ്ക്ക് ഒരൊട്ട വീണിരിക്കുന്നു.
വരാന്തയുടെ കോണിൽ
ഒരൊട്ടകത്തിന്റെ നീണ്ട കഴുത്തുമായി
അതു ചരിഞ്ഞു കിടക്കുന്നു

ദാഹിച്ച്, വിയർത്ത്, തളർന്ന്
ഇനി ആരെങ്കിലും വരാനുണ്ടോ ?

പക്ഷിശാസ്ത്രക്കാരൻ ഇന്നലേ വന്നുപോയി.
E.N.T. സ്പെഷ്യലിസ്റ്റിന്റെ വീടന്വേഷിച്ചു വന്ന
നാട്ടിൻപുറത്തുകാരനും ഇന്നലേ വന്നുപോയി.

ഓരോരുത്തരും ഓരോ ദാഹവുമായി വരുന്നു.

ഇതേ വഴിയിലൂടെ ഇന്നലെ,
വിധിക്ക മനുഷ്യരെ കരുതി കൊട്ടത്ത
പ്രവാചകന്മാരും രക്ഷകന്മാരും വന്നുപോയി.

ബാനറുകളും, റാലികളും, മുദ്രാവാക്യങ്ങളും, ജനകീയ മന്ത്രിമാർ
എല്ലാം, എത്ര പെട്ടെന്ന്
മർട്ടകരുടെ മുഖംമൂടികളായി !
തലയ്ക്കുവെച്ചിരുന്ന കൈ പെട്ടെന്ന്
വിഷപ്പാമ്പായി കൊത്താനുയരുന്നതുപോലെ
പിച്ചും പേയും തേങ്ങലുമായി
ഇന്ന് നമ്മുടെ നിദ്രകളും കലങ്ങുന്നു.

ഇനി ആരെങ്കിലും വരാനുണ്ടോ ?

മുററത്തെ വേപ്പിൽ ബലിക്കാക്കകളുടെ സെമിനാർ.
ഭാവി തങ്ങളെപ്പോലെ ഇരുണ്ടതാണെന്ന്
അവ വിശ്വസിക്കുന്നു.
ഒരു കാക്കയും വിരുന്നു വിളിക്കുന്നില്ല.
എങ്കിലും,
ആരോ വരും വരും എന്ന് ഞാൻ തുള്ളിച്ചാടുന്നു.
കായലോരത്ത് പൂക്കൾ വിടരുന്നു
ഈ നട്ടുച്ചയ്ക്കാര് വരും ?
എന്റെ പ്രിയ സുഹൃത്ത് ?
ഭാവി വധു ?
ആര് വരും ?

# വരും വരും എന്ന പ്രതീക്ഷ

കെ. ജി. ശങ്കരപ്പിള്ള

ചോലമരങ്ങളും വഴിക്കിണറുകളും നീട്ടി
നമ്മുടെ മനുഷ്യജീവിതം തട്ടിപ്പറിച്ച
ചക്രവർത്തിമാർ വന്നുപോയി.
ഹ്യൂൻസാങ്ങും വാസ്കോഡിഗാമയും വന്നുപോയി.
ഘടികാരത്തിൽ പഴയ കാലവുമായി
ഗാന്ധി വന്നുപോയി.
ഇപ്പോഴിതാ കൃജയിലെ അവസാനത്തെത്തുള്ളിയും വററിച്ച്
വിപ്ലവവായാടികളും പ്പീനമാടി വന്നുപോയി
വരുമെന്നറിയാമായിരുന്ന ചെറിയ വേഷങ്ങളെല്ലാം
വന്നുപോയി.

പക്ഷേ,

നമ്മുടെ തീവണ്ടിയിലിരുന്ന് ഡെൽഹൗസി ഇപ്പോഴും
പച്ചക്കൊടി വീശുന്നു.
നമ്മുടെ വിശപ്പിനെനോക്കി അമേരിക്കൻ ഗോതമ്പ്
ചീയേഴ്സ് വിളിക്കുന്നു: ഭാരത സ്വാതന്ത്ര്യം കീജെയ്.

ഇനി ആരെങ്കിലും വരാനുണ്ടോ ?

ഒരിക്കൽവന്നവർ ഒരിക്കലും വിട്ടുപോകുന്നില്ല.
ഓരോ രൂപത്തിൽ,
മനസ്സായോ, മുഷിച്ചായയായോ ഇവിടെത്തന്നെ തുടരുന്നു.

പ്രശ്നങ്ങൾക്കെല്ലാം പരിഹാരവുമായി
തുറമുഖത്തൊരു പുതിയ കപ്പൽ ?
സ്റ്റേഷനിൽ ഒരു പുതിയ തീവണ്ടി ?
വിമോചനസേന ?
ആര് വരും ?
ഓരോ വഴിയിലും വെയിലുറയ്ക്കുന്നു.
ഓരോ വസ്തുവിനും പ്രകാശമിരട്ടിക്കുന്നു.
ഈ നട്ടുച്ചയ്ക്കാര് വരും ? ആര് വരും ?

അതാ, ബാനർജിറോഡിലൂടെ
ഒരാട്ടിൻ പററം കടന്നുപോവുന്നു.
ഞായറാഴ്ചയാണ്, പള്ളി പിരിഞ്ഞിട്ടുണ്ടാവണം.
മോണിങ്ഷോ കഴിഞ്ഞിട്ടുണ്ടാവണം.
ബാനർജിറോഡിലൂടെ ഒരാട്ടിൻപററം കടന്നുപോവുന്നു.
അവ മുഴവനും മുടന്തുന്നു.
കരുതിക്കാരന്റെ വാളുപോലെ ഈ വേനൽപ്പാത
വെട്ടിത്തിളങ്ങുന്നു.
പാവം ഗൗതമനിപ്പോഴും വരാതിരിക്കട്ടെ.
വന്നുപോയാൽ എന്തുചെയ്യും ?
വെറും പത്തു വിരലിന്റെ കാരുണ്യത്തിൽ
ഇതിൽ ഏതു മുടന്തനെ അവൻ രക്ഷിക്കും ? □

## A Poem In Three Parts

### OVER THE BLUE OCEAN

The tranquil sea revealed before me,
Vast treasures of bliss, joy and glee;
Ice glaciers and snow tipped mountains,
Perched lofty, over the sea - as chieftains.
The coral reefs stood transfixed,
As if a jewelled mountain;
Fringing the water's beauty,
With its fine glossy appearence.

The waves rose as huge crests,
Rolling and grumbling along its path;
And then, with a high vaulting,
Crashes into white fragments, on the rocks.

There, under the hostile waters,
Went past, a school of mullets;
Their scales glittering in the sun,
Send glimmering rays, into my eyes.
The sea fronds stood swaying,
In the rippling cool water,
Touching a realm of mystery,
Of the vast treasures, below.

### STARS IN THE SKY

I lay tossing on my cosy bed,
Looking into the yonder sky, a drama held;
I peeped through the curtains,
To the sky - studded with fiery lanterns.

A spectacular ballet, in full swing,
Was going on, at the distant sky;
The stars twinkling in their silver gowns,
While the silent moon, stood transfixed.

The clouds sailed past the globe,
As did my thoughts in my mind;
I dreamed of my childhood days,
The parties and picnics, I played.

The night was filled with musical sounds,
Of the chirping grasshoppers and hounds;
An occasional bat flew past my window,
piercing the gloom, with its hooting.

I looked into the darkness beyond,
To guess beyond this dark night, I couldn't;
Till the fairies rocked me to sleep,
Slowly my eyelids fluttered into slumber.




### DRY LEAVES IN THE WIND


I lay on the dry sodden earth,
Waiting for my last breath;
On my body, no flowers nor wreaths,
To adorn my funeral - the earths crust.
Dry, pale, and light, I lay,
To embrace thee, Oh, death - I pray.
So less to wage, less to bear;
The sun rays make me happy and gay,
But the night wind gives me a shudder.
The green labryinth gives me the shades,
But gives me the creeps, when the sun fades.
Then will come a small breeze,
Picking and tossing me into a garbage can;
In it I may have many friends and foes,
Rotten fruits, lover's roses, and twigs,
I wish to end my last few days;
With no blossoms, nor great wreaths.
But with my friends, I would leave,
My character, wealth and ways.

Oh, here comes the raging gale, my friends,
To go, I bid thee all, goodbye;
And a sweet long farewell. □


JOJO VELLANIKARAN



Alex. K. Thomas
Uty. Union Councillor




John's George Karaden
General Secretary




K. Harikumar
Fine Arts Secretary




V. T. Jose
Chairman
(Madura Coats employee)




A. O. Sunny
General Captain



C. N. Anilkumar
Vice-Chairman



Thomas Karaden




K. Sudhakaran


ക്രൈസ്റ്റ് കോളേജിലെ പ്രതീക്ഷകളുണർത്തുന്ന ചില വിദ്യാർത്ഥിസുഹൃത്തുക്കളുടെ ചിത്രങ്ങളാണ് ഈ ഏടുകളിൽ. സഹകരിച്ച എല്ലാവർക്കും നന്ദി—




Abey John
Uty. Captain (Volley ball)




C. A. Johnson
Uty. Captain (Foot ball)




Jose Thomas
(Volley ball)




Roy Mathew
(Volley ball)



N. C. Chacko
(Volley ball)




Benny K. Paul
(Foot ball)




Mohamed Saleem
(Foot ball)




P. B. Nandakumar
(Foot ball)




E. I. Davis
(Foot ball)



Loyit Joseph
(Athletics)




Paul Koola
Uty. Captain (Tennis)




Ciril. C. Valloor
(Volley ball)




Jomy P. Abraham
(Volley ball)




Shaji Jacob
(Athletics)




Antony K. R.
(Senior Champion)




Gracious Thomas
(Senior Champion)




Saji Mathew
(Junior Champion)




K. L. Johnson
(Ball Badminton)




K. R. Sudhakaran
(Pole-Vault)





Vilfred Vaz
(Wrestling)



Sebastian Joseph
(Quiz)



Ratnamohan C.
(Verse-making)




SUO-P. Gopinath Menon




BSUO-Radhesh Chandran


## University Examinations April/ May 1978




Sunil K. N.
(Pre-Degree First Rank)




Rojan Kuruvila. P.
(Pre-Degree II Rank)




T. V. Varghese
(B. Sc. Maths. I Rank)




Koodathil Krishnan
(M. Sc. Chemistry II Rank)



P. Sukumaran
(M. Sc. Chemistry III Rank)



Madhavan S.
(M. Sc. Zoology II Rank)




Krishnanandhan E.
(M. Sc. Zoology III Rank)

---




CUO M. G. Kumar



CUO Joseph K. J.



CUO Anto P. C.



CUO Joshy M. K.



**Shri. C. T. Sukumaran**
Collector, Trichur
inaugurates the
College Union activities



A view of the
attendive audience



Guest of Honour
with the members of
the College Union



പ്രൊഫ. എൻ. പുരുഷോത്തമ
(വൈസ്ചാൻസലർ
യൂണി: ഓഫ് കാലിക്കററ



നൃത്തസംഘം:
(ക്ലാക്ക് വി. രാമകൃഷ്ണൻെറ
ചമയം ഇവരെ
ശ്രദ്ധേയരാക്കി)

'മൃത്യു'വിൽനിന്നു്



എ. ജയചന്ദ്രൻെറ
'ശിവതാണ്ഡവം' →





ടി. മുരളീധരൻ
(ഏകനൃത്തം)



പി. ആർ. മനീഷ്കുമാർ
(നാടൻനൃത്തം)

കെ. ഹരികുമാർ



യൂണിവേഴ്സിററി കലോത്സവത്തിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി

മുരളീധരൻ എം. എസ്.
ഓട്ടൻതുള്ളൽ



പാശ്ചാത്യ –സംഗീതവിഭാഗം









മുകളിൽനിന്നു കീഴോട്ട്: (M. Sc. Chemistry, M. Com., M. Sc. Zoology)



Volley ball team



Foot ball team



Athletic team



Wrestling team



Basket ball team



Cricket team



B. Sc. Chemistry



B. Sc. Physics



B. Sc. Mathematics



B. Sc. Zoology



B. Com.




B. A. Economics



'അരണ്ട റാന്തൽവെളിച്ചത്തിൽ ഒരു തെളിച്ചം' — എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിലുള്ള സാക്ഷരതാ ക്ലാസ്സ്

മിസ്റ്റർ ക്രൈസ്റ്റ്



ആർ. മോഹൻദാസ്






**Prof. P. I. Devassy**
(Commerce) Retires

*We wish him a long peaceful and fruitful Retired life.*

---

ട്രിപ്പിൾജമ്പിൽ
സ്വർണ്ണം നേടിയ
സുഭാഷ് ജോർജ്ജ്





ബാഡ്മിൻറൻ ടീം

## മുഖചിത്ര ചിന്തകൾ

സുഹൃത്തേ, നമ്മുടെ നന്നേചെറിയ സ്വപ്നങ്ങൾ എവിടെയാണ് നഷ്ടപ്പെട്ടത്? നാം ചെറുപ്പത്തിലേ പെറുക്കിയെടുത്തു സൂക്ഷിച്ച വെള്ളാരങ്കല്ലുകളും, കുപ്പിവളക്കഷ്ണങ്ങളും ആരാണു വിദഗ്ദ്ധമായി മോഷ്ടിച്ചെടുത്തത്? നമ്മുടെ മനസ്സുകളിൽ പുള്ളവൻപാട്ടിൻെറ ഈണം പകന്നിരുന്ന ഗ്രാമചിത്രങ്ങൾക്കുപകരം, ഭ്രാന്തമായ പേടിസ്വപ്നങ്ങൾ നിറച്ചുവെച്ചതാരാണ്?

വെറുമൊരു ഗുമസ്തപ്പരീക്ഷയെ നേരിടാൻ മാത്രം ഒരുക്കിയെടുത്ത നിൻെറ മുരടിച്ച മസ്തിഷ്കത്തിലേയ്ക്ക് വീണ്ടും വീണ്ടും വെളിച്ചംപകന്ന് നീ ചോദിക്കു; നിൻെറ മുഖം നഷ്ടപ്പെടുത്തിയതാരാണെന്ന്? നിൻെറ ശിരസ്സറുത്തെടുത്തു സൂക്ഷിച്ചിരിക്കുന്നതാരാണെന്ന്?

കാലം ഒരു മുത്തുപോലെ സൂക്ഷിച്ചിരുന്ന മനുഷ്യൻ എന്ന പദം എത്ര ഹീനമായാണു വ്യഭിചരിക്കപ്പെട്ടത്? അവകാശങ്ങൾക്കുനേരേ അധികാരവും, സത്യത്തിനുനേരേ കള്ളക്കഥകളും എത്ര പെട്ടെന്നാണു രൂപപ്പെട്ടത്? നീ ഓർത്തുനോക്കു: ജീവിത

ത്തിന്റെ നല്ലനാളുകളിൽ ഭരണകൂടത്തെ സേവിച്ചതിനു പകരം നിലയ്ക്കാത്ത ചുമമാത്രമല്ലേ നിന്റെ അച്ഛനു ലഭിച്ചത്?

വർഷങ്ങളോളം വയലിലെ ചളിയും, ഈപ്പവും ചുമന്നശേഷം നിന്റെ ജ്യേഷ്ഠന്മാർക്കെന്താണുകിട്ടിയത്? നിന്റെ ഓലപ്പുരയുള്ളിലെ ഇരുണ്ട അകത്തളങ്ങളിൽ ഏതുനേരവും പ്രത്യക്ഷപ്പെട്ടേക്കാവുന്ന മുതലാളിത്തത്തെ ഭയന്നുള്ള കനത്ത നിശ്വാസങ്ങൾ പൊഴിഞ്ഞുവീഴുന്നില്ലേ!

സ്നേഹിതാ, നീ കണ്ണും കാതും തുറന്നുപിടിക്കൂ! വവ്വാലുകൾ ചിറകിട്ടടിക്കുന്ന നിന്റെ മനസ്സിന്റെ ഇടനാഴികളിൽ വെളിച്ചത്തിന്റെ കീറുകൾ കടക്കട്ടെ.


നമ്മുടെ തുച്ഛമായ സമ്പാദ്യങ്ങൾ നാമറിയാതെ ഒഴുകിനിറയുന്ന വലിയ കീശകളെക്കുറിച്ചും, ഒരുനേരംപോലും വയർ നിറച്ചുണ്ണാൻകഴിയാത്ത നമ്മുടെ ദൗർഭാഗ്യത്തെക്കുറിച്ചും, നമ്മോടൊപ്പം പണിയെടുക്കുന്ന കാളയുടെ വിലപോലും ലഭിക്കാത്ത നമ്മുടെ പ്രസക്തിയെക്കുറിച്ചും, നീ ഒരിക്കൽ കൂടി ചിന്തിക്കൂ! വർഷങ്ങളുടെ ഇടവേളകളിൽ പഞ്ചസാര പുരട്ടിയ വാഗ്ദാനങ്ങളുമായെത്തുന്ന രാഷ്ട്രീയക്കാരങ്ങന്മാർ പാലകന്മാരിൽനിന്നും സംരക്ഷണം കിട്ടുകയില്ലെന്നും നാം അന്നേ അറിഞ്ഞിരുന്നല്ലോ!

എന്നിട്ടും നാമെന്തേ ഒററപ്പെട്ടത്?

സ്നേഹിതാ, അശോക ചക്രാങ്കിതമായ ദേശീയ പതാകകൊണ്ട് അവർ നമ്മുടെ സംസാരശേഷിയേയും, ബുദ്ധിയേയും മൂടിവെക്കുന്നു. അനാഥമായ ശവശരീരങ്ങൾക്കുമീതേ കയറിനിന്ന് അവർ വെള്ളപ്രാവുകളെ പറപ്പിക്കുന്നു. ഇന്നും, നമ്മുടെ ഉച്ചയുറക്കങ്ങളിൽ അശാന്തിപരത്തുന്ന ഇരുണ്ട നിഴലുകളായി അവർ അവതരിക്കുന്നു.

സ്നേഹിതാ, വെളുത്ത താളുകൾമറിച്ച് വീണ്ടും പുറന്താളിലെത്തു! ഹൃദയത്തിന്റെ ഭിത്തികളിലേക്ക് സ്വയം കൂരമ്പുകളെറിഞ്ഞ്, ആ വികൃതചിത്രം ആട്ടിൻതോലണിഞ്ഞ മുതലാളിത്തത്തിന്റെ പരിച്ഛേദമാണെന്നു തിരിച്ചറിയൂ! ഞെട്ടിപ്പിക്കുന്ന ഓർമ്മകൾക്കുമീതെ കരിപിടിക്കാതിരിക്കുന്നതിനുള്ള ഒരു ചെറിയ സൂചനയായി നീ ഈ നനുത്ത കോറലുകൾ സൂക്ഷിച്ചുവക്കൂ!

നാം താഴ്‌വാരങ്ങളിലേക്കുള്ള യാത്ര തുടങ്ങിയിട്ടേയുള്ളൂ.



ചിത്രകാരൻ

പി. എസ് രവീന്ദ്രൻ

നമുക്കു നേടിത്തന്ന ഗുണങ്ങളെ എണ്ണിനോക്കൂ! എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനുമുന്നിലും, മുൻസിപ്പാലിററിവക കക്കൂസിനുമുന്നിലും ക്യൂ നില്ക്കുന്നവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന സത്യം നീ മറന്നുപോയോ? ചീഞ്ഞുനാറുന്ന കവലകളിലെ ഗ്രഹണിബാധിച്ച കുട്ടികളുടെ തളർന്ന യാചനയും, അന്നന്നത്തെ ഇരകളെ കാത്തിരിക്കുന്ന തെരുവുവേശ്യയുടെ കുഴിഞ്ഞ കണ്ണുകളിലെ ദൈന്യതയും നമുക്കു വിസ്മരിക്കാനാവുമോ?

എന്നിട്ടും കുറേ കടൽക്കിഴവന്മാരെ അധികാരത്തിലേററിയതു വഴി; നമ്മുടെ വിശന്നൊട്ടിയ വയറിന്മേൽ അവർക്കു താളം കൊട്ടാനൊരവസരം, ബോധപൂർവ്വം ഒരുക്കിക്കൊടുക്കുകയായിരുന്നു എന്നു മനസ്സിലാക്കാൻ നാമെന്തേ ഇത്ര വൈകിയത്? വികസനപദ്ധതികളും, തറക്കല്ലിടലുകളും വെറും ചടങ്ങുകളാണെന്നു തിരിച്ചറിയാൻ നാം എന്തുകൊണ്ടാണ് വൈമുഖ്യം പ്രകടിപ്പിച്ചത്?

''ഇരുപതു തിരിയിട്ട ഇല്ലാവിളക്കിന്റെ'' പ്രകാശത്തെ വാഴ്ത്തിയിരുന്ന ആ കറുത്ത കാലഘട്ടം നിനക്കോർമ്മയില്ലേ! കോടതികൾ നീതിലഭിക്കാനുദ്ദേശിച്ചുള്ളതല്ലെന്നും, നിയമ

ഇനി......,

നമ്മുടെ പ്രശ്നങ്ങൾക്കുനേരേ സമർത്ഥമായി സംവദിക്കാൻ അമ്പലക്കവികൾക്കോ, ഞരമ്പുരോഗികളായ എഴുത്തുകാർക്കോ കഴിയില്ല ''മൂത്രമാഹാത്മ്യം'' പ്രസംഗിച്ചുനടന്നതുകൊണ്ടോ, പശുവിന്റെ കഴുത്തറുക്കാത്തതുകൊണ്ടോ, എൻ. ഒ. സിയോ, പാസ്സ്പ്പോർട്ടോ ലഭിച്ചതുകൊണ്ടോ നമ്മുടെ പ്രശ്നങ്ങൾ അവസാനിക്കില്ലല്ലോ!

ആത്മരോഷത്തിന്റെ കനലുകളുംപേറി അലയുന്ന ഒററയാന്മാരേ, നമുക്ക് ഉണങ്ങിയ പനയോലത്തുണ്ടുകളിലൂടെ സന്ദേശങ്ങൾ പരസ്പരം കൈമാറാം. വെറും നിസ്സാര ജീവികളാണെന്നുകരുതി നാം കുഴിച്ചുമൂടപ്പെടാതിരിക്കണമെങ്കിൽ, വളരുന്ന കരുന്നു തലമുറയ്ക്ക് ധൈര്യത്തിന്റെ ചെറിയ കണികകൾ പകർന്നുകൊടുക്കാനുള്ള ശ്രമത്തിൽ പങ്കാളികളായി ജന്മസാഫല്യമടയാമല്ലോ! കാബറേ നർത്തകിയുടെ തുണിയുരൽപോലെ എളുപ്പം അഴിച്ചുമാററാവുന്നതല്ല നമ്മുടെ നീറുന്ന പ്രശ്നങ്ങൾ എന്നു മനസ്സിലാക്കിക്കൊണ്ടു തന്നെ ഈ ഷണ്ഡൻ ഭരണസംവിധാനത്തിനുനേരെ നമുക്കു ശക്തമായി പ്രതികരിക്കാം. □

## Hymn to Childhood

THOMSON DAVIS P.

Sweet memories of the past
Flash across my mind.
Father's loving kisses rough,
Mother's kisses warm.

'Good Morning', the teacher said,
We rushed through time
With the irresponsible river.
The trees in the garden grew fast
So my childhood too.
The cries of babies, drunken laughter,
Sorrows of wanderers, mourns of the sick,
Children scampering in the hotel backyard,
Swooping eagles, screaming chicks,
Women selling themselves in the streets.
Responseless, I went amidst all;
A cheerless world of death and tears.

Come again my childhood,
Your easy careless ways
Come again; May I forget
The gloom that swells around. □

## Elegy

RAMACHANDRAN P. R

I hanker after something
Something for which,
I crave the most
The strength to snatch,
A few blissfull moments
From the dead clutches,
Of this monstrous world
And to fight,
Against nseless convention
And, in human custom;
But, the fancy of dreams
And the hightened hopes,
That I try to emulate
In fact,
Reap no harvest of truth
Make my emotional mind consternate,
At the loss
With contempt and compunction;
In this existence,
I am acquainted with none
But,
The sheer realities of the
Ruined days and gruesome nights,
Left with endless lamentations
Hopeless odds and useless tears,
To replenish my life;
For what length of time
Shall I traverse,
The lengthy and solitary path
Full of thorns?
I have no option to live
The time has come, for me,
To refit
And depart,
For my final abode. □

## The Darkest of Nights

JONE J. PANIKULAM

The past seems dead.
The future, even worse,
The dreary years to come
To drag me into the world.
In the dead of the night,
I lay awake; My tortured mind,
Dwelling on the dark seas of agony,
Comparing the night with the future
When the midnight hour strikes,
I turn off the light and await
Golden sleep (My darling!), To engulf me,
In her magical dreamland.
But the dreams I see,
No longer dreams, but
Horrible nightmares, which
Drowns me in cold sweat.
"Don't be yellow, Don't be yellow,"
The light in my heart,
Yelled at me "Wake up, you bastard,
And fight to the finish". □

# കഥ

ഇനി അല്പം കഥകളാവട്ടെ. വാക്കുകളുടെ കുതിരക്കുളമ്പടി ഒരുപക്ഷെ ഇവിടെ കേട്ടുവെന്നു വരില്ല. മധുരതരമായ കാര്യവിചാരങ്ങളും കണ്ടെന്നു വരില്ല. ആഹ്വാനം മുഴക്കുന്ന മുക്കൂട്ടുപ്രയോഗങ്ങളും ഉണ്ടാവില്ല. ഒന്നുണ്ട്: നിറഞ്ഞ ആത്മാർത്ഥത. ആ ആത്മാർത്ഥതയിൽനിന്നുയിരെടുത്ത ഈ കഥകളുമായി കൂടിച്ചേരുക.

—എഡിറ്റർ.

CHRIST COLLEGE LIBRARY
ACC. No. 57427
CALL NO.



ലമർന്ന്, ചൂടിലുരുകിയ സ്വരങ്ങൾ പുറത്തേക്കുകക്കി, അവൻ ആർത്തുകരഞ്ഞു.

—എന്റെ ദൈവമേ, എന്റെ ദൈവമേ, നീയ്യെന്നെ കൈവിട്ടതെന്ത്?

സ്വരപ്രതിധ്വനികൾ മുഴങ്ങി. ദുരൂഹമായ ഇടവേളകളോടെ—

വേനൽക്കാററിൽ മണൽപ്പൊടി ഉയർച്ചകളിലേക്കു അതിക്രമിച്ചു തെറിച്ചു. അവൻ ഞെട്ടങ്ങി. ഒട്ടിയവയററിൽ തലോടി അവൻ നേർത്ത പ്രതീക്ഷയുടെ മഞ്ഞച്ചു, നിർജ്ജീവത തിളങ്ങുന്ന കണ്ണുകൾ ചുഴററിയെറിഞ്ഞു. കിടങ്ങിലേക്ക്, കൊട്ടാരത്തിലേക്ക്, പൊടിപടലങ്ങളിലേക്ക്—

—ആരുമാരും വരുന്നില്ലല്ലോ. ഒരു പച്ചിലക്കീറുമായി ഒരാളെങ്കിലും.

നാഡീവ്യൂഹത്തിൽ ക്രോധമുയിരെടുത്തപ്പോൾ വികൃത ദുഃഖംമുററിയ മുഖംപൊത്തി, കററിത്തലമുടിയിൽ നഖങ്ങൾ കോറി അവൻ കരഞ്ഞമറി.

—എനിക്കു വിശക്കുന്നു. ഒരു പച്ചില...ഞാനിപ്പോൾ മരിക്കുമല്ലോ.

—ഏ? മരിക്കുമോ?

പ്രത്യക്ഷത്തിൽ ഭയബോധം ഒരുന്മാദമായി അവനിൽ നിറഞ്ഞെരിഞ്ഞുകത്തി.

# ആകാശങ്ങളിൽ ഒരു ശവം

കെ. രാമചന്ദ്രൻ

ചെരിച്ചുകീറിയ, അഗാധമായ കിടങ്ങ്. വർഷത്തിലെ അവസാനത്തെ മഴ കിടങ്ങിൽ അല്പം ജലം ബാക്കിനിർത്തിയിരുന്നു. ജലത്തിൽ ക്ഷുദ്രജീവികൾ പുളച്ചു. കിടങ്ങിനുമപ്പുറത്ത്, പൂപ്പൽപിടിച്ച ഭിത്തികളുള്ള, ജീർണ്ണത ആണ്ടിറങ്ങിയ, വിജനതയിൽ ഒരു ഭീകരജന്തുവിനെപ്പോലെ നിൽക്കുന്ന കൊട്ടാരം. കൊട്ടാരത്തിന്റെ ഉൾഭാഗത്ത് ശ്മശാനശിലകൾ നിലകൊണ്ടു—

ഉഷ്ണംനുരയുന്ന മണലിന്റെ പരുപരുപ്പിൽ, കൊട്ടാരത്തിനും കിടങ്ങിനുമപ്പുറത്തായി അവൻ കിടന്നു. അവന്റെ നഗ്നശരീരത്തിനുമുകളിൽ സൂര്യൻ ആയിരംകാലുകളിൽ നൃത്തമാടി. ചെളിപിടിച്ച, നീണ്ടുവളർന്ന തലമുടിയിലൂടെ വിയർപ്പുതുള്ളികൾ ഊർന്നിറങ്ങി.

അസഹ്യതയോടെ, മെലിഞ്ഞ കൈവിരൽത്തുമ്പുകൾ പുറകിലേക്കെറിഞ്ഞ് തടവറയിൽ തണ്ടുവലിശിക്ഷയനുഭവിച്ചുകിട്ടിയ, കട്ടിയേറിയ കൂനിൽ അവൻ മാന്തി. അവിടം വിണ്ടുകീറി. അവനു പക്ഷേ വേദനതോന്നിയില്ല. സുഖം, ആലസ്യം—

ശൂന്യത വികസ്വരമായ ഒരു നിമിഷം: അവൻ വേദനകളിലേക്ക് ആണ്ടിറങ്ങിപ്പോയി. നിശബ്ദതയുടെ മുനമ്പി

അവൻ മണലിനോടു കൂടുതൽ അമർന്നുകിടന്നു. ശൈത്യത്തിൽ വിടരുന്ന ലില്ലിപ്പൂക്കളെ അവൻ വൃഥാ ഓർത്തുകൊണ്ടിരുന്നു.

—എരിയുന്ന ഈ ചൂടിൽനിന്ന് എന്നെ രക്ഷിക്കാൻ, പൂത്തുലയുന്ന ഗോതമ്പുവയലുകൾ പിന്നിട്ട് ദൈവദൂതൻ ഗോതമ്പുമണികളുമായി എത്താതിരിക്കില്ല.

എത്രയും പൊടുന്നനെയാണ് വന്നത്. ഗ്രീഷ്മത്തിൽ പുകയുന്ന കിടങ്ങും കൊട്ടാരവും ഉശിരോടെ ചാടിക്കടന്ന്, സാന്ത്വനവും പ്രതീക്ഷയും തന്നിലൊളിപ്പിച്ച്, ചുവന്നൊരു കുതിരപ്പുറത്ത് അയാൾവന്നു, ദൈവദൂതൻ. പ്രപഞ്ചത്തിലാവർത്തിക്കാനിരിക്കുന്ന ശാപങ്ങളിൽനിന്നു വിമുക്തനായവൻ—

ഉറക്കെ, വളരെയുറക്കെ, സ്വരംമാററി, ഗതിമാററി, മറെറാരുസ്വരത്തിൽ, മറെറാരുഗതിയിൽ, തീവ്രവേദനയോടെ അവൻ ആർത്തു;

''എനിക്ക് വിശക്കുന്നു മനുഷ്യാ''

''എനിക്ക് ആഹാരംതരൂ ദൈവദൂതാ!''

''ഞാനിപ്പോൾ പിടഞ്ഞു മരിക്കുമല്ലോ—''

അമ്പതിനൊന്ന്

ആഗതന്റെ മുഖത്ത് ഒരു വസന്തകാലം ഉണർന്നുകിടന്നിരുന്നു. അയാൾ ചിരിച്ചപ്പോൾ പൂക്കൾ പൊഴിഞ്ഞുവീണു.

''താങ്കൾ ആരാണ്? ഈ മണൽക്കാട്ടിൽ വന്നെങ്ങിനെ പെട്ടു?''

മുഖത്തുനിന്നു മറച്ച കൈയെടുക്കാതെ, അവൻ ക്ഷീണത്തോടെ ചുണ്ടുകളനക്കി. ഭൂമിയുടെ ശ്വാസകോശത്തിലേക്ക് അവന്റെ സ്വരങ്ങൾ ചിതറി വീണുപിടച്ചു.

''ഞാൻ ഒരു മനുഷ്യൻ. മൃഗങ്ങളിൽനിന്ന് ഒളിച്ചോടിയതാണ്''.

ജിജ്ഞാസയുടെ താല്പര്യം ശമിച്ചപ്പോൾ, പിന്നീട്, ആഗതനൊന്നും സംസാരിക്കാതെ, ചുടുരക്തം പ്രസരിക്കുന്ന ഞരമ്പുകളുഴിഞ്ഞ്, പെട്ടന്നവിടെനിന്നു കൈവലിച്ച് തോളിൽ തൂക്കിയിട്ടിരുന്ന സഞ്ചിയിൽനിന്നും ഒരു പൊതിയെടുത്തു. നിലത്ത്, അവനു കൈയെത്താവുന്ന അകലത്തിൽ പൊതി ശ്രദ്ധയോടെവച്ച്, അതീവശ്രദ്ധയോടെ അഴിച്ചു. അവന്റെ നാവിൽ ഉമിനീരുറഞ്ഞു. മുഖം മറച്ചുവെച്ചിരുന്ന കയ്യെടുത്തവൻ ആഹാരം പൊട്ടന്നനെ ആർത്തിയോടെ വാരി വായിലിട്ടു ചവച്ചരച്ചു. ഇപ്പോൾ അവനു ചുറ്റും തണുത്ത കാറ്റ് മുടിയഴിച്ചിട്ടു—

മഴയ്ക്കുവേണ്ടി പിടഞ്ഞു പുളയുന്ന മേഘഗർഭത്തിലേക്ക നോക്കി ആഗതൻ നിന്നു. പിന്നെ നോട്ടം പിൻവലിച്ച്, ചെളിപിടിച്ച ജീർണ്ണിച്ച വിരലുകളാൽ ഭക്ഷണം മാന്തിയെടുത്ത് വായിലെത്തിക്കുന്ന അവന്റെ മുഖത്ത് ശ്രദ്ധയോടെ പതിപ്പിച്ചു.

—ആ!

അയാളുടെ നോട്ടത്തിൽ അവന്റെ മുഖം നിന്നുതിരിഞ്ഞു. അയാളുടെ കണ്ണുകൾ സൂക്ഷ്മതയുടെ അതിരുകൾ തേടിയിറങ്ങി. തുറിച്ച്, പൈശാചികത നിഴലിക്കുന്ന അവന്റെ കണ്ണുകൾ. വക്രിച്ച കറപിടിച്ച, വിണ്ടുപൊട്ടിയ കറുത്ത ചുണ്ടുകൾ, ചുളിഞ്ഞ നെററി, വലിയ കൂന്, മൺനിറംകലന്ന തലമുടി. പിന്നെയും തുറിച്ച് പൈശാചികത നിഴലിക്കുന്ന—

ഉൾക്കിടിലത്തോടെ ആഗതൻ നിന്നാടി

—നീ...നീ ദുഷ്ടനാണ്.

—നീ ലൂസിഫറുടെ തലവനാണ്.

ഭക്ഷണപ്പൊതി തന്നിലേക്ക് വലിച്ചെടുപ്പിച്ച്, സഞ്ചിയിൽ വാരിക്കൂട്ടിയിട്ട്, അവന്റെ നഖങ്ങൾക്കിടയിൽ അവശേഷിച്ചിരുന്ന ഭക്ഷണബാക്കി തട്ടിത്തെറിപ്പിച്ച് അയാൾ ആക്രോശിച്ചു:

''നീ പിശാചാണ്. നീ ഞങ്ങളുടെ പുരോഹിതപ്രമാണിയുടെ അരമനയിൽനിന്നു വെള്ളിയുടെ മെഴുകുതിരിക്കാലുകൾ മോഷ്ടിച്ചവനുമാണ്. നിനക്കു ഭക്ഷണം തരുന്നവന്റെ കൈകൾ വിണ്ടുപൊട്ടും. അവനും ജയിലഴികൾ പിടിക്കേണ്ടിവരും. തണ്ടുവലിശിക്ഷ അനുഭവിക്കേണ്ടിവരും. തീർച്ച—''

കതിരപ്പുറത്ത് ചാടിക്കയറി അയാൾ വേഗത്തിലോടിച്ചുപോയി. അവൻ അനക്കമററിരുന്നു ഒരു ഭക്ഷണച്ചീളെങ്കിലും അവശേഷിപ്പിക്കാതെ വന്നവൻ പോയി. ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?

വേദനകൾ ഉള്ളിലൊതുക്കി, ആശ്വാസത്തിന്റെ നെടുവീർപ്പുകളിലൂടെ വെറുതെ അലഞ്ഞ്...അലഞ്ഞ് അവൻ ഉറങ്ങി—

...ചെവിയിടുക്കിൽ, കാലടികൾ മണലിലുരസുന്ന ശബ്ദം കേട്ടവൻ ഞെട്ടിയുണർന്നു. മുന്നിലൊരു ചെറുപ്പക്കാരൻ നിൽക്കുന്നു. അവന്റെ തോളിലും ഒരു സഞ്ചി—

ചെറുപ്പക്കാരൻ തുറന്നുവെച്ച ഭക്ഷണത്തിനു പിന്നിൽ അവന്റെ ഉറക്കം ബാക്കികിടക്കുന്ന കണ്ണുകൾ അത്ഭുതത്തോടെ തിളങ്ങി, കറങ്ങി...

''ഭക്ഷിക്കൂ, സഹോദരാ ഭക്ഷിക്കൂ—'' ചെറുപ്പക്കാരൻ നിർബ്ബന്ധത്തിന്റെ അഗാധതതേടി.

''താങ്കൾ എന്നെ അറിയുമോ?'' ഇമകൾ കൂട്ടിത്തിരുമ്മി സാധാരണത്വമേറിയ ഒരു കൊച്ചുനോട്ടമെറിഞ്ഞ്, കാഠിന്യസ്പർശമേല്ക്കാത്ത ശബ്ദത്തിലവൻ ചോദിച്ചു.

''ഇല്ല'' ചെറുപ്പക്കാരൻ പറഞ്ഞു; ''ഞാൻ അറിയുകയില്ല നിങ്ങളുടെ ക്ഷീണിച്ച കണ്ണുകൾ എന്നെ ദുഃഖിതനാക്കുന്നു സഹോദരാ''.

അവനു് ഒതുക്കാനായില്ല. അവൻ നിർവ്വികാരതയോടെ ഉരുവിട്ടു: ''ഞാൻ അവനാണ്. ഗർഭപാത്രത്തെ വ്യഭിചരിച്ചവൻ. പുറത്തുവന്നപ്പോൾ റൊട്ടിക്കഷ്ണം മോഷ്ടിച്ചവൻ. പുരോഹിതപ്രമാണിയുടെ അരമനയിൽനിന്നും വെള്ളിയുടെ മെഴുകുതിരിക്കാലുകൾ മോഷ്ടിച്ചെടുത്തോടിയവൻ...''

ചെറുപ്പക്കാരൻ ഒന്നും മിണ്ടാനാവാതെ, ചലനരഹിതനായി, ഭയത്തിന്റെ മാംസപ്രതിമയായി ഇരുന്നു.

''ഞാൻ ശാപസന്തതിയാണ്. താങ്കളുടെ ഹൃദയത്തിൽ ഭീകരചിത്രങ്ങൾ ഉല്പാദിപ്പിക്കുന്നവനാണ്. അന്യരുടെ ഭാഷയിൽ ഞാൻ ജീൻ—വാൽ—ജീൻ''.

വാക്കുകൾ പൊട്ടിച്ചിതറി തലയിൽ പതിച്ചപ്പോൾ, ഭ്രാന്തനിറംകണ്ടു ഞെട്ടിയതുകൊണ്ടുമാത്രം, തിരിഞ്ഞുനോക്കാതെ, മണൽപ്പുറത്തിലേക്ക് ചെറുപ്പക്കാരൻ പതറിയോടി.

—നീയും പോയി? അവസാനത്തെ പച്ചിലയും വലിച്ചെറിഞ്ഞ് നീയും പോയോ?

അവനുറക്കെ ചിരിക്കാൻതോന്നി. അവനിൽ തണുപ്പ് തേരട്ടയായി ഇഴഞ്ഞുകയറി. ഒന്നുറക്കെച്ചിരിച്ച്, ഭക്ഷണപ്പൊതി കിടങ്ങിലേക്ക് വലിച്ചെറിഞ്ഞ് അവൻ ഓടി. ഉയർത്തികെട്ടിയ, കഴുകന്മാരുടെ വിസർജ്ജനങ്ങൾ ഉണങ്ങിക്കിടക്കുന്ന മതിൽ ചാടിക്കടന്ന് ഏതോ ഒരു ശവക്കുഴിയ്ക്കരികിൽ അവനെത്തി—

നിമിഷങ്ങളോളം അവൻ ആ കുഴിയിലേക്ക് ഉററുനോക്കിനിന്നു. പിന്നെ ഒരു സ്വപ്നാടനത്തിലെന്നപോലെ സാവകാശം കുഴിയിലേക്കിറങ്ങി, കുഴിയുടെ പരിധികൾ ലംഘിച്ച് നിവർന്നുകിടന്നു. ആകാശങ്ങളിലൂടെ ശവങ്ങൾ ഘോഷയാത്ര നടത്തുന്നതു് അവനപ്പോൾ കണ്ടു. □

''കന്നുകാലികൾ എങ്ങനെയുണ്ടാവുന്നു ?'' അദ്ധ്യാപകൻ ചോദിച്ചു:

''കന്നുകൾക്കു കാലു മുളയ്ക്കുമ്പോൾ കന്നുകാലികൾ ഉണ്ടാവുന്നു'' കുട്ടി പറഞ്ഞു.

''തെററ്'' അദ്ധ്യാപകൻ പറഞ്ഞു. എന്നിട്ട് അദ്ധ്യാപകൻ പാഠപുസ്തകത്തിൽനിന്ന് ഇപ്രകാരം വായിച്ചു. ''ആരും കന്നുകാലികളായി ജനിക്കാറില്ല. മറിച്ച്, പതിനഞ്ചു കൊല്ലത്തെ വിദ്യാഭ്യാസത്തിനുശേഷം ജോലിയും ഭാര്യയും കാറും ടെലിവിഷൻസെററും നേടുന്നു. കാലക്രമത്തിൽ കുഞ്ഞുണ്ടാവുകയും വീടുവെയ്ക്കുകയും ചെയ്യുന്നു. കൂട്ടംചേർന്ന് പുരോഗതി പ്രാപിക്കുന്നു. അങ്ങനെ തലയിൽ കൊമ്പു മുളയ്ക്കുന്നു അല്ലെങ്കിൽ തൊഴിൽശാലയിലോ, വയലിലോ ജോലി ചെയ്യുന്നു. അല്ലെങ്കിൽ വിദ്യാലയങ്ങളിലോ ആപ്പീസുകളിലോ അദ്ധ്വാനിക്കുകയും യാതനയനുഭവിക്കുകയും ചെയ്യുന്നു. കൂട്ടംചേർന്ന് വിപ്ലവം സൃഷ്ടിക്കുന്നു, ഇതിൻഫലമായും തലയിൽ കൊമ്പു മുളയ്ക്കാൻ തുടങ്ങുന്നു, ഇങ്ങിനെയത്രേ കന്നുകാലികൾ ഉണ്ടാവുന്നത്.''

ഇതു കേട്ട കുട്ടിക്കു വിഷമമായി.


''കന്നുകാലിയാകാതിരിക്കാൻവല്ലവഴിയുമുണ്ടോ?'' അവൻ അദ്ധ്യാപകനോടു ചോദിച്ചു.

തൻെറ കൊമ്പുകളുടെ മുരടു ചൊറിഞ്ഞുകൊണ്ട് അദ്ധ്യാപകൻ പറഞ്ഞു: ''അറിഞ്ഞുകൂടാ !''

[''വിജയൻെറ കഥകളി''ൽ നിന്ന്.]

# ഒന്നാംകഥ

കെ. എസ്. ജോൺസൺ



കഥാകൃത്ത് ഒരു കഥപറയാൻ പോകുന്നു. ഒരു വൃക്ഷത്തിൻെറ കഥ. വൃക്ഷം ചത്തകഥ. ആദ്യമെല്ലാം നമ്മുടെ കഥാപാത്രമായ വൃക്ഷം മരുഭൂമിയുടെ മന്ദഹാസമായിരുന്നു. ഉണക്കംബാധിച്ചുതുടങ്ങിയ ഹൃദയവും വരണ്ട മനസ്സുമായി വന്ന സാർത്ഥവാഹകസംഘങ്ങൾക്കെല്ലാം വൃക്ഷം തണലേകിയിരുന്നു. എത്രമാത്രം തളിരിലകൾ, പൊട്ടിക്കിളുക്കാൻ വെമ്പുന്ന എത്രമാത്രം മുകുളങ്ങൾ. ചില്ലകളിൽ ചെറുകിളികളുടെ കൊച്ചുകൊച്ചു കൊട്ടാരങ്ങളും—

വൃക്ഷം നെടുവീർപ്പിട്ടു. എല്ലാം കഴിഞ്ഞുപോയ ഓർമ്മകൾമാത്രം.

നാളുകളേറെയായിരിക്കുന്നു, വൃക്ഷം വെള്ളംകണ്ടിട്ട്. ഒരു കുളിർകാററുപോലും അതുവഴി വരുന്നില്ല. ഒരു സാർത്ഥവാഹകസംഘമെങ്കിലും. ഇല്ല, ഒരിററു വെള്ളംതരാൻ ആരും വരുന്നില്ല

വൃക്ഷം കണ്ണീർവാർത്തു.

അങ്ങനെയിരിക്കവെ ഒരുനാൾ പതിവിനു വിപരീതമായി പടിഞ്ഞാറൻമാനം കറുത്തു. മാനംനിറയെ മേഘങ്ങളുടെ പെരുന്നിരകൾ. വൃക്ഷം ഒന്നുകൂടിനോക്കി. എത്ര നോക്കിയിട്ടും മതിവരുന്നില്ല. ഇന്നു തീർച്ചയായും മഴപെയ്യും. വൃക്ഷം കരുതി. ആഹ്ളാദത്താൽ വൃക്ഷം കോരിത്തരിച്ചു. ഇപ്പോൾ, ദാ ഇപ്പോൾ മഴ വീഴാൻതുടങ്ങും...

പെട്ടെന്ന് ഒരു കുളിർക്കാററ് വൃക്ഷത്തിനടുത്തുവന്നു. വൃക്ഷം കാററിനു സ്വാഗതമോതി.

''ഉം. എന്താ?'' കാററുചോദിച്ചു.

''വരാൻപോകുന്ന മഴയെപ്പററി ഞാൻ സ്വപ്നംകാണുകയാണ്. മഴ പെയ്യും. ഞാൻ വെള്ളംകുടിക്കും. മതിവരുവോളം കുടിക്കും. അതുകഴിഞ്ഞ് കുറെ സംഭരിച്ചുവെയ്ക്കും. അടുത്ത വേനലിലേക്കായി—''

''ഛീ വിഡ്ഢി'' കാററ് ചിരിച്ചു. ''നിൻെറയൊരാഗ്രഹം! അതു സഫലമാകില്ല. നോക്ക്, കാലവർഷക്കാററ് ഇങ്ങോട്ടല്ല വരുന്നത്. അത് തെക്കൻ ചക്രവാളത്തെ ലക്ഷ്യമാക്കിയാണ് നീങ്ങുന്നത്. അതിനെ തടഞ്ഞുനിർത്തി ഇവിടെ പെയ്യിക്കുവാനായി ഈ മരുഭൂമിയിൽ പർവ്വതങ്ങളില്ലല്ലോ. പോട്ടെ, ഒരു മൊട്ടക്കുന്നെങ്കിലുമില്ലല്ലോ. പിന്നെന്തുചെയ്യും ?''

എന്നിട്ട് കാറെറന്തുചെയ്തെന്നോ? അതതിൻെറ വഴിക്കുപോയി. നമ്മുടെ വൃക്ഷം എന്തുചെയ്തെന്നോ? ഒട്ടിയ വയറോടെ, എല്ലാവരേയുംപോലെത്തന്നെ മോഹഭംഗത്തോടെ ചത്തുവീണു. അതോടെ കഥയുംകഴിഞ്ഞു. □

# അവസാനത്തെ കാഴ്ച

രത്നമോഹൻ



മഞ്ഞച്ചായം പൂശിയ മതിൽക്കെട്ടിനപ്പുറം ടാറിട്ട റോഡ്. ഒരു വശത്ത് പൂപ്പലുപിടിച്ച അഴികളിട്ട ചായക്കട. അതിനുമപ്പുറം ചെമ്മൺപാത.

വേലിപ്പടർപ്പുകൾക്കിടയിലൂടെ നീളുന്ന പാതയിലേക്കു നോക്കിയിരിക്കുമ്പോൾ മനസ്സു പിറുപിറുത്തിരുന്നു: സമയമായില്ല. വരും.

എന്നത്തേയുംപോലെ ഡോക്ടർ പോയിക്കഴിഞ്ഞു. പിന്നാലെ സുന്ദരിയായ നഴ്സ്. ബെഡ്ഡിനു പിന്നിലെ ചാർട്ടിൽ നോക്കി കത്തിക്കുറിക്കുമ്പോൾ അയാളുടെ കണ്ണുകളിലൊരു പ്രത്യേകതയും ഉണ്ടായിരുന്നില്ല. അതു് നിത്യപരിചയത്തിന്റെ ഫലമായിരിക്കണം.

ഡോക്ടറോട് അതിനെക്കുറിച്ച് ചോദിക്കാമായിരുന്നു. വിരലുകൾ നഷ്ടപ്പെട്ട കറുത്ത നിഴലിനെക്കുറിച്ചും മററും—

ഇവിടെ വന്നതിന്റെ പിറേറന്ന് ഒരു നീണ്ട ഉച്ചയുറക്കത്തിനുശേഷം ആരുടേയോ സ്പർശമേററതായിത്തോന്നിയപ്പോഴാണ് കണ്ണു തുറന്നത്. കനം തൂങ്ങിയ കൺപോളകൾ തുറക്കുവാൻ മടികാണിച്ചിരുന്നു. മൂടൽമഞ്ഞിലൂടെയെന്നപോലെ വാതിൽ കടന്നുപോകുന്ന രൂപത്തിന് ഒരു പെൻസിൽ സ്കെച്ചിന്റെ ചാരുതയേ ഉണ്ടായിരുന്നുള്ളു. തലമുടിയിൽ കോറിവരച്ചതുപോലെ നിറംനഷ്ടപ്പെട്ട രേഖകൾ ചിതറിക്കിടന്നിരുന്നു. കണ്ണിനു് ശക്തി തിരിച്ചുകിട്ടിയപ്പോൾ മുറി നിറയെ വെളിച്ചം പരന്നിരുന്നു. ഒരൊററ ബെഡ്ഡും മരുന്നുകുപ്പികളും മാത്രമുള്ള മുറി. താഴെ വാതിലിന്നരികെ പറന്നുവീണിരുന്ന പത്രത്തിന്റെ മടക്കിനുപോലും മാററം വന്നിരുന്നില്ല.

വെൻറിലേററിനുള്ളിലൂടെ വെയിലിന്റെ ഒരു നേരിയ ചരട് ഇഴുകിക്കിടന്നു. ഇന്നലെ ഒരുപാട് സന്ദർശകരുണ്ടായിരുന്നു. ജനലഴികൾക്കിടയിലൂടെ കണ്ണുകൾ തുറിച്ചുവരുന്നതും കടന്നുപോവുന്നതും കണ്ടുകിടന്നപ്പോൾ കഴിഞ്ഞതെല്ലാം ഒരു കിനാവിലെന്നപോലെ മിന്നിമറഞ്ഞു. ഉറഞ്ഞ സന്ധ്യയായിരുന്നു. കോണിച്ചോട്ടിലെ ഓടാമ്പലുകളുടെ ചിതറിയ കിരുകിരുപ്പുമാത്രം.

ആളുകൾ എട്ടു പേരുണ്ടായിരുന്നു. ആരുടേയും മുഖം വ്യക്തമല്ല. തറവാടിന്റെ പൂമുഖത്ത് വെള്ളവിരിയിൽ പൊതിഞ്ഞ എന്തോ ഒന്ന്. അവരതെടുത്ത് മഞ്ചലിൽവെച്ചു. രണ്ടു മുളങ്കാലുകളിൽ പനമ്പിന്റെ മഞ്ചൽ. ചെളി നിറഞ്ഞ ഊടുവഴിയിലൂടെ നിശ്ശബ്ദതയെ മുറിച്ചുകൊണ്ടു നീങ്ങുന്ന സംഘം. പനയാന്തോടിനും പിന്നെപ്പിന്നെ പാടത്തിനും ശേഷം പുഴ.

മണൽപ്പുറംപോലുമില്ലാതെ പരന്നുകിടക്കുന്ന തണുത്ത വെള്ളം. വഞ്ചിയിൽ ഭാരമിറക്കി എല്ലാവരും കയറിയിരുന്നു. വെള്ളത്തിലുന്തു വീണ്ടുകയറുന്ന തുഴയുടെ ശബ്ദംമാത്രം. അമരത്ത് കരിപിടിച്ച റാന്തലിന്റെ മിന്നുന്ന വെളിച്ചം. അമരക്കാരന്റെ തുഴപിടിച്ച കൈത്തണ്ടകൾ ഒരീണത്തിൽ ചലിച്ചിരുന്നു...

ഒരാളും നാവനക്കിയില്ല. ചിതറിത്തെറിച്ച തണുത്ത ജലത്തിൽ അലിഞ്ഞുചേരുമ്പോൾ മറവിയുടെ പുഴയിലെ ഒരുണ്ടവായി രൂപംതന്നെ നഷ്ടപ്പെട്ടിരുന്നു. പുഴുത്ത ചൂരുള്ള കിടക്കയും വിരിയും വേർതിരിച്ചറിയാൻ വിഷമിച്ചു.

മിനിഞ്ഞാന്നു് ചില്ലുകൾക്കിടയിലൂടെ നോക്കിയിരുന്നപ്പോൾ ഒരു നിമിഷം എത്തിനോക്കിയതാരാണ്? ഒരു മാത്രമാത്രം. മഞ്ഞിൽ തീർത്തപോലെ വിളറിയ മുഖത്തിനു് ജ്യാമിതി നഷ്ടപ്പെട്ടിരുന്നുവോ? നീണ്ട കണ്ണുകൾ മാത്രം കാണാമായിരുന്നു. ചില്ലിനേയും കടന്ന് കട്ടിലിന്നരികിലെത്തിയ കൺമുനകൾ.

ഒരാവേശത്തിൽ എഴുന്നേററിരുന്നപ്പോഴേക്കും ഓപ്പറേഷൻവാർഡുകൾക്കപ്പുറമുള്ള കമ്പിവേലിയ്ക്കരികിലേക്ക് നീങ്ങിക്കഴിഞ്ഞിരുന്നു.

ഒരിക്കൽ, ഒരു നിമിഷമെങ്കിലും കണ്ടിരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ? രാജഗോപാലൻനായരുടെ ഭാര്യയും മകളും ഇന്നലെ വന്നിരുന്നു. ഇളംനീല മാക്സിയണിഞ്ഞ പ്രീതാ രാജഗോപാൽ. നീല സാരിയുടുത്ത ലക്ഷ്മി. ലക്ഷ്മിയുടെ കണ്ണുകളിൽ ഈർപ്പം വിതുമ്പിയിരുന്നു. വെളുത്ത മുഖക്കുരുവില്ലാത്ത മുഖത്ത് ചെമപ്പ് പകന്നിരുന്നു. അവരുടെ ചുമലിൽ ചാരിയിരുന്ന പ്രീതയ്ക്ക് ഒന്നു നോക്കാൻപോലും കരുത്തുണ്ടായിരുന്നില്ല.

എന്തിനാണവർ വന്നത്? വൈകുന്നേരം അഞ്ചരയ്ക്ക് കാപ്പി കുടിയ്ക്കാനെത്തുന്ന രാജഗോപാലൻനായർ ദേഷ്യപ്പെട്ടുമായിരിക്കും. ഷെയറുകളുടേയും ലിക്വിഡിറ്റിയുടേയും ലോകത്തുനിന്നും രക്ഷപ്പെട്ടുവന്നെത്തുന്ന നേരം. സ്വീകരിക്കാനാരുമില്ലെങ്കിൽ...

സ്വകാര്യവേളകളിൽ ഒരു മാറാപ്പു മുഴുവൻ അഴിച്ചിടാറുള്ള നായർ. ഊടുവഴികളിലൂടെ വെള്ളം തെറിപ്പിച്ചു നടന്ന ഒരു മൗനിയുടെ ബാല്യം. കാവിലെ നേർച്ചയും പുഴക്കടവിലെ ചാവുമ്പാറകളിൽ പൊട്ടിയമർന്ന സ്വപ്നങ്ങളും നിറഞ്ഞ കൗമാരം. ഓർമ്മകൾക്കു മീതെ ഒരു നേരിയ വെളുത്ത പാട...

പായലു നിറഞ്ഞ പാടങ്ങൾക്കിടയിൽ മിന്നി മിന്നി നീങ്ങുന്ന തീപ്പൊരികൾ. കത്തിച്ച ചൂട്ടിന്റെ പോലെ

അതു് ചലിച്ചുകൊണ്ടിരുന്നു. വമ്പനക്കാവിലെ കിണററിൽ നിന്നു് ഒടിയന്മാർ രൂപംമാറി നടക്കുമത്രെ.

ഒടിയനെ ഭയങ്കര പേടിയായിരുന്നു. അറസ്റ്റിലെ ചട്ടകാലൻ മമ്മാലിക്കു് ഭ്രാന്തുപിടിക്കാൻകാരണം ഒടിയനാത്രെ. ഒരു ദിവസം രാത്രി മരക്കമ്പെനനിന്നു് മടങ്ങുകയായിരുന്നു. വയലിനക്കരെ തോടിനു പിന്നിലായിരുന്നു മമ്മാലിയുടെ വീട്ടു്. വരമ്പിലിറങ്ങിയപ്പോൾതന്നെ തോന്നിയതാണു്, പിന്നിലാരോ ഉണ്ടെന്നു്. മിണ്ടാതെ നടന്നു. പിന്നില് അറക്കവാളിൻെറ ശബ്ദം. ശബ്ദം ഓരോ അടിവയ്ക്കുമ്പോഴും വർദ്ധിക്കുകയായിരുന്നു. അവസാനം ഇടിമുഴങ്ങുന്നതുപോലെയായി. മമ്മാലി ഒന്നേ നോക്കിയുള്ളൂ.

കിതച്ചു് അറസ്റ്റിലെത്തി മലർന്നടിച്ചുവീണു. പിന്നെ ഒരു മാസം സന്നിയായിരുന്നു. കുളിച്ചുകഴിഞ്ഞപ്പോഴേക്കും ആളാകെ മാറിയിരുന്നു. മസിലുരുണ്ടുകളിക്കുന്ന കൈകൾ കൊള്ളിത്തണ്ടുപോലെയായി. എപ്പോഴും പിറുപിറുത്തോണ്ടു നടക്കും. ആരെയും ഉപദ്രവിക്കില്ല. പക്ഷെ വാക്കത്തിയോ അരിവാളോ കണ്ടാൽ വെകിളിയെടുക്കും. കണ്ണുകൾതുറിച്ചു് ചുണ്ടുകടിച്ചമർത്തി തുമ്മിക്കൊണ്ടു പായും.... തണുപ്പുനിറഞ്ഞ രാത്രികളിൽ ജനാലപ്പഴുതിലൂടെ തീപ്പൊരികൾകൊണ്ടുവരുന്ന രൂപത്തെ കാത്തുനിന്നിരുന്ന മണിക്കൂറുകൾ. മുററത്തു് ഓലത്തുമ്പുകളിലൂടെ തുള്ളിയായി ചിതറിവീഴുന്ന മഞ്ഞു് അവ കെടുത്തിക്കളഞ്ഞിരിക്കും. മുഖത്തു് വസൂരിക്കലകളുള്ള രാജഗോപാലൻനായരെ ആദ്യമായി കണ്ടുമുട്ടിയതെന്നാണെന്നുകൂടി ഓർമ്മയില്ല. അല്ലെങ്കിലും എങ്ങിനെയോർക്കാൻ? സ്വീകരണത്തിനും യാത്രയയപ്പിനും, നൃത്തങ്ങൾക്കും പാർട്ടികൾക്കുമെല്ലാമിടയിൽ നിറംപിടിച്ച സ്യൂട്ടുകളിൽ നായർ എത്തിയിരുന്നു.

പ്രീതിവിലാസിലെ ഔട്ട്ഹൌസിൽ മയങ്ങാൻ കഴിയാതെ കിനാവുകൾ കൊരുത്തൊട്ടങ്ങിയ എത്രയെത്ര രാത്രികൾ. ഇടവിട്ട ദിവസങ്ങളിൽ പലപ്പോഴും പതിനൊന്നടിച്ചശേഷം പറമ്പിൽ കരിയിലകൾ ഞെരിയുമ്പോൾ ഓക്കാറുണ്ടു്: ആരോ കടന്നുപോവുന്നു. ആരോ...

ഒരു വ്യാഴാഴ്ചയാണു് അജ്ഞാതനെ നേരിൽകണ്ടതു്.

ഗേററുകടന്നു് റോസാച്ചെടികൾക്കിടയിലൂടെ മുള്ളിലുടക്കാതെ പിൻപുറത്തെ വതിലിനുനേരെ ചലിക്കുന്ന നിഴൽ. ശബ്ദമുണ്ടാക്കാതെ വാതിൽതുറന്നുപുറത്തിറങ്ങിയപ്പോൾ തണുപ്പു് സൂചിപോലെ തുളച്ചുകയറി. ഒതുക്കുകളിറങ്ങി നിഴലിനെ പിന്തുടരുമ്പോൾ മനസ്സു് പിറുപിറുത്തിരുന്നു: അവസാനം ഇതാ എൻെറ നിമിഷം വന്നിരിക്കുന്നു.

തീപ്പൊരി തിരിവുകടന്നു് പിമ്പുറത്തേക്കു് നീങ്ങി. വാതിൽ ഒരു ചെറിയ ഞരക്കത്തോടെ തുറന്നു. ഉള്ളിൽ ഇരുട്ടിലൂടെ പാദങ്ങളുരയുന്ന ശബ്ദത്തെ പിന്തുടന്നു.

തീൻമുറികടന്നു് അടുത്ത മുറിയിലേക്കു പ്രവേശിച്ചപ്പോൾ പുഴകിയ നെല്ലിൻെറ മണം. അതൊരു നീണ്ട ഇടനാഴിയുടെ തുടക്കമായിരുന്നു. ഇടുങ്ങിയ സ്ഥലം. കൈകളിരുപുറത്തേക്കും വിരിച്ചുനിന്നാൽ ചുമരുകളെ തൊടാം. ചോർന്നുതുടങ്ങിയ ധൈര്യം പിടിച്ചു നിർത്തിക്കൊണ്ടു് നിമിഷങ്ങളോളം നടന്നു. മെല്ലെ അസ്വസ്ഥമായ യാത്രയുടെ അവസാനത്തിൽ നീല വെളിച്ചം നിറഞ്ഞ മുറി. ചുവരിൽ തൂക്കിയ ദിനോസറിൻെറ ചിത്രത്തിലെ കണ്ണുകൾ ചെമന്നിരുന്നു. മങ്ങിയ നീല ജ്വാലയിൽ വില്ലീസുമെത്തയും തലയിണയും മുകളിലൂടെ നൃത്തംചെയ്തു നീങ്ങുന്ന നിഴൽ. പെട്ടെന്നു് നേടിയ ആവേശത്തോടെ ഒരു ചാട്ടത്തിനൊരുങ്ങിയപ്പോൾ തീയണഞ്ഞുപോയിരുന്നു.

പുറത്തേക്കു കടക്കാനുള്ള വഴിപോലും കാണാനുണ്ടായിരുന്നില്ല. ഒരു പൊട്ടലോടെ നീലവെളിച്ചം കെട്ടു. ചീവിടുകൾ കട്ടിലിൻ വിടവുകളിലിരുന്നു് ചുണ്ടുകളുരക്കുന്ന ചീററൽ ചെവിയിൽ ഇടിമുഴങ്ങുംപോലെ വന്നുവീണു. മെതിയടികളുടെ പാദപതന ശബ്ദം അകലെനിന്നെന്നപോലെ കേൾക്കാമായിരുന്നു.

മേശപ്പുറത്തുനിന്നു കിട്ടിയ ഇരുമ്പുവടികൊണ്ടു് ഭിത്തിയിൽ ഉരഞ്ഞുനോക്കി. കടലാസുകീറുംപോലെ ഇരുമ്പു് കമ്മായം പൊടിച്ചുകൊണ്ടു നീങ്ങി. പുറത്തേക്കുള്ള വാതിലിനു് ഒരാൾവലിപ്പമേ ഉണ്ടായിരുന്നുള്ളു. കുനിഞ്ഞു് ആവോളം ഒതുങ്ങിക്കടന്നപ്പോൾ തൊണ്ടയിലെവിടെനിന്നോ ഒരു തേങ്ങൽ പുറത്തുവന്നു. കവാടം കടന്നു ചെല്ലുന്നിടം മുറി മുഴവൻ നിറഞ്ഞുനില്ക്കുന്ന ചിലന്തിവല. വലയിൽ പുറത്തേക്കു തള്ളിയ ചോപ്പൻകണ്ണുകളുള്ള എട്ടുകാലിയുടെ വായിൽ നിഴലിൻെറ കൈപ്പത്തികൾ. ചാവുവിളിക്കെത്തിയ കാക്കയുടെ കരച്ചിൽ ഒരു ഞെട്ടലോടെ കേട്ടു. കയ്യുയർത്തി വലയ്ക്കു നേരെയാഞ്ഞപ്പോൾ ചിലന്തിയുടെ കണ്ണുകളടഞ്ഞു. പിന്നെ ഒരലച്ചയോടെ ഉത്തരം തകരുന്ന ഒച്ച. മറെറല്ലാം അതോടെ അവസാനിച്ചു. കണ്ണുകളെ ആത്മാവുമായി ബന്ധിച്ചിരുന്ന ചങ്ങലകൾ പൊട്ടിത്തകർന്നു.

—മിസ്റ്റർ ആർ. ജി. നായർ, സുഖം തന്ന്യല്ലെ?

വാതിൽ തുറന്നകത്തു കടന്ന ഡോക്ടറുടെ ശബ്ദം മാത്രമേ കേട്ടുള്ളൂ. തോളിൽ തൂക്കിയിട്ട സ്റ്റെതസ്കോപ്പിൻെറ അററത്തു് വസൂരിക്കലവീണ മുഖത്തിൻെറ പ്രതിഫലനം. സ്റ്റെതസ്കോപ്പു് കഴുത്തിനരുകിലേക്കു വന്നപ്പോൾ കണ്ണുകളിറുക്കിയടച്ചു. വെളുത്തുരുണ്ട ഭംഗിയുള്ള വിരലുകൾക്കു് മാർദ്ദവം നഷ്ടപ്പെട്ടതെങ്ങനെ—വിരൽമുനകൾ ദ്രവിച്ചുതുടങ്ങിയിരിക്കുന്നു.

ക്രമേണ അയാളുടെ രൂപം ഒരു നിഴലായി മാറുകയായിരുന്നു. വിരലുകൾ നഷ്ടപ്പെട്ട കറുത്ത നിഴൽ. എല്ലിച്ച കൈത്തലങ്ങൾ കഴുത്തിനെ പിടിച്ചു ഞെരിക്കാൻ തുടങ്ങിയപ്പോൾ ഒന്നനങ്ങുവാൻപോലുമായില്ല. ഒന്നു നിലവിളിക്കാൻ പോലും— □

# അനിവാര്യത


ഉണ്ണിക്കൃഷ്ണൻ

വർഷങ്ങൾക്കുശേഷം ജനിക്കാനിരിക്കുന്ന എന്റെ ഒരേയൊരു മകൻ ഒരിക്കൽ സഗൗരവം എന്നോടു ചോദിക്കും ;

അച്ഛൻ ഓർക്കുന്നോ, എത്ര മോശമായ രീതിയിലാണ് അച്ഛൻ ജീവിച്ചിരുന്നതെന്ന് ?

മഹർഷീതുല്യനായ ഒരാളെപ്പോലെ ശാന്തത കൈവരിച്ച് മനം കുളിർപ്പിക്കുന്ന സ്വരത്തിൽ ഞാൻ മൊഴിയും :

മകനേ, പ്രതികാരത്തിന്റെ മാറ്റുങ്ങളെക്കുറിച്ച് നീ തികച്ചും അജ്ഞനാണ്. നിനക്കറിയാമോ, നിന്റെ മുത്തച്ഛ



നേയും മുത്തശ്ശിയേയും ഒരു കാലത്ത് എത്രമാത്രം നിഷ്ഠുരമായ രീതിയിൽ പീഡിപ്പിച്ചിരുന്ന ഒരുത്തിയാണവളെന്ന്. അവൾ നിന്റെ മുത്തച്ഛന്റെ നേരെ വിരൽ ചൂണ്ടിയപ്പോഴും മുത്തശ്ശിയുടെ മേൽ അപമാനത്തിന്റെ ചെളി വാരിയെറിഞ്ഞപ്പോഴും എന്റെയുള്ളിൽ പ്രതികാരാഗ്നി ജ്വലിച്ചുയരുകയായിരുന്നു. ഒരു മകന്റെ വേദന നീ മനസ്സിലാക്കാൻ പോകുന്നതേയുള്ളൂ. എനിക്കൊരു പാത തിരഞ്ഞെടുക്കേണ്ടിവന്നു. ചുരുക്കം ചിലരുടെ മുമ്പിലെങ്കിലും അവളെ ഒരു വേശ്യയായി ചിത്രീകരിക്കണമെന്ന ഒരു ക്രൂരമായ മോഹം ക്രമേണ എന്നെ കീഴ്പ്പെടുത്തി. അല്ലാതെ വ്യഭിചരിക്കാനുള്ള ആസക്തികൊണ്ടായിരുന്നില്ല മകനേ, ഞാനതിന് വഴിപ്പെട്ടിരുന്നത്.

നീ ഇതുകൂടി മനസ്സിലാക്കണം. നൂറ്റൊന്ന് പകലുകളും രാവുകളും അവളോടൊത്ത് ഉറങ്ങിയിട്ടും വിവാഹത്തിനു മുമ്പ് നിന്റെ അമ്മയുടെ ഒരു കുപ്പിവള പൊട്ടിച്ച സംതൃപ്തി പോലും അവളിൽനിന്ന് എനിക്കു ലഭിച്ചിട്ടില്ല.

നിനക്കിതെല്ലാം വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടാകും. അച്ഛനതറിയാം. പക്ഷേ, നിന്റെ അമ്മ, ഞാൻ ആശ്വാസം കണ്ടെത്തുന്ന എല്ലാം മനസ്സിലാക്കിയിട്ടുള്ള തന്റേടിയായ ഭാര്യയാണെന്നറിയുമ്പോൾ നീ അത്ഭുതപ്പെട്ടേക്കാം.

അച്ഛനുവേണ്ടി ഇതെല്ലാം നീ വിശ്വസിച്ചേ തീരൂ. അമ്മയ്ക്കു വേണ്ടിയും. പോരാ, അതിലുപരി നിനക്കുതന്നെ വേണ്ടി. □

ക്രൈസ്റ്റ്കോളേജ്മാഗസിൻ

തമിഴ് കവിത

## പത്രവായനയ്ക്കുശേഷം

ഷൺമുഖ സുബ്ബയ്യ

പാർലിമെന്റിന്റെ ഒന്നാംനിലയിൽ
ഒരു ചത്ത എലി ചീഞ്ഞുനാറുന്നു.
ഫൂ.........
അതിനെ അവിടന്നു നീക്കംചെയ്യാൻ
ആഴങ്ങളിലേക്ക് വലിച്ചെറിഞ്ഞ്
കുഴിച്ചുമൂടാൻ;
ഇവിടെ ആരുമില്ലേ ?
ഈ ഭൂമിയിൽ
നമ്മെപ്പോലുള്ളവർക്ക് ചെയ്യാവുന്നത്—,
നമുക്ക് കാര്യങ്ങൾ മണക്കാം;
നിങ്ങൾ
വലിയവർക്ക്
ഞങ്ങളുടെമേൽ ഭരിക്കുന്നവർക്ക്
അതറിയുവാനുള്ള
മനസ്സില്ലെന്നോ ? □

# സൂര്യനും ഞാനും

കെ. പി. ജോർജ്ജ്

അസ്തമയത്തിനുപോലും അറുപത്തു സൂര്യന്മാരുടെ കരുത്തുണ്ടായിരുന്ന ഫെബ്രുവരി മാസമായിരുന്നു അത്. ഒരു കവിത മെനഞ്ഞുണ്ടാക്കാനുള്ള പ്രയാസത്തെപ്പററി ഞാൻ വ്യാകുലപ്പെടുകയായിരുന്നു. പകൽ മുഴുവൻ ജ്വലിച്ചുകൊണ്ടിരുന്നതിനുശേഷം രാത്രി മാളത്തിലേക്കു പോകാനൊരുമ്പെടുന്ന സൂര്യൻ എന്നെ വല്ലാതെ അരിശം പിടിപ്പിച്ചു.

''അസത്തെ, നീ താഴെവാ! ഞാനിവിടെ പ്രയാസപ്പെട്ടു പണിയെടുത്തുകൊണ്ടിരിക്കുന്നു. നീയാണെങ്കിൽ എല്ലാവഷ്വും ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഏയ്! എന്റെ സൂര്യാ നീ ഈ ജോലി ഒന്നുനിർത്തി താഴെവരൂ നമുക്ക് ഒരു കപ്പു ചായ കഴിക്കാം. എന്നിട്ട് അല്പനേരം സംസാരിക്കാം''.

ഇത്രയും പറഞ്ഞപ്പോഴും അകലങ്ങളിലുള്ള സൂര്യൻ താഴെക്കിറങ്ങിവരുമോ എന്ന ശങ്ക എനിക്കുണ്ടായിരുന്നു എങ്കിലും ഞാനതുപറഞ്ഞു. അത്രതന്നെ. പ്രതീക്ഷിച്ചതുപോലെ സൂര്യൻ ഇറങ്ങിവന്നില്ല. എനിക്കരിശം കയറി. ഒന്നേ ചെയ്യാനുണ്ടായിരുന്നുള്ളൂ. ഞാനെന്റെ മഷിക്കുപ്പി സൂര്യനു നേരെ ആഞ്ഞെറിഞ്ഞു. ചുവന്നമഷിതട്ടി സൂര്യന്റെ തിളങ്ങുന്ന മുഖം ചെമന്നു.

അത്ഭുതം! അവൻ താഴേക്കിറങ്ങിവരാൻ തുടങ്ങി.

അല്ല. ഞാനെന്താണീ കാട്ടിയത്? സൂര്യൻ എന്റെ വീടിന്റെ അരികിലെത്തിയിരിക്കുന്നു. അവനിൽനിന്നും ചുടുജ്വാലകൾ അകത്തു പ്രവേശിക്കാൻ തുടങ്ങി. ജനലും വാതിലും പൊളിച്ചുമാററി അവൻ എന്റെ മുറിയിലെത്തി.

'ഇരിക്കൂ' എന്നു മാത്രമേ എനിക്കു പറയാൻ കഴിഞ്ഞുള്ളൂ. സൂര്യൻ അവന്റെ സ്വതസിദ്ധമായ ഗംഭീരശബ്ദത്തിൽ എന്നോടു പറഞ്ഞു: ''സൃഷ്ടികർമ്മം തുടങ്ങിയതിനുശേഷം ആദ്യമായാണു ഞാനെന്റെ ജോലിയിൽ മാററം വരുത്തുന്നത്. അതുകൊണ്ട്, പ്രിയമുള്ള സുഹൃത്തെ, ചായകൊണ്ടുവരൂ''.

എനിക്കു വല്ലാത്ത ഭയം തോന്നി. എന്റെ തൊണ്ട വരണ്ടു. ഞാൻ വേഗം പുറത്തേക്കിറങ്ങി.

ചായ മൊത്തിക്കുടിച്ചുകൊണ്ട് സൂര്യൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. അവന്റെ സംഭാഷണം എന്റെ പേടി ഒട്ടൊന്നു കുറയ്ക്കാൻ സഹായിച്ചു. അല്പസമയത്തിനുള്ളിൽ സംഭാഷണം തികച്ചും അനൗപചാരികമായി മാറി.

ഒരു നല്ല കവിതയെഴുതുന്നതിനുള്ള പ്രയാസത്തെക്കുറിച്ച് ഞാൻ പരാതിപ്പെട്ടപ്പോഴും സൂര്യൻ നിസ്സംഗനായി പറഞ്ഞു: ''എന്റെ കുട്ടീ! ഭയപ്പെടാതിരിക്കൂ. അതിലും മോശമായ എത്രയോ കാര്യങ്ങളുണ്ട്. അവിടെ അനന്തമായ മുകൾപ്പരപ്പിൽ സദാസമയവും ജ്വലിച്ചുകൊണ്ടിരിക്കുക എന്നുള്ളതു തന്നെ എളുപ്പമുള്ള പണിയാണോ?''

മറുപടി പറയാൻ എനിക്കു വാക്കുകളുണ്ടായിരുന്നില്ല. കാരണം അപ്പോഴും മാത്രമാണു ഞാൻ കർത്തവ്യനിർവ്വഹണത്തെക്കുറിച്ചാലോചിച്ചതു്.

സൂര്യൻ തുടർന്നു, ''എന്നെ ഏല്പിച്ചതിനാൽമാത്രം ഞാനതുചെയ്യുന്നു''.

പിന്നീട് അല്പനേരം ഞങ്ങൾ നിശ്ശബ്ദരായിരുന്നു. അതിനുശേഷം തിരിച്ചുപോകാൻ എഴുന്നേററ സൂര്യൻ എന്നെ ഉപദേശിച്ചു, ''സുഹൃത്തേ, നമുക്ക് പാടുകയും പ്രകാശിക്കുകയും ചെയ്യാം. ഈ ഭൂമി അത്ര രസം നിറഞ്ഞതൊന്നുമല്ലെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ നമുക്ക് ജോലികൾ ചെയ്യാം''.

ഞങ്ങളങ്ങിനെ ശ്രമിച്ചപ്പോഴും രാത്രിയുടെ കാരാഗൃഹങ്ങൾ തകർന്നുവീണു. അങ്ങനെ കവിതയും പ്രകാശവും ഒന്നായി. □

(മയക്കോവ്സ്ക്കിയുടെ ഒരു കവിതയോട് കടപ്പാട്)

---

ഹരിജനവകുപ്പ് മന്ത്രി ശ്രീ. വെള്ള ഈച്ചരനോടൊപ്പമാണ് മലമ്പുഴവച്ച് ഞങ്ങൾ ഭക്ഷണം കഴിച്ചതു്. അദ്ദേഹം എപ്പോഴും പാവപ്പെട്ടവരെക്കുറിച്ചോർത്തു മാത്രം അസ്വസ്ഥനാവുന്നു. കട്‌ലററുകളും ചോറും ആട്ടിറച്ചിയും ഞങ്ങൾ കഴിച്ചു. ഭക്ഷണാന്ത്യം കഴിച്ചതു് പാലും മുട്ടയും പഞ്ചസാരയും ചേർത്തുണ്ടാക്കിയ ഒരു തരം മധുരപലഹാരമാണ്.

['സ്വർഗ്ഗത്തിലേക്ക് ഒന്നരടിക്കററ്' എന്ന യാത്രാവിവരണത്തിൽ ജയ്‌സൂര്യാ നാലപ്പാട്ട്]

# മരിച്ച കണ്ണുകൾ

സുധാകരൻ കെ.

ഇനിയും ചൂട് വിട്ടൊഴിഞ്ഞിട്ടില്ലാത്ത മണലിൽ, എനിക്കുനേരെ തിരിഞ്ഞുകിടന്നുകൊണ്ട് പതിവുപോലെ അവൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. പകരം ഞാനോ, മറ്റൊരുകഥ അവളോട് പറയാൻതുടങ്ങി.

—പണ്ടൊക്കെ എനിക്കു ശബ്ദമില്ലായിരുന്നു. ഉറവയൊലിയ്ക്കുന്ന ഊടുവഴിയിലൂടെ വമ്പത്തം കാണിച്ചുകൊണ്ടുള്ള നടത്തം. കീശയിൽ വളപ്പൊട്ടുകളും വെള്ളാരങ്കല്ലുകളുമുണ്ടാവും. തെങ്ങിൻചുവട്ടിൽനിന്ന് പ്രത്യേകം പെറുക്കിയെടുത്ത് നനച്ചു സൂക്ഷിച്ചവ. [ വെള്ളാരങ്കല്ലെങ്ങന്യാ വെളുത്തെ അച്ഛാ? അയ്ന്റ തണുപ്പുണ്ടാവ്വോ? മാലാഖമാര് ഇതിലെങ്ങന്യാ കെടന്നൊറങ്ങ് ആ? ]

വഴിയരികിൽ പാടത്തിന്റെ ഓരത്തെ ചിറയിൽ വെള്ളാരങ്കല്ലുകൾ മുങ്ങിമറിഞ്ഞിരുന്നപ്പോൾ സന്തോഷംകൊണ്ടു വയ്യായിരുന്നു. മാററം ഇത്രവേഗാണ്ടാവ്വാ? സ്ലേററുകളിൽനിന്ന് പുസ്തകങ്ങളിലേയ്ക്കും പേനകളിലേയ്ക്കും നീങ്ങുമ്പോൾ കിനാവുകൾക്കും മതിലുകൾ വലുതായിരുന്നു.

എണ്ണയൊഴിയാത്ത തിരികൾപോലെ എന്റെ കണ്ണുകൾ കത്തിയെരിഞ്ഞതെന്തിനാണ്? പതിനായിരം ഇടിമിന്നലുകൾ പൊട്ടിയമരാതെ കാത്തിരുന്നതാക്കുവേണ്ടി?

—കുട്ടീ

—ഉം

—നീയ്യറിയുമോ എന്റെ നാടിനെപ്പററി? അല്ലെങ്കിൽ നീയെങ്ങിനെ അറിയും അല്ലേ?

—വേണ്ട. ഇനി സുധേട്ടനുറങ്ങൂ. സുധേട്ടനെന്തൊരു ക്ഷീണാ. അല്ലെങ്കിൽ നമുക്കുപോകാം.

—വരട്ടെ. ഞാനല്പനേരംകൂടി നിന്റെ മടിയിൽകിടന്നു മയങ്ങട്ടെ. പുഴയിൽ ചെമപ്പുപരന്നു. കരിമ്പനയുടെ നിഴൽ അവളുടെ മുഖംമറച്ചു. അരണ്ട വെളിച്ചത്തിൽ സാരിയ്ക്കിടയിലൂടെ വെളുത്ത അടിവയർ.

○

സത്രത്തിനുമുന്നിൽ പച്ചവെളിച്ചം. എല്ലാ മുറികളും ഉറങ്ങിക്കഴിഞ്ഞിരുന്നു. പാർലറിൽ കടന്ന് വാതിലടച്ച് കററിയിട്ടശേഷം അവളെയുമൊതുക്കി സ്റ്റെയറുകൾ കയറി.

പടിയ്ക്കുമുകളിൽ പായയിൽ മയങ്ങുന്ന അഴകപ്പൻ. കണ്ണുതിരുമ്മിയെഴുന്നേററ അവന്റെ മുഖത്ത് കോപം.

—എന്നാവേണം സാർ?

—കുടിയ്ക്കാനെന്തുണ്ട് അഴകപ്പാ

—പട്ടയിറുക്കേ

—ഉം കൊണ്ടുവാ. രണ്ടുഗ്ലാസ്സും.

മുറിയിൽകടന്ന് സീറോവോൾട്ട് ബൾബിടുമ്പോഴേയ്ക്കും അഴകപ്പൻ കുപ്പികളും ഗ്ലാസ്സുകളും കടലയും കൊണ്ടുവച്ചുപോയി. ഷർട്ടൂരിയിട്ടുതിരിയുമ്പോൾ അവൾ വേഷംമാറി തിരിച്ചുവന്നിരുന്നു. മുട്ടിനുതാഴെ ഇറക്കമുള്ള നൈററ് ഡ്രെസ്സ്.

വാക്കുകൾ തൊണ്ടയിൽ കുരുങ്ങിക്കിടന്നു. ചാരായം വായിലൂടെ ഒലിച്ചിറങ്ങുമ്പോൾ സുഖകരമായ നീററൽ. ആമാശയത്തിൽ കത്തിനീങ്ങുന്ന സൂചിയുടെ സ്വാദ്. അവൾ കടലകൊറിച്ചുകൊണ്ടിരുന്നു. വിയർപ്പുപൊടിഞ്ഞ അവളുടെ മാറിൽ മുഖമമർത്തി മയങ്ങുമ്പോൾ ഓർമ്മകൾക്ക് അവയുടെ അസ്തിത്വം നഷ്ടപ്പെട്ടതുപോലെ തോന്നി.

○

—ചേട്ടാ

—ഉം.

—കമലയെപ്പററി ചേട്ടനോക്കുന്നുണ്ടോ?

—..............................

അവളെന്നുമെന്റെ ദുഃഖമായിരുന്നു. പച്ചനിറത്തിലുള്ള പാവാടയും ജമ്പറുംധരിച്ച് വരാറുള്ള പാവം കുട്ടി. അവളെപ്പററി എനിയ്ക്കൊന്നും അറിഞ്ഞുകൂടായിരുന്നു. അങ്ങകലെ മലഞ്ചെരിവുകളും നാടൻ ഗ്രാമങ്ങളും ഒത്തുചേരുന്ന നാട്ടിൽ നിന്നാണവൾ വന്നിരുന്നത്. ചന്ദനക്കുറിയണിഞ്ഞ അവളുടെ നെററിയിൽ മലനാടിന്റെ മാത്രമായ ഭംഗി. പനിപിടിച്ച സായാഹ്നത്തിൽ എവിടെവെച്ചോ അവളെ ആദ്യമായി കണ്ടപ്പോൾ മനസ്സു മന്ത്രിച്ചു: ഇതാ ഒരു പുതിയ സ്വപ്നം ജനിക്കുന്നുവെന്ന്. അന്നുമുതൽ ഞാനൊരു കാമുകനായി. റൊമാൻറിക് കഥകളിലെ വരികളിൽ മയങ്ങുന്ന കാമുകൻ. പ്രേമിയ്ക്കാനറിയാത്ത കാമുകൻ. അന്നെല്ലാം ഓരോ രാത്രികളിലും ഞാൻ സ്വപ്നങ്ങൾ കാണാറുണ്ടായിരുന്നു. തണുപ്പുനിറഞ്ഞ രാത്രികളിൽ, വാതിൽപ്പാളികൾക്കുപുറത്ത് തെങ്ങോലക്കീറുകളിൽനിന്ന് ചിതറിവീഴുന്ന മഞ്ഞുതുള്ളികളിൽ മുക്കുററിപ്പൂവുകൾ വിടരുമ്പോൾ കടലാസുകളിൽ താമരയിതളുകൾ വരച്ചും മാച്ചും കഴിയുകയായിരുന്നു.

അന്നെല്ലാം എന്താവേശമായിരുന്നു. കൂട്ടുകാരുമൊത്ത് ടാറിട്ട റോഡിലൂടെ വെടിപറഞ്ഞും സൊള്ളിയും ഒടുങ്ങിയ ദിവസങ്ങൾ. ബസ്ററാൻറിലെ ജനക്കൂട്ടത്തിനിടയിലും മെലിഞ്ഞ ശരീരമുള്ള അവളെ ഞാൻ കണ്ടെത്താറുണ്ടായിരുന്നു.

എന്നിട്ടും എവിടെയാണെനിയ്ക്കു തെററുപററിയത്? വെളുപ്പാൻകാലത്ത് പുഴയിലെ നീണ്ട കുളിയ്ക്കുശേഷം കാവിലെ

# പ്രതിബിംബം



വി. ശിവദാസൻ

അവൻ കടയിൽ നിന്ന് വീണ്ടും, കണ്ണാടികൾ വാങ്ങിച്ചപ്പോൾ കടക്കാരൻ അത്ഭുതപ്പെട്ടു. ഒരു ജോലിയുമില്ലാതെ തെണ്ടിത്തിരിയുന്ന ഇവൻ കിട്ടുന്ന കാശിന് കണ്ണാടികൾ വാങ്ങുന്നു. ഭ്രാന്തു തന്നെ. അല്ലെങ്കിൽ......

അവൻ പതിവുപോലെ, വീട്ടിലേക്കു തന്നെയാണു മടങ്ങിയത്. തന്റെ 'കൊട്ടാര'ത്തിലെത്തിയപ്പോൾ അവൻ ആക്കോ വേണ്ടി നെടുവീർപ്പിട്ടു. സമീപത്തുള്ള നിലത്തിലെ നെൽക്കതിരുകൾ അപ്പോഴും ചാഞ്ചാടിക്കൊണ്ടിരുന്നു. നിലത്തിൽ കള പറിച്ചുകൊണ്ടിരുന്ന ഭാസ്കരൻ ചേട്ടൻ തല പൊന്തിച്ചുനോക്കി. ഉടനെ വിളിച്ചുചോദിച്ചു.

'എന്താ ശിവാ, ഇന്നും വാങ്ങ്യോ?'

ഉത്തരം പറയാൻ നിൽക്കാതെ അവൻ അകത്തുകടന്നു.

പക്ഷെ അന്നു വാങ്ങിയ നാലു കണ്ണാടികളും ഒരു ദുഃസ്വപ്നത്തിലെന്നപോലെ അവൻ പൊട്ടിച്ചുകളഞ്ഞു. എല്ലാ നുറുങ്ങുകളും അവൻ ഒരു മൂലയ്ക്ക് കൂട്ടിയിട്ടിരുന്നു. ദിവസവും ചിതറിയ ചില്ലുകളുടെ കൂമ്പാരം നോക്കി അവൻ സ്വയം മറന്നു നിൽക്കാറുണ്ട്.

അന്നേരം അവന്റെ മുഖത്ത് വിജയത്തിന്റെ ചെറിയ കതിരുകൾ പടർന്നു കയറും.

ഇനിയും ഞാൻ കണ്ണാടികൾ ഉടയ്ക്കും. പ്രപഞ്ചത്തിലെ എല്ലാ കണ്ണാടികളും തകരണം. സ്ഥിരം കടയിൽ ഇനി ഏതാനും മാത്രമേ ബാക്കിയുള്ളു. അതുടനെ നശിപ്പിക്കണം. ഈ സ്ഥലം വിറ്റ് അതിന്റെ പൈസയ്ക്കും കണ്ണാടി വാങ്ങണം. ഒരു കാലത്ത് എന്റെ ഉദ്ദേശ്യം ലോകമറിയും. അന്നവർ എന്നെക്കുറിച്ച് എന്തും പറയട്ടെ. മനുഷ്യൻ ഒരിക്കലും സ്വന്തം മുഖം കാണരുത്. അതാണെന്റെ ലക്ഷ്യം. ലക്ഷ്യത്തിന് വേണ്ടി പരിശ്രമിച്ച് വീരചരമമടയുന്നവരാണ് ധീരന്മാർ. നാലുനേരം ഭക്ഷണവും കഴിച്ച് ആത്മാവിനെ പുക കൊണ്ട് മൂടി പരദൂഷണം ചെയ്തു നടക്കാനറിയാഞ്ഞിട്ടല്ല. മനുഷ്യനുവേണ്ടി എന്തെങ്കിലും ചെയ്യണം......

അവനിപ്പോൾ കണ്ണാടികൾ ഉടയ്ക്കുന്നത് പുഴക്കരയിലെ മാവിൻചോട്ടിലാണ്.

ചില്ലുകൾ അവിടെ കുന്നുകൂടിക്കിടന്നു.

അന്ന് അവസാനത്തെ തുട്ടുകളും കൊണ്ട് അവൻ കടയിലേക്ക് നടന്നു.

സാധനം വാങ്ങി തിരിച്ചെത്തിയപ്പോഴേക്കും വിയർത്തു കുളിച്ചിരുന്നു. അവന്റെ ഉള്ളു മുഴുവൻ വിശപ്പിന്റെ വിളിയിൽ അലറുകയായിരുന്നു.

അന്ന് കണ്ണാടികളുടയ്ക്കാൻ അവനു പററിയില്ല.

അതിനു മുമ്പെ അവന്റെ ഹൃദയം ഉടഞ്ഞുപോയിരുന്നു. കാരണം,

അവനൊരു സാധാരണ ചെറുപ്പക്കാരനായിരുന്നു. □

---

ശ്രീകോവിലിൽ ദീപാരാധനയ്ക്കു മുഖംകുനിച്ചെത്തുന്ന പെണ്ണിനെപ്പററി എത്രയെത്ര കിനാവുകളായിരുന്നു. ക്രിസ്മസ്സിനും ഓണത്തിനുമെല്ലാം ആശംസകളയയ്ക്കുമ്പോൾ മറുകുറിയെപ്പററി ചിന്തിയ്ക്കാറുപോലുമില്ല.

നമുക്കൊക്കെ സ്വപ്നങ്ങൾകാണാം. പക്ഷേ ജീവിതം ഒരു കിനാവല്ലല്ലോ. മലയടിവാരത്തിലെ നിഴൽവിരിച്ച തടങ്ങളിൽ സ്വപ്നഗീതങ്ങളൊട്ടുങ്ങുമ്പോൾ ഒരു പിടി ചാരം. ഓരോർമ്മത്തെററ്.

വിടപറയലിന്റെ നിമിഷങ്ങളിൽ ഒരു വാൽനക്ഷത്രത്തെപ്പോലെ എന്നിൽനിന്നും മാറിനിൽക്കാൻ വെമ്പിയപ്പോൾ മനസ്സിന് സ്വയം നിയന്ത്രിയ്ക്കാനുള്ള കരുത്തുപോലും നഷ്ടപ്പെട്ടു.

—പെണ്ണേ...ഇന്നും അവൾ മാത്രമാണെന്റെ ദുഃഖം. അതേ, അതുമാത്രം.

○

ജനൽപ്പാളികളിലൂടെ വെയിലിന്റെ ചാലുകൾ കീറി വന്നു. പൊടിപതറിയ വെയിലിന്റെ ചീളുകളിൽ കിനാവിന്റെ ചോരത്തുള്ളികളലിഞ്ഞുചേർന്നു. മറവിയുടെ പുഴ തേടിയുള്ള യാത്ര അന്നുമാത്രമേ തുടങ്ങിയുള്ളൂ. □


ഒരു സ്വപ്നം. ഭീകരമായിരുന്നു അതു്. പമ്മിപ്പതുങ്ങിയെത്തുന്ന ഒരു ശത്രുവിനെപ്പോലെ ആ സ്വപ്നം എന്റെ ബോധങ്ങളിലേക്കു് കടന്നു വന്നു. നിമിഷങ്ങൾ ഒട്ടധികം കഴിഞ്ഞിട്ടും സ്വപ്നം നൽകിയ വിഭ്രാന്തിയും ഉദ്വേഗവും എന്നിൽ നിന്നും വിട്ടകന്നില്ല.

എന്റെ മസ്തിഷ്കത്തിലെ സംവേദനകോശങ്ങൾ അജ്ഞാതമായ ഭീകരരംഗങ്ങളെ ആവാഹിച്ചെടുക്കാൻ തുടങ്ങി. എന്റെ കാതുകളിലാവട്ടെ കൊടുങ്കാററിന്റെ ഹുങ്കാരം മററ്റങ്ങൾ ഏല്പിച്ചുകൊണ്ടിരുന്നു. സ്വതവെ ഭീരുവായ ഞാൻ ഒരു കരച്ചിലിന്റെ വക്കത്തെത്തിയെന്നു വ്യക്തം. ഒരു നീണ്ട കിതപ്പോടെ വിയപ്പിൽ കുളിച്ചെഴുന്നേററ ഞാൻ കുനിഞ്ഞിരുന്നു് വിതുമ്പാൻ തുടങ്ങി. പിന്നെ തുപ്പൽ വീണു കട്ടപിടിച്ച തലയിണയിൽ എന്റെ മുഷിഞ്ഞ മുഖം ചേർത്തു വെച്ചു് ഞാൻ എല്ലാമെല്ലാം നഷ്ടപ്പെട്ടവനെപ്പോലെ കരഞ്ഞു.

ചിതമായ മേഖലകളിൽ നിന്നും ഇഴഞ്ഞെത്തിയ സ്വപ്നങ്ങൾ എന്നെ വരിഞ്ഞുമുറുക്കി വിറപ്പിച്ചതൊന്നും അവൾ അറിഞ്ഞിട്ടില്ല. അല്ലെങ്കിലും അവൾ അങ്ങിനെയാണു്. പതിവുള്ള സുരതക്രിയയിൽ പങ്കെടുത്തുകഴിഞ്ഞാൽ പിന്നെ ഒരു പൂച്ചക്കുഞ്ഞിനെപ്പോലെ ഒന്നുമറിയാതെ ചുരുണ്ടു കിടക്കും. മണിക്കൂറുകൾക്കു മുമ്പു് ഞാൻ സമ്മാനിച്ച ലഹരിയുടെ ആലസ്യം ഇപ്പോഴും അവളുടെ കൺകോണുകളിൽ തങ്ങി നിൽപ്പുണ്ടു്. നനുത്ത ചുണ്ടിൽ ചിരിയുടെ നേർത്ത അംശം.

അവൾ പതിവില്ലാത്തവിധം തെക്കോട്ടു മുഖം തിരിച്ചാണല്ലോ കിടക്കുന്നതു്! ഞാൻ മുമ്പും അവളോടു പറഞ്ഞിട്ടുണ്ടു് ഇങ്ങനെ കിടക്കരുതെന്നു്. തെക്കോട്ടു തലവെച്ചു്, എന്തിനു് തെക്കോട്ടു മുഖം തിരിച്ചുപോലും ശയിക്കരുതു്. തെക്കു് മരണദിശയാണു്. അതവൾക്കറിഞ്ഞുകൂടെ?

# അങ്ങനെയായിരുന്നു സംഭവം



വി. പി. സുദർശൻ

ഛെ! ഇതു് തികച്ചും ലജ്ജാകരമാണു്. ഞാനൊരു പുരുഷനല്ലേ! എന്റെ കൈകൾക്കു് ആയിരം കുതിരകളുടെ കരുത്തില്ലേ! [നിശയുടെ ഏതോ യാമത്തിൽ എന്റെ എല്ലാമായ സോം്ജി ഇത്തരത്തിൽ പറഞ്ഞിരുന്നു.] എന്നിട്ടും ഈ വില കുറഞ്ഞ വിലാപങ്ങൾ...! മോശം തന്നെ.

അകലെ, മലയടിവാരത്തിൽ നിന്നും ഊപ്പുവും വഹിച്ചെത്തുന്ന കാററു് ശക്തിയോടെ ജനൽപ്പാളികളിൽ അടിച്ചുകൊണ്ടിരുന്നു. പതിവുപോലെ, കാററിൽ കരിയിലകളുടേയും, അഴുക്കിന്റേയും അംശങ്ങൾ. ചൂളമരങ്ങൾക്കിടയിലൂടെ അവ്യക്തമായ, ഒററപ്പെട്ട ഒരു തേങ്ങൽ ഒഴുകിയെത്തുന്നില്ലേ! തോന്നലായിരിക്കാം.

മുടിയഴിച്ചിട്ടൊഴുകുന്ന ഈ കാററിനുപോലും മരണത്തിന്റെ ഗന്ധമുണ്ടു്. പുറത്തെ നിലാവിൽ കെട്ടുപിണഞ്ഞു കിടക്കുന്ന പ്രതിബിംബങ്ങൾ ഒരു യുദ്ധക്കളത്തെ അനുസ്മരിപ്പിക്കുന്നു.

ഇത്രയും നേരം എന്റെ കൂടെ കിടന്നിരുന്ന ഭാര്യയുടെ സാന്നിദ്ധ്യം പോലും ഞാൻ വിസ്മരിച്ചിരിക്കുന്നു. അപരി

അല്ലെങ്കിൽ അല്പസമയം മുമ്പു് എന്നിൽ അവതരിച്ച ആ സ്വപ്നം പോലും ക്രൂരമായ വിധത്തിൽ എന്നെ ബോദ്ധ്യപ്പെടുത്തിയതെന്താണു്? വെട്ടിത്തിളങ്ങുന്ന കത്തിയുടെ വായ്ത്തല തടവി എന്റെ അജ്ഞാതശത്രുക്കൾ എനിക്കു ചുററും പതുങ്ങി നടക്കുകയാണെന്നല്ലേ! ഈശ്വരാ! ജീവിതത്തിന്റെ ഈ മദ്ധ്യാഹ്നവേളയിൽ എനിക്കു പ്രതിയോഗികളോ!

ഇല്ല. മരണത്തിൽ നിന്നും ജനിച്ചു്, മരണത്തിലൂടെ പ്രയാണം തുടന്നു്, ഒടുവിൽ മരണത്തിന്റെ അനന്തമായ മേഖലകളിൽ വിലയം പ്രാപിക്കാൻ വിധിക്കപ്പെട്ടിട്ടുള്ളവനാണു ഞാൻ. ജന്മജന്മാന്തരങ്ങളായി പാപക്കുമ്പാരങ്ങൾക്കു കാവൽ കിടക്കുന്നവനാണു ഞാൻ. എന്റെ വിധിയുടെ ദുരൂഹതയിൽ പാപം ഒരു മായാരേഖയായി ആഴ്ന്നു കിടക്കുന്നു.

സോം്ജിയുടെ കിടപ്പറയ്ക്കു കാവൽ കിടക്കുക. ബന്ധിച്ച വാതിലിനു പുറത്തു് ജീവബീജത്തിന്റെ ഗന്ധവും ശ്വസിച്ചു് ഉള്ളിലെ രോദനങ്ങൾക്കു് ചെവികൊടുത്തിരിക്കുക. ഒടുവിൽ കുടുക്കുപൊട്ടിപ്പോയ ബ്ലൗസിനുള്ളിലെ നഗ്നത മറയ്ക്കാൻ

സാധിക്കാതെ കരയുന്ന പെൺകുട്ടിയെ (പെൺകുട്ടികളെ) ഒരു കാവൽപ്പട്ടിയെപ്പോലെ അനുഗമിക്കുക. എത്രയോ മ്ലേച്ഛമായ തൊഴിലാണിത്? ഒരു കൂട്ടിക്കൊടുപ്പുകാരനേക്കാൾ നികൃഷ്ടനല്ലേ ഞാൻ?

വീണ്ടും ജനൽക്കതകുകൾ കാററിലുലഞ്ഞു. മുറിയിൽ പരക്കുന്ന കാററിനു പാപത്തിൻെറ ഗന്ധം. ഞാൻ കിടക്കയിൽ കണ്ണുമടച്ച് നിവർന്നു കിടന്നു. നിദ്രയുടെ ഒരു കഷണമെങ്കിലും ഉദാരമായി എറിഞ്ഞു കിട്ടിയെങ്കിലോ?

നിമിഷങ്ങൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. എൻെറ ഭാര്യയുടെ നേർത്ത കുക്കുംവിളി ചുമരിൽ തട്ടി പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. മുറിയിലെവിടെയോ ഇരുന്ന് ചീവീടുകൾ കരഞ്ഞു ശബ്ദമുണ്ടാക്കി. താളാത്മകമായ ക്ലോക്കിൻെറ സംഗീതം പോലും എന്നിൽ അസഹ്യതയാണു വളർത്തിയത്.

പുറത്ത് കരിയിലകളിൽ കനത്ത പാദങ്ങൾ തേച്ച് ആരോ നടന്നടുക്കുന്ന ശബ്ദം. എൻെറ കണ്ണുപടങ്ങൾ ഉണർന്ന് പ്രവർത്തനക്ഷമമായി. തളം കെട്ടിക്കിടക്കുന്ന ഇരുട്ടിൻെറ അട്ടുകൾ വകഞ്ഞുമാററി ശത്രുക്കളിലാരോ വരുന്നുണ്ട്. തീർച്ച.

പകുതി അടഞ്ഞു കിടക്കുന്ന ജനൽപ്പാളികൾക്കിടയിലൂടെ ഞാൻ ഉററു നോക്കി. പാലമരക്കൊമ്പുകളിൽ ചെമന്ന കണ്ണുകൾ തിളങ്ങുന്നു. കരിമ്പനത്തലപ്പുകളിൽ നിന്നും കടവാതിലുകൾ കൂട്ടംകൂട്ടമായി ചിറകടിച്ചോടുന്നു. വയററിൻെറ അടിത്തട്ടിൽ നിന്നും ഉരുണ്ടുപൊങ്ങിയ നിലവിളി തൊണ്ടയിൽ ഭാരമായി കുരുങ്ങിക്കിടന്നു. പേടിയുടെ ആവരണങ്ങൾ ശ്വാസം നിലയ്ക്കുമാറ് എന്നെ വരിഞ്ഞു മുറുക്കി.

''പുറത്താരാ...?'' പതറിവീണ ചോദ്യം നുറുങ്ങുകളായി കൈകാലിട്ടടിച്ചു. ഞാൻ ഒരു കാസരോഗിയെപ്പോലെ കിതയ്ക്കുന്നുണ്ടായിരുന്നു.

''ആരാന്നാ ചോദിച്ചത്?''

''ഇതു ഞാനാ, വാതിൽ തുറന്നാട്ടെ.'' എല്ലുറപ്പുള്ള മറുപടി തെറിച്ചുവന്നു.

ഞാൻ മേശവലിപ്പുതുറന്ന്, ഒരേയൊരു ആശ്രയമായ കത്തി വലിച്ചെടുത്ത്, ഒരു ധൈര്യശാലിയെപ്പോലെ വാതിലിന്നരികിലെത്തി. ഒരാക്രമണത്തെ എതിർക്കാനുള്ള വിദഗ്ധമായ തയ്യാറെടുപ്പോടെ വാതിൽത്തുറന്നു.

മുറിയിലെ പ്രകാശക്കീറുകൾ ഇരുട്ടിനെ അറുത്തുമാററി. അരണ്ട വെളിച്ചത്തിൽ കറുത്തുതടിച്ച കള്ളനായ ശേഖരൻ നില്ക്കുന്നു. അവൻ എൻെറ കൈയിലെ കത്തികണ്ടു പരിഭ്രമിച്ചെന്നുതോന്നുന്നു. ഭയവിഹ്വലനായി അവൻ ചോദിച്ചു: ''എന്താ കൈയില് കത്തി?''

''ഒന്നുമില്ല്യ. കള്ളന്മാരുടെ ശല്യം സഹിക്കാൻവയ്യാതായിരിക്കുന്നു. ഒരു മുൻകരുതൽ മാത്രം. എന്താ വിശേഷിച്ച്?''

''സേഠ്ജി ചെല്ലാൻപറഞ്ഞു. കൂടെ പതിവുള്ള ആരെങ്കിലുംവേണം''. അവൻെറ മറുപടിയിൽ പതറിച്ച വളർന്നിരുന്നു. അവൻെറ ചത്തകണ്ണുകളിൽ അനിവാര്യമായ എന്തോ ഒന്നിൻെറ തിളക്കം.

''ഉം. ശരി. പൊയ്ക്കോളൂ''.

ഞാൻ തിരിഞ്ഞുനോക്കി. കട്ടിലിൻെറ മൂലയിൽ താങ്ങിനിർത്തിയ തലയിണയിൽ ചാരിയിരുന്ന് അവൾ മന്ദമായി ചിരിക്കുന്നു. മൂർദ്ധാവിൽ കെട്ടിവെച്ച മുടി അവളുടെ മുഖത്തിനു പ്രത്യേകമായൊരു ചന്തം കൊടുത്തിരുന്നു.

''എന്താ ചിരിക്കുന്നേ?''

''ഒന്നുമില്ല്യ. ഇന്നത്തെ ഭാഗ്യവതിയായ പെൺകുട്ടിയെക്കുറിച്ചോർത്തുപോയി. ആരാണാവോ?'' അവളുടെ കിലുങ്ങുന്ന വാക്കുകൾ തറയിൽ വീണുടഞ്ഞു.

''എന്താ സംശയം, നീതന്നെ. പുറപ്പെടാൻ ഒരുങ്ങിക്കൊള്ളൂ!'' വാക്കുകളിൽ തമാശകലർത്തി ഞാൻ പറഞ്ഞു.

അവൾ പരിഭവത്താൽ മുഖംചുവപ്പിച്ച് കിടക്കയിൽ ബാക്കിനിന്നിരുന്ന എൻെറ ഗന്ധത്തിലേക്കൂർന്നിറങ്ങി.

''പെണ്ണേ, വാതിലടച്ചോളൂ!'' മുറിവിട്ടിറങ്ങുമ്പോൾ ഞാൻ പ്രത്യേകം ഓർമ്മിപ്പിച്ചു.

അയൽപക്കത്തെ വാടകവീട്ടിലെ സൂത്രശാലിയായ ചെറുപ്പക്കാരൻെറ മുറിയിലെ വിളറിയ നീലവെളിച്ചം ഇനിയും അണഞ്ഞിട്ടില്ല. പാപങ്ങളുടെ സന്ദേശവും വഹിച്ചെത്തുന്ന കാററിൻെറ കരങ്ങൾക്ക് തണുപ്പുണ്ട്. ആകാശത്ത് കാർമേഘക്കൂട്ടങ്ങൾ പരസ്പരം കെട്ടുപിണഞ്ഞുകിടന്നു മയങ്ങുന്നു. താമസിയാതെ മഴ പെയ്തേക്കാം.

താഴ്വരയിലെ പരിചയമുള്ള കുടിലിൽനിന്നും ഒരു കറുത്ത മുത്തിനെ ഞാൻ രഹസ്യമായി വിളിച്ചുണർത്തി. തിളങ്ങുന്ന സ്വപ്നങ്ങൾമാത്രം കണ്ടുകഴിയുന്ന അവൾ ആരുമറിയാതെ പുറത്തുകടന്നു. ഞാൻ അത്ഭുതപ്പെട്ടു. എത്ര യാന്ത്രികമായാണ് ഇവൾ എൻെറകൂടെ പോരുന്നത്? ഒരു സിനിമയോ, ഉത്സവമോ കാണാനുള്ള ഉത്സാഹംമാത്രം ഇക്കാര്യത്തിലിവൾ പ്രകടിപ്പിക്കുന്നു...

അകത്തെ സ്വീകരണമുറിയിൽ കാത്തിരിപ്പിൻെറ വൈരസ്യം നുണഞ്ഞിരിക്കുകയായിരുന്നു സേഠ്ജി. മുന്നിൽ ഒഴിഞ്ഞ ഗ്ലാസ്സുകൾ. പതിവിനു വിപരീതമായി കണ്ണുകൾ കലങ്ങിച്ചുവന്നിരുന്നു. എൻെറ കാൽപ്പെരുമാററം കേട്ടിട്ടാവാം അദ്ദേഹം വിളിച്ചുപറഞ്ഞു, ''ഗോവിന്ദാ, കൊണ്ടുവന്നോളൂ!''

എണ്ണമററ ഇരകളെ എറിഞ്ഞുകൊടുത്ത അതേ വാതിൽ ഞാൻ വീണ്ടും തുറന്നു. സേഠ്ജിയുടെ ശ്വാസോച്ഛ്വാസങ്ങൾ സീൽക്കാരങ്ങളായും, വികൃതമായ മുരൾച്ചകളായും രൂപാന്തരപ്പെടുന്നതും, അസ്പഷ്ടമായ ശബ്ദഘോഷങ്ങൾ മുറിയിൽ നിറഞ്ഞുപരക്കുന്നതും ഞാൻ അറിഞ്ഞു.

വിയർത്തുകുളിച്ച മിനുട്ടുകൾ തളർന്നുവീണു. പെട്ടെന്ന്, അകത്തെ മുറിയിൽനിന്ന് സേഠ്ജിയുടെ ഉച്ചത്തിലുള്ള സംസാരം മുഴങ്ങിക്കേട്ടു. അദ്ദേഹം അവ്യക്തമായി, കോപംകലർന്ന സ്വരത്തിൽ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു. ഞാൻ അമ്പരന്നുപോയി. അകത്ത്, പെൺകുട്ടി നിശ്ശബ്ദമായി കരയുന്നുണ്ടെന്നും ഞാൻ മനസ്സിലാക്കി.

കനലുകളെരിയുന്നനോട്ടം മുന്നിലേക്കെറിഞ്ഞ് സേഠ്ജി വാതിൽതുറന്നു. ഓടിത്തളർന്ന ഒരു നായയെപ്പോലെ അദ്ദേഹം കിതയ്ക്കുന്നുണ്ടായിരുന്നു. തെററുചെയ്യുവൻെറ കുററബോധത്തോടെ ഞാൻ തലതാഴ്ത്തി.

''നിനക്കിവളേ കിട്ടിയുള്ളൂ! പട്ടീ! ഇവൾക്കെൻെറ സ്നേഹം വേണംത്രേ!''—ബലിഷ്ഠമായ കൈകൾ എൻെറ കവിളിൽ ആഞ്ഞുപതിച്ചു. എൻെറ കണ്ണുകളിൽ ഇരുട്ടുകയറി.

ഗുജറാത്തി കവിത

## അവിടെ

രവ്ജീപട്ടേൽ

അവിടെ,
അതെ; അവിടെതന്നെ,
എന്നെ ഒന്നു താങ്ങിയിരുത്തൂ.
ഒരു പുതിയ താവളമന്വേഷിച്ചുപോകുന്ന,
ഒരുവരി എറുമ്പുകളെപ്പോലെ,
ജീവിതം
എന്റെ കണ്ണുകളിൽനിന്ന്
ഇഴഞ്ഞു പൊയ്ക്കൊണ്ടേയിരിക്കുന്നു. □

വീണ്ടും ഒന്നോ രണ്ടോ തവണകൂടി/ എന്നെ അടിച്ചെന്നുതോന്നുന്നു. പിന്നെ പോർട്ടിക്കോയിൽ കിടന്നിരുന്ന കാറിൽ കയറി എങ്ങോട്ടോ ഓടിച്ചുപോകുകയും ചെയ്തു.

ഇത്തരം ഒരവസ്ഥയിൽ സ്വഭാവികമായും അനുഭവപ്പെട്ടേക്കാവുന്ന കോപം, പ്രതികാരതൃഷ്ണ തുടങ്ങിയ വികാരങ്ങളൊന്നും എനിക്കു തോന്നിയില്ല. തികഞ്ഞ നിർവ്വികാരതയോടെ ഞാൻ തിരിച്ചുനടന്നു. ഒന്നുമറിയാതെ കൂർക്കംവലിച്ചുറങ്ങുന്ന അച്ഛനമ്മമാർക്ക് വിശ്വസ്തയായ മകളെ ഏല്പിച്ചുകൊടുത്തു.

ചക്രവാളങ്ങളിൽ മേഘമാലകൾ കൂട്ടിമുട്ടി. ആകാശത്തു് ചിതറിക്കിടന്നിരുന്ന നക്ഷത്രക്കൂട്ടങ്ങൾ എങ്ങോ മറഞ്ഞുപോയിരിക്കുന്നു. മുന്നിൽ എന്റെ ബാല്യം വളർന്നോട്ടങ്ങിയ ഗ്രാമം തെളിഞ്ഞുവന്നു. നാട്ടിലെ മാന്യന്മാർ അമ്മയുടെ കിടപ്പറവാതിലിൽ മുട്ടിവിളിക്കുന്നു. അഴിഞ്ഞ മുടി വാരിക്കെട്ടി, കണ്ണുകളിൽ കത്തുന്ന കാമം നിറച്ച് അമ്മ വാതിൽ തുറന്നുകൊടുക്കുന്നു...

എന്റെ കാലുകൾക്കിടയിലൂടെ ഏതോ ഇഴജന്തു കടന്നുപോയി. പ്രതീക്ഷിച്ചതുപോലെ മഴ ചാറാനും തുടങ്ങി.

പൊടുന്നനെയാണ് പിറകിൽ ഭൂമികുലുക്കുന്ന കാലടിശബ്ദം കേട്ടതു്. ആരൊക്കെയോ എന്റെ പിന്നിൽ നടന്നടുക്കുന്നുണ്ട്. അവർ വികൃതമായി പിരിക്കുന്നുണ്ടല്ലോ! വെറും തോന്നലാണെന്നുകരുതി ഞാൻ വൃഥാ ആശ്വസിക്കാൻ ശ്രമിച്ചു.

താഴ്‌വരയിൽ ആരോ നിലവിളിക്കുന്നു. കന്യകാത്വം നഷ്ടപ്പെട്ട മക്കളെച്ചൊല്ലി അച്ഛനമ്മമാർ നിലവിളിക്കുന്നു. എല്ലാം കൈമോശംവന്നുപോയ പെൺകുട്ടികൾ പൊട്ടിക്കരയുന്നുണ്ട്. തീർച്ച.

അതു തീർച്ച—

അതാ, അവരുടെ പാദപതനം പട്ടാളച്ചിട്ടയോടെ അടുത്തുവരുന്നു. അവരുടെ നിശ്വാസങ്ങൾ എന്റെ കഴുത്തിനുപിന്നിൽ വന്നടിക്കുന്നുണ്ട്. എന്റെ കാലടികൾ തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടിരുന്നു. അവസാനം ഞാനൊരു ഭ്രാന്തനെപ്പോലെ ഓടാൻതുടങ്ങി. കൂർത്ത കല്ലുകളിൽതട്ടി എന്റെ പാദങ്ങൾ പൊട്ടിപ്പറിഞ്ഞു.

ഒരു വേട്ടനായയുടെ കിതപ്പോടെ ഞാൻ വീട്ടുമുററത്തെത്തി. ശ്വാസകോശം തകർത്തു വെളിയിൽചാടാൻ കരുത്തുള്ള കിതപ്പകററാൻവേണ്ടി ഞാൻ എന്റെ ശുഷ്ക്കിച്ച നെഞ്ചുഴിഞ്ഞുകൊണ്ടിരുന്നു.

അകത്തെ മുറിയിലേക്കു കാലെടുത്തുവച്ച ഞാൻ കഠിനമായ ഒരു ഞെട്ടലത്തിലേക്കാണ് തെറിച്ചുവീണതു്. കട്ടിലിൽ അവളെ കാണാനില്ല. അകത്തളത്തിലും, അടുക്കളയിലും വീടിന്റെ ഓരോ മൂലയിലും ഞാൻ പരതിനോക്കി. ഇല്ല. അവളില്ല. എന്റെ ഗന്ധവുംചോർത്തി അവളെങ്ങോ കടന്നുകളഞ്ഞിരിക്കുന്നു. ലക്ഷ്യമില്ലാതെ പാഞ്ഞുപോയ സേംജിയുടെ കാർ എന്റെ സ്മൃതിപഥത്തിലെത്തി. അയൽപക്കത്തെ സുത്രശാലിയായ ചെറുപ്പക്കാരന്റെ കിടപ്പുമുറിയിലെ വിളറിയ നീലവെളിച്ചം ഇനിയും,—ഇനിയും അണഞ്ഞിട്ടില്ല.

മുറിക്കുചുററും അവരെത്തിക്കഴിഞ്ഞു. എല്ലാററിനേയും നശിപ്പിക്കണം. അരയിൽനിന്നും വർദ്ധിച്ച ആവേശത്തോടെ ഞാൻ കത്തി വലിച്ചൂരി. തിളങ്ങുന്ന വായ്ത്തല പ്രകാശം വിതറിച്ചിരിച്ചു. പെട്ടെന്നാണ് എന്റെ കൈകളിൽ ജന്മജന്മാന്തരങ്ങളുടെ പാപഭാരം കുന്നുകൂടാൻ തുടങ്ങിയതു്. ഞാനറിയാതെ ഉയർന്നകത്തി എന്റെ നെഞ്ചിൻകൂടിനുതാഴെ നിരവധിതവണ ഉയർന്നുതാണു. ഒന്നും ഓർമ്മയുണ്ടായിരുന്നില്ല. അവസാനം നില്ക്കാനുള്ള ശേഷി നഷ്ടപ്പെട്ട് ഞാൻ നിലത്തുകുഴഞ്ഞുവീണു. അപ്പോൾ മുറിക്കുചുററും ഒരുങ്ങിനിന്നിരുന്ന ശത്രുക്കൾ ഓരോരുത്തരായി മടക്കയാത്ര ആരംഭിച്ചുകഴിഞ്ഞിരുന്നു.

''ഗോവിന്ദാ, പാപങ്ങളുടെ കഥ ഇവിടെ അവസാനിക്കുന്നില്ല. ആലസ്യംപൂണ്ട മിഴികളുള്ള നിന്റെ ഭാര്യയിലൂടെ, നിന്റെ ഭാര്യയുടെ അടിവയററിൽ കിടക്കുന്ന കുഞ്ഞിലൂടെ പാപത്തിന്റെ കഥകൾ തുടർന്നുകൊണ്ടേയിരിക്കും''. അകലങ്ങളിലിരുന്നാരോ വിളിച്ചുപറഞ്ഞു. □



# അഞ്ചു് കുഞ്ഞിക്കഥകൾ

❁

രവീന്ദ്രൻ

## വിധികർത്താക്കൾ

കഴുവേറിമോനെ — എന്നൊരാൾ.

തന്തയ്ക്കു പിറക്കാത്തവനെ — എന്നു് മറ്റൊരാൾ.

തള്ളയില്ലാത്തവനേ — എന്നു് വേറൊരാൾ.

ഇങ്ങനെ വിളിച്ച് ഇവർ എന്നെ വളഞ്ഞു. വളയുക മാത്രമല്ല, എന്നെ തല്ലിക്കൊല്ലുകയും ചെയ്തു. പക്ഷെ സ്നേഹിതരേ, നിങ്ങളൊന്നു മനസ്സിലാക്കണം: എന്നെ ഇത്തരത്തിലൊക്കെ വിളിച്ചവർക്ക് പേരിനെങ്കിലും ഇതൊന്നുമുണ്ടായിരുന്നില്ലെന്നു്. അവരാണു് നമ്മുടെ വിധികർത്താക്കൾ, എന്തു ചെയ്യാം? □

ശ്രീകുമാർ മേനോത്തു്

## പകൽസ്വപ്നം

വെറുതെയിരുന്ന മടുത്തപ്പോൾ പെൺകുട്ടി പേനയെടുത്തു. വെളുത്ത കടലാസ്സിൽ പേന വരകൾ വീഴ്ത്തി. ആദ്യം ഒരു വലിയ വട്ടം. പിന്നെ ഉണ്ടക്കണ്ണുകളും, നീളൻ ചെവികളും. മൂക്കിനു താഴെ കനത്ത മീശ. ഒരു നിമിഷം പേന വിരലുകൾക്കിടയിൽ ഞെരിഞ്ഞു. പിന്നെ അടക്കാനാവാത്ത ദേഷ്യത്തോടെ തലയിൽ ഭയം ജനിപ്പിക്കുന്ന കൂർത്തു വളഞ്ഞ കൊമ്പുകൾകൂടി വരച്ചുചേർത്തു.

മനസ്സിനിപ്പോൾ വല്ലാത്ത ലാഘവം. എങ്ങിനെയും ഒഴുകാം, എവിടേയ്ക്കും.

കടലാസ്സ് പിച്ചിച്ചീന്തി ജനാലയിലൂടെ പുറത്തേയ്ക്കെറിഞ്ഞു. കുപ്പിവളകൾ കലുങ്ങിച്ചിരിച്ചു. കളിയാക്കുകയാണോ?

ഒരു നനഞ്ഞ രാത്രിയുടെ ഓർമ്മ. ഇര തേടിയിറങ്ങിയ ഇരുട്ടിന്റെ കൊമ്പുകൾ. നുറുങ്ങിയ വളപ്പൊട്ടുകളുടേയും ചുവന്ന വൃത്തങ്ങളുടേയും, നൊമ്പരം.

നഷ്ടബോധത്തിന്റെ വിഷാദത്തിലലിഞ്ഞു ചേരവേ അമൃത എന്ന പെൺകുട്ടി ഭയവിഹ്വലയായി ഓർത്തു.

നാളെ എന്റെ വിവാഹമാണു്. □

ശ്രീകുമാർ മേനോത്തു്

## സുഹൃത്തിനു്

സുഹൃത്തേ, നിന്റെ വാക്കുകളിലെ മഴവിൽത്തുണ്ടുകൾ എന്നെ വേദനിപ്പിക്കുന്നു. നിന്റെ വർണ്ണങ്ങളിൽ ചേർത്തൊരുക്കിയ വരികൾ.

നീയെഴുതുന്നു.

—പുതിയ വിനോദയാത്രയെക്കുറിച്ച്.

ടൂറിസ്റ്റുകളും പണവും ഒഴുകുന്ന വന്യമൃഗസംരക്ഷണകേന്ദ്രത്തിലെ സവിശേഷങ്ങൾ.

നിന്റെ കുറിപ്പു നീളുന്നു.

# അഞ്ച് കുഞ്ഞിക്കഥകൾ

—മൃഗങ്ങൾക്കുപോലും സംരക്ഷണം നൽകുന്നവരുടെ ഹൃദയവിശാലതയെക്കുറിച്ച്.

എന്തേ തിമിരം നിന്റെ കണ്ണുകളിലും ഇരുട്ടുനിറച്ചോ?

കണ്ണടച്ചിരുട്ടാക്കാൻമാത്രം വിഡ്ഢികളല്ലല്ലോ നമ്മൾ!

നീ കണ്ടിട്ടില്ലേ,

നിറയാവയറിലടിച്ചുപാടുന്ന അനാഥബാല്യങ്ങളും; ബിരുദാനുഗ്രഹീത യുവത്വത്തിന്റെ ദുരന്തനാടകങ്ങളും.

കൊടുംവേനലിൽ തളർന്നുവീഴുന്ന അകാലവാർദ്ധക്യങ്ങളും...എന്നിട്ടുമെന്നിട്ടും...?

ഒരു 'മനുഷ്യമൃഗ'സംരക്ഷണകേന്ദ്രമെങ്കിലും?

ങ്ഹേ, എന്തേ? □

അനിൽകുമാർ

## പ്രധാനമന്ത്രിയുടെ ഷോപ്പിംഗ്

പ്രധാനമന്ത്രി സായംസന്ധ്യയിൽ ഷോപ്പിങ്ങിനിറങ്ങി. ജനം തിങ്ങി നിറഞ്ഞ ചന്ത വഴിയിലൂടെ മെല്ലെ നടന്നു. അധികാരത്തിന്റെ കനം തിങ്ങിയ തലയുമായി. തെരുവിൽ കണ്ട പുതിയ കടയിലേക്ക് കയറിച്ചെന്ന് അദ്ദേഹം ചോദിച്ചു. ''ഇവിടെ എന്തൊക്കെ കിട്ടും?''

മാലാഖമാർ നടത്തുന്ന കടയായിരുന്നു അത്. ഒരു മാലാഖ മറുപടി പറഞ്ഞു. ''നിങ്ങൾക്കാവശ്യമുള്ളതെന്തും.''

''ഭൂമിയിൽ സമാധാനവും ദാരിദ്ര്യത്തിൽ നിന്ന് മോചനവും കിട്ടുമോ?''

''ഞങ്ങൾ പഴങ്ങൾ വില്ക്കാറില്ല. വിത്തുകളേ വില്ക്കൂ.''

പ്രധാനമന്ത്രി ഇളിഭ്യനായി ഇറങ്ങി നടന്നു. □

എം. ഡി. സുരേഷ്

## വിശപ്പ്

ഇന്നലെ രാത്രിയിലും ഉറങ്ങാൻ കഴിഞ്ഞില്ല. പകലും രോഗികളുടെ നല്ല തിരക്കായിരുന്നു. എല്ലാവരും നൂറുകൂട്ടം രോഗങ്ങൾ പറയാൻ തുടങ്ങും. അതു കേൾക്കുന്നതിനു മുമ്പേ താനെഴുതും: സ്ഥിരം മരുന്നുകൾ, ആർക്കുമൊരു ഗുണവും ചെയ്യാത്ത ഗുളികകൾ. വേണമെന്നു വിചാരിച്ചല്ല ഇതൊന്നും. മാസാവസാനം തരക്കേടില്ലാത്തൊരു വേതനം കയ്യിൽ കിട്ടണമെങ്കിൽ ഈ വേഷം കെട്ടാതെ കഴിയില്ല.

''ഏമാനേ—'' പെട്ടെന്ന് പുറത്തുനിന്നൊരു വിളി. ചിന്തകളിൽനിന്നു ഞെട്ടിയുണരുമ്പോൾ കണ്ടു: വാതിൽക്കൽ ചുമട്ടുകാരൻ സെയ്താലിയുടെ വിയർത്തുവിളറിയ മുഖം. അവൻ കിതച്ചിരുന്നു.

''എന്താ സെയ്താലി?''

''ന്റെ മോന് ഒരു എടക്കേട് ഏമാനേ, ശ്വാസോം വീർപ്പുംല്ല്യ. ഇന്ന് ആ മേന്റവിടെ ഒരു സദ്യയുണ്ടായിരുന്നു. വല്ലപ്പഴും കിട്ട്ണതല്ലേ. ഇവൻ വെട്ടി ബിഴുങ്ങി. ഇപ്പോ—''

കുട്ടിയുടെ വയററിലുള്ളതു മുഴുവൻ ദഹിപ്പിക്കാൻ പാകത്തിലുള്ള മരുന്നിനെഴുതിക്കൊടുക്കുമ്പോൾ, മിനിഞ്ഞാന്ന് ശിശുവർഷാഘോഷത്തെക്കുറിച്ചാലോചിക്കാൻ ടൗൺ ഹാളിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ മുഴങ്ങിക്കേട്ട വാക്കുകളെക്കുറിച്ച് ഞാൻ ഓർക്കുകയായിരുന്നു. □

ക്രൈസ്റ്റ് കോളേജിൽ ഇതാദ്യമായി ഈ വർഷം മാഗസിൻ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒരു കവിയരങ്ങും കഥയരങ്ങും സംഘടിപ്പിക്കുകയുണ്ടായി. കവിയരങ്ങിലും കഥയരങ്ങിലും കേരളത്തിലെ ശ്രദ്ധേയരായ ചില എഴുത്തുകാരേയും, ക്രൈസ്റ്റിലെ ഒട്ടധികം യുവ എഴുത്തുകാരേയും പങ്കെടുപ്പിക്കാൻ കഴിഞ്ഞതിൽ ആഹ്ളാദമുണ്ട്. കവിയരങ്ങിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ സച്ചിദാനന്ദൻ, കെ. ജി. ശങ്കരപ്പിള്ള എന്നിവർ വായിച്ചവതരിപ്പിച്ച കവിതകളും, കഥയരങ്ങിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ ടി. വി. കൊച്ചുബാവ, കെ. വി. രാമനാഥൻ, തുമ്പൂർ ലോഹിതാക്ഷൻ എന്നിവർ വായിച്ചവതരിപ്പിച്ച കഥകളും ഈ മാഗസിനിൽ ചേർത്തിരിക്കുന്നു. ഇവരുടെ രചനകളുമായി പരിചയപ്പെടുക. നന്ദി.

—എഡിററർ.

## കഥയരങ്ങിൽ അവതരിപ്പിച്ച കഥ

# നിങ്ങൾക്കുവേണ്ടി

ടി. വി. കൊച്ചുബാവ

തീർച്ചയായും, അതൊരു കൊലപാതകമായിരുന്നു. എനിക്കതു് തടുക്കാൻ കഴിയുമായിരുന്നില്ലേ എന്നു ചോദിച്ചാൽ, ഒരുപക്ഷേ, കഴിയുമായിരുന്നു എന്നുവേണം പറയാൻ. ഏതാണ്ട കൈയെത്തിച്ചു തൊടാവുന്ന അകലത്തായിരുന്നു സംഭവം നടന്നതു്. ഞാനല്ലാതെ മററൊരുവൻപോലും ക്രൂരമായ ഈ കൃത്യത്തിനു സാക്ഷിയായിട്ടുണ്ടാവില്ലെന്നുറപ്പാണു്. ഒരു തികഞ്ഞ പാതിരയിൽ, കാലൻകോഴികളുടെ മൂരാംച്ചകളും കേട്ട്, പരിസരപ്രാന്തങ്ങളിൽ ഒരു കുടിപോലുമില്ലാത്ത ഈ നാട്ടുവഴിയിലൂടെ ഞാനല്ലാതെ ആരു വരാൻ? ഞാനെന്തിനു ഈ പാതിരയുടെ തണുത്ത ഇരുട്ടിലെത്തി എന്നാണു് ചോദ്യമെങ്കിൽ, അകലെയുള്ള ബന്ധുഗൃഹത്തിൽ പോയെന്നോ, കാര്യങ്ങൾ സംസാരിച്ചു തീർന്നപ്പോൾ സമയമിത്രയായെന്നോ ഒക്കെയുള്ള സ്ഥിരം നുണകൾ പറഞ്ഞൊഴിയാം. തികച്ചും ചെറുപ്പക്കാരനായ ഞാൻ, ഇത്തരം നുണകളാൽ തെററിദ്ധരിക്കപ്പെടുമെന്നു് അറിവുള്ളവനാകയാൽ സത്യമിതാ: എന്റെ കാമുകി വനജ അമ്പലവളപ്പിലേക്കു് രാത്രിയുടെ ഇടവേളയിലെത്താറുണ്ടു്.

തീർച്ചയായും, അതൊരു കൊലപാതകമായിരുന്നു. വഴിയിലാകെ ചിറകുകൾ വിരുത്തിനിൽക്കുന്ന ഒരു കൂററൻ അരയാലിന്റെ മറവിൽനിന്നു ഞാനതുകണ്ടു. ഒന്നുശ്വാസംവിട്ടു തീരുന്നതിനുമുമ്പതു സംഭവിച്ചു. എനിക്കു വേണമെങ്കിൽ ഒരു ധീരയോദ്ധാവിന്റെ വീര്യമുൾക്കൊണ്ടു് അവർക്കിടയിൽ ചെന്നുനില്ക്കാമായിരുന്നു. അരുതു്, കൊലയരുതു്. തമ്മിൽ തല്ലി മരിക്കുവാനുള്ളവരല്ല നമ്മൾ; മനുഷ്യർ—എന്നൊക്കെ അവരെ ഉപദേശിച്ചു പിന്തിരിപ്പിക്കാമായിരുന്നു. പിന്നെ അവർ ഒരു നിമിഷവും വൈകിക്കാതെ ഉപദേശിയെത്തന്നെ കൊല്ലുമായിരുന്നില്ലെന്നു് ആരറിഞ്ഞു? (ഉപദേശികളെത്ര ചത്തിരിക്കുന്നു!) ആ നിറഞ്ഞ ഏകാന്തമായ ഇരുളിൽ ഒരാൾ പോലുമറിയാതെ ഞാൻ മരിച്ചുവീഴും. പിന്നീടു പ്രതിയോഗികൾ പരസ്പരം കൈകോർത്തുപിടിച്ചു്, ഒരു നീളൻ ചൂളവുമിട്ടു നടന്നുപോയേക്കാം. ഒരു കൊലയ്ക്കായി അവരുടെ കത്തി വിറകൊള്ളുമ്പോൾ, ആരെയെങ്കിലും കൊല്ലുക എന്നതിൽ കവിഞ്ഞു് അവക്കു മറെറന്തുണ്ടു്! ഇതുകൊണ്ടൊക്കെത്തന്നെ, രഹസ്യമായി ആ പാതകം ഞാൻ കണ്ടുനിന്നു. ഒരു നീണ്ട കരച്ചിൽ എന്റെ ഉള്ളിൽ തുടൽപൊട്ടിച്ചു കയറിയെങ്കിലും ഞാൻ കരഞ്ഞില്ല. ഒന്നു കരയുക എന്നതു തികഞ്ഞ മാനുഷികതയാണെങ്കിൽപോലും, സ്വജീവനെ ഭയന്നു് ഞാനതിനു ശ്രമിച്ചില്ല. വിരണ്ട കണ്ണുകൾ അവർക്കിടയിലേക്കെറിഞ്ഞു് ആലിന്റെ കറുത്ത തടിയിൽ കൈവിരലുകൾ ഇറുക്കിയമർത്തി ഞാൻ നിന്നു. അങ്ങനെ ചന്തു കൃഷ്ണന്റെ നെഞ്ചിൽ കത്തി ആഞ്ഞിറക്കുന്നതും, കൃഷ്ണൻ ചരൽക്കല്ലുകൾക്കുമേൽ കിടന്നു് പിടക്കുന്നതും, നിശ്ചലനാവുന്നതും, ചന്തു നിവർന്നുനിന്നു് ഒന്നുറക്കെ ചിരിക്കുന്നതും, കത്തി അരയാൽ ലക്ഷ്യമാക്കി എറിയുന്നതും, പിന്നീടു് ഇടവഴിയുടെ തിരിവിലേക്കോടുന്നതും ഞാൻ കണ്ടു. കത്തി എന്റെ കാൽക്കൽത്തന്നെയാണു് വന്നു വീണതു്. ഞാൻ വല്ലാത്തൊരന്ധാളിപ്പിലേക്കു് കുതിച്ചുയർന്നുപോയി. എന്തുകൊണ്ടെന്നറിയില്ല, ഞാനും കുതിച്ചോടി.

തീർച്ചയായും അതൊരു കൊലപാതകമായിരുന്നു. ഈ പ്രഭാതത്തിൽ ഗ്രാമം മുഴുവൻ കൃഷ്ണന്റെ മരണത്തെക്കുറിച്ചറിഞ്ഞിരിക്കുന്നു. പോലീസ്വാൻ ഗ്രാമത്തിൽ പലവട്ടം കറങ്ങിക്കഴിഞ്ഞിരിക്കുന്നു. അവർക്കിതുവരെ കൊലയാളിയെ കണ്ടെത്താനായിട്ടില്ല. കൊലയാളി വിദഗ്ധമായി രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എവിടെ പോയാലും, അവനെ പിടികൂടുമെന്നു ചെറുപ്പക്കാരനായ ഇൻസ്പെക്ടർ പറഞ്ഞുംകഴിഞ്ഞിരിക്കുന്നു. എല്ലാമറിയാവുന്ന ഞാൻ, ഇതാ, എന്റെ കൊച്ചുമുറിയുടെ ജാലകത്തിനരികിലിരിക്കുന്നു. ഗ്രാമത്തിലെ ജനംമുഴുവൻ കൃഷ്ണന്റെ ജഡം കാണാൻ പോകുന്നതും, തിരിച്ചുവരുന്നതും, എന്തൊക്കെയോ പരസ്പരം പിറുപിറുക്കുന്നതും എനിക്കിവിടെയിരുന്നുകാണാം. അവരുടെ മുഖങ്ങളിലെല്ലാം അശാന്തമായൊരു ഭീതി ചീർത്തുകിടന്നിരുന്നു. ഗ്രാമത്തിൽ ആദ്യമായി ഒരു കൊല നടന്നിരിക്കുകയാണു്. ചന്തു കൃഷ്ണനെ എന്തിനു കൊന്നു? ഈ ചോദ്യം ഞാൻ പേർത്തും പേർത്തും എന്നോടു ചോദിച്ചുകഴിഞ്ഞിരിക്കുന്നു. ചന്തുവിന്റെ പ്രായപൂർത്തിയായ സഹോദരിയെ കൃഷ്ണൻ ബലാൽസംഗം നടത്തിയെന്നോ, ആ അപമാനഭീതികൊണ്ടവൾ തൂങ്ങിച്ചത്തുവെന്നോ, അതല്ലെങ്കിൽ പൂർവ്വവൈരാഗ്യമെന്നോ, അതിർത്തിത്തർക്കമെന്നോ ഒക്കെ ഇതിനു കാരണമായി എനിക്കു വ്യാഖ്യാനിക്കാം. ചന്തു കൃഷ്ണനെ കൊന്നു എന്നതിനേക്കാൾ പ്രസക്തി പക്ഷേ, ഇതിനൊന്നുമില്ല. ഇവർ രണ്ടുപേരുമായി എനിക്കു വ്യക്തിപരമായ യാതൊരടുപ്പവുമില്ല. ഇവർ ഗ്രാമത്തിലുള്ളവരാണെ

# കഥയരങ്ങിൽ അവതരിപ്പിച്ച കഥ

ന്നും, ഇടയ്ക്കിടെ കാണാറുണ്ടെന്നുള്ളതും, പരസ്പരം പേരറിയാമെന്നുള്ളതും ഒഴിച്ചാൽ മറ്റൊരു ബന്ധവുമില്ല. പിന്നെ മുറിയടച്ചിട്ടിരുന്ന് ഞാനെന്തിനിത്ര ഇക്കാര്യത്തിൽ വേവലാതിപ്പെടുന്നു? പുറത്തേക്കിറങ്ങുകയും, മറ്റുള്ളവരോടൊപ്പം കൃഷ്ണന്റെ ശവം കണ്ടു ഞടുക്കം അഭിനയിക്കുകയും, 'അയ്യോ' എന്നു സഹതപിക്കുകയും, എന്തെങ്കിലും സ്വകാര്യ ഊഹങ്ങൾ മറ്റുള്ളവർക്കിടയിലേക്ക് പർച്ചയ്യിട്ടു തിരിച്ചുപോരികയും ചെയ്യാം...

''കൃഷ്ണന്റെ അവസാനശ്വാസം നിലയ്ക്കുന്നതുവരെ നിങ്ങൾ കണ്ടതല്ലേ? പിന്നെ എന്തിനാണ് ഇനിയും പോകുന്നത്?''

എന്റെ തോളിൽ ആരുടേയോ ഉച്ഛ്വാസം വന്നലച്ചു. ആരോ എനിക്കു പിറകിൽനിന്നു സംസാരിക്കുകയും ചെയ്തു. പെട്ടെന്ന് ജാലകപ്പടിയിൽനിന്ന് എന്റെ കൈ തെന്നി. തല ശക്തിയോടെ അഴികളിലടിച്ചു. വല്ലാത്തൊരു മരവിപ്പായിരുന്നു കുറച്ചു നേരത്തേക്ക്. കണ്ണുകളിലേക്ക് ഇരുൾ പെയ്തിറങ്ങി.

''ആരാ?''

പരിഭ്രാന്തിയോടെ ഞാൻ ഒച്ചയിട്ടു. പയ്യെപ്പയ്യെ മുറിയിൽ ആരുടെയൊക്കെയോ സാന്നിദ്ധ്യം ഞാനറിയുകയായിരുന്നു. എന്നെ ചുറ്റിവളഞ്ഞ് കുറച്ചധികംപേർ നില്ക്കുന്നുണ്ടെന്നും, അവരിൽ ആരൊക്കെയോ കരയുകയാണെന്നും ഞാനറിഞ്ഞു. ഇവർ മരിച്ച കൃഷ്ണന്റെ ബന്ധുക്കളായിരിക്കണം. അവനെ കൊന്നവനെ ഞാൻ ചൂണ്ടിക്കാണിച്ചുകൊടുക്കണമെന്ന ആവശ്യത്തോടെയായിരിക്കണം ഇവർ വന്നിരിക്കുന്നത്. അപ്പോൾ ഗ്രാമം മുഴുവൻ ഇതറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അടുത്ത നിമിഷങ്ങളിൽ ചെറുപ്പക്കാരനായ ഇൻസ്പെക്ടറും സംഘവും ഇവിടെയെത്തും. പിന്നെ ചോദ്യങ്ങളായി, ചോദ്യങ്ങളായി.

''ഞാൻ ചന്തുവാണ്. മറന്നുപോയോ?'' എന്റെ പിന്നിൽനിന്നിരുന്ന ആൾ പെട്ടെന്നു പറഞ്ഞു. ഞാൻ ഒരു നീണ്ട വിഭ്രാന്തിയിലേക്ക് പൊടുന്നനെ എടുത്തെറിയപ്പെട്ടു. പിന്നിൽ നില്ക്കുന്നത് ചന്തുവാണ്! ഞാൻ അയാളെ വ്യക്തമായിക്കണ്ടു. നെഞ്ചിൽ കൈകൾ പിണച്ചുവച്ച്, താഴ്ത്തിയ തലയുമായി അയാൾ നിൽക്കുന്നു! ചന്തുവിനു പിറകിലൊരു വൃദ്ധയും ക്ഷീണിച്ചൊരു യുവതിയും മൂന്നു കുട്ടികളും.

ജനലഴികളിൽ അമർത്തിപ്പിടിച്ച്, അവരെ തുറിച്ചുനോക്കി ഞാൻ നിന്നു. അലറിവിളിച്ചു പുറത്തേക്കോടണമെന്നും, ചുമരിൽ തല ഇടിച്ചുടക്കണമെന്നുമൊക്കെ ആ നിമിഷം എനിക്കു തോന്നി. സംഭ്രമം അപ്പോഴും പൂർണ്ണമായും എന്നെ വിട്ടൊഴിഞ്ഞിരുന്നില്ല. വെളുത്തുമെലിഞ്ഞ ആ യുവതിയുടെ തേങ്ങൽ മുറിയിൽ നിറഞ്ഞുവന്നു. കുട്ടികളെ അടക്കിപ്പിടിച്ച്, എന്തൊക്കെയോ പറഞ്ഞ് അവൾ കരച്ചിൽ തുടർന്നു. എന്റെ തൊണ്ടയിൽ മഞ്ഞിടിഞ്ഞുവീണു.

''തീർച്ചയായും അവർ കൊലപാതകിയെ പിടിക്കും.'' ചന്തു എന്റെ തോളിൽ കൈവച്ചു. അതു പക്ഷേ, വിറച്ചിരുന്നില്ല. വല്ലാതെ തണുത്തിരുന്നു. ''എനിക്കു പേടിയില്ല. പക്ഷേ...''

ചന്തു തുടരാൻ കഴിയാതെ നിറുത്തി. അയാൾ ശ്വാസം കഴിക്കാൻ നന്നേ പ്രയാസപ്പെട്ടിരുന്നു. അയാളുടെ കൺകോണുകളിൽ ഈർപ്പം പൊടിഞ്ഞു നിന്നു.

''പറയൂ, എന്റെ കുട്ടികളുടെ അച്ഛനെ നിങ്ങൾ രക്ഷിക്കില്ലേ?'' പെട്ടെന്നു തലയുയർത്തി ആ യുവതി ചോദിച്ചു. അവളുടെ മുഖം കണ്ണുനീരിൽ അഴുകിപ്പോയിരുന്നു. പ്രത്യാശയുടെ ഒരിളംതുടിപ്പ് അവളുടെ കണ്ണുകളിൽ നിറഞ്ഞുനിന്നു.

''ഒരമ്മയുടെ വിഷാദം നിനക്കറിയില്ലേ മോനേ? പറയൂ, എന്റെ ചന്തൂനെ നീ രക്ഷിക്കില്ലേ?'' പെട്ടെന്നു തലയുയർത്തി ആ വൃദ്ധയും ചോദിച്ചു. തെളിച്ചം കുറഞ്ഞ ഒരുകീറു വെളിച്ചം വൃദ്ധയുടെ മുഖത്തു പിടച്ചു.

പറയൂ. പറയൂ. പറയൂ—കുറെയധികം സ്വരങ്ങൾ എന്നെ പൊതിഞ്ഞുവന്നു. എല്ലാവരും അലറിക്കരയുകയാണ്. ചന്തുവിനെ ഞാൻ രക്ഷിക്കണം! പക്ഷേ, ഞാൻ ചൂണ്ടിക്കൊടുത്താലുമില്ലെങ്കിലും ഇന്നോ നാളെയോ ചന്തു പിടിക്കപ്പെടും.

''ഞാനെന്തു ചെയ്യണം?''—സർവ്വ ശക്തിയും സംഭരിച്ച് ഞാൻ ചോദിച്ചു. എന്റെ തൊണ്ട അകാരണമായ ദാഹത്താൽ പൊരിയുകയായിരുന്നു. ഒരു വനമദ്ധ്യത്തിലേക്ക് എടുത്തെറിഞ്ഞിരിക്കുന്നു, എന്നെയിവർ. ചുറ്റും മൂങ്ങകളുടെ മുരൾച്ചകൾ മാത്രം.

''ചന്തൂനെ അവരു് പിടിക്കും. പിടിച്ചാപ്പിന്നെ ഞങ്ങള് വിഷംതിന്നു മരിക്ക്യായിരിക്കും നല്ലത്.'' ചന്തുവിന്റെ അമ്മ തലയ്ക്കടിച്ചു നിലവിളിച്ചു. ചന്തു എന്റെ തോളുകളിൽ അമർത്തിപ്പിടിച്ചു. അയാളുടെ കൈകളിപ്പോൾ വിറയ്ക്കാനാരംഭിച്ചിരുന്നു.

''നിങ്ങൾക്ക്, നിങ്ങൾക്കു മാത്രമേ എന്നെ രക്ഷിക്കാനാവൂ'' ചന്തു അറച്ചറച്ചു പറഞ്ഞു. അവന്റെ സ്വരത്തിൽ സങ്കോചം നിറഞ്ഞുനിന്നിരുന്നു. ''എന്നെ ചുറ്റിപ്പറ്റി ഒരു കുടുംബമുണ്ട്. നിങ്ങൾക്കാണെങ്കിൽ, നിങ്ങൾ മാത്രം. നിങ്ങൾ—''.

''നിറുത്തൂ—'' ഞാൻ ഓരിയിട്ടുവെന്നു തോന്നുന്നു. ഞാൻ കഠിനമായ കിതപ്പുകളിലേക്കു വാർന്നുകൊണ്ടിരുന്നു. അവരുടെ പറച്ചിലുകളിൽ അടങ്ങിക്കിടന്ന ഗൂഢമായ ഉദ്ദേശ്യം ഞാൻ മനസ്സിലാക്കുകയായിരുന്നു. കൃഷ്ണനെ കൊന്ന കുറ്റം ഞാൻ ഏറ്റെടുക്കണം! ഈ ഗ്രാമത്തിലെ ഉറ്റവരും ഉടയവരുമില്ലാത്തവൻ ഞാൻ മാത്രമാണ്. എനിക്കുവേണ്ടി ഒരാളും കരയില്ല. പക്ഷേ, അമ്പലവളപ്പിലേക്കു എന്നെത്തേടിയെത്താറുള്ള വനജ, അവൾ കരഞ്ഞേക്കും. അടുത്ത തിരുവാതിരക്കാലത്തു ഞങ്ങൾ വിവാഹിതരാവാൻ നിശ്ചയിച്ചിരിക്കയാണ്. പിന്നെ എനിക്കുമൊരു കുടുംബമായി.

ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കെ, മുറിയിലുള്ളവർ തിരിച്ചുനടക്കുന്നതു ഞാൻ കണ്ടു. അവരുടെ കാലുകൾ പതറിയിരുന്നു. ഉപ്പൂറ്റികൾ വിയർത്തു്, നിലത്തു നനവിന്റെ പാടുകൾ തീർത്തിരുന്നു. അവർ പോകുകയാണ്. ഇനി ചന്തു

# കുലംച
# കുലധർമ്മംച

കെ. വി. രാമനാഥൻ

ആകാശത്തു നിന്നൊരു കറുത്ത തിരശ്ശീല പോലെ ഇരുട്ട് ഊർന്നുവീണ് ഭൂമിയുടെ ചൈതന്യവും പുഞ്ചിരിയും കെടുത്തിക്കളഞ്ഞ ഒരു സന്ധ്യ. ആരോ എന്നോ അടച്ചിട്ടു പോയ പീടികമുറിയുടെ ചായ്പിൽ കീറച്ചാക്കും പഴന്തുണിയും ദ്രവിച്ച പനമ്പുതട്ടികയും പഴയ സിനിമാപോസ്റ്ററുകളുംകൊണ്ട് സുരക്ഷിതമാക്കിയ വീട് എന്ന സ്വർഗ്ഗത്തിലെ ഒരു മൂലയിൽ അമ്മാളു കാലും നീട്ടി ഇരുന്നു.

പുറത്തെ ഇറയത്തു്, കാഴ്ച മങ്ങുന്ന കണ്ണുകൾ കൊണ്ട് വഴിപോക്കരുടെ ഇരുണ്ട രൂപങ്ങൾ തിരിച്ചറിയാൻ ശ്രമിച്ചു കൊണ്ട് തള്ള ചുരുണ്ടുകൂടിയിരുന്നു നാമം ചൊല്ലുകയായിരുന്നു.

കാളി...കാളി...മഹാകാളീ

ഭദ്രകാളി നമോസ്തുതേ—

കഥയരങ്ങിൽ അവതരിപ്പിച്ച കഥ

അരികിൽ വിരിച്ച പഴന്തുണിയിൽ ഉറക്കം എന്ന സുഖാനുഭൂതി നുണഞ്ഞുകിടക്കുന്ന ചോരക്കുഞ്ഞിനെ അമ്മാളു നോക്കി.

ചുട്ടുപഴുത്ത കത്തിയുടെ അലകുപോലെ അവളുടെ നോട്ടം കുഞ്ഞിന്റെ ശരീരത്തിൽ ആഴ്ന്നിറങ്ങി.

മറയുടെ സുഷിരങ്ങളിലൂടെ കാണാവുന്ന പുറത്തെ അന്തരീക്ഷം മെല്ലെമെല്ലെ മങ്ങുന്നതു് അവൾ കണ്ടു.

ഒരു മൂലയ്ക്കൽ തള്ള കത്തിച്ചുവെച്ച ചിമ്മിണിവിളക്ക് വെളിച്ചത്തേക്കാളധികം പുകയും ഇരുട്ടും വിസർജ്ജിച്ചുകൊണ്ടിരുന്നു.

മറയുടെ കണ്ണുകൾ പിന്നേയും മങ്ങുന്നു. കാഴ്ച നശിച്ചു കൊണ്ടിരിക്കുന്ന തള്ളയുടെ കണ്ണുകൾപോലെ.

ആ കണ്ണുകൾ കത്തിപ്പൊട്ടിക്കാൻ, ചൂഴ്ന്നെടുക്കാൻ അടക്കാനാവാത്ത ഒരാഗ്രഹം ഒരാവേശമായി, ഒരഗ്നിയായി കൈകളിൽ പടർന്നുകയറുന്നതവളറിഞ്ഞു.

തന്നെ നശിപ്പിച്ച തള്ള.

സ്വപ്നങ്ങളുടെ ഇളംകുമ്പുകൾ പൊടിച്ചുവന്നിരുന്ന കാലം അത്രയൊന്നും അകലത്തല്ലല്ലോ.

അകലെ, എവിടെയോ, ഒരു വീടുണ്ടായിരുന്നു. തത്തകൾ ചിലയ്ക്കുന്ന മുളങ്കൂട്ടങ്ങളും വെള്ളിലകൾ പൊട്ടിച്ചിരിച്ചു കിടക്കുന്ന വേലിക്കെട്ടുകളുമുണ്ടായിരുന്നു. തെളിനീരൊഴ

---

പോയി പോലീസിനു പിടികൊടുക്കും. അവന്റെ വൃദ്ധയായ അമ്മയും ഭാര്യയും കുട്ടികളും കുറെയധികം പിന്നേയും കരയും. പിന്നെ കുറച്ചു വിഷദ്രാവകത്തിൽ ജീവനൊതുക്കും. ഗ്രാമം വീണ്ടും ഒരു കൂട്ടമരണത്തിന്റെ ഭീതിയിലേക്ക് എറിയപ്പെടും.

''നിൽക്കൂ—'' ഞാൻ വിളിച്ചുപറഞ്ഞു. എനിക്കുപോലും അപരിചിതമായ ഒച്ചയിലാണിതു പുറത്തേക്കു വന്നതു്. ചന്തു ഒട്ടൊന്നു ശങ്കിച്ചുനിന്നു. ഞാൻ അവന്റെ അരികിൽ ചെന്ന് പതുക്കെ തോളിൽ കൈവച്ചു. ''നോക്കൂ, നിന്നെ ഞാൻ രക്ഷിക്കാം.''

തീച്ചയായും ഇൻസ്പെക്ടർ, അതൊരു കൊലപാതകമായിരുന്നു. കൃഷ്ണനെ, ഇന്നലത്തെ പാതിരയിൽ, യാതൊരു പ്രകോപനവുമില്ലാതെ ഞാൻ വധിച്ചു. കാരണം, തികച്ചും വ്യക്തിപരം. അവനെ കൊല്ലാനുപയോഗിച്ച കത്തി ആലിന്റെ പിറകിലേക്ക് ഞാനെറിഞ്ഞിട്ടുണ്ട്. എന്തിനധികം പറയുന്നു: കൃഷ്ണനെ കൊന്നതു് ഞാനാണ്.

## ഒരടിക്കുറിപ്പ്

ഇക്കഥ താങ്കൾ വായിച്ചു കഴിഞ്ഞുവല്ലോ ഇക്കഥയിൽ ഞാൻ തികച്ചും മനുഷ്യധർമ്മത്താൽ ചെയ്ത സൽക്രിയ താങ്കൾ കണ്ടുകഴിഞ്ഞുവല്ലോ. ആരാണു പറഞ്ഞതു്, യുവാക്കൾ ഈ സമൂഹത്തോടു കൂറുള്ളവരല്ലെന്ന്? ഇത്തരത്തിലുള്ള ഉദാരമനസ്ഥിതി എനിക്കു മാത്രമല്ല, സർവ്വസമൂഹ മനുഷ്യർക്കും ഉണ്ടാവണമെന്നാണ് ഇക്കഥയിലൂടെ ഞാൻ തെളിയിച്ചിരിക്കുന്നതു്. താങ്കൾക്കും ഈ സദ്‌വൃത്തി അനുകരിക്കാവുന്നതേയുള്ളൂ. അതിനാദ്യം വേണ്ടതെന്തെന്നാൽ (രണ്ടു പരിചയക്കാരെ ഒരു നട്ടപ്പാതിരയ്ക്ക് തമ്മിൽത്തല്ലിച്ച്, അതിലൊരുവൻ മററവനെ കൊല്ലുന്നതു് ഒളിഞ്ഞുനോക്കിനിന്ന്, ജയിലിൽ സ്വയം കുററമേററെടുത്തു പോകുന്നതിനു മുമ്പായി) ഇക്കഥയുടെ കുറച്ച് പ്രതികൾ സ്വയം അച്ചടിച്ചു നല്ലവരായ താങ്കളുടെ സുഹൃത്തുക്കൾക്ക് വിതരണം ചെയ്യുക. ഇക്കഥ വായിക്കുകയും, ഇതിന്റെ പ്രതികൾ അച്ചടിച്ചു വിതരണം ചെയ്യാതിരിക്കുകയുമായാൽ താങ്കൾക്ക് പലവിധത്തിലുള്ള തിന്മകളും വന്നു ഭവിക്കുന്നതാണ്. ഇക്കഥ വായിക്കുകയും, ഇതിലെ സദുദ്ദേശ്യത്തെ പുച്ഛത്തോടെ വീക്ഷിക്കുകയും ചെയ്ത തിരുവനന്തപുരത്തുകാരൻ ഒരു അവിൽ കച്ചവടക്കാരനു സംഭവിച്ചതെന്താണ്? അന്നുരാത്രി അയാളുടെ കൊച്ചുമകൾ ചങ്കുപൊട്ടി മരിച്ചു. ഇക്കഥ വായിക്കുകയും, പ്രതികളടിച്ച് തന്റെ നല്ലവരായ സ്നേഹിതർക്ക് കൊടുക്കുകയും ചെയ്ത കുററിപ്പുറത്തുകാരൻ ഒരു മുസ്‌ലീമിനു് 20 രൂപ 200 രൂപയായി വർദ്ധിച്ചുകിട്ടുകയുണ്ടായി. ഇക്കഥയെ തള്ളിപ്പറഞ്ഞ കൊഴിഞ്ഞാമ്പാറയിലെ ഒരു ഹിന്ദുസഹോദരന്റെ കാമുകിക്കു തളർവാതം പിടിപെട്ടു. ഇങ്ങനെ എന്തെന്തതിശയങ്ങൾ... □

# കഥയരങ്ങിൽ അവതരിപ്പിച്ച കഥ

കുന്ന കൈതകൾ അതിരിട്ടുനില്ക്കുന്ന കൈത്തോടുകളോടുകൂടിയ ഒരു പാടമുണ്ടായിരുന്നു.

അതിന്റെ ഒരററത്തുള്ള ഇടവഴി ആരംഭിക്കുന്നിടത്തായിരുന്നു വീട്.

പകൽ ഉറങ്ങുകയും രാത്രി ഉണരുകയും ചെയ്യുന്ന വീട്—ഇരുട്ടിൽ അടുത്തുവരുന്ന രൂപങ്ങൾ. അടക്കിപ്പിടിച്ച, വീർപ്പുമുട്ടുന്ന സ്വരങ്ങൾ. അരണ്ട വെളിച്ചം പ്രസരിപ്പിക്കുന്ന മണ്ണെണ്ണവിളക്കിന്റെ പ്രകാശത്തിൽ അവ്യക്തമായി തെളിയുന്ന മുഖങ്ങൾ. നേരത്തെ കിടന്നുറങ്ങാത്തതിന് അമ്മയുടെ ശാസന. വേഗം അണിഞ്ഞൊരുങ്ങാത്തതിന് ജ്യേഷ്ഠത്തിമാരുടെ നേരെ തട്ടിക്കയററം.

അമ്മയോട് എന്തോ സ്വകാര്യം പറഞ്ഞ്, എന്തോ കൈയിൽ വെച്ചുകൊടുത്ത് വീണ്ടും പുറത്തേക്കിറങ്ങിപ്പോകുന്ന ജ്യേഷ്ഠൻ എന്ന ക്ഷയരോഗിയായ മനുഷ്യന്റെ ചുണകെട്ട നിഴൽ.

കള്ളിന്റെയും ചാരായത്തിന്റെയും ബീഡിയുടേയും സമ്മിശ്രഗന്ധങ്ങൾ ഉൾക്കൊണ്ട് മലീമസമായിത്തീരുന്ന മുറിയുടെ അന്തരീക്ഷം അവളെ വീർപ്പുമുട്ടിച്ചു. അപ്പോഴെല്ലാം രക്ഷപ്പെടാൻ മോഹം ചിറകടിച്ചു.

രാത്രിയുടെ നീണ്ട, നിശ്ശബ്ദയാമങ്ങളിൽ അടുത്ത മുറിയിൽനിന്നു കേൾക്കുന്ന അർത്ഥമറിയാത്ത ശബ്ദങ്ങൾ. അവൾ ഉറങ്ങാതെ കിടക്കുകയാണെന്നറിഞ്ഞാൽ അമ്മയുടെ മൂർച്ചയുള്ള നാക്കുകൊണ്ടുള്ള കുത്തിയേററ്.

ജ്യേഷ്ഠത്തിമാർ തന്റെ ഇരുവശത്തും കിടന്നുറങ്ങാറുള്ള രാത്രികളിൽ, കാലേ, അമ്മയുടെ കുഴിഞ്ഞ കണ്ണുകൾക്കു ചുററും കരിമഷിയും ചുളിഞ്ഞ നെററിയിന്മേൽ കുങ്കമപ്പൊട്ടും കാണപ്പെട്ടു.

വീട്ടുമുററത്തു വെച്ചേററുമുട്ടിയ രണ്ടു പതിവുകാരെ സമാധാനിപ്പിക്കാൻ ചെന്ന മൂത്ത ജ്യേഷ്ഠത്തി അവരിലൊരുവന്റെ അരയിൽനിന്നു പിടഞ്ഞുനീണ്ട കത്തിത്തലപ്പിൽ കിടന്നു പിടച്ച് ചലനമററ രംഗം മനസ്സിലിന്നും ഇടയ്ക്കു നീറിക്കത്തുന്നു.

രണ്ടാമത്തെ ചേച്ചി ഏതോ ഒരുത്തന്റെ കൂടെ കൂടുതൽ പച്ചപ്പുള്ള മേച്ചിൽ സ്ഥലങ്ങൾ തേടിയിറങ്ങിപ്പോയപ്പോൾ മുതൽ വീട് പട്ടിണിയിലമർന്നു.

വീടു വിററ് കടം തീർത്ത് അമ്മാളുവിന്റെ കൈയും പിടിച്ച് ഇറങ്ങി ഈ നഗരത്തിന്റെ ഇരുണ്ട നിഴലിലെത്തിയപ്പോഴേക്കും അമ്മയുടെ കൈമുതലെല്ലാം ചോർന്നു നശിച്ചു കഴിഞ്ഞിരുന്നു. അവളുടെ മാറിടത്തിൽ മുഴുപ്പും കണ്ണുകളിൽ പുതിയൊരു തിളക്കവും കണ്ടുതുടങ്ങിയപ്പോൾ മുതൽ അമ്മയ്ക്കു സ്നേഹാധിക്യം.

നല്ല കുപ്പായങ്ങൾ. വില കുറഞ്ഞ പൌഡർ. കണ്ണെഴുതാൻ മഷി. കൈയിൽ കുപ്പിവളകൾ.

വഴിയിലൂടെ കടന്നുപോയ കല്യാണക്കാറുകളിൽ തൊട്ടുരുമ്മിയിരിക്കുന്ന മാലയണിഞ്ഞ വധൂവരന്മാർ, അമ്മാളുവിന്റെ മനസ്സിൽ മോഹങ്ങളുടെ കുളിരലകൾ ഇളക്കിയപ്പോൾ തള്ള അവളെ പുതിയ പുതിയ ഉത്സവങ്ങളും പെരുനാളുകളും കാണിച്ചുകൊടുത്തു. തിക്കിലും തിരക്കിലും കൊണ്ടുനടന്നു.

ഒന്നാമത്തെ സിനിമ കഴിഞ്ഞു ചിരിച്ചുചിരിച്ച് ഉരുമ്മിയുരുമ്മി നടന്നുപോകുന്ന ഭാര്യാഭർത്താക്കന്മാരുടെ പിറകെ അമ്മാളുവിന്റെ കണ്ണുകൾ നീണ്ടു.

തനിക്കും എന്തുകൊണ്ടു വയ്യ?

പക്ഷെ, ഒടുവിൽ എല്ലാ മോഹങ്ങളും ഒരു രാത്രിയുടെ ഹോമകുണ്ഡത്തിലെറിഞ്ഞുമരുകയാണുണ്ടായത്.

താനറിയാതെ, നാളെ വീണ്ടും കാണാൻ മിക്കവാറും ഇടയില്ലാത്ത ഒരു പുരുഷന്റെ ചൂടും ഗന്ധവും ആവേശവും കണ്ണീരോടെ അനുഭവിച്ചു കിടക്കേണ്ടിവന്ന ആ രാത്രിതന്നെ, ഒരു വൃത്തികെട്ട ചിരിയുമായി നില്ക്കുന്ന തള്ളയുടെ മുഖം കുത്തിച്ചതയ്ക്കാനവൾക്കു തോന്നിയതാണ്.

പിന്നെ അങ്ങനത്തെ അവസാനമില്ലാത്ത രാത്രികൾ—വെകിളിപിടിച്ച വികാരത്തിന്റെ കുതിരകൾക്ക് കുതിച്ചു പായാനുള്ള വെളിമ്പറമ്പായി മാറിയ ശരീരം. അനുഭൂതികളുടെ കൊടുമുടികളിലേക്ക് നിർവ്വികാരമായി കയറാനും അടക്കിപ്പിടിച്ച തേങ്ങലോടെ അവയുടെ താഴ്വാരങ്ങളിലേക്ക് തളർന്നുവീണുറങ്ങാനും കഴിഞ്ഞ രാത്രികൾ:

അവസാനം ഏതോ വൃത്തികെട്ട, വെറുക്കപ്പെട്ട രക്തത്തിൽ ഉടലെടുത്ത പാപഭാരവുംപേറി തന്റെ ഗർഭാശയഭിത്തികൾ ത്രസിക്കാനും വികസിക്കാനും തുടങ്ങിയെന്നറിഞ്ഞതോടെ വെറുപ്പ് ഒരു കറുത്ത മേഘമായി മനസ്സിന്റെ മുകമേഖലകളിൽ കട്ടിയിരുളിന്റെ പടലങ്ങൾ നെയ്തു:

ഒരു പെൺകുഞ്ഞിന്റെ രൂപത്തിൽ ആ പാപഭാരം തന്റെ കൺമുന്നിൽക്കിടന്നു ചലിച്ചപ്പോൾ വെറുപ്പ് കറുത്ത വിഷമായി കണ്ണുകളിലേക്കിറങ്ങുകയും സിരകളിൽ ഇരച്ചു നടക്കുകയും ചെയ്തു.

വഴിവക്കത്തെ ഇറയത്തിന്റെ ഒരററത്തിരുന്ന് തള്ള ചൊല്ലുന്ന സന്ധ്യാനാമം ഒരു വിഷപ്പാമ്പിനെപ്പോലെ ഇഴഞ്ഞിഴഞ്ഞു വന്നു.

''കുലംച കുലധർമ്മംച

മാംച പാലയ പാലയ—''

(കുലത്തേയും കുലധർമ്മത്തേയും എന്നെയും പരിപാലിച്ചാലും—)

പെൺകുഞ്ഞാണെന്നറിഞ്ഞപ്പോൾ തള്ളയുടെ കണ്ണിൽ കത്തിയ സന്തോഷത്തിന്റെ തീനാളങ്ങൾ അപ്പോൾതന്നെ കുത്തിക്കെടുത്താൻ കൈ തരിച്ചതായിരുന്നു:

കുലം ച കുലധർമ്മം ച.

പുളിച്ച കള്ളിന്റെ ഗന്ധം പകരുന്ന ചുണ്ടുകൾ തന്റെ കുഞ്ഞിന്റെ ശരീരമാകെ പരതി നടക്കുന്ന ചിത്രം മനസ്സിനെ മൂടുന്ന ഇരുളിന്റെ കട്ടി ഒന്നുകൂടി കൂട്ടുന്നു.

ഉറക്കം എന്ന സുഖാനുഭൂതി നുണഞ്ഞുകൊണ്ടു കിടക്കുന്ന കുഞ്ഞിന്റെ കഴുത്തിനിരുവശങ്ങളിലും നിർവ്വികാരമായി ചരിക്കുകയായിരുന്ന കൈവിരലുകളിൽ വെറുപ്പിന്റെ കറുത്ത തീനാളങ്ങൾ ഇഴഞ്ഞെത്തുന്നു.

ഓലമറയുടെ അപ്പുറത്തുള്ള കാണാൻ പററാത്ത ഇരുട്ടിലേക്ക് കത്തിമുന പോലെ ആഴ്ന്നാഴ്ന്നിറങ്ങിപ്പോകുന്ന കണ്ണുകളോടെ അവളിരുന്നപ്പോൾ കൈവിരലുകൾ തലച്ചോറിന്റെ നിയന്ത്രണത്തെ ലംഘിച്ചുകഴിഞ്ഞിരുന്നു.

തള്ളയുടെ കാഴ്ചമങ്ങിയ കണ്ണുകൾക്കു താഴെ, ഇരുട്ടിൽ തപ്പുന്ന വിരലുകൾക്കരികെ, ചലിക്കാത്ത പതുപതുപ്പുള്ള തുണിക്കെട്ട് മെല്ലെ വെച്ചിട്ട് ഇരുട്ടിലേക്കിറങ്ങി നടക്കുമ്പോൾ ''ഇതെന്താടി അമ്മാളേ്വാ?'' എന്നു വിറയ്ക്കുന്ന സ്വരത്തിൽ ചോദിക്കുന്ന തള്ളയോട് മുള്ളുകളെഴുന്നു നില്ക്കുന്ന, വിറയ്ക്കാത്ത ശബ്ദത്തിൽ അവൾ പറഞ്ഞു:

''തള്ളയുടെ അത്താഴം. ഒടുങ്ങാത്ത വിശപ്പിനുള്ള ഒടുക്കത്തെ അത്താഴം.'' □

## കഥയരങ്ങിൽ അവതരിപ്പിച്ച കഥ

# തേങ്ങലുകൾ

തുമ്പൂർ ലോഹിതാക്ഷൻ

പതിവില്ലാത്തവിധം, കഴിഞ്ഞ രാവിൽ നായ്ക്കൾ ഒററയ്ക്കും സംഘംചേർന്നും കരച്ചിരുന്നു. രാത്രിയുടെ മധ്യയാമങ്ങളിലെവിടെയോ ഉറക്കത്തിന്റെ മാറിൽ വീണുകിടക്കുമ്പോൾ പുറത്ത് ഒരു കനത്ത താക്കീതായി ഒഴുകിപ്പരന്നും ചിതറിത്തെറിച്ചും ശബ്ദങ്ങൾ താവളം തേടുകയായിരുന്നു. ശബ്ദങ്ങളുടെ കൂർത്ത മുള്ളുകൾ കണ്ണുപടങ്ങളിൽ തുളച്ചുകയറുമ്പോൾ ഞെട്ടിയുണർന്നും അവ മുനതേഞ്ഞു വികൃതമാവുമ്പോൾ നിദ്രയുടെ മടിയിൽവീണും എത്രയോ നിമിഷങ്ങൾ.

അപ്പോഴും ഉറങ്ങുകതന്നെയായിരുന്നു. എത്രവട്ടമാണ് കലുക്കിവിളിച്ചത്. അസുഖകരമായ ഏതോ ഒരുണർച്ചയിൽ പെട്ടെന്ന് കണ്ണുകൾ ചിമ്മിയതും അത്രയും ധൃതിയിൽ ഇമകൾ ചേർത്തടച്ച് തലയിണയിൽ മുഖമമർത്തി കമിഴ്ന്നുകിടന്നതും ഇപ്പോൾ ഓർമ്മിക്കാനാവുന്നു. മുറിയിൽ ഒഴുകിപ്പരന്ന അരണ്ട നീലവെളിച്ചവും സാന്ദീപിന്റെ ദുരൂഹമായ ആലസ്യങ്ങളും പുറത്തെ ശബ്ദത്തിന്റെ അലകളും എന്നിൽ ശക്തമായ ഒരു ഭീഷണി വളർത്തിയിട്ടുണ്ടാകണം.

പുറത്ത് തകർത്തുപെയ്യുന്ന ഇരുട്ടിൽ പിന്നെയും വളർന്നൊടുങ്ങുന്ന ശബ്ദഘോഷങ്ങൾ കേട്ടുകിടക്കുകയായിരുന്നു. എത്ര നേരമെന്നറിയില്ല. എപ്പോഴോ ഉറങ്ങിപ്പോയതും ഇപ്പോൾ ഓർമ്മിക്കാൻ കഴിയുന്നില്ല.

പിന്നീടോർമ്മകൾ വളരുമ്പോൾ സാന്ദീപ് അന്നത്തെ പ്രഭാത ദേശീയദിനപത്രത്തിൽനിന്ന് ശ്രദ്ധാപൂർവ്വം കുറേ അക്ഷരങ്ങൾ പെറുക്കിയെടുക്കുകയായിരുന്നു. ആ മുഖം വല്ലാതെ മ്ലാനമായിരുന്നു. പത്രത്തിലെ ഏതെങ്കിലും വാർത്തകൾ അദ്ദേഹത്തെ വേദനിപ്പിച്ചിരിക്കാം. പത്രക്കാരുടെ ഔചിത്യമില്ലായ്മയെക്കുറിച്ചും അവരുടെ കൂർത്ത ഉന്നുകളെക്കുറിച്ചും ഓർത്തിട്ടാകാം പെട്ടെന്ന് എന്റെ മുഖത്ത് കുറേ ക്ഷോഭരേഖകൾ പടരാനാരംഭിച്ചത്.

എല്ലാം തീർത്തും അപരിചിതമായിത്തോന്നി. കഴിഞ്ഞ രാവ്, ഈ പ്രഭാതം, എവിടെയോ എന്തൊക്കെയോ തകരാറുള്ളതുപോലെ. സാന്ദീപും എന്തോ ഒളിക്കുന്നുണ്ട്. എല്ലാ പുലർച്ചകളുമെന്തിന് ഒരുപോലെയാകണം. എല്ലാ രാത്രികളും? വൈവിദ്ധ്യം നിമിഷങ്ങളെ മധുരീകരിക്കുന്നു എന്നെഴുതിയതാരാണ്—

''എടോ രോഹിണീ താനെത്രനേരമായ് കിടന്നുറങ്ങുന്നു'' എന്റെ സാന്നിദ്ധ്യം അറിഞ്ഞിട്ടാകാം പത്രത്തിൽനിന്നു കണ്ണെടുക്കാതെ സാന്ദീപ് കുറേ വാക്കുകൾ പെറുക്കിയെറിഞ്ഞത്. ആളിന്നു നല്ല മൂഡിലാണല്ലോ?

പ്രഭാതകൃത്യങ്ങൾ അറിയാതെ ചടുലമാകുന്നു. ധൃതിയിൽ ചായയുമായിച്ചെല്ലുമ്പോൾ പത്രത്തിന്റെ ഏതോ ഒരു പേജിൽ ഏതോ കണിയാൻകുറിച്ച 'ഈ വർഷം നിങ്ങൾക്കെന്തു ചെയ്യും' ആവേശത്തോടെ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു, സാന്ദീപ്. എന്നെക്കണ്ടപാടെ പത്രത്തിന്റെ ആ പേജുയർത്തി എന്റെ ജന്മനക്ഷത്രം തൊട്ടുകാണിച്ച് ഇങ്ങനെ പറയാനാരംഭിച്ചു ''വായിച്ചുനോക്കൂ...ഈ വർഷം നമുക്ക് വമ്പിച്ച അത്ഭുതങ്ങൾ നല്കും''.

ചായ ടീപ്പോയിൽവെച്ച് പത്രം പിടിച്ചുവാങ്ങി ആവേശത്തോടെ വായിച്ചു, വീണ്ടും വീണ്ടും. ശരിയാണ്. ഈ വർഷം വമ്പിച്ച അത്ഭുതങ്ങൾ നല്കാൻപോകുന്നു. ആ അറിവിൽ സ്വയം മറന്നെത്രസമയമാണ് നിന്നത്.

ആ വിസ്മൃതിയിൽനിന്നുണർന്നപ്പോഴാണെന്നുതോന്നുന്നു തൊടിയുടെ തെക്കേമൂലയിലൊരാൾക്കൂട്ടം. അവർ നായ്ക്കളെ ആട്ടിയകററുകയായിരുന്നു. സാന്ദീപ് തിടുക്കത്തിൽ ഒതുക്കുകളിറങ്ങി അവിടേക്ക് നടന്നു. പിറകെ ഞാനും. ആളുകളെ വകഞ്ഞുമാററി ഒന്നേ നോക്കിയുള്ളൂ. ഞെട്ടിത്തിരിഞ്ഞു ചുവടുകൾ ധൃതിയിൽ പിറകോട്ടുവെയ്ക്കുമ്പോൾ വീഴുമെന്നു തോന്നി. അങ്ങിങ്ങായി ചോരപ്പാടുകളുള്ള ഒരു തുണിക്കഷണംപോലെ ഒരു കൈക്കുഞ്ഞിന്റെ ജഡം. പൊടുന്നനെ എന്റെ ഹൃദയത്തിലേക്കതു വളർന്നെത്തുകയായിരുന്നു. സാന്ദീപിന്റെ ശബ്ദം വിറയ്ക്കുന്നതും ആളുകൾക്കൂടിനിന്നു സ്വകാര്യം പറയുന്നതും കേട്ടു. ചിലർ ഒരു ജാരനെ നോക്കുന്ന കൗതുകത്തോടെ സാന്ദീപിൽ കണ്ണെറിയുകയായിരുന്നു. മനസ്സിപ്പോൾ ഭ്രാന്തമാവാൻ തുടങ്ങുകയാണ്.

കടുത്ത ഒരു പ്രതികാരമായിരിക്കാം ഇതെന്നും സ്വന്തം കുഞ്ഞിനെ നായ്ക്കളുടെ മുമ്പിൽ എറിഞ്ഞുകൊടുക്കുവാനുള്ള ചങ്കൂററം ഏതു കുലടയ്ക്കാണുണ്ടാവുക എന്നും ആളുകളിപ്പോൾ പരസ്പരം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. സാന്ദീപിന്റെ സാന്നിദ്ധ്യംപോലുമിപ്പോൾ അറിയുന്നില്ല. ആൾക്കൂട്ടത്തിലെവിടെയോ അയാൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. സാന്ദീപിന്റെ പരിചയക്കാരികളിലേയ്ക്ക് ചിന്തകൾ വളർന്നെത്തുന്നു. അവർക്കാർക്കും ഇത്ര ക്രൂരവും തരംതാണതുമായ പ്രതികാരം ചെയ്യാനാവില്ല. പിന്നെ ആരാണ്?

സാന്ദീപ് എന്തോ ഒളിക്കുന്നില്ലേ? എന്തിനാണയാൾ കഴിഞ്ഞരാത്രി മൂടിപ്പുതച്ചുകിടന്ന് അന്തംവിട്ടുറങ്ങിയത്? കഴിഞ്ഞ കുറേ ദിവസങ്ങളായി കൂടെക്കൂടെ അസ്വസ്ഥനായിരുന്നത് എന്തുകൊണ്ടാണ്? ഏതോ ശക്തമായ ഭീഷണികൾ നേരിടുകയായിരുന്നിരിക്കാം. തീർച്ച.

എന്തോ ഒളിക്കുന്നുണ്ട്. എന്തോ!—

ആധുനിക സാഹിത്യകാരൻ സമൂഹത്തോട് ഉത്തരവാദിത്വം പുലർത്തുന്നില്ല എന്ന ആരോപണം സാധാരണയായി കേട്ടുവരുന്നതാണ്.

ഈ ആരോപണത്തിൽ കഴമ്പുണ്ടോ എന്ന് നോക്കണമെങ്കിൽ, ആദ്യമായി എന്താണ് ഉത്തരവാദിത്വം എന്ന് നിർണ്ണയിക്കേണ്ടതുണ്ട്.

സഹജീവികളോട് പാലിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് നമ്മുടെ നിയമസംഹിതയിൽ പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. ഉദാഹരണമായി, മററൊരാളുടെ മുതൽ തട്ടിപ്പറിക്കുവാൻ പാടില്ല നമ്മൾ; പുരുഷന്മാരാണെങ്കിൽ പരസ്ത്രീകളെ മാനഭംഗപ്പെടുത്താൻ പാടില്ല; കൊലചെയ്യുവാൻ പാടില്ല. ഇത്തരം കുററങ്ങളിൽ ഒന്ന് ചെയ്യുകയാണെങ്കിൽ നമ്മൾ സമൂഹത്തോട് ഉത്തരവാദിത്വം പുലർത്തുന്നില്ല എന്ന് വരുന്നു; നമ്മൾ ശിക്ഷയനുഭവിക്കേണ്ടിവരുകയും ചെയ്യും.

പീനൽകോഡിൽ പറഞ്ഞിട്ടില്ലാത്ത ചില അലിഖിത നിയമങ്ങളുണ്ട്. ഉദാഹരണമായി അയൽപക്കക്കാരന്റെ വീട്ടുമുററത്ത് മൂത്രമൊഴിക്കുവാൻ പാടില്ല.

മുകളിൽപറഞ്ഞ തെററുകളിൽ ഏതെങ്കിലും ഒന്ന് ആധുനിക സാഹിത്യകാരൻ ചെയ്യുവെങ്കിൽ, അയാൾ സമൂഹത്തോട് ഉത്തരവാദിത്വം പുലർത്തുന്നില്ല എന്ന് നമുക്ക് പറയാം. അയാൾ ശിക്ഷയർഹിക്കുന്നു.


സമൂഹത്തോടുള്ള ഉത്തരവാദിത്വം എന്ന് പറയുമ്പോൾ വിവക്ഷ സമൂഹത്തോടുള്ള ആദരവ് എന്നാണോ?

ആദരവ് ഒരു വൺവേ ട്രാഫിക്കല്ലല്ലോ. സാഹിത്യകാരൻ സമൂഹത്തെ മാനിക്കണമെങ്കിൽ സമൂഹം സാഹിത്യകാരനേയും മാനിക്കേണ്ടതില്ലേ? സാഹിത്യകാരന്മാരെ മാനിക്കുന്ന ഒരു സമൂഹമാണോ നമ്മുടേത്?

അഥവാ, സമൂഹം ചില സാഹിത്യകാരന്മാരെ ആദരിക്കുന്നുവെങ്കിൽ അത് അവരുടെ കൃതികളുടെ മേന്മകൊണ്ടല്ല. മറിച്ച് അവർ ബംഗ്ലാവ് പണിതതുകൊണ്ടും കാറിലും വിമാനത്തിലും സഞ്ചരിക്കുന്നതുകൊണ്ടുമാണ് എന്ന് പറയുന്നതായിരിക്കും ശരി.

സമൂഹം മാനിക്കുന്നത് കള്ളക്കടത്തുകാരേയും പൂഴ്ത്തിവെയ്പുകാരേയുമാണ്. അങ്ങിനെയുള്ള ഒരു സമൂഹത്തോട് സാഹിത്യകാരന് എന്ത് കടപ്പാടാണ് വെച്ചുപുലർത്തുവാൻ കഴിയുക?

(എം. മുകുന്ദന്റെ ''എന്താണ് ആധുനികത'' എന്ന പുസ്തകത്തിൽനിന്ന്.)



ഇല്ലെങ്കിലെന്തിനാണ് ആൾക്കൂട്ടത്തിനു മുന്നിൽവെച്ച് അദ്ദേഹത്തിന്റെ ചൊടികൾ വിളറിയത്. ശബ്ദങ്ങൾ വിറയാർന്നത്? ആൾക്കൂട്ടത്തിന്റെ കണ്ണുകളിൽ ഇപ്പോൾക്കുത്തിവരുന്ന വികാരമേതാണ്? അവരുടെ ചിറിക്കോണുകളിൽ തൂങ്ങിയാടുന്ന നേർത്ത ചിരികൾക്കെന്തർത്ഥവ്യാപ്തിയാണ്. എന്നോടുതന്നെയുള്ള ഒരു പ്രതികാരമായി അവരിതിനെ കാണുന്നുണ്ടാവുമോ?

സാന്ദീപിന്റെ വലത്തേ പുരികത്തിനുമുകളിൽ ഒരു കറുത്ത മറുകുണ്ട്. സാമാന്യം വലുത്. അതിന്റെ ശരിപ്പകർപ്പ് ജഡത്തിന്റെ പുരികത്തിനുമുകളിലും കണ്ടത് ഓർക്കുന്നു. ഈ സാമ്യം കേവലം യാദൃച്ഛികമെന്നു പറഞ്ഞ് തള്ളാനാവുമോ? തെളിവുകൾ സാന്ദീപിനെതിരാവാൻ തുടങ്ങുന്നു. പെട്ടെന്ന് ശക്തമായി വിതുമ്പാൻതുടങ്ങിയ മാറിൽ വലതുകൈ ചേർത്തുവെച്ച്, ഏതോ വിഭ്രാന്തിയിൽ, കൂടിനില്ക്കുന്ന ആളുകളെ വകഞ്ഞുമാററി, കണ്ണുകളിൽ മുനയുന്ന പ്രതികാരത്തോടെ എല്ലാവരോടുമായി ചോദിക്കുകയായിരുന്നു. ''പറയൂ ആരാണെന്റെ മോനെകൊന്നത്?''

—പെട്ടെന്നായിരുന്നു ഞെട്ടിയുണർന്നത്. അരണ്ടവെളിച്ചം ഒഴുകിപ്പരക്കുന്ന മുറിക്കുമുകളിൽ സീലിംഗ്ഫാൻ ആവേശത്തോടെ കറങ്ങിത്തിരിയുന്നു. കിടക്കയിൽ, വളരെ അടുത്തായി സാന്ദീപ് തലയിണയിൽ ചുളിവുകൾവീണ മുഖമമർത്തി ഉറങ്ങിക്കിടക്കുന്നു. വർദ്ധിച്ച അത്ഭുതത്തോടെ ആ മാറിലെ രോമക്കാടുകളിൽ മുഖമൊളിപ്പിച്ച് ഞാൻ നിശ്ശബ്ദമായി തേങ്ങി. □

കോഴിക്കോട്ട് സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് വിദ്യാർത്ഥികൾക്കായി മാഗസിൻകമ്മിററി ഒരു മലയാള ചെറുകഥാമത്സരം നടത്തുകയുണ്ടായി. വലിയ ഉത്സാഹവും, നിറഞ്ഞ പ്രതീക്ഷയുമാണ് ഈ സംരംഭത്തിനു പിന്നിൽ ഉണ്ടായിരുന്നത്. ഏകദേശം അറുപതോളം യുവകഥാകൃത്തുക്കൾ ഈ മത്സരത്തിൽ പങ്കെടുക്കുകയുമുണ്ടായി. മററു മത്സരസംഘാടകർക്കുണ്ടാവുന്ന അതേ നിരാശതതന്നെയാണ് ഞങ്ങൾക്കും അനുഭവപ്പെട്ടത്. തനിമ പ്രദർശിപ്പിക്കുന്ന, കെട്ടുറപ്പുള്ള ഒരു കഥപോലും തെരഞ്ഞെടുക്കാൻ പരിശോധകസമിതിയ്ക്കു കഴിഞ്ഞില്ല. നമ്മുടെ സാഹിത്യരംഗം ഊർജ്ജസ്വലമായിരിക്കുന്നു എന്ന പ്രസ്താവനയ്ക്കെന്താണു പ്രസക്തി? തൃശ്ശൂർ സെൻറ് തോമാസ് കോളേജിലെ ജോസ് ടി. ജെ. എന്ന എഴുത്തുകാരൻ അയച്ചുതന്ന "കൃ" എന്ന പേരിലുള്ള കഥക്കാണ്, തമ്മിൽ ഭേദമെന്ന നിലയിൽ പ്രോത്സാഹനസമ്മാനം നല്കാൻ നിശ്ചയിച്ചിരിക്കുന്നത്. കഥാകൃത്തിനു അഭിനന്ദനങ്ങൾ! മത്സരത്തിനെത്തിയ കഥകളെക്കുറിച്ചുള്ള പരിശോധകസമിതിയുടെ അഭിപ്രായസംഗ്രഹമാണ് ചുവടെ ചേർക്കുന്നത്. കഥകളയച്ചുതന്നു സഹകരിച്ച എല്ലാ സുഹൃത്തുക്കൾക്കും ഹൃദ്യമായ നന്ദി.

—മാഗസിൻ എഡിററർ

# കഥകളിലൂടെ

ഏകദേശം അറുപതോളം കഥകൾ മുന്നിൽവച്ച്, നമ്മുടെ കോളേജുകളിലെ യുവകഥാകൃത്തുക്കളെപ്പററി ഒരു വിലയിരുത്തലിനു പ്രാധാന്യമുണ്ട്. അതും ഒരു കഥാമത്സരത്തിലേയ്ക്കയച്ചുകിട്ടിയതാവുമ്പോൾ. കാരണം, മത്സരത്തിലേയ്ക്കയയ്ക്കുന്നവ കൂടുതൽ വെടിപ്പുള്ളതും, നല്ലവയുമായിരിക്കുമല്ലോ!

ഈയൊരു ബോധത്തോടെ ക്രൈസ്റ്റ് കോളേജ് മാഗസിൻ കമ്മിററിയുടെ കഥാമത്സരത്തിലേക്കെത്തിയ കഥകളെ വിലയിരുത്തുമ്പോൾ കടുത്ത നിരാശതയും, ഒരു തലമുറയിലൊററയെണ്ണവും തെളിമ കാണിക്കാതെ നശിക്കുന്നല്ലോ എന്ന ദുഃഖത്തിനും മാത്രമേ സ്ഥാനമുള്ളൂ. കുറെ എഴുത്തുകാർ ചോപ്പിനു നേരെ. വേറെ കുറേപേർ പ്രേമത്തിനും പ്രേമഭംഗത്തിനും നേരെ. മററുചിലർ ആദർശപ്രസംഗങ്ങൾക്കുനേരെ. ബാക്കിയുള്ളവരെല്ലാം വ്യർത്ഥമായ അന്വേഷണത്തിനുനേരെ. മുമ്പുള്ള ചെറുപ്പക്കാരുടെ കഥകളിൽ പരീക്ഷണത്തിനുവേണ്ടിയെങ്കിലും വാക്കുകളുടെ താളവും പുതുമയും മററുമുണ്ടായിരുന്നു. ഈ തലമുറ അതും നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. അക്ഷരം പോലും കൂട്ടിവായിക്കാനറിയാത്തവർ ഈ സാഹസത്തിനു പുറപ്പെടുന്നുവെന്നതാണ് അതിലും കഷ്ടം. ഒരൊററ രചനയ്ക്കുപോലും, ഒരു പുതിയ വിഷയമോ, വിഷയാവിഷ്ക്കരണമോ ആരും സ്വീകരിച്ചു കണ്ടില്ല. എല്ലാ കഥകളും വായിച്ചു കഴിഞ്ഞപ്പോൾ, ആ കഥകൾ ഇങ്ങനെ പറയുന്നുവെന്നു തോന്നി: വരുവിൻ, പ്രേമിക്കുവിൻ, വിപ്ലവത്തിലലിയുവിൻ, പ്രേമഭംഗത്തിലലിഞ്ഞു താടിവളർത്തുവിൻ—

ആത്മാവിൻെറ അടിത്തട്ടിൽ ഒളിഞ്ഞിരുപ്പുള്ള രോഷാഗ്നി പുറത്തുകൊണ്ടുവരാൻ കഥകളെ ഉപയോഗപ്പെടുത്താം. എന്നാൽ അവ മൈതാനപ്രസംഗക്കാരൻെറ വിലകുറഞ്ഞ വിപ്ലവ ഡയലോഗുകളായി തരം താഴരുത്. കാണികളെ വാപൊളിച്ചിരിക്കാൻ പ്രേരിപ്പിക്കുന്ന ചില നാടകങ്ങളിലെ വാചകക്കസർത്തുകളുണ്ട്. അവ നമ്മുടെ ചെറിയ എഴുത്തുകാരെ സ്വാധീനിക്കുന്നുമുണ്ട്. "ഈരടികൾ" എന്ന കഥയെഴുതിയ ആൾക്ക് പറയുവാനുള്ളതു്, ജോലി തേടിയലഞ്ഞ് അവസാനം മുതലാളിത്തവർഗ്ഗത്തെ നശിപ്പിക്കാൻ ഒരുങ്ങുന്ന ഒരു യുവാവിൻെറ കഥയാണ്. കഥാകൃത്ത് ഈ കഥയിൽ കഥപറയുന്നതിനുപകരം, പരസ്പരം ബന്ധമില്ലാത്ത കുറേ വാക്യങ്ങൾ എഴുതിവച്ചിരിക്കുന്നു. "സ്വാതന്ത്ര്യം, രാജ്യം സ്വതന്ത്രമാണത്രേ! പക്ഷേ എവിടെ സ്വാതന്ത്ര്യം കിട്ടി? ഇവിടെ സോഷ്യലിസമാവണം. ഇവിടെ സത്യത്തിനും ധർമ്മത്തിനും സ്ഥാനമില്ല ഇല്ല. ഈ വ്യവസ്ഥ ഇല്ലാതാക്കണം. ഇവിടെ സമത്വം വേണം". ജോലികിട്ടാതായതോടെ ചെറുപ്പക്കാരൻെറ ചിന്തകളാണിത്. ഇത്തരത്തിൽ നീളുന്നു ഈ കഥമുഴുവൻ. മൈതാനപ്രസംഗങ്ങൾ വഴിതെററിക്കുന്ന ഒരു തലമുറയുടെ പ്രതിനിധിയാണീ കഥാകൃത്ത്. എന്തും വരച്ചുകാണിക്കുന്നതിനു മുമ്പായി അവശ്യമായ പശ്ചാത്തലം സൃഷ്ടിച്ചിരിക്കണം. ഈ കഥയും, "വിലകുറഞ്ഞ മനുഷ്യർ", "വേനൽ", "യാത്ര" തുടങ്ങിയ പതിനെട്ടോളം കഥകൾക്കും ഈ പശ്ചാത്തലമില്ല. കഥാകൃത്തുക്കൾ ശ്രദ്ധിക്കുക. "ഈ ഗ്രാമം മുഴുകെ ഈ ഉണർത്തുപാട്ടിൻെറ സന്ദേശമുൾക്കൊള്ളട്ടെ" എന്നോ "അതാ, ഉദയഗിരി ചുവന്നുകഴിഞ്ഞു", എന്നോ എഴുതി കഥയുടെ അവസാനഭാഗങ്ങൾക്കു രൂപം നല്കുന്നതും, ഒരു ഫാഷനായി മാറിയിട്ടുണ്ട്. ആരംഭം മുതൽ ഒരുവിധം താളാത്മകമായി കഥ പറഞ്ഞുവന്നു്, അവസാനം ഇത്തരം സ്ഥിരം വാക്യങ്ങൾ എഴുതിവയ്ക്കുന്നതു് ചിലർക്കൊരു ഭ്രമമാണ്. "മീനു" എന്ന കഥയെഴുതിയ സുഹൃത്തു് ശ്രദ്ധിക്കണം.

"സന്ധ്യായാമത്തിൻെറ കുഞ്ഞലകൾ വെള്ളിത്തിരയിലേക്ക് വരുമ്പോഴും ആ ശബ്ദം കേൾക്കാമായിരുന്നു—" എന്നിങ്ങനെയാണ് "ഭ്രാന്തൻെറ വിലാപം" എന്ന കഥയാരംഭിക്കുന്നതു്. ഒരു പ്രത്യേക എഴുത്തുകാരൻെറ പഴകാലനോവലുകളെ പ്രേമിക്കുകയും, അതുമാത്രം വായിക്കുകയും, ആവേശമുൾക്കൊണ്ട് എഴുതുകയും ചെയ്യുന്ന സ്വഭാവം ഈ കഥാകൃത്തും മററനേകം കഥാകൃത്തുക്കളും പ്രകടിപ്പിക്കുന്നു. മുൻസൂചിപ്പിച്ച രീതിയിലാണ് മിക്കവർക്കും കഥ വരിക. ഇതിൻെറയെല്ലാം കാലം കഴിഞ്ഞുവെന്നു കഥാകൃത്തുക്കൾ കരുതുക. പുതിയ കഥ

കൾ പഠിക്കുകയും, പഴമയിൽനിന്നും ആവേശം ഉൾക്കൊള്ളുകയും, ആനുകാലികങ്ങളുടെ താളുകളിൽ മാത്രം തങ്ങിക്കിടക്കുകയും ചെയ്യാതിരുന്നാൽ ഈ പുതിയ തലമുറ (ഇപ്പോഴിവർ പഴം തലമുറയേക്കാൾ കഷ്ടമാണ്) ഒരുപക്ഷേ രക്ഷപ്പെട്ടേക്കും.

പെൺകുട്ടികൾ കഥയെഴുതിയാൽ അവ സ്ത്രൈണമാവണമെന്നുണ്ടോ? പലപ്പോഴും പെൺകുട്ടികൾ എഴുതുന്ന കഥകൾ മൂന്നാംകിട മെലോഡ്രാമയിലാണ് അവസാനിക്കാറുള്ളത്. വളരെ കുറച്ചു കുട്ടികൾ മാത്രമേ ഈ അധഃപതനത്തിൽനിന്നും രക്ഷ നേടുന്നുള്ളൂ. കണ്ണുനീരിൽ മുക്കിയെടുത്ത സിനിമകൾക്കും, പ്രേമത്തിന്റെ ചായം തേച്ചൊരുക്കിയെടുത്ത വാരികകൾക്കും ഇവരെ ഇങ്ങനെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ട്. ''ബ്ലാക്ക് ആൻറ് വൈററ്'', ''കെടാവിളക്ക്'', ''ഇന്നയെത്തേടി'', ''മനോജ്ഞതീരങ്ങളിൽ വീണ്ടും'', ''കാവ്യശില്പം'' എന്നീ കഥകളിൽ 'ഉണ്ണ്യേട്ടൻ', 'രാജുമോൻ', 'നീലിമ', 'രവിയേട്ടൻ' തുടങ്ങിയ സ്ഥിരം കഥാപാത്രങ്ങളുണ്ട്. കരച്ചിലിനു വേണ്ട എല്ലാ വിഭവങ്ങളും ഒരുക്കിയിരിക്കുന്നു. ഇതിൽ നാലും, അഞ്ചും കഥകൾ ശൈലി കൊണ്ട് അല്പം മെച്ചമുള്ളതായിരിക്കുന്നു. പറഞ്ഞുമടുത്ത ഒരൊററ വിഷയമേ ഇവക്കു പറയാനുള്ളൂ. പ്രേമവും, വിരഹവും. ശാരദ ഓർത്തു: ''വിവാഹത്തിനു മുമ്പുണ്ടായിരുന്ന ആ ദിവസങ്ങൾ എത്രയോ സന്തോഷപ്രദമായിരുന്നു. പക്ഷേ ഇന്ന്...അതോർക്കാൻകൂടി വയ്യ. താൻ നാലു മക്കളുടെ അമ്മയായിരിക്കുന്നു'' എന്ന വിധത്തിൽ കഥയെഴുതിയ പെൺകുട്ടി പ്രത്യേകം ശ്രദ്ധിക്കണം.

സിനിമ യുവാക്കളെ വഴിതെററിക്കുന്നു എന്ന വാദം പ്രസക്തമാണോ? ഇവിടെ കഥയെഴുത്തുകാർ ചില പ്രസിദ്ധ ചിത്രങ്ങളിലെ കഥാപാത്രങ്ങളെ അപ്പാടെ ചോർത്തിയെടുത്ത് കുറെ വാക്കുകളുടെ മേമ്പടിയോടെ ആവിഷ്ക്കരിക്കാൻ ശ്രമം നടത്തിത്തുടങ്ങിയിരിക്കുന്നു. എഴുത്തുകാർ ശ്രദ്ധിക്കുക. ഉത്തരായണം എന്ന സിനിമയിലെ നായകന്റെ സ്വഭാവവിശേഷവും പെരുമാററവും, അതിലെ ഗുരുജിയുടെ സാഹിത്യ വാചകങ്ങൾ ഉരുവിടുകയും ചെയ്തിരിക്കുന്ന ഒരു കഥയുണ്ട്. 'ശ്രദ്ധാക്ഷരങ്ങൾ' എന്ന കഥയെഴുതിയ എഴുത്തുകാരൻ ചെയ്തു വച്ചിരിക്കുന്നതും ഇതാണ്. അതിനദ്ദേഹം സ്വീകരിച്ചിരിക്കുന്ന ഭാഷയൊന്നു ശ്രദ്ധിക്കുക: ''യുഗസന്ധ്യയിലെ വ്രീളയായ ആകാശം. കല്പാന്തസ്പർശിയായ സ്മൃതിബോധം പോലെ ഒലിച്ചുപോകുന്ന പാത. നിണഗന്ധമില്ലാത്ത പാദമുദ്രകൾ. തൂണീരത്തിന്റെ തോൽവാരമുരഞ്ഞ തോളിൽ അനിവാര്യമായ വിധിയായി ഞെരിയുന്ന, ധനുസ്സുയർത്തുന്ന അസഹ്യത''. ഒരു ചെറിയ കാര്യം പറയാൻ (നേരെ ചൊവ്വേ പറഞ്ഞാൽ കഥയാവില്ലല്ലോ) കഥാകൃത്തു നടത്തുന്ന കഷ്ടപ്പാടെത്രയെന്ന് ഒന്നോർത്തു നോക്കൂ. ഈ കഷ്ടപ്പാടും, അനുകരണശീലവും പുലർത്തുന്ന അനേകം കഥകളും മത്സരത്തിനുണ്ട്. ഒരു വാക്കുണ്ട്: ഒരു കൊച്ചു കൽക്കഷ്ണമെടുത്തു പൊക്കാൻ അത്ര പ്രയാസമുണ്ടോ? 'ഇഹം ബ്രഹ്മമയം' എന്ന കഥയെഴുതിയ എഴുത്തുകാരനോട് ഒന്നേ ചോദിക്കാനുള്ളൂ. കഥകളിൽ കണ്ടുമടുത്ത്, ദിവ്യത്വം നഷ്ടപ്പെട്ട ''ഗുരുജി'' എന്ന കഥാപാത്രം സ്വന്തം കഥയിൽ വേണമെന്നു നിർബ്ബന്ധമാണോ?

ആധുനികതയുടെ പേരിൽ പുറത്തിറങ്ങുന്ന കള്ളനാണയങ്ങൾക്കുദാഹരണങ്ങളാണ് ''പ്രവാചകൻ'', ''ഉണ്ണിയും ഉണ്ണികളും'', ''ആസുരം'', ''സാക്ഷാത്കാരത്തിനുമുമ്പ്'' എന്നീ കഥകൾ.

''ഒരു നിമിഷത്തിന്റെ ദുഃഖം'', ''തമ്മിലറിയാത്തവർ'', ''വിസ്മൃതിയുടെ ദ്വീപുകൾ'', ''കൃ'' തുടങ്ങി ശേഷിക്കുന്ന കഥകളെക്കുറിച്ച് പ്രത്യേകം കുറിക്കുന്നില്ല. ഇതെഴുതിയവർ മേൽച്ചൊന്ന അഭിപ്രായങ്ങൾ ശ്രദ്ധിച്ചാൽ നന്ന്.

—നാളെയുടെ കഥാകൃത്തുക്കളാവേണ്ട ഇവരെല്ലാം നശിച്ചുപോകാതിരിക്കണമെങ്കിൽ, ഇവക്കൊരു പുതിയ കാഴ്ചപ്പാടും ഇവർ ചർച്ച ചെയ്യപ്പെടേണ്ടവരുമാകണമെങ്കിൽ ഒന്നേ വഴിയുള്ളൂ. വായിക്കുക. നിരന്തരമായി എഴുതുക. എഴുതുന്നതെല്ലാം സ്വയം നന്നെന്നു തോന്നുന്നതുവരെ—കീറിക്കളയുവാനുള്ള ധൈര്യം സമ്പാദിക്കുക. വളർന്നുവരേണ്ടവരായ നിങ്ങളെഴുതിയ കഥകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്ക് മൂർച്ച കൂടിയെങ്കിൽ സദയം ക്ഷമിക്കുക.

കഥാകൃത്തുക്കൾക്കെല്ലാം ആശംസകൾ. □

—മാഗസിൻ കമ്മിററിക്കുവേണ്ടി പരിശോധകർ.

എഴുത്തുകാർക്ക് ഒരിക്കലും ചലച്ചിത്രത്തെ രക്ഷിക്കാനായിട്ടില്ല. നമുക്കു ധാരാളം പുതിയ എഴുത്തുകാരുണ്ട്. പക്ഷെ, അവരെ പാടേ തിരസ്കരിക്കുന്ന സിനിമാ നിർമ്മാതാക്കളുടെ എണ്ണവും പെരുകുകയാണ് എന്ന വസ്തുത വിസ്മരിച്ചുകൂടാ. നമുക്ക് വാക്കുകൾ മാത്രം പോരാ; വാക്കുകളെ പിൻതുടർന്ന് പ്രവർത്തനമുണ്ടാവണം. അങ്ങനെയല്ലാതെ ഒരു വിപ്ലവവും സാധ്യമാവുകയില്ല. തന്റെ മാത്രമായ പടക്കളത്തിൽ താൻ പുറപ്പെടുവിക്കുന്ന ആജ്ഞാവചനങ്ങളെ പിൻതുടർന്നു വരുന്ന യഥാർത്ഥ പ്രവർത്തനം—അതുമാത്രമാണ് സിനിമാനിർമ്മാതാവിനെ സംബന്ധിച്ചിടത്തോളം പ്രസക്തമായിട്ടുള്ളത്. ഈ പ്രവർത്തനത്തിൽ അയാളും, അയാളെപ്പോലുള്ള മററനേകംപേരും കൈവരിക്കുന്ന വിജയം, മഹത്തായ ഒരു കലാരൂപത്തിന് അതിന്റെ നഷ്ടപ്പെട്ടുപോയ അന്തസ്സിന്റെ ഒരംശമെങ്കിലും വീണ്ടെടുക്കാൻ സഹായകമാവുകയാണെങ്കിൽ, എങ്കിൽ മാത്രമേ, സിനിമാരംഗത്ത് ഒരു വിപ്ലവം നടക്കുന്നതായി നമുക്കഭിമാനിക്കാൻ കഴിയൂ.

—സത്യജിത്റായ്.

പ്രോത്സാഹനസമ്മാനം നേടിയ കഥ

# കൃ



ഞങ്ങളപ്പോൾ നാലുപേരുണ്ടായിരുന്നു. നാലുമണിക്കൂറോളം ഒരു കൃ നിന്നതിന്റെ പരവശതയുമായി ഞങ്ങൾ മടങ്ങുകയായിരുന്നു. നഗരത്തിന്റെ നെറുകയിലുള്ള പ്രശസ്തമായ ക്ഷേത്രത്തിന്നരികിലൂടെയായിരുന്നു ഞങ്ങൾ നടന്നിരുന്നത്. ക്ഷേത്രത്തിനു ചുററുമുള്ള തരിശുപറമ്പിനപ്പുറത്ത് ഇരമ്പുന്ന നഗരം. ഞങ്ങളൊന്നും സംസാരിച്ചിരുന്നില്ല; ഞങ്ങളൊന്നിലും ശ്രദ്ധിച്ചിരുന്നുമില്ല.

''ഹോ, അതാ നോക്കു'' മുദലൻ പൊടുന്നനെ ഞങ്ങളുടെ ശ്രദ്ധയെ ചൂണ്ടുവിരലിൽ കോർത്തു. പെട്ടെന്ന്, ഞാനാകാഴ്ച കണ്ടു—നഗരത്തിന്റെ അലച്ചകൾക്കിടയിൽനിന്നാശബ്ദം ഞാൻ വേർതിരിച്ചെടുത്തു. അതൊരു വിചിത്രമായ കരച്ചിലായിരുന്നു.

മൈതാനത്തിലെ ഒരു മരച്ചുവട്ടിൽ, പക്ഷികളുടെ കാഷ്ഠം വീണ് പുള്ളിക്കുത്തുകൾനിറഞ്ഞ നിലത്ത് ഒരു ജീവി കിടക്കുന്നു. ആ ജീവി, ആ നഗരംകണ്ടവർക്കെല്ലാം സുപരിചിതവുമാണ്. നഗരപാർശ്വങ്ങളിൽ ശരീരത്തോളംപോന്ന വലിയ തല ഒരു തുണിക്കഷണത്തിൽവച്ച് നിശ്ചലമായി ഒരു ഗർഭസ്ഥശിശുവിനെപോലെ അത് ചുരുണ്ടുകിടക്കും. അതിന്റെ ശോഷിച്ച കൊച്ചു കൈകാലുകളും അതുപോലെതന്നെ. അതിന്റെ കണ്ണുകൾ പൂർണ്ണമായടഞ്ഞോ, മുഴുവനായ് തുറന്നോ ഞാനൊരിക്കലും കണ്ടിട്ടില്ല. മഞ്ഞനിറമുള്ള കൂർത്ത പല്ലുകൾ എപ്പോഴും പുറത്തുകാണാം. അതു കിടക്കുന്ന മുഷിഞ്ഞ വിരിയിൽ എപ്പോഴും നാണയത്തുട്ടുകളുമുണ്ടാകും. ആ നാണയത്തുട്ടുകൾക്കും, ആ ജീവിയ്ക്കുംവേണ്ടി മുഷിഞ്ഞ വസ്ത്രം ധരിച്ചൊരു സ്ത്രീ കാവലിരിക്കും.

അതെ, ആ സ്ത്രീതന്നെയാണ് ആ വലിയ തല താങ്ങിപിടിച്ചിരിക്കുന്നത്.

ഏതോ ഒരു മഹാമനസ്കനായ ക്ഷുരകൻ ആ വലിയ തലയിലെ നരച്ച രോമങ്ങൾ വടിച്ചുകളയുകയാണ്. അതിൽ പ്രതിഷേധിക്കുന്ന ഒരു കൊച്ചുകുട്ടിയുടെ നിലവിളിയേക്കാൾ ഈ രോദനത്തിന് ദീനതയുണ്ടായിരുന്നു.

കെണിയിൽപെട്ട്, തന്റെ ചങ്കിലമരുന്ന മരണായുധത്തോട് പ്രതിഷേധിക്കുന്ന എലിയുടെ ശബ്ദമാണോ അതെന്ന് ഞാൻ താരതമ്യപ്പെടുത്തിനോക്കി.

''തലയുടെ നഗ്നരൂപം കീശയിൽ പണമുള്ളവർ കാണട്ടെ എന്നാകാം''. നവീനൻ തന്റെ അഭിപ്രായത്തോടെ തുടക്കമിട്ടു.

''മുടി പൊയ്ക്കോട്ടെ, അത് നന്നായി. എന്നാലും, ആ രോദനംകൊണ്ട് കൂടുതൽ ശ്രദ്ധയാകർഷിക്കാൻ പററിയെ

ജോസ് ടി. ജെ.

ങ്കിലോ എന്നാകും ഉന്നം''. പുരാതനൻ തന്റെ കമന്റും പാസാക്കിക്കഴിയുംമുമ്പെ മുദലൻ വീണ്ടും പറഞ്ഞു: ''നോക്കൂ, അതു കാണാൻ കൂടിയിരിക്കുന്ന ആ നിശ്ചല മൃഗങ്ങളെ!''

ആ അത്ഭുത ശേഷിയുള്ളവർ ആ പറമ്പിന്റെ സന്താനങ്ങൾതന്നെയാണ്. കഞ്ചാവടിച്ചും, കാശുവച്ചുകളിച്ചും, തല്ലുകൂടിയും നേരംപോക്കുന്ന അവർ മറെറാരു നേരമ്പോക്കിന് കൂടിയിരിക്കുകയാണ്. എങ്കിലും, അവരാ ദീനമായ കർമ്മം ക്ഷമാപൂർവ്വം, സൂക്ഷ്മതയോടെ ശ്രദ്ധിച്ചിരിക്കുന്നതു കാണുമ്പോൾ നമുക്കവരുടെ മനോബലത്തെ അഭിനന്ദിക്കാതിരിക്കാൻ പററില്ല.

എന്തെന്നാൽ എനിക്കിപ്പോൾ തിരിഞ്ഞുനോക്കാൻകൂടി സാധിക്കില്ല. ആ ചിത്രം അത്രകണ്ട് എന്റെ മനസ്സിനെ മരവിപ്പിച്ചുകളഞ്ഞിരിക്കുന്നു.

മൈതാനംകടന്ന് ഒരിടത്തരം ഹോട്ടലിൽചെന്ന് ഞങ്ങൾ കരപററി. ചിറകുകൾ കത്തിക്കീറപ്പെട്ട ഒരു വാവ്വാലിന്റെ കരച്ചിൽ എന്റെ മനസ്സിലപ്പോഴും ചുററിതിരിഞ്ഞുകൊണ്ടിരുന്നു. എന്നാൽ ഞങ്ങളാ സംഭവത്തെക്കുറിച്ചു വീണ്ടും സംസാരിക്കുന്നതിൽ വിമുഖരായിരുന്നു. വെയ്ററെ കാത്തിരിക്കുമ്പോഴും ഞങ്ങൾ മൂകരായിരുന്നു. ഞങ്ങളത്രകണ്ട് പരിക്ഷീണിതരായിരുന്നു.

എനിക്കു മടുത്തു—എനിക്കു മടുത്തുകഴിഞ്ഞിരിക്കുന്നു.

എത്ര നാളായി ഞാനീ ബീഭത്സതകൾ ലാസ്യകരം ഭംഗിയായി സൂക്ഷിക്കുന്നു. ഇതുവരെയും എനിക്കവ ഒരിടത്തേൽപ്പിച്ച്

ഒരു വലുതല്ലെങ്കിലും ചെറുതല്ലാത്ത കസേരയിൽ കയറിക്കൂടാൻ കഴിഞ്ഞില്ല. എല്ലാവരും ചെയ്യുന്നതുപോലെയെല്ലാം, എന്റെ കഴിവനുസരിച്ച് ഞാനും ചെയ്തു. ബഹുമതിപത്രങ്ങൾ കുറച്ചൊക്കെ നേടി—ഒരുനാൾ ഒരു കസേരയിൽ ആയാസരഹിതമായി കയറിയിരിക്കാമെന്നെല്ലാം സ്വപ്നംകണ്ടു. പക്ഷേ മത്സരങ്ങൾവന്നപ്പോൾ, എല്ലാവരും ചെയ്തതെല്ലാം ഞാൻ ചെയ്തെങ്കിലും അധികംപേരും എന്നെ മറികടന്നു. എനിക്കു മടുത്തുകഴിഞ്ഞു...

എന്നോകൊടുത്ത ഒരു ടിപ്പിന്റെ മധുരംനുണഞ്ഞ് വൈകിയെത്തിയ വെയ്റ്റർ കൊണ്ടുവച്ച ചായ മൊത്തിക്കുടിക്കാൻ തുടങ്ങിയപ്പോൾ—

ഏതോ ഒരു ബാധപോലെ, ആ ദുഃശകനംനിറഞ്ഞ തല ചായകോപ്പയിൽ പ്രത്യക്ഷപ്പെട്ടു. ഏതോ ഒരു മരുന്നിന്റെ ദൗർലഭ്യത ഓർമ്മിപ്പിക്കുന്ന ചായ ബാക്കിവന്നില്ല. നവീനന്റെ സംഭാഷണത്തിൽ മനസ്സൂന്നി ഒരു രക്ഷപ്പെടലിനു കളമൊരുക്കി—

''സമയം രണ്ടുകഴിഞ്ഞിട്ടേഉള്ളൂ. ഇന്നത്തെ മാറ്റിനി സ്പെഷ്യൽ, മൃണാൾദായുടെ ഒരു പുതിയ പടമാണ്''. നവീനൻ തന്റെ പഴയ ഊർജ്ജസ്വലത തിരിച്ചെടുത്തു.

''തന്റൊരു സെൻ; കൊണ്ടുപോയ് കള. രണ്ടുമണിക്കൂർ ഇരുന്നു ബോറടിക്കാൻ കണ്ടുപിടിച്ച ഒരു വേലത്തരം. ഓ, നോക്കൂ, ഇന്ത്യയിലിറങ്ങിയിട്ടുള്ളവയിൽവച്ചേറ്റവും വൻ ബഡ്ജറ്റ് ചിത്രം നാലാംവാരമാണ് നഗരത്തിലോടുന്നതു്. അതിലെ പാട്ടുകൾ കേട്ടാൽതന്നെ മുടക്കിയപണം മുതലാകും. മൂന്നുമണിക്കൂർ സ്വർഗ്ഗസുഖം! ഒരിക്കൽകൂടി അതു കാണണം. ഇദ്ദേഹത്തിന്റെ ബോറൻപടം കാണണമെങ്കിൽ ബസ്സുകൂലി വേറെ ചിലവഴിക്കണം. ഈ ചിത്രത്തിനാണെങ്കിൽ രണ്ടടി നടന്നാൽമതി''. പുരാതനൻ സ്വാഭാവികമായും നവീനന്റെ ശ്രമങ്ങൾക്ക് തുരങ്കമിട്ടുകഴിഞ്ഞു.

''ഓ തുടങ്ങി അവന്റെ പിന്തിരിപ്പൻ ചിന്തകൾ'' നവീനൻ തമാശയാണ് പറഞ്ഞതെങ്കിലും അവന്റെ മുഖം ചുവക്കാൻതുടങ്ങിയിരുന്നു. ''ഇന്നു കാലത്തു് ഒമ്പതുമണിക്ക് വീട്ടിൽനിന്നിറങ്ങിയതല്ലെ? രണ്ടുമണിവരെ ഈ അധികാരിവർഗ്ഗത്തിന്റെ മനംമയക്കുന്ന ആശ്വാസവചനങ്ങളിലും, വാഗ്ദാനങ്ങളിലും കുടുങ്ങി നീണ്ട വരിയിൽനിന്നു് മുരടിച്ചു. ആർക്കുവേണ്ടിയാണ് താനിത്രയും വിഷമിച്ച്, ക്ഷമയോടെ നിന്നതു്? തന്റെ വിലപ്പെട്ട സ്വപ്നങ്ങളും പ്രതീക്ഷകളും അവർ കാൽക്കീഴിലിട്ടു ഞെരിച്ചമർത്തി രസിക്കുന്നതു കാണാൻ തനിക്ക് കണ്ണുണ്ടായോ? താനപ്പോൾ എന്റർടെയിൻമെന്റുകളിലേതുപോലെ മരീചികകളും, കണ്ണാടിമാളികയും മെനഞ്ഞുണ്ടാക്കി നേരംപോക്കിയിട്ടുണ്ടാകും. തന്റെ സ്വപ്നങ്ങളും, പാട്ടുകളും, അവസാനിക്കാത്ത കാത്തിരിപ്പും—'' നവീനൻ ആവേശത്തള്ളലോടെ വിറപൂണ്ട് സംസാരിക്കാനാരംഭിച്ചപ്പോൾ തന്റെ ഇഴയുന്നമട്ടിലുള്ള, എന്നാൽ ഒരു മലമ്പാമ്പിന്റെ കരുത്തുള്ള വാക്കുകളുമായി പുരാതനൻ എതിരിട്ടു—

''താനാണെങ്കിൽ അപ്പോൾ മിനക്കെട്ട് ഹംറിമിഷോയുടെ സൂക്തങ്ങൾ വായിക്കുന്നതു ഞാൻ കണ്ടു. അതു കഴിഞ്ഞാൽ തന്റെ ബാഗിലിനി ചെഗ്വവരെയും, ഹോചിമിനുമുണ്ടാകും. ഇതെല്ലാം വായിച്ചുതള്ളിയാൽ തനിക്ക് കുറെ ചുവന്ന സൂക്തങ്ങൾ ലഭിക്കുമെന്നല്ലാതെ, പാഠപുസ്തകങ്ങളിലെ ഫോർമുലകളിൽ കവിഞ്ഞ ഗുണം അതു നിനക്കു ചെയ്യുമോ? ആ നീണ്ട നാലുമണിക്കൂറിൽ, പ്രകടമായൊന്നും പ്രതിഷേധിക്കാതെ മറ്റുള്ളവരേപ്പോലെ താനും ക്യൂവിൽ നിന്നില്ലേ? ഞാൻ സ്വപ്നംകണ്ടു നേരംപോക്കിയെങ്കിൽ, താൻ മിനക്കെട്ടു കുറെ പരുക്കൻ സൂക്തങ്ങൾചവച്ചു. ആർക്കാണ് കൂടുതൽ ഗുണമുണ്ടായതു്?''

''നിന്റെ മനസ്സിലുള്ള രൂപം എന്തെന്ന് എനിക്കറിയാം''. മേശയിൽ കൈകുത്തി മുന്നോട്ടാഞ്ഞിരുന്നുകൊണ്ട് നവീനൻ ഒരു പടികൂടി മുന്നോട്ടുവച്ചു. ''നമ്മൾ ശബ്ദമുയർത്തിയാൽ നമ്മുക്കെതിരെ ആ വലിയ ഗേറ്റടച്ചവർ സ്വസ്ഥരായിരിക്കും. നിങ്ങളാകവാടം ബലമായി തുറക്കാനാരംഭിച്ചാൽ, ആ അധികാരിവർഗ്ഗത്തിന്റെ കാവലാളുകൾ നിങ്ങളുടെ കൈകാലുകൾ തല്ലിയൊടിക്കും. ആയുധമേന്തിയാൽ, നിങ്ങൾക്കതുപയോഗിക്കാൻ വയ്യാത്തരീതിയിൽ നിങ്ങളുടെ കൈകൾബന്ധിച്ച് തടവറയിലിടും. വേണമെങ്കിൽ സത്യാഗ്രഹംനടത്തി പത്രത്തിൽ വാർത്തവരുത്താം. കഴിവുണ്ടെങ്കിൽ നിന്റെ വക്കാലത്തുപിടിക്കാൻ പലവർണ്ണക്കൊടികളെവരുത്താം. എങ്കിൽകൂടി നിനക്കുമാത്രം രക്ഷപ്പെടാം. ഇവിടത്തെ ബഹുഭൂരിപക്ഷത്തിനപ്പോഴും നീണ്ട അവസാനിക്കാത്ത ക്യൂതന്നെ ബാക്കി''.


''നിന്റെ മനസ്സിലുള്ളതും എനിക്കറിയാം'' പുരാതനനതിനും മറുപടിയുണ്ടായിരുന്നു—''കോംഗ്രസ്സിലെ മുപ്പതിനായിരമാകാം നിന്റെ മനസ്സിൽ. പക്ഷേ ആ ചിത്രത്തിലും മൃണാൾസെൻ വരാനിരിക്കുന്ന ഒരു ചുവന്ന പ്രഭാതത്തെ കാത്തിരിക്കുകയാണ്. ആ അപകടകാരികളായ മുപ്പതിനായിരത്തെപോലെ ഭരണയന്ത്രത്തെ സ്തംഭിപ്പിച്ച്, ജനങ്ങളിൽ ആവേശത്തിന്റെ അഗ്നിജ്വലിപ്പിച്ച് ആയുധം കൈയിൽ കൊടുത്തിട്ട് പിന്നീടെല്ലാം വേണ്ടപ്പെട്ട രൂപത്തിൽ കലങ്ങിതെളിയുമെന്നാണോ നിന്റെ പ്രതീക്ഷ? ആ കലങ്ങിമറിച്ചിലിൽ കുറെ ഉയർന്നതലകൾ ശരീരത്തിൽനിന്നു വേർപെട്ടേക്കാം. അതെ, ഇവിടെയും സ്വപ്നങ്ങളും പ്രതീക്ഷകളും ഛിന്നഭിന്നമായേക്കാം. പരിപൂർണ്ണ സ്വാതന്ത്ര്യവും, പരിപൂർണ്ണ സമത്വവും മറ്റൊരു സ്വപ്നമല്ലെന്ന് നിനക്ക് പറയാൻ കഴിയുമോ? ചുരുക്കത്തിൽ ക്ഷമാശീലരായി നാലുമണിക്കൂറോളം ആ ക്യൂവിൽനിന്ന നൂറുകണക്കിന് യുവജനങ്ങളെ നമുക്ക് കുറ്റപ്പെടുത്താനാകുമോ?''

അവർ എവിടെയും ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തരരേഖകളെപോലെ സംസാരിച്ചുകൊണ്ട് കംമ്പൂച്ചിയയും, ഇറാനും, വിയറ്റ്നാമും കടന്നങ്ങിനെപോയ്ക്കൊണ്ടിരുന്നു. ഗുലനപ്പോൾ എന്റെ അരികിലേയ്ക്കല്പം നീങ്ങിയിരുന്ന് അപ്പോൾതന്നെ കുത്തിക്കുറിച്ച നാലുവരി എന്റെ മുമ്പിലേയ്ക്കിട്ടുതന്നു.

ഞാനതുവായിച്ചു:

—എന്റെ ഷണ്ഡത്വംബാധിച്ച ചിന്തകൾക്കുമീതെ സമയം ചിറകടിച്ചുപറക്കുന്നു, എന്റെ മുമ്പിൽ എണ്ണമറ്റ ചോദ്യങ്ങളും ഉത്തരക്കടലാസ്സും പേനയുമുണ്ടായിരുന്നു, പുറമെ, മഷിനിറച്ചൊരു കുപ്പിയും കടലാസ്സുകൂമ്പാരവുമുണ്ടായിരുന്നു. പക്ഷെ, എന്റെ ഷണ്ഡത്വംബാധിച്ച ചിന്തകൾക്കുമീതെ സമയം ചിറകടിച്ചു പറന്നുകൊണ്ടിരുന്നു...

ഞാനാവരികളിൽ മുഴുകാനാരംഭിച്ചപ്പോഴാണ് തർക്കം മൂർച്ഛിച്ച ശബ്ദങ്ങൾ എന്റെ ശ്രദ്ധയെ വികലമാക്കിയതു്. ഹോട്ടലാകെ പെട്ടെന്ന് നിശബ്ദമായതു് ഞാനറിഞ്ഞു. എല്ലാവരും ഞങ്ങളെ ശ്രദ്ധിച്ചിരിപ്പാണ്.



പൗരുഷം, ക്രൗര്യം—വെറുമൊരു ഓർമ്മത്തെററുമാത്രം

''ഓ നോക്കൂ, ഇനി ഇവരോടെല്ലാമായി ഈ വിഷയം ചർച്ചചെയ്യേണ്ടതായിവരും''. ഞാനവരുടെ ചർച്ചയിലിടപെട്ടപ്പോൾ നവീനൻ പറഞ്ഞു: ''ഇവററകൾക്കെന്തുമനസ്സിലാകാൻ. ഭക്ഷിക്കാൻമാത്രമറിയുന്ന ഇവററയിട്ടു മനസ്സിലാക്കിയാൽത്തന്നെ ഇവിടെ എന്തുണ്ടാകാനാണ്?'' ആവേശം തണുത്തിട്ടില്ലാത്ത നവീനന്റെ മുഖത്ത് ഒരു പുച്ഛഭാവം നിറഞ്ഞിരുന്നു.

കോളിളക്കമെല്ലാമണഞ്ഞുതുടങ്ങിയ മനസ്സുമായാണ് ഹോട്ടലിൽനിന്നിറങ്ങി നഗരത്തിൽ വീണ്ടുമലിഞ്ഞുചേർന്നത്.

രണ്ടടിനടക്കുമ്പോഴേക്കും ഞാൻ തരിച്ചുനിന്നു ആ വലിയ തലയുള്ള രൂപം വീണ്ടും മുന്നിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഫുട്ട്പാത്തിൽ ആ വൻ ഹോട്ടലിന്റെ ഛായയിൽ, മുട്ടിയുരസ്സിനീങ്ങുന്ന വാഹനപ്രളയത്തിനും, ജനപ്രവാഹത്തിനുമിടയിൽ അത് നിശ്ചലമായി കിടപ്പുണ്ടായിരുന്നു. മുഷിഞ്ഞ വസ്ത്രംധരിച്ചൊരു പെൺകുട്ടി തന്റെ ഭക്ഷണത്തിൽനിന്ന് കുറേശ്ശെയായി അതിന്റെ വായിലും കുത്തിനിറയ്ക്കുന്നുണ്ടായിരുന്നു. മൃഗങ്ങൾ അയവെട്ടുന്നതുപോലെ അതിന്റെ വായ് ചലിച്ചുകൊണ്ടിരുന്നു. തന്റെ ശുഷ്ക്കിച്ച വിരലുകൾകൊണ്ട് ആ രൂപം ജനനേന്ദ്രിയം തലോടിക്കൊണ്ടിരുന്നു ആ പഴയ സ്ത്രീതന്നെ, ആ വിരിപ്പിൽനിന്ന് വലിയ നാണയത്തുട്ടുകൾപെറുക്കിയെടുത്ത് ഒരു സഞ്ചിയിൽ കെട്ടുകയായിരുന്നു.

കൂടുതൽ കൂടുതൽ വലിയ തലകൾ സൃഷ്ടിക്കാൻവെമ്പുന്ന ഈശ്വരൻ, അതിനൊത്ത ശരീരംസൃഷ്ടിക്കുന്നതിൽ അലസത കാണിക്കുന്നതിന്റെ അർത്ഥമെന്താണ്?

ഷണ്ഡത്വംബാധിച്ച, ശരീരവളർച്ചയില്ലാത്ത, താങ്ങാനാവാത്ത വലിയ തലമാത്രമുള്ള ഈ ജീവി നാളെയുടെ പ്രതീകമാണോ?

ആശയസംഘട്ടനങ്ങളുമായി തിരിഞ്ഞപ്പോൾ ഞാനൊററപ്പെട്ടിരുന്നു.

നവീനനും, പുരാതനനും പരിസരംമറന്നു സംസാരിച്ചുകൊണ്ട് ദൂരത്തെത്തിക്കഴിഞ്ഞു.

ദുർബലനതാ, ഒരു വലിയ തടിച്ചപെണ്ണിന്റെ അന്നനടയിൽ ഭ്രമിച്ചുനിൽക്കുന്നു. ഞാനവന്റെ പഴയ വരികളോർമ്മിച്ചു

എന്റെ മുമ്പിൽ
ചോദ്യങ്ങൾ ചോദിച്ചു ചുണ്ടുകളും
ഉത്തരം കേൾക്കാൻകൂർപ്പിച്ച
കാതുകളുമുണ്ടായിരുന്നു.
പുറമെ,
ശപ്തഭാവങ്ങളുടെ പടയണിയുമുണ്ടായിരുന്നു.
പക്ഷേ, എന്റെ ഷണ്ഡത്വംബാധിച്ച......

ഞാനവന്റെ കവിതയിൽ എന്റെ ആശയവും കൂട്ടിച്ചേർത്തു

□

താഴെ ഗ്രന്ഥനിരൂപണകോളത്തിൽ മൂന്നു പുസ്തകങ്ങളാണ് വിലയിരുത്തപ്പെടുന്നത്. എൻ. ബി. എസ്. വിതരണംചെയ്ത സേതുവിന്റെ 'പേടിസ്വപ്നങ്ങൾ'. പ്രീതി ബുക്സ് തൃശ്ശൂർ അച്ചടിച്ചു വിതരണംചെയ്ത ടി. എം. എബ്രഹാമിന്റെ 'ഉല്പത്തി', കെ. പി. ബാബുദാസിന്റെ 'അഹംബ്രഹ്മാസ്മി'.

പേടിസ്വപ്നങ്ങൾക്കായിരുന്നു കഥകളുള്ള '78-ലെ അക്കാദമി അവാർഡ് ലഭിച്ചതു്. 'ഉത്പത്തി' '76-ലെ കുങ്കുമം അവാർഡും, 'അഹം ബ്രഹ്മാസ്മി' '77-ലെ മാമ്മൻമാപ്പിള അവാർഡും നേടി. അവാർഡുനേടി എന്നതുകൊണ്ടു് ഈ പുസ്തകങ്ങൾ ചർച്ചാവിഷയമാവണമെന്നില്ല. പകരം, ഈ മൂന്നു പുസ്തകങ്ങളുടേയും കർത്താക്കൾ യുവതലമുറയിലെ ശ്രദ്ധേയരായ എഴുത്തുകാരാണെന്നതാണ് പ്രധാനം. മൂന്ന് എഴുത്തുകാർ, മൂന്നു ഭാവങ്ങൾ, മൂന്ന് മാതൃകകൾ—

—എഡിറ്റർ




## പേടിസ്വപ്നങ്ങൾ—സേതു

സമഷ്ടിയുടെ ദുഃഖം സ്വന്തം ആത്മാവിന്റെ ദുഃഖമായി കാണുകയെന്നതു് ഒരു എഴുത്തുകാരന്റെ കടമയാണ്. അതു മാത്രമല്ല, തന്റെ ദുഃഖങ്ങളെ സമൂഹത്തിന്റെ ദുഃഖമാക്കി മാററാനും അയാൾ ശ്രമിക്കുന്നു. ആധുനിക കഥാകൃത്തുക്കളിൽ ശ്രദ്ധേയനായ സേതുവിന്റെ കഥകളിൽ കടന്നുചെല്ലുമ്പോൾ, പലപ്പോഴും ഈ പ്രശ്നം പുനർചിന്തനത്തിന്ന് പ്രേരിപ്പിക്കുന്നു. ആധുനിക സമൂഹത്തിന്റെ ആന്തര ഇന്ദ്രിയങ്ങളെ കണ്ടെത്തി, അതിന്ന് വാക്കുകളിലൂടെ ആവിഷ്കാരം നല്കുന്ന ക്രിയ സേതു നടത്തുന്നു. അതോടെ ആ കലാസൃഷ്ടിക്ക് സ്വന്തമായ ഇന്ദ്രിയങ്ങൾ സൃഷ്ടമാകുന്നു. ആ ഇന്ദ്രിയങ്ങളുമായി നമ്മുടെ ഇന്ദ്രിയങ്ങളെ ഇണക്കിയിടുന്നുവെന്നിടത്താണ് സേതുവിന്റെ കഥകളുടെ ആസ്വാദനം പൂർണ്ണമാവുന്നതു്.

പഴയ മൂല്യങ്ങളെ വെറുപ്പോടെ നോക്കിക്കാണുന്ന ഈ എഴുത്തുകാരന്റെ പത്തോളം കഥകളുടെ സമാഹാരമാണ് പേടിസ്വപ്നങ്ങൾ! മനുഷ്യജീവിതമിന്ന് പഴയതുമായി തെററിപ്പിരിഞ്ഞു് പുതിയതിനെ അന്വേഷിക്കുന്നു. ആ അന്വേഷണത്തിൽ പങ്കെടുക്കുന്ന എഴുത്തുകാരന്റെ സ്വഭാവം ഇതിലെ കഥകളിലുണ്ടു്. പുതിയ പ്രശ്നങ്ങൾക്കുവേണ്ടി വാദിക്കുന്നു; അതിൽനിന്ന് സ്വന്തമായ ഒരു ദാർശനിക കാഴ്ചപ്പാട് മെനഞ്ഞെടുക്കുന്നു. ആധുനിക കഥാകൃത്തുക്കളിൽ പലരിലും കാണാത്ത ഈ ഉൾക്കാഴ്ച, സേതുവിന്റെ കഥകളുടെ ദാർശനികാർത്ഥതലത്തെയാണ് തെളിയിക്കുന്നതു്.

കാലത്തെ ജീവിതപ്രവാഹവുമായി ലയിപ്പിക്കാൻ കഥാകൃത്തു് ശ്രദ്ധിക്കുന്നു. അന്നേരം ഒരു ഇല്ലായ്മ അറിയാതെ ജനിക്കുകയും, അതു് ഈ എഴുത്തുകാരന്റെ പ്രതിഭയെ പ്രകാശപൂർണ്ണമാക്കുകയും ചെയ്യുന്നു. അമ്മയുടെ ഗർഭപാത്രത്തിന്റെ ഉള്ളിൽ കിടന്നു് തേങ്ങുന്ന ഒരു പൈതലിന്റെ അവസ്ഥ ഒന്നു സങ്കല്പിച്ചുനോക്കുക. പുതിയ ആവിഷ്കാരബോധം കൂടുതൽ ശക്തമായി മാറുന്നതു് ഇവിടെയാണ്. ''സാക്ഷിയുടെ നിഴൽ'' എന്ന കഥയിൽ അതു് വ്യക്തമായിരിക്കുന്നു. ''ഒടുവിൽ തെല്ലുവൈകിയെങ്കിലും പിറവി എനിക്കൊരാശ്വാസമായി'' എന്നു് കണ്ടെത്തുന്നതോടെ കഥാകൃത്തു് ആഹ്ലാദിക്കുകയാണ്: ആ ആഹ്ലാദത്തിന്ന് അർത്ഥമില്ലേ? ഉണ്ടെന്നുവേണം കരുതാൻ. ജീവിതത്തിന്റെ. പിൻതിരിഞ്ഞു നോക്കുമ്പോൾ സാങ്കല്പികമായിക്കിട്ടുന്ന ആ പരിതഃസ്ഥിതി ആരേയും ഒന്നിരുത്തിച്ചിന്തിപ്പിക്കുകതന്നെചെയ്യും. അമ്മയും വയററാട്ടിയും ആ സമയത്തു് ആഹ്ലാദിക്കുന്നു. വെറും സാക്ഷിയായി ജീവിക്കാൻ വിധിക്കപ്പെട്ട ഒരു മനുഷ്യന്റെ ദുരന്തമാണതു്. ജനനത്തിൽപോലും ഒരു സാക്ഷിയുണ്ടു്. ലോകവെളിച്ചം ശരീരത്തിൽ പുരളാൻ ആരംഭിക്കുമ്പോൾ, ജനനമിത്രമെത്തുന്നു. ഇതൊക്കെ മനസ്സിലാക്കിയിട്ടാണ്, ഇന്നത്തെ മനുഷ്യൻ ''ഒരു കളിപ്പന്തുപോലെ ചുരുങ്ങി ഇറങ്ങിപ്പോന്ന വാതിലുകളിലൂടെ വീണ്ടും കയറി ഗർഭപാത്രത്തിനുള്ളിൽ ചുരുണ്ടുകൂടാൻ മോഹിക്കുന്നതു്''. ആ മോഹമാണ് സേതുവിനെ ജീവിതത്തിന്റെ ഇരുട്ടറകളിലേക്ക് ഇറങ്ങിച്ചെല്ലാനും അഗാധതയെ പുണരാനും പ്രേരിപ്പിക്കുന്നതെന്ന് തോന്നുന്നു.

തന്റെ കാവൽ നക്ഷത്രമായിരുന്ന ജന്മനക്ഷത്രം, ഒടുവിൽ തനിക്കെതിരെ വാദിക്കുന്നതു് കഥാകൃത്തു് ഈ കഥയിൽ കാണിച്ചുതരുന്നു. അതുകാണുമ്പോൾ ഒരാൾ അസ്വസ്ഥനാവാതിരിക്കുമോ? അതു് മനുഷ്യജീവിതത്തിന്റെ വ്യഥയായി മാറുന്നു.

ഈ വ്യഥയ്ക്ക് ദാർശനികമായ സ്വഭാവമുണ്ടു്. സേതുവിന്റെ കഥകളിൽ നിറഞ്ഞുനില്ക്കുന്ന ദുഃഖത്തിന്നും അമിതമായ

മരണാഭിമുഖ്യത്തിനും. അതാണ് നിദാനമെന്ന് കരുതാം. ദൈവഭയമുള്ളവരുടെ രാത്രി, കർക്കിടകം തുടങ്ങിയ കഥകൾ ശ്രദ്ധിച്ചാൽ അത് വ്യക്തമാവുന്നതാണ്. ഇവിടെ മറ്റൊരു ചോദ്യം ഉയർന്നുവരുന്നു. ഈ എഴുത്തുകാരന് ജീവിതം തന്നെ ഒരു പേടിസ്വപ്നമാണോ? സംശയിക്കേണ്ട. സങ്കീർണ്ണമായ ഒരു ജീവിതത്തിന്റെ സൂക്ഷ്മതയെ തേടുന്ന സേതു കണ്ടെത്തുന്ന ചില സത്യങ്ങളുണ്ട്. ആധുനിക മനുഷ്യന്റെ ദുരന്തമാണത്. അതിന്റെ ഒരു വശം മുമ്പ് സൂചിപ്പിച്ചുവല്ലോ? സേതുവിനെ സംബന്ധിച്ചിടത്തോളം, ജീവിതത്തിന്റെ ദുരന്തമാണത്. ഓരോ മനുഷ്യനും അവനവന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന സങ്കീർണ്ണപ്രശ്നങ്ങൾ, എന്തെല്ലാമാണ് സൃഷ്ടിക്കുന്നത്? സാധാരണക്കാരൻ അധികമധികം അതേക്കുറിച്ചൊന്നും ചിന്തിക്കാറില്ല എന്നാൽ സേതു അത് കഥയിലൂടെ ചർച്ചചെയ്യുന്നു. നിങ്ങൾക്കുവേണ്ടി ഒരു മരണം, മുപ്പതുവയസ്സുള്ള ഒരാൾ എന്നീ കഥകൾ പരിശോധിക്കുക. മരണത്തെക്കുറിച്ച് ''കഥാകൃത്തിനു'' ആദ്യമായി പറഞ്ഞുകൊടുത്തത് വയറ്റാട്ടി കാർത്തുവാണ്. അത് ഞെട്ടിപ്പിക്കുന്ന ബോധമായി മാറുന്നു. അതോടെ സംജാതമാകുന്ന ഉൾത്രസനങ്ങളെ രൂപപ്പെടുത്തുകയാണ്, നിങ്ങൾക്കുവേണ്ടി ഒരു മരണം എന്ന കഥയിൽ. അപ്പുക്കുട്ടൻ കടപ്പാടിനെക്കുറിച്ചോർക്കുന്നു. ''എന്റെ ജീവിതത്തിന്റെ നീളം നിശ്ചയിക്കാൻ അവർക്കവകാശമുണ്ട്. അവരാണ് എനിക്ക് ജന്മംതന്നത്. അവർ സഹായിച്ചില്ലെങ്കിൽ അമ്മ ഒരിക്കലും എന്നെ പ്രസവിക്കില്ലായിരുന്നു''. ഈ വിശ്വാസം കഥാകൃത്തുമായി തെറ്റിപ്പിരിയാൻ നമ്മെ പ്രേരിപ്പിക്കാം. സാമൂഹ്യബാധ്യതയെക്കുറിച്ച്, ബോധത്തിലുള്ള ബോധമില്ലായ്മയാണ് കഥാകൃത്തിനെക്കൊണ്ട് ഇപ്രകാരം എഴുതിപ്പിക്കുന്നതെന്ന് തോന്നിപ്പോകുന്നു. അതിരിക്കട്ടെ, സേതുവിന്റെ നല്ല കഥകളിലൊന്നാണിത്. മാത്രമല്ല; അത് മറ്റൊരു ദുരന്തത്തിലാണ് നമ്മെകൊണ്ടെത്തിക്കുന്നതും. ഓർമ്മകൾ അപ്പുക്കുട്ടനെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അങ്ങിനെ അപ്പുക്കുട്ടൻ സങ്കീർണ്ണത നിറഞ്ഞ അസ്വസ്ഥതകൾ സിരകളിൽപ്പേറാൻ വിധിക്കപ്പെടുന്നു. ഈ ദുരന്തം നമ്മുടേയും ദുരന്തമല്ലേ?

കഥാന്തരീക്ഷനിർമ്മിതിയിൽ, കോവിലനെപ്പോലെ, ഒരു പുതിയ സ്വഭാവം പ്രകടിപ്പിക്കാൻ സേതു ശ്രമിക്കുന്നുണ്ട്. പലപ്പോഴും ആശയത്തേക്കാൾ കൂടുതൽ അന്തരീക്ഷ ചിത്രങ്ങൾക്കായിരിക്കും സേതുവിന്റെ കഥയിൽ പ്രാമുഖ്യം. എങ്കിലും, ആശയചർമ്മം ഇല്ലാതിരിക്കയുമില്ല. ഈ ഇണക്കിയെടുക്കൽ ഉള്ള ഒരു കഥയുണ്ട്, ഈ സമാഹാരത്തിൽ. ആവിഷ്കരണ സരളതകൊണ്ട് അനുവാചകനെ ചൂടേല്പിക്കുന്ന, ആ കഥയാണ് ''മുപ്പതു വയസ്സുള്ള ഒരാൾ''. കെ. കെ. എന്ന പേരിലറിയപ്പെടുന്ന ആ ചെറുപ്പക്കാരന്റെ ഊരും പേരും ആർക്കും അറിഞ്ഞുകൂടായിരുന്നു. പൊടുന്നനെ ഒരു ദിവസം അയാൾ ഹോട്ടൽ മുറിയിൽ കിടന്നു മരിക്കുന്നു. അതു കണ്ടറിഞ്ഞ പയ്യനും കേട്ടറിഞ്ഞവരും ആയാൾക്കു ചുറ്റും കൂടിനിന്നു. അവരിൽ ജോലിയുള്ളവരും ജോലിയില്ലാത്തവരും ഉണ്ട്. അവർക്ക് അയാൾ ഒരു പ്രശ്നമല്ല. അതിനേക്കാൾ എത്രയോ വലിയ കാര്യങ്ങൾ ഇപ്പുറത്ത് കിടക്കുന്നു. അതു തീരാതെ ഇന്നാട്ടിൽ ആരെങ്കിലും ആ ശവശരീരം മറവുചെയ്യാൻ മുന്നോട്ടു വരുമോ? അതുകൊണ്ടുതന്നെ അതുമിതും പറഞ്ഞുനില്ക്കുന്ന അവരോട് തണുത്ത ശരീരമുള്ള കെ. കെ. പറഞ്ഞു. ''എന്നെ ഒന്നു രക്ഷിക്കൂ. ഈ ശരീരമൊന്ന് നശിപ്പിച്ചുതരൂ. കൊതിച്ചു കൊതിച്ച് മരണം നേടിയിട്ടും...'' എന്നിട്ടും മോചനം ആരും കൊടുത്തില്ല. ഒരു ദുരന്തമായി, ദുഃഖമായി, ''പേരില്ലാത്ത മേൽവിലാസമില്ലാത്ത മുപ്പതുവയസ്സുള്ള കെ. കെ. എന്നയാൾ ആ കിടപ്പുകിടന്നു. മരിച്ചിട്ടും മരിക്കാനാവാതെ പുറന്തൊലികളുടെ തടവിൽ അയാൾ വെറുതെ കിടന്നു. അയാൾക്ക് കരയാനോ പ്രാർത്ഥിക്കാനോ തോന്നിയില്ല. ആവർത്തനത്തിന്റെ വിരസതയിൽ കരച്ചിലിനും പ്രാർത്ഥനയും അർത്ഥം നഷ്ടപ്പെട്ടുപോയിരുന്നു''. മനുഷ്യന്റെ ദുരന്തമാണിത്. നാളെ അവൻ കോവിലിലേറ്റാനിരിക്കുന്ന ദുരന്തമാണിത്. അതനുഭവിക്കുമ്പോൾ, അവൻ സ്വയം മരണത്തെക്കുറിച്ചോർത്തുപോകുന്നു,

ശ്രദ്ധേയമായ വേറെയും കഥകൾ ഈ സമാഹാരത്തിലുണ്ട്. എല്ലാ കഥകളുടെ അവസാനത്തിലും കഥാകൃത്ത് ചെന്നെത്തുന്നത് മൃത്യുവിലാണ്. ഇവിടെ മരണത്തിനുവേണ്ടി കാത്തിരിക്കുന്നവരേയും നമുക്ക് കാണാം. എല്ലാ കഥകളിലും മരണം ആസ്തിക്യംപോലെ നിറഞ്ഞുകിടക്കുന്നു. മരിച്ചവരോടുള്ള ആത്മദുഃഖം പ്രകടമാവുന്നുമുണ്ട്. മരിക്കാൻ പോകുന്നവരോടുള്ള സ്നേഹത്തിന്നാണ് സ്ഥായിത്വം. കർക്കിടകം എന്ന കഥയിൽ, സന്തോഷത്തോടെ മരണത്തെ സമീപിക്കാനാണ് ശ്രമിക്കുന്നത്. ''അങ്ങിനെയിരിക്കെ, ഒരു ദിവസം ഞാൻ മരിക്കാൻ പോവുകയാണെന്ന് മനസ്സിലാക്കുന്നു''. വളരെ നിസ്സംഗനായിട്ടാണ് കഥാകൃത്ത് മരണത്തെ കാണുന്നത്. പുതിയ ദാർശനികത സൃഷ്ടിച്ചെടുക്കാനുള്ള ഒരുക്കമാണിത്. അതുകൊണ്ടുതന്നെ പലപ്പോഴും മരണബോധം ഒരു അസ്വസ്ഥതയായി അനുവാചകനു് അനുഭവപ്പെടുന്നുമുണ്ട്. ''കർക്കിടക''ത്തിന്റെ പരാജയവും അതാണ്. എന്നും മരണത്തെ പ്രതീക്ഷിച്ചു കിടക്കുന്ന ഒരാൾ, എങ്ങിനെ ജീവിക്കുന്നുവെന്നതിന്ന് ഉത്തരം അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഒരാളെ അന്വേഷിച്ച് ചെന്നിരുന്ന്, മരണത്തെ പ്രാപിക്കയാണ് ജനാബ് കുഞ്ഞിമൂസ ഹാജിയിലെ, കഥാപാത്രം. അമ്മ മരിക്കാൻവേണ്ടി കാത്തുനടക്കുന്ന ആട്ടിടയച്ചെറുക്കൻ, ചെകുത്താൻകോട്ടയിലെ അടിമകൾ, എല്ലാം മരണത്തിന്റെ നിറം അന്വേഷിക്കുന്നവർതന്നെ. മരണം ജീവിതത്തിലെ അനിവാര്യതയാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ അധികമാരും മരണത്തെ തന്റെ നെഞ്ചിലെ ചൂടേറ്റി സ്വന്തമാക്കി മാറ്റാൻ ശ്രമിക്കാറില്ലല്ലോ. പക്ഷേ, സേതുവിന്റെ കഥാപാത്രങ്ങൾ മറിച്ചാണെന്ന് നാം കണ്ടു. ഇതിൽനിന്ന് ഒന്നു വ്യക്തമാകുന്നുണ്ട്. സേതുവിനു് ജീവിതംതന്നെ മരണമാകുന്നു. അതു കണ്ടെത്തുന്നിടത്താണ് കഥയുടെ ആത്മീയത കുടികൊള്ളുന്നത്. അതാണ് ഇവിടെ എഴുത്തുകാരന്റെ ലാക്ഷണികതയായിത്തീരുന്നത് ജനാബ് കുഞ്ഞിമൂസയെ കാത്തിരിക്കുന്ന കഥാപാത്രം. അങ്ങിനെയൊരാളില്ലെന്നറിയുമ്പോൾ അസ്വസ്ഥനാവുന്നു. ആ അസ്വസ്ഥത അന്ത്യനിമിഷമായിരുന്നു. ആ അന്ത്യനിമിഷത്തിൽപോലും ഹാജിക്കുവേണ്ടി കേഴുന്ന മനസ്സ് ഉണ്ടാക്കുന്ന വിഷാദം, മരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ജീവിതാനുഭവങ്ങളെ സമീപിക്കുന്നതിൽ ഒരു നവീനരീതി ഉണർത്തിയെടുക്കാനുള്ള ശ്രമമാണിത്. അവസാനമില്ലാത്ത ആ ശ്രമമാണ്, സേതുവിന്റെ കഥകളെ കരുത്തുള്ളതാക്കി മാറ്റുന്നത്.

ശക്തിയും ആകർഷകത്വവും കൂട്ടിയിണങ്ങിക്കിടക്കുന്ന കഥകളാണ്, പേടിസ്വപ്നങ്ങളിലേതു്. സത്യത്തെ കണ്ടെത്തുന്നതിനുള്ള ആശ ഒരടിയൊഴുക്കുപോലെ ഈ കഥകളിലുണ്ട്. അനുവാചകന്റെ ഹൃദയവികാരങ്ങളെ സമർത്ഥമായി ഉയർത്താനും താഴ്ത്താനും ഉതകുന്ന ശക്തമായ ആവിഷ്കരണം, സേതുകഥകളുടെ പ്രത്യേകതയാകുന്നു. ദാർശനികമായും കലാപരമായും ഇന്നത്തെ മലയാള കഥയുടെ കരുത്തു് പ്രകടമാക്കുന്ന ഒരു കൃതിയാണ് പേടിസ്വപ്നങ്ങൾ. അതായതു് ഇന്ദ്രിയപരമായ അനുഭൂതി സവിശേഷതയാണതു് കാഴ്ചവെക്കുന്നതു്. □

## ഉത്പത്തി—ടി. എം. എബ്രഹാം

ജനിച്ച മണ്ണിൽത്തന്നെയാണ് നമ്മുടെ വേരുകൾ എന്നു നാം ശഠിക്കുന്നു. പക്ഷേ, ആ വേരുകളുടെ ആഴം കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ് നാം അമ്പരന്നുപോകുന്നതു്. നമ്മുടെ വേരുകളിൽ ഒന്നുംതന്നെ ഇവിടെ പടർന്നിട്ടില്ലെന്നോർത്തു് വേദനിക്കേണ്ടിവരുന്നതും അപ്പോഴാണ്. ഇന്നത്തെ സമൂഹത്തിൽ ജീവിക്കുന്ന ഏവരുടേയും ദുരന്തമാണിതു്. ഈ ദുരന്തത്തിൽനിന്നും നമുക്കുള്ള മോചനത്തിന്റെ പ്രസക്തി സമർത്ഥമായി അന്വേഷിക്കുന്ന ഒന്നാണ് ''ഉത്പത്തി''.

1976-ലെ കുങ്കുമം അവാർഡ് നോവലായ ടി. എം. എബ്രഹാമിന്റെ ഉത്പത്തി ആദ്യമായി ചിന്തിക്കുന്നതും ഈ അന്വേഷണത്തിന്റെ പാതയിലൂടെയാണ്. ഇസ്രായേൽ ഭൂമിയെ സ്വപ്നംകണ്ടുകഴിയുന്ന എത്രയെത്രപേർ! സ്വന്തം ജീവിതത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥവ്യാപ്തി കണ്ടെത്താൻ കഴിയാതെ മരണമെന്ന അനിവാര്യതയെ പ്രാപിക്കുന്നവർ. സ്വന്തം ''വൃക്ഷത്തിൽ പൊന്നുകായ്ക്കുന്ന ദിവസത്തെ'' അന്വേഷിക്കുന്നവർ! അവരെല്ലാം ആ യഹൂദത്തെരുവിലുണ്ട്. വേദനിക്കുന്ന ജൂതരെന്ന വർഗ്ഗത്തിന്റെ കഥ ''ഉത്പത്തി'' പറഞ്ഞുതരുന്നു. ഉത്പത്തിയുടെ മൗലികത ഇതാണെന്നു പറഞ്ഞാൽ തെററില്ല.

ഒരു വ്യക്തിയുടെ കഥയായി ഈ നോവലിനെ വിശേഷിപ്പിക്കുന്നതു് ശരിയാവില്ല. ഇതു് വ്യത്യസ്തമുഖങ്ങളുള്ള, സ്വഭാവസവിശേഷതകളുള്ള ഒട്ടേറേ മനുഷ്യരുടെ ജീവിതസങ്കീർണ്ണതകളുടെ ആവിഷ്കരണമാണ്.

സിനഗോഗിലെ പൂജാരി റബ്ബി ദത്തെടുത്തു വളർത്തുന്ന മേയർ എല്ലാവരാലും വേദനിക്കപ്പെടുകയും, മററുള്ളവരുടെ മുഖത്തുനോക്കാൻ ഭയപ്പെടുകയുംചെയ്യുന്നു. ഒടുവിൽ പ്രസിദ്ധമായ ഒരഡ്വർടൈസിംഗ് കമ്പനിയുടെ ഉടമയായ മേനോന്റെ ഓഫീസിൽ ജോലികിട്ടുന്നു. അതോടെ അലക്ഷ്യതയോടെ നടന്നിരുന്ന ആ മനുഷ്യൻ പൂർണ്ണനാവുന്നു മേനോന്റെ സ്വഭാവം വിചിത്രവും, ദുരൂഹവുമാണ്. നിരവധിനാളുകൾ പഠിച്ചാലും മനസ്സിലാക്കാൻ കഴിയാത്ത സമസ്യകൾ അയാളിലുണ്ട്.

മദ്യപിച്ചു ജീവിതം തള്ളിനീക്കുന്ന അയാൾ സ്വന്തം ഭാര്യയെവിട്ട് ഹോട്ടൽമുറികളിൽ മററു പെൺകുട്ടികളോടൊപ്പം ജീവിതം പന്താടിക്കളിച്ചു. എന്നിട്ടും മേയറെ സ്വന്തം മകനായി കാണാൻ അയാൾക്കെങ്ങിനെ കഴിഞ്ഞു? ഇതാ വ്യക്തിയുടെ സങ്കീർണ്ണ സ്വഭാവത്തിലേക്ക് നമ്മെ നയിക്കുന്നു. കഥാപാത്രങ്ങളുടെ സൂക്ഷ്മ സ്വഭാവത്തെ ആവിഷ്കരിക്കാനുള്ള കഥാകൃത്തിന്റെ കഴിവാണ് ഇവിടെ പ്രകടമാകുന്നതു്. ഉത്പത്തിയിലെ ഓരോ നായികാ നായകന്മാരും നമ്മുടെ മനസ്സിൽ തങ്ങിനില്ക്കുന്നതു് അവരുടെ വിചിത്രമായ സ്വഭാവസവിശേഷതകൾ മൂലമാണ്. മററുള്ളവരുടെ നോവലുകളിൽ കാണാൻപററാത്ത ഈ സൂക്ഷ്മദർശനം ഉത്പത്തിയെ ശ്രദ്ധേയമാക്കിത്തീർക്കുന്നു

നോവലിന്റെ ആദ്യംമുതൽ അവസാനംവരെ കാല്പനികമായ ഒരവബോധം സൃഷ്ടിക്കുന്ന കഥാപാത്രമുണ്ട്. ടീച്ചർ ബെല്ല. അവൾ നിഷ്ക്കളങ്കയാണ്. അവൾ അമിതമായി പ്രേമിച്ചിരുന്ന അലക്സ് എന്ന വിപ്ലവകാരി പോലീസുമായുള്ള ഒരേററുമുട്ടലിൽ മരണമടയുന്നു. ആ വാർത്ത ബെല്ലയെ വളരെയധികം തളർത്തിക്കളഞ്ഞു. മോഹങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവു നഷ്ടപ്പെട്ട അവൾ ഒരുതരം നിസ്സംഗാവസ്ഥയിൽ എത്തിച്ചേരുന്നു. അതോടെ അവൾ മറെറാരു ദുരന്തകഥാപാത്രമായിത്തീരുന്നു. പിന്നീടവളെ കല്യാണം കഴിക്കുന്ന ഇസഹാക്ക് എന്ന മനുഷ്യൻ അവളുടെ മനസ്സുമായി ഒരിക്കലും അടുക്കാൻ കൂട്ടാക്കാത്തവനായിരുന്നു. എന്നിട്ടും അവൾ ഒരു ദുരന്തത്തിനുപിറകെ മറെറാന്നുകൂടി ചുമലിലേററി. കഴിഞ്ഞില്ല. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ജീവിതനൈരാശ്യംമൂലം ഇസഹാക്ക് ആത്മഹത്യചെയ്തു. അവളുടെ കണ്ണുകളിൽ ദുരിതം ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ കുറുകിക്കിടന്നു

പക്ഷെ, അവൾ ഒരു കരുത്തുററ യുവതിയായിമാറുന്നു. ഏതുതരത്തിലുള്ള വേദനകളേയും, കഷ്ടപ്പാടുകളേയും സ്വീകരിക്കാൻ ആഗ്രഹിച്ച അവൾ, അതിൽനിന്നുതന്നെ കരുത്താർജ്ജിക്കുകയായിരുന്നു. ''തൃഷ്ണാർത്ഥപ്രഭവം ദുഃഖം'' എന്നു പറഞ്ഞതുപോലെയായിരുന്നു അവൾ. ഒടുവിൽ ത്യാഗമൊരു ലഹരിയായികൊണ്ടുനടക്കുന്ന മേയർ എന്ന ചെറുപ്പക്കാരൻ ബെല്ലയെ വേൾക്കാൻ തയ്യാറാവുന്നു. മേയറുടെ ആഗ്രഹം അവൾ സ്വീകരിച്ചതോടെ അവരുടെ വേരുകൾ ആഴത്തിലെവിടേയോ പാകിക്കഴിഞ്ഞിരുന്നു. നോവൽ അവസാനിക്കുന്ന ഈ സന്ദർഭമാണ് വായനക്കാരന്റെ സംതൃപ്തിയുടെ നിമിഷമെന്നു് പറയാം.

എന്നാൽ നോവലിലെ സമ്പന്നമായ ഒരു മുഹൂർത്തമേതാണ്? ചികഞ്ഞുനോക്കിയിട്ടും ശക്തമായ ഒരു മുഹൂർത്തം കണ്ടെടുക്കാൻ കഴിഞ്ഞില്ല. നോവലിസ്റ്റിന്റെ പരാജയമായി ഇതിനെ കാണാൻ കഴിയില്ല. ഒരു വർഗ്ഗത്തിന്റെ കഥ പറയാൻമാത്രം ലക്ഷ്യമാക്കിയ എഴുത്തുകാരൻ, കഥാപാത്ര സ്വഭാവത്തിന്റെ ആവിഷ്ക്കരണത്തിൽ കൂടുതൽ ശ്രദ്ധിച്ചു. കഥയുടെ വളച്ച്യും ലക്ഷ്യമാക്കി അന്തരീക്ഷം വിപുലീകരിച്ചു. അതുകൊണ്ടുതന്നെ വാക്കുകൾകൊണ്ടു സമ്പന്നമാക്കുന്ന ചില മുഹൂർത്തങ്ങൾ, എന്തൊക്കെയോ ഉണ്ടാക്കിക്കൊണ്ട് നോവൽ കടന്നുപോകുന്നു.

എങ്കിലും സുന്ദരമായ ഒരു ശൈലിയുടെ ഉടമസ്ഥനാണീ നോവലിസ്റ്റ്. കഥാപാത്രങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന അനേകം ഭാവചിത്രങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഈ ശൈലി ഉപകരിക്കുന്നുണ്ട്. ഒതുക്കമുള്ള ഈ നോവലിൽ സമർത്ഥനായ ഒരു ചിത്രസംയോജകന്റെ കഴിവുകൾ പലയിടത്തും പ്രകടമാകുന്നുണ്ട്. മനസ്സിൽതട്ടുന്ന സംഭാഷണശകലങ്ങൾക്കു പിന്നിലെ നോവലിസ്റ്റിന്റെ ആത്മാർത്ഥത നിറഞ്ഞ മുഖം നമുക്കു തെളിഞ്ഞുകാണാം.

ഉദാഹരണമായി റബ്ബിയുടെ മരണരംഗംതന്നെയെടുക്കുക. നേരിട്ടു കാണാൻകഴിയുന്ന മരണചേഷ്ടകൾ വർണ്ണിക്കാതെ തന്നെ അവശ്യമായ ബോധതലം ഒരുക്കിയെടുത്തിരിക്കുന്നു. മോസസ്സിന്റെ ആത്മാവിനെ കൊണ്ടുവരാനായി ഗബ്രിയേൽ ദൈവദൂതനോടാജ്ഞാപിക്കുന്നതും, പിന്നീട് തിന്മയുടെ ദൂതനായ സാമുവേലിനെ പറഞ്ഞയക്കുന്നതും, ശേഷമുള്ള മോസസ്സിന്റെ അന്ത്യരംഗവും പുരോഹിതനായ റബ്ബിയുടെ മരണരംഗവുമായി ഇണക്കിച്ചേർത്തിരിക്കുന്നു.

ഇസഹാക്കിന്റെ മൃതശരീരം കുഴിച്ചുമൂടുന്നരംഗവും ഇതിൽനിന്നും വിഭിന്നമല്ല. മരിച്ചതു താനാണെന്നു ബെല്ല സംശയിക്കുന്നതും, പിന്നെ തന്റെ മുകളിൽ പൂഴിയുടെ മതിലുകൾ ഇടിഞ്ഞുവീഴുന്നതായും, തന്റെ ശവക്കുഴിക്കുമുകളിൽ ആരോ വലിയ കല്ലുകൾ എടുത്തുവെക്കുന്നതായും ബെല്ലക്കു് അനുഭവപ്പെടുന്നുണ്ടു്.

ജൂതന്മാരുടെ മത പരമായ ചടങ്ങുകൾക്കു് ഈ നോവലിൽ വലിയ പ്രാധാന്യമുണ്ടു്. മതപരമായ ചടങ്ങുകൾക്കു് വർണ്ണനയുടെ പരിവേഷം നോവലിസ്റ്റു് ബോധപൂർവ്വം ഒരുക്കിക്കൊടുക്കുന്നില്ല. മറിച്ചു് അവയെ കഥാപാത്രങ്ങളുടെ ജീവിത സംഭവവികാസങ്ങളുമായി കൂട്ടിയോജിപ്പിച്ചിരിക്കുന്നു.

പുതിയ രചനാസവിശേഷതകൾ പുലർത്തുന്ന ഈ നോവൽ പലതുകൊണ്ടും ശ്രദ്ധേയമാകുന്നു. പലരോടുമുള്ള പ്രതിഷേധത്തിന്റെ സൂചിമുനകൾ പലയിടത്തും എഴുന്നു നില്ക്കുന്നുണ്ടു്. തിളക്കുന്ന നെഞ്ചുമായി നടക്കുന്ന അലക്കു് ബെല്ലയെ സമീപിക്കുന്നതും, രാഗത്തിന്റെ മാദകത്വത്തിൽ മാത്രം ഇഴയാൻ ആഗ്രഹിക്കുന്ന റൂത്ത്, മേയറുടെ ശരീരത്തിൽ വിരലുകളോടിക്കാൻ ശ്രമിക്കുന്നതും, മനുഷ്യന്റെ സങ്കീർണ്ണമായ മാനസിക പ്രചോദനങ്ങളിലേക്കാണു് നമ്മെ കൊണ്ടുപോകുന്നതു്. അക്ഷരാഭ്യാസമില്ലാത്ത ഒരു സമൂഹത്തിന്റെ ദുഃഖം നിറഞ്ഞ വേദന ഈ നോവലിൽ മുഴക്കമായിത്തീരുന്നോ? പല സംശയങ്ങളും വായനക്കാരനിലുളവാക്കുന്നുവെന്നുള്ളതു തന്നെയാണു് ഉത്പത്തിയുടെ സവിശേഷതയെന്നു് തോന്നുന്നു. □

## അഹംബ്രഹ്മാസ്മി—കെ. പി. ബാബുദാസ്

ഇന്ത്യൻ തത്ത്വശാസ്ത്രത്തിന്റെ ദാർശനികാന്തരീക്ഷത്തെ പ്രകടമാക്കുന്ന ഒരു നോവലാണു്, പ്രീതി ബുക്കു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കെ. പി. ബാബുദാസിന്റെ ''അഹം ബ്രഹ്മാസ്മി''. തികച്ചും ദാർശനികമായൊരു കാഴ്ചപ്പാടിൽ വ്യഷ്ടിജീവിതത്തേയും സമൂഹത്തേയും മററും നോക്കിക്കാണുകയും പുതിയൊരു അവബോധപരമായ ലാവണ്യാവിഷ്കാരത്തിനു് രൂപം നല്കുകയും ചെയ്യുന്നു. ലോകത്തേയും ജീവിതത്തേയും കുറിച്ചു് വ്യക്തമായൊരു സാങ്കല്പിക സിദ്ധാന്തം ഉള്ളവനാണു് ഉത്തമനായൊരു എഴുത്തുകാരൻ. ആ സത്യം ഒരളവോളം തെളിയിക്കുന്ന ഈ നോവൽ പലതുകൊണ്ടും ശ്രദ്ധേയമായിരിക്കുന്നു.

ഭാരതീയ ഉപനിഷത് ബോധനം ഒരു നോവലെഴുതുന്നതിനു് എത്രത്തോളം ഉപയോഗപ്പെടുത്താമോ, അത്രത്തോളം ബാബുദാസ് ഉപയോഗപ്പെടുത്തുന്നുണ്ടു്. യാജ്ഞവൽക്യനും മൈത്രേയിയും തമ്മിലുള്ള ഒരു സംഭാഷണത്തെ ഓർമ്മപ്പെടുത്തും വിധത്തിലാണു് ''അഹം ബ്രഹ്മാസ്മി'' ആരംഭിക്കുന്നതു്.

''മൈത്രേയി: എനിക്കു് അമൃതത്വം എങ്ങിനെ ലഭിക്കും?

യാജ്ഞവല്ക്യൻ: മൈത്രേയി, ഭാര്യക്കു ഭർത്താവു് വേണമെന്നുള്ളതു് ഭർത്താവിനു വേണ്ടിയല്ല, തന്റെ ആത്മാവിന്റെ പ്രീതിക്കായിട്ടാണു്. അതുപോലെത്തന്നെ നാം മകനെ സ്നേഹിക്കുന്നതു് മകനു വേണ്ടിയല്ല; അതു് സ്വന്തം ആവശ്യത്തിനു വേണ്ടിയാകുന്നു'' (ബൃഹദാരണ്യകോപനിഷത്തു്)

''സത്യകാമൻ'' പിതാവിന്റെ ഉപദേശപ്രകാരം ഗൃഹസ്ഥാശ്രമിയാവുന്നു. എന്നാൽ അതുപേക്ഷിച്ചു്, ആരോടും ഒന്നും പറയാതെ അദ്ദേഹം രക്ഷപ്പെടുന്നു. അമൃതത്വം അന്വേഷിച്ചല്ല സത്യകാമൻ ഗൃഹസ്ഥാശ്രമം ഉപേക്ഷിച്ചുപോയതു്. അവിടെനിന്നാണു് സത്യകാമനെ നാം മനസ്സിലാക്കാൻ ആരംഭിക്കുന്നതു്. മോക്ഷം ഗൃഹസ്ഥാശ്രമജീവിതംകൊണ്ടു് ലഭ്യമല്ലായെന്നു് അദ്ദേഹം കരുതിയിരിക്കാം. അതെന്തായാലും സത്യത്തെ അന്വേഷിക്കുന്ന സത്യകാമൻ, സന്യാസിയായിത്തീരുന്നു. ആചാര്യന്റെ ഉപദേശം സ്വീകരിച്ചു് പ്രവർത്തിക്കുന്നു.

സത്യകാമൻ എന്ന കഥാപാത്രത്തിലൂടെ ശരിയായ നിർമുക്തനായ മനുഷ്യനെ അന്വേഷിച്ചിരിക്കുകയാണു്. അവനൊരിക്കലും ഏകാകിയല്ല; ഏകാകിയായാലും അവനെ നയിക്കുന്നതു് ഏകാകിത്വമല്ല. പിന്നെയെന്താണു്? സമഷ്ടിയാണെന്നു് അന്വേഷണത്തിൽ വ്യക്തമാവുന്നതാണു്. വ്യക്തിയില്ലാതെ സമൂഹമില്ല. സമൂഹമാണു് വ്യക്തിയുടെ നിലനില്പു്. അപ്പോൾ, സത്യകാമനും സമൂഹത്തെ ആശ്രയിക്കേണ്ടിവരുന്നു. സമൂഹത്തിനു് സത്യകാമനേയും.

രാജസദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു, സത്യകാമൻ. ആചാര്യന്റെ നിർദ്ദേശമനുസരിച്ചു്, കൌടുംബിക ജീവിതം ഉപേക്ഷിച്ചുപോന്ന അദ്ദേഹം ജ്ഞാനത്തിലൂടെ സഞ്ചരിക്കാൻ തുടങ്ങി. അജ്ഞാനത്തിൽനിന്നു് മോചിതനാകുന്നതോടെ, പരമമായ ബ്രഹ്മസത്യത്തെ കണ്ടെത്തുന്നു. സോഽഹം എന്ന കണ്ടെത്തൽ തന്നെയാണതു്.

ആചാര്യൻ സത്യകാമനെ കാവിവസ്ത്രത്തെക്കുറിച്ചു് ബോധവാനാക്കി. ത്യാഗത്തിന്റെ, സമഭാവനയുടെ, നിസ്വാർത്ഥതയുടെ, സേവനസന്നദ്ധതയുടെ നിറമാണു് കാവിനിറം. അതു് ഉടുത്തുകൊണ്ടു് മനുഷ്യമനസ്സിനെ പൂർണ്ണതയിലേക്കു് നയിക്കാനും, സമൂഹശുശ്രൂഷയിലൂടെ സമൂഹത്തിലേക്കു് ഇറങ്ങിച്ചെല്ലാനുമാണു് ആചാര്യൻ എല്ലാ ശിഷ്യരേയും ഉപദേശിച്ചതു്. എന്നാൽ ആചാര്യന്റെ വചനങ്ങൾ പലരും മനസ്സിലാക്കുകയുണ്ടായില്ല. മനുഷ്യത്വത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി, പില്ക്കാലത്തു് പ്രവർത്തിക്കേണ്ടിവന്നപ്പോൾ, സത്യകാമനു് ആചാര്യന്റെ ശിഷ്യരിൽനിന്നുതന്നെ എതിർപ്പു് നേരിടേണ്ടിവന്നതും അതുകൊണ്ടാണു്. സമൂഹത്തിൽ നിലനില്ക്കുന്ന അടിമത്തവും, അനാചാരങ്ങളും നശിപ്പിക്കാതെ മനുഷ്യനെ മനുഷ്യനാക്കിത്തീർക്കാൻ കഴിയില്ലെന്നു് സത്യകാമൻ മനസ്സിലാക്കുന്നു. അതിനു വിഘാതമായിനിന്ന സന്യാസിശിഷ്യന്മാരോടു് പിണങ്ങാനും, ആര്യാവർത്തത്തിന്റെ പരിശുദ്ധിക്കു വേണ്ടി പെരുമാററത്തിൽ മുഴുകാനും അദ്ദേഹം തീരുമാനിച്ചതു് അതുകൊണ്ടാണു്. അടിമത്തത്തിന്റെ പഞ്ചകോശങ്ങ

'It was previously a question of finding out whether or not life had to have a meaning to be lived. It now becomes clear, on the contrary, that it will be lived all the better if it has no meaning'.

—Albert Camus

* * * *

The lord is in thee ye fool,
As oil in a sesame and fire in a stone
Thou be awake and feel.

— — — —

Nothing is more valuable than words
Pearls are bought and sold; not so the words.

—Kabir — Tr: C. V. F.

ളൊന്നൊന്നായി ഭേദിച്ച് ആവേശത്തോടെ മുന്നേറാൻ തന്റെ ഗ്രാമീണസതീർത്ഥ്യരെ ആവേശം കൊള്ളിച്ചതും വെറുതെയല്ല. ''അടിച്ചമർത്താൻ വെമ്പുന്ന പരിതഃസ്ഥിതിയിൽ ഒരു ജീവിയുടെ വികസനവും ഉൽക്കർഷവുമാണ് ജീവിതം (വിവേകാനന്ദസാഹിത്യസർവ്വസ്വം പേ. 257) എന്ന് വിവേകാനന്ദനെപ്പോലെ സത്യകാമനും വിശ്വസിക്കുന്നു. അതുകൊണ്ടാണല്ലോ ഗ്രാമീണരെ പ്രബുദ്ധരിക്കാനും, ഒടുവിൽ അതേ കാരണംകൊണ്ടുതന്നെ പീഡനമേൽക്കാനും തയ്യാറായതു്. ''നീ പോടാ നിന്റെ ശ്രീരാമകൃഷ്ണനേയുംകൊണ്ടു്'' എന്ന് ഒരിക്കൽ ശിഷ്യരോട് പ്രകോപനത്തോടെ സംസാരിച്ച വിവേകാനന്ദസ്വാമികളെ ഓർമ്മപ്പെടുത്തുന്ന പെരുമാററമാണ്, സത്യകാമനെ ജ്ഞാനിയാക്കിമാററുന്നതു്.

ആര്യാവർത്തത്തെ വിപ്ലവകരമായി മാററിയെടുക്കാനും മനുഷ്യത്വത്തിനുവേണ്ടി പോരാടാനും ശ്രമിക്കുന്ന സത്യകാമൻ പരാജയപ്പെടുന്ന സന്ദർഭങ്ങളുണ്ടു്. പാവപ്പെട്ടവർക്കിടയിൽ പാവപ്പെട്ടവനെപ്പോലെ ജീവിച്ച്, സത്യങ്ങളെ മുഖത്തോടുമുഖം നേരിടാനാണ് സത്യകാമൻ ശ്രമിച്ചതു്. അതുകൊണ്ടു തന്നെയാണ് പലയിടത്തും അദ്ദേഹം പരാജയപ്പെടുന്നതും. നിയമത്തിന്റെ മുമ്പിൽ, തടവുകാരനായിത്തീർന്നപ്പോഴും ''ഉത്തിഷ്ഠത ജാഗ്രത''യെന്ന മട്ടിൽ ഉറച്ചുനിൽക്കുന്ന അദ്ദേഹത്തെ തടവിലാക്കിയവൻതന്നെ രക്ഷിക്കുന്നു. അതുവരെ ഉണ്ടായിരുന്ന ആദ്ധ്യാത്മികചൈതന്യം അവിടെ നഷ്ടപ്പെടുകയാണെന്ന വാദം ശരിയല്ല. ആ പരാജയം യഥാർത്ഥത്തിൽ വിജയമായിട്ടാണെനിക്കു് തോന്നിയതു്. വേദാന്തതത്ത്വങ്ങളെ അപഗ്രഥിച്ച് ജീവിതവുമായി ഇണക്കി പുതിയ തത്ത്വചിന്തയ്ക്കു് രൂപം നൽകിയ വിവേകാനന്ദൻ ചില കാര്യങ്ങൾ പറയുന്നുണ്ടു്. മററുള്ളവർക്കുമുമ്പെ എനിക്കു് സ്വർഗ്ഗത്തിലെത്തണമെന്ന് കരുതുന്നവൻ സ്വാർത്ഥിയാണ്. മററുള്ളവർ സ്വർഗ്ഗത്തിലെത്തിയതിനുശേഷം തനിക്കു് പോയാൽ മതിയെന്ന് കരുതുന്നവനാണ് നിസ്വാർത്ഥൻ. അങ്ങിനെയാണെങ്കിൽ സത്യകാമൻ സ്വാർത്ഥനോ നിസ്വാർത്ഥനോ? താമര വെള്ളത്തിലാണ്. എന്നാൽ വെള്ളം താമരയിൽ പററിപ്പിടിച്ചിരിക്കുന്നുമില്ല. അതുപോലെ അനാസക്തനായി കർമ്മം ചെയ്യുന്നവൻ കൂടിയാണ്, ജ്ഞാനിയായ ഈ കഥാപാത്രം.

ഇതിൽനിന്നൊരു കാര്യം വ്യക്തമാവുന്നു. തത്ത്വശാസ്ത്രത്തിന്റെ പരാജയമല്ല നാം ആ കഥാപാത്രത്തിൽ കാണുന്നതു്. മറിച്ച് ''എന്റെ നാടിനുവേണ്ടി നന്മചെയ്തിട്ട് നരകത്തിൽ പോകേണ്ടതായിവന്നാൽ ഞാനതൊരു മഹാഭാഗ്യമായി കരുതുന്നു'' എന്ന് പ്രവചിച്ച ആ വിശാലഹൃദയന്റെ സ്വരം തന്നെയാണ്. സാധാരണക്കാരുടെ അഭ്യുത്ഥാനത്തിനുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന സത്യകാമൻ, സന്യാസത്തിന്റെ മഹത്വം കണ്ടറിഞ്ഞവനാകുന്നു.

ജീവിതപരമായ ഒരു പ്രശ്നംകൂടി ഈ നോവൽ കൈകാര്യം ചെയ്യുന്നില്ലേയെന്ന് സംശയിക്കുന്നു; മനുഷ്യജീവിതത്തെക്കുറിച്ച് ഒരു നോവലിസ്റ്റ് ബോധവാനായിരുന്നേ മതിയാകൂ. അവിടേയും സ്വാമികൾ തന്നെയാണ് ബാബുദാസിനെ സ്വാധീനിക്കുന്നതു്. വിവേകാനന്ദസ്വാമികൾ എഴുതുന്നു: ''മനുഷ്യസ്വഭാവത്തിൽ രണ്ടുതരം പ്രവണതയുണ്ടു്. ഒന്ന് ലക്ഷ്യത്തെ ജീവിതത്തോടടുപ്പിക്കുന്നു. മറേറതു് ജീവിതത്തെ ലക്ഷ്യത്തിലേയ്ക്കുയർത്തുന്നു''. (വിവേ. സാ. സർവ്വസ്വം. പേജ് 347) ഇതിലേതാണ് ഭാരതീയരായ നാം സ്വീകരിക്കേണ്ടതു്? ജീവിതത്തെ ലക്ഷ്യത്തിലേയ്ക്കുയർത്തുകയാണാവശ്യം. ബാബുദാസിന്റെ വിവേകാനന്ദനായ സത്യകാമൻ ചെയ്യുന്നതെന്തു്? പരാജയത്തിന്റെ ഭീതിപൂണ്ട അവസാന നിമിഷത്തിൽപോലും ജീവിതത്തെ ലക്ഷ്യത്തിലേയ്ക്കുയർത്താൻ ശ്രമിച്ചവനാണ് സത്യകാമൻ. ആ കഥാപാത്രം, വൈകാരികമായ ഒരു ബൗദ്ധികോന്മേഷിതഭാവം വായനക്കാരിലുണർത്തുന്നതോടൊപ്പം ഒരു ഇതിഹാസകഥാപാത്രമായി മാറുകയും ചെയ്യുന്നു.

വാക്കുകളെക്കൊണ്ടു് മായാജാലം കാണിച്ച് വിഭ്രമിപ്പിക്കുന്ന ഒരവസ്ഥ ഈ നോവലിൽ ഒരിടത്തുമില്ല. എത്രയും വലിയ തത്ത്വശാസ്ത്രകല്പനകൾ പറയുന്നിടത്തും ലാളിത്യം നിലനിർത്താൻ ശ്രദ്ധിച്ചിട്ടുണ്ടെന്നതു്, സ്വാഗതാർഹമാണ്. ''തൃഷ്ണാർത്ഥിപ്രഭവം ദുഃഖം ദുഃഖാർത്തിപ്രഭവം സുഖം'' എന്നു പോലെയുള്ള മനുഷ്യജിവിതത്തെ, അനുവാചകന്റെ ശ്രദ്ധ പിടിച്ചുപററുംവിധം ആവിഷ്ക്കരിക്കാൻ കഴിഞ്ഞു എന്നിടത്താണ്, നോവലിസ്റ്റ് ചരിതാർത്ഥനാവുന്നതു്. □

## ദി ഫെഡറൽ ബാങ്ക് ലിമിററഡ്

(ഷെഡ്യൂൾഡ് ബാങ്ക്)

രജി. ആഫീസ്: ആലുവ

# ഫെഡറൽ ബാങ്കിൻെറ പാക്കേജ് ഡീൽ

**ഏതൊരു കുടുംബത്തിൻേറയും, ഏതാവശ്യങ്ങൾക്കും അനുയോജ്യമായതും,
എല്ലാത്തരം വരുമാനക്കാരേയും ഉൾക്കൊള്ളുന്നതുമായ
ഒരു സമഗ്ര സമ്പാദ്യ പദ്ധതി
ഫെഡറൽ ബാങ്ക് സംവിധാനം ചെയ്തിരിക്കുന്നു**

| | | |
|---|---|---|
| നി | മകളുടെ വിവാഹാവശ്യങ്ങൾക്ക് | വിവാഹ നിക്ഷേപ പദ്ധതി |
| ങ്ങ | കുട്ടികളുടെ വിദ്യാഭ്യാസച്ചെലവുകൾക്ക് | വിദ്യാഭ്യാസ നിക്ഷേപ പദ്ധതി |
| ളു | വാർദ്ധക്യകാല സംരക്ഷണത്തിന് | കുടുംബ സംരക്ഷണ നിക്ഷേപ പദ്ധതി |
| ടെ | തലമുറകളുടെ സുരക്ഷിതത്വത്തിന് | കാഷ് ഫൗണ്ടൻ |

ഈ പദ്ധതികളെല്ലാംതന്നെ ഞങ്ങളുടെ ഫെഡറൽ സേവിംഗ്സ് ഫണ്ട്
എന്നറിയപ്പെടുന്ന ആവർത്തന നിക്ഷേപ പദ്ധതിയുടെ വിവിധ രൂപങ്ങൾ മാത്രമാണ്.
ഇപ്പോൾ നിങ്ങളുടെ കഴിവനുസരിച്ച് ഫെഡറൽ സേവിംഗ്സ് ഫണ്ടിൽ ചേരുക.
61 മാസത്തിനുശേഷം നിങ്ങളുടെ ആവശ്യാനുസരണം, മറേറതെങ്കിലും ഒരു
പദ്ധതിയായോ, പദ്ധതികളായോ ഇത് മാററാവുന്നതാണ്. മാത്രമല്ല
പ്രതിമാസതവണകളായി ആരംഭിക്കുന്ന പദ്ധതികളിൽ പിന്നീട്
വാർഷികതവണകളോ അർദ്ധവാർഷികതവണകളോ, ത്രൈ
മാസതവണകളോ ആക്കാം. ഇതു നിങ്ങൾക്ക്
ഫെഡറൽ ബാങ്കിൽനിന്നു മാത്രം ലഭിക്കുന്ന ഒരു പ്രത്യേക ആനുകൂല്യമാണ്.

*With best compliments from:*

Makers of FOAMEX
foam Rubber Mattresses and Cushions

# Cochin Rubber Manufacturing Company

**Latin Church Road**

**CHALAKUDY-680 307**

Kerala

*Phone : 476*

Grams : ALENGADENS Estd. 1896

# A. K. P. METALS & ALLOYS

**Rolling, Pressing & Spinning Mills**

## ALENGADEN'S VESSELS HOUSE



**Metalware Dealers & Manufacturers**

Phone : 777
P. B. No. 24
**IRINJALAKUDA**

Phone : 32298
P. B. No. 1022
**ERNAKULAM-II**

നിങ്ങളേയും, നിങ്ങളുടെ വീടിനേയും, കുട്ടികളേയും

അലങ്കരിക്കുവാൻ വേണ്ട വസ്ത്രങ്ങൾക്ക്

# അലങ്കാർ

## ഫേബ്രിക്സ്

തൃശൂർ-1.

# alankar

## FABRICS

P.O.ROAD, TRICHUR.1

Gives You the most Exciting ranges of high Fashion

for

**SUITINGS & SHIRTINGS**

# രക്ഷാഹസ്തം

രാഷ്ട്രനിർമ്മാണയത്നങ്ങളിൽ
അദ്ധ്വാനിക്കുന്ന ആയിരങ്ങൾക്കു്
സൗത്തു് ഇന്ത്യൻ ബാങ്കിന്റെ
രക്ഷാഹസ്തം

ഉൽപാദനവർദ്ധനവു് ലക്ഷ്യമാക്കി
ചെറുതും വലുതുമായ കാർഷിക
വ്യാവസായികസംരംഭങ്ങൾക്കു്
ഉദാരമായ വ്യവസ്ഥകളിൽ
വായ്പകൾ നൽകുന്ന

## ദി സൗത്തു് ഇന്ത്യൻ ബാങ്കു് ലിമിറ്റഡ്

റജി. ആഫീസ്: തൃശ്ശിവപേരൂർ

(അംഗീകൃത വിദേശനാണ്യവിനിമയ ബാങ്കു്)



മനം കവരുന്ന മനോഹര കല്യണോത്സാരികൾക്കു്
ഫേഷൻ ഫേബ്രിക്സ്, തൃശ്ശൂർ

# ARE YOU READY?

"The secret of success in life is for a man to be ready for his opportunity when it comes".

**WHATEVER YOUR TECHNICAL PROFESSION**

**We Can Help You In The Following**

# You can trust – LUNA Institute

ഇൻഡ്യയിലും വിദേശങ്ങളിലും ധാരാളം ജോലിസാദ്ധ്യതയുള്ള
ടെക്നിക്കൽ കോഴ്സുകൾ **ലൂണ**യിൽ നടന്നുകൊണ്ടിരിക്കുന്നു

Recognised by (Govt. Regd. I. T. E. S.)

എസ്. എസ്. എൽ. സി. തോററവർക്കും, ജയിച്ചവർക്കും അതിനു താഴെയും മുകളിലും വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും ചുരുങ്ങിയ കാലാവധികൊണ്ട് സാങ്കേതിക പരിശീലനം നൽകി പ്രാപ്തരായ ടെക്നീഷ്യന്മാരാക്കുന്നു. എല്ലാവിധത്തിലുള്ള പ്രാക്ററിക്കൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രാക്ററിക്കൽ നൽകുന്ന സൗത്ത് ഇൻഡ്യയിലെ ഏക സ്ഥാപനം.

**ടെക്നിക്കൽ കോഴ്സുകൾ :**

1. എയർകണ്ടീഷനിങ്ങ് & റഫ്രിജറേഷൻ, 2. ഓട്ടോമോബയിൽ ഫോർമെൻ, 3. ഓട്ടോമോബയിൽ മെക്കാനിക്ക്, 4. ഓട്ടോ ഇലക്ട്രീഷ്യൻ, 5. വയർമെൻ അപ്രൻറീസ്, 6. ഇലക്ട്രീഷ്യൻ, 7. ഫിററർ, 8. പ്ലംബിങ്ങ്, 9. ഗ്യാസ്‌വെൽഡിങ്ങ് & ആർക്ക്‌വെൽഡിങ്ങ്, 10. ഇലക്ട്രോണിക്സ്, 11. ആർമിച്ചർ & മോട്ടോർ റീവൈൻറിങ്ങ്, 12. റേഡിയോ, 12. ടർണ്ണർ (ലെയ്ത്ത്), 14. ടെലിവിഷൻ കോഴ്സ്.

---

ഞങ്ങളുടെ പൂർവ്വവിദ്യാർത്ഥികളിൽ ഭൂരിപക്ഷം ഇന്ന് ഇന്ത്യയിലും വിദേശങ്ങളിലും ടെക്നീഷ്യന്മാരായി ജോലി ചെയ്തുകൊണ്ടിരിക്കുന്നു

---

N. B. ലോഡ്ജിങ്ങ് സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു.

**ലൂണ** ഇൻസ്റ്റിട്യൂട്ട് ഓഫ് എൻജിനിയറിങ്ങ് ടെക്നോളജി

ചെട്ടിപ്പറമ്പ്, ഇരിങ്ങാലക്കട. Our Office also at Tana, Irinjalakuka.

# കൊഴുത്ത പാല്
# കൊഴുകൊഴുത്ത വെണ്ണ

കന്നുകാലികൾക്ക് പ്രിയംകരമായ തേങ്ങാപ്പിണ്ണാക്ക് പ്രധാന ഘടകമായി തയാറാക്കിയ ഒരേ ഒരു സമീകൃതാഹാരം കെ. എസ്. കാലിത്തീററ. കേരളത്തിലെ കാലാവസ്ഥയ്ക്കും പാരമ്പര്യത്തിനും അനുയോജ്യമായത്

കെ. എസ്. കാലിത്തീററ പ്രോട്ടീനും മററു പോഷക മൂല്യങ്ങളും ചേർത്ത് സംപുഷ്ടമാക്കിയിട്ടുണ്ട്

ഗുണനിയന്ത്രണം കർശനമായി പാലിച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ തയാറാക്കപ്പെട്ട കെ. എസ്. കാലിത്തീററ മേൽത്തരം വെണ്ണയും കൊഴുത്ത പാലും ധാരാളം കിട്ടാൻ സഹായിക്കുന്നു.

കെ. എസ്. കാലിത്തീററ കൂടുതൽ സ്വാദിഷ്ടമാണ്. ദഹിക്കാൻ എളുപ്പവും. ഒട്ടും പാഴായിപ്പോകുന്നില്ല. അതിന്റെ മെച്ചപ്പെട്ട മണവും ഗുണവും ഏറെ നാൾ നീണ്ടുനിൽക്കുന്നു.

**കൊഴുത്ത പാല്, കൊഴുകൊഴുത്ത വെണ്ണ ധാരാളം വേണമെങ്കിൽ കെ. എസ്. കാലിത്തീററ തന്നെ കൊടുക്കുക.**



# കെ. എസ്. കാലിത്തീററ

**കേരള സോൾവെന്റ് എക്സ്ട്രാക്ഷൻസ് ലിമിററഡ്**
സോൾവെന്റ് റോഡ്, ഇരിഞ്ഞാലക്കുട–680121

ASP/KES/762

സിനിമ

# സംഘഗാനം

എൻ. സച്ചിദാനന്ദൻ

സിനിമ ഒരു ദൃശ്യകലയാണെന്നിരിക്കെ, അതിന്റെ വിപുലമായ ദൃശ്യസാദ്ധ്യതകളെ വേണ്ടുംവിധം ഉപയോഗപ്പെടുത്തിക്കണ്ടില്ലെങ്കിൽ, ആത്മാർത്ഥതയുള്ള ആസ്വാദകന്റെ മനസ്സിൽ പ്രസ്തുത സൃഷ്ടി വികലമായിപ്പോയതിലുള്ള ദുഃഖമോ, സംവിധായകന്റെ നേർക്കുള്ള കരുണാർദ്രമായ സഹതാപമോ ഒക്കെയാണ് സാധാരണഗതിയിൽ രൂപംകൊള്ളാറുള്ളത്. പത്തു റീലുകളിലൊതുങ്ങുന്ന ''സംഘഗാന''മെന്ന നവധാരാ ചിത്രം കണ്ടിറങ്ങിയപ്പോഴും ഇതേ മാനസികാവസ്ഥതന്നെയാണ് അനുഭവപ്പെട്ടത്. മലയാളകഥാസാഹിത്യത്തിലെ ശ്രദ്ധേയനായ എം. സുകുമാരന്റെ കരുത്തുറ്റ ഒരു കഥയാണല്ലോ സംഘഗാനം! ഇക്കഥയെ ബക്കർ സിനിമയാക്കി രൂപപ്പെടുത്തിയെടുത്തതു കണ്ടപ്പോൾ ഒരു സംശയം മനസ്സിൽ മുഴച്ചുനിന്നു. ''എം. സുകുമാരന്റെ 'സംഘഗാന'മല്ലേ ബക്കറിന്റെ 'സംഘഗാന'ത്തേക്കാൾ ആസ്വാദകന്റെ ശ്രദ്ധയെ പിടിച്ചെടുക്കുന്നത്?''

ബക്കർ സിനിമകൾ പൊതുവെ കാലിക പ്രാധാന്യമുള്ള സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. ലളിതമാണ് ബക്കറിന്റെ ശൈലി. ''കബനീനദി ചുവന്നപ്പോൾ'', ''മണിമുഴക്കം'', ചുവന്നവിത്തുകൾ'' എന്നീ ചിത്രങ്ങൾ ഒരു പരിധിവരെ സമൂഹത്തിന്റെ പ്രശ്നങ്ങൾക്കുനേരെ സംവേദിക്കുന്നവയാണ്. ''കബനീനദി''യെ കവച്ചുവെക്കാൻ അതിനുശേഷം പുറത്തുവന്ന ബക്കർ സിനിമകൾക്കു കഴിഞ്ഞിട്ടില്ല. ''സംഘഗാന''വും ഈ വൃത്തത്തിനുള്ളിൽ ഒതുങ്ങിനില്ക്കുന്നു.

സംഘഗാനത്തിനു നേരെ ഒരുതരം നിസ്സംഗസമീപനമാണ് ബക്കർ കൈകൊണ്ടിട്ടുള്ളത്. മൊത്തം ചിത്രം കാണികളിൽ ഒരു പ്രത്യേക വൈകാരികാനുഭൂതിയും സൃഷ്ടിക്കുന്നില്ല. സമൂഹത്തിലെ പുരോഗമനോന്മുഖമായ വർഗ്ഗത്തിന്റെ പ്രസക്തി വെളിപ്പെടുത്തുന്ന ''സംഘഗാന''മെന്ന കഥയെ സിനിമാമാദ്ധ്യമത്തിലേക്കു് പകർത്തിയെടുക്കുമ്പോൾ ഇത്തരം വൈകാരിക ശൂന്യത അനുഭവപ്പെടാൻ പാടില്ലാത്തതാണ്. സംഘഗാനത്തെപ്പോലെ സന്ദേശപ്രധാനങ്ങളായ ദൃശ്യരൂപങ്ങൾക്കു് അനുഭൂതികളുടെ അഭാവം സ്വാഭാവികമാണെന്നു് പലരും പറഞ്ഞേക്കാം. പക്ഷേ സമൂഹത്തിന്റെ അടിത്തട്ടിലുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു കല തികച്ചും ജനകീയമായിരിക്കണം. അതുകൊണ്ടുതന്നെ ജനങ്ങളുടെ മനസ്സിലേക്കിറങ്ങിച്ചെല്ലുന്നവിധത്തിലുള്ള ജീവിതാന്തരീക്ഷം മെനഞ്ഞെടുക്കുകയും വേണം. ഈ ജീവിതഗന്ധിയായ ചുറ്റുപാടുകളാണ് സംഘഗാനത്തിനില്ലാതെപോയതും.

സിനിമാസൃഷ്ടിയും, സാഹിത്യസൃഷ്ടിയും നിർമ്മാണരീതികളിൽ കാര്യമായ വ്യത്യസ്തത പുലർത്തുന്നു. താൻ വരച്ചുകാണിക്കാൻ പോകുന്ന കഥാപാത്രങ്ങളുടെ സ്വഭാവങ്ങളിലേക്കിറങ്ങിച്ചെന്നു്, വിഭിന്നങ്ങളായ മാനസിക വിക്ഷോഭങ്ങൾക്കു വശംവദനായി, ഒരുതരം നിസ്സംഗാവസ്ഥയിലാണ് സാഹിത്യരചന നടക്കുന്നതെങ്കിൽ, താൻ ചിത്രീകരിക്കുന്ന ഓരോരംഗവും ആരംഭിക്കുന്നതിനുമുമ്പായി കലാപരമായ മേധാശക്തി സംവിധായകൻ പ്രകടിപ്പിക്കുകയും, നിർമ്മാണം കഴിയുന്നതോടെ അയാൾ മേൽപ്പറഞ്ഞ നിസ്സംഗാവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു. സംഘഗാനത്തിലെ വൈകാരികതയുടെ ഇല്ലായ്മ കാണുമ്പോൾ സിനിമ ഒരുക്കുന്നതിനുമുമ്പേ ഈ നിസ്സംഗത ബക്കറിനെ ആവേശിച്ചിരുന്നോ എന്നു തോന്നിപ്പോകുന്നു.

''നീ നിന്റെ രക്തത്തെ കണ്ടെത്തുക, തിരിച്ചറിയുക, സംഘം ചേരുക'' എന്നതാണ് സംഘഗാനത്തിലെ സന്ദേശം. കാണിയുടെ മനസ്സിൽ വിപ്ലവപരമായ അവബോധം അളവില്ലാത്തവിധം ഉണ്ടാകട്ടെ എന്നുദ്ദേശിച്ചിട്ടാകാം, ചിത്രത്തിന്റെ ആദ്യാവസാനഭാഗങ്ങളിൽ ഇതെഴുതിക്കാണിക്കുന്നുണ്ട്. വാസ്തവത്തിൽ ഇതൊരു കല്ലുകടിയായിട്ടാണ് കണ്ടിരിക്കുന്നവനു് അനുഭവപ്പെടുന്നത്. ബക്കറിന്റെ ''കബനീനദി''യിലെ നായകനും ആ ചിത്രത്തിൽ ഇടക്കിടെ ഒരു വാക്യം ഉരുവിടുന്നുണ്ട്. അതിപ്രകാരമാണെന്നു തോന്നുന്നു, ''മനുഷ്യർ പരസ്പരം സ്നേഹിക്കുകയും, മറ്റുള്ളവരുടെ വാക്കുകൾ സംഗീതമെന്നോണം ആസ്വദിക്കുകയും ചെയ്യുന്ന ഒരു കാലംവരുമെന്നെനിക്കുറപ്പുണ്ട്''. ഇത്തരം സന്ദേശങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു വൈരസ്യം ജനിപ്പിക്കുന്നതിനുപകരം, ആസ്വാദകനെ കൂടുതൽ സ്വാധീനിക്കുന്ന തരത്തിൽ ചിത്രത്തിൽതന്നെ ഒരു ഭാവാന്തരീക്ഷം മെനഞ്ഞുണ്ടാക്കുകയായിരിക്കും കൂടുതൽ നല്ലത്.

സംഘഗാനത്തിലെ നായകൻ നമുക്കു സുപരിചിതരായ തൊഴിൽരഹിതരുടെ പ്രതിനിധിയാണ്. അയാൾ ഇന്ത്യൻ പെററിബൂർഷ്വായുടെ എല്ലാവിധ സ്വഭാവസവിശേഷതകളും ഉൾക്കൊള്ളുന്നു. താനയച്ച അപേക്ഷകളുടെ മറുപടിയും കാത്തു്, പങ്കെടുത്ത ഇന്റർവ്യൂകൾ സമ്മാനിച്ച നൈരാശ്യവും നുണഞ്ഞു് അസ്വസ്ഥനാകുന്ന ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു വെളിപാടുപോലെ തന്റെ രക്ഷകനെ (ഗൗതമൻ) കുറിച്ചുള്ള ബോധം രൂപംകൊള്ളുന്നു. തന്നെ കഷ്ടപ്പാടുകളിൽനിന്നും രക്ഷിച്ച് തനിക്കൊരു മേൽവിലാസം നൽകാൻ ഗൗതമനു മാത്രമേ കഴിയുകയുള്ളുവെന്നു് അയാൾ കരുതുന്നു. ഒടുവിൽ തന്റെ എല്ലാമെല്ലാമായ ഗൗതമനെത്തേടി, അഥവാ തന്റെ അസ്തിത്വം തേടി അയാൾ പട്ടണത്തിലേക്കു യാത്രയാകുന്നു. അനിവാര്യമായ ആ യാത്രയിൽ അയാൾ മൂന്നു ഗൗതമന്മാരെ കണ്ടുമുട്ടുന്നു. ഗൗതം ഷുഗർമില്ലിലെ എം. ഡി. യും, എൻ. ജി. ഒ. കോളനിയിലെ ഗൗതമനെന്ന വൈററ്കോളർ ജീവനക്കാരനും, ഗൗതം ഷുഗർ മില്ലിലെതന്നെ തൊഴിലാളിയായ ഗൗതമനെന്ന വിപ്ലവകാരിയുമാണിവർ. ആദ്യത്തെ രണ്ടുപേരിൽനിന്നും കഠിനമായ അവജ്ഞ ഏറ്റുവാങ്ങുന്ന ചെറുപ്പക്കാരൻ അവസാനം ഗൗതം ഷുഗർമില്ലിലെ തൊഴിലാളി സമരത്തിൽ പങ്കെടുത്തു് വീരമൃത്യുവരിക്കുന്ന ഗൗതമനെന്ന

വിപ്ലവകാരിയുടെ കുഴിമാടത്തിൽ തന്റെ അസ്തിത്വം കണ്ടെത്തുന്നു. തന്റെ വർഗ്ഗത്തെ തിരിച്ചറിയുന്നു. അതോടെ ഈ ഒന്നരമണിക്കൂർ ചിത്രത്തിനു തിരശ്ശീലയും വീഴുന്നു.

കാണിയുടെ മനസ്സിൽ പ്രതീക്ഷ ഉണർത്തുംവിധമാണ് ചിത്രത്തിന്റെ തുടക്കം. വെളുത്ത ശൂന്യമായ സ്ക്രീനിൽ ഒരു നനുത്തരേഖപോലെ മുഷ്ടിചുരുട്ടിയ ഒരു കൈ പ്രത്യക്ഷപ്പെടുന്നതും, പിന്നെ ഒരു സംഘഗാനത്തിന്റെ അകമ്പടിയോടെ നിരവധി കൈകൾകൂടെ പ്രത്യക്ഷപ്പെടുന്നതും, ശേഷം അതൊരു ഘോഷയാത്രയായി നീങ്ങുന്നതും കൗതുകപ്രദമായി. പിന്നീടുള്ള ഗ്രാമചിത്രീകരണം തുലോം കുറ്റമറ്റതാണ്. ചിത്രത്തിലെ മെച്ചപ്പെട്ടഭാഗവും ഇതുതന്നെ. ഒരാൾക്കുമാത്രം കടക്കാൻ വീതിയുള്ള കോണിപ്പടികയറി വായനശാലയിലെത്തുന്ന നമുക്ക് ചീട്ടുകളിക്കാരുടെ സംഭാഷണശകലങ്ങളാണ് കേൾക്കേണ്ടിവരുന്നതു്. കുറഞ്ഞവിലയ്ക്കു് ചക്ക്വില്ലാനെത്തുന്ന കടയിൽ വ്യവസായക്കാരൻ നമ്മിൽ ചിരിയുണർത്തുന്നു. കവലമുക്കിലെ രാഷ്ട്രീയക്കാരന്റെ വാചകമടി കേൾക്കാൻ തിടുക്കംകൂട്ടിയോടുന്ന ഒരു കുട്ടിയുടെ പിന്നാലെ നീങ്ങുന്ന ക്യാമറ, രാഷ്ട്രീയക്കാരൻ വീരവാദം മുഴക്കുന്ന നേട്ടങ്ങൾക്കുള്ള ചുട്ടമറുപടിയെന്നോണം ഗ്രാമത്തിന്റെ ദുരന്തചിത്രങ്ങൾ പകർത്തിക്കാട്ടിയതു് രസാവഹമായി. ഗ്രാമത്തിലെ വഞ്ചിയാത്രയിൽ യാത്രക്കാർ ഓരോരുത്തരും ചെറുപ്പക്കാരനോട് ''ആരാണീഗൗതമൻ'' എന്നു തുടരെ തുടരെ ചോദിക്കുമ്പോൾ അവരുടെ മുഖങ്ങൾ വികൃതമായി അവതരിപ്പിച്ചതു് തികച്ചും അരോചകമായി. ചിത്രത്തിലങ്ങോളം ഇതു് ആവർത്തിക്കപ്പെടുന്നുമുണ്ട്.

നഗരത്തിലേക്കു യാത്രതിരിക്കുന്ന ചെറുപ്പക്കാരനെ അല്പം ഹാസ്യച്ഛവയോടെയാണ് പകർത്തിയിരിക്കുന്നതു്. പഴയ കോട്ടും, തൊപ്പിയും അണിഞ്ഞുകൊണ്ടുള്ള അയാളുടെ നടത്തത്തിനു യോജിച്ച വിധത്തിലായി ദേവരാജന്റെ സംഗീതം. തന്റെ ചരിത്രപരമായ സ്ഥാനം മനസ്സിലാക്കാതെ, തന്റെ രക്ഷകരുടെ വർഗ്ഗം തിരിച്ചറിയാൻ മെനക്കെടാതെ, വെറും അന്വേഷണത്വരമാത്രം കൈമുതലായുള്ള ചെറുപ്പക്കാരനെ ഇത്തരത്തിൽ അവതരിപ്പിച്ചതു് കരുതിക്കൂട്ടിയാണുതാനും.

ഒന്നാം ഗൗതമന്റെ ഭാര്യയുടെ ബുദ്ധിമാന്ദ്യം പ്രകടിപ്പിക്കുന്ന നോട്ടവും, എന്തൊക്കെയോ നിഗൂഢതകൾ നിറഞ്ഞ മുഖഭാവവും വിശദീകരിക്കാഞ്ഞതു ചിന്തോദ്ദീപകമായി. സന്ദർശകമുറിയിൽനിന്നും എം. ഡി. ആട്ടിപ്പുറത്താക്കുന്ന ചെറുപ്പക്കാരൻ ഒഴിഞ്ഞ ഗ്യാലറികളും, കാക്കയുടെ കാഷ്ഠം പേറിനില്ക്കുന്ന പ്രതിമകളും, കേടുവന്ന വാട്ടർപൈപ്പുകളും, വേശ്യാത്തെരുവുകളും നിറഞ്ഞ പട്ടണത്തിലൂടെ വീണ്ടും യാത്രതുടരുകയായി. അയാൾ ഇടക്കിടെ കണ്ടുമുട്ടുന്ന തെരുവുവേശ്യകൾ അപ്പോഴപ്പോൾ അയാളെ ക്ഷണിക്കുന്നതു് ആവർത്തനവിരസത ജനിപ്പിക്കാൻ ഉതകി. അലഞ്ഞുതിരിഞ്ഞു ക്ഷീണിക്കുന്ന ചെറുപ്പക്കാരൻ തന്റെ സൂട്ട്‌വിറ്റ് കാശുവാങ്ങുന്ന രംഗമുണ്ടിതിൽ. ജീവിതഗന്ധിയായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടാണിതു ചിത്രീകരിച്ചതെങ്കിൽ, ദാരിദ്ര്യം നിറഞ്ഞ വീട്ടിൽനിന്നും അയാൾ പട്ടണത്തിലെത്തിച്ചേരുന്നതിനു തക്ക വിശദീകരണമൊന്നും നേരത്തേ കാണിച്ചിട്ടില്ല.

പിന്നീട് ഇടത്തരക്കാരനായ ഗൗതമനെ തേടിയെത്തുന്ന ചെറുപ്പക്കാരൻ മോഷണക്കുറ്റം ചുമത്തപ്പെട്ട് പോലീസ് സ്റ്റേഷനിൽ ചെന്നുചേരുമ്പോൾ അവിടെ ഒരു പോലീസ് മർദ്ദനം കാണാനിടവരുന്നു. മർദ്ദനം തികച്ചും ബാലിശമായിപ്പോയെന്നു പറയാം. പശ്ചാത്തലത്തിൽ ഉയർന്നുകേൾക്കുന്ന കിതപ്പു മാത്രമാണ് അല്പമെങ്കിലും സഹതാപം ജനിപ്പിക്കുന്നതു്. ജയിൽ വിമോചിതനായ ചെറുപ്പക്കാരന്റെ സഹായത്തോടെ മർദ്ദനമേറ്റയാൾ സ്വന്തം വീട്ടിലെത്തുന്നു. അയാൾ മറ്റൊരു ഗൗതമനാണെന്നു മനസ്സിലാക്കുന്നതോടെ ചെറുപ്പക്കാരൻ പൊട്ടിത്തെറിക്കുന്നു. മുമ്പു പരിചയപ്പെട്ട ഗൗതമന്മാരിൽനിന്നും ലഭിച്ച അതേ അനുഭവമാണ് ഇവിടെനിന്നു ലഭിച്ചേക്കുക എന്നു കരുതുന്ന ചെറുപ്പക്കാരൻ. (വിശദീകരണം ചിത്രം നല്കുന്നില്ല) ''മുതലാളിയേക്കാൾ ക്രൂരനും, ഇടത്തരക്കാരനേക്കാൾ സമർത്ഥനുമാണു നീ'' എന്നു ആക്രോശിച്ചുകൊണ്ടിറങ്ങിപ്പോകുന്നു. പിന്നീടുള്ള തൊഴിലാളിസമരത്തിൽ വെടിയേറ്റുമരിച്ച മൂന്നാം ഗൗതമന്റെ കുഴിമാടത്തിൽ സ്വന്തം അസ്തിത്വം കണ്ടെത്തുന്ന രംഗം വൈകാരികരാഹിത്യത്തിന്റെ ഉച്ചകോടിയിൽ നിൽക്കുന്നു. സുകുമാരന്റെ കഥയുടെ അവസാനഭാഗം നോക്കുക. ചെറുപ്പക്കാരൻ പറയുന്നു, ''ഈ ശ്മശാനഭൂവിൽ കുറച്ചുനേരം എനിക്കൊറ്റക്കിരിക്കണം. നിങ്ങൾ നടക്കൂ! അല്പം വൈകിയാണെങ്കിലും ഞാൻ നിങ്ങൾക്കൊപ്പമെത്താം''. എത്ര സുന്ദരമായിരിക്കുന്നു ഈ മുഹൂർത്തം. ഈ മുഹൂർത്തത്തിന്റെ ചൈതന്യം പ്രകാശിപ്പിക്കാൻ ബക്കറിനു കഴിഞ്ഞിട്ടില്ല.

തിരക്കഥയും സംഭാഷണവും എഴുതിയിരിക്കുന്നതു് കഥാകൃത്തുതന്നെയാണ്. രണ്ടും മൊത്തത്തിൽ നന്നായിരിക്കുന്നു. എങ്കിലും ചിത്രത്തിന്റെ ആദ്യഭാഗത്തു് ജോലിയും കാത്തിരുന്നു മുഷിയുന്ന മകനോട്, ''നീ ജനിച്ചപ്പോൾ എന്തെല്ലാം പ്രതീക്ഷകളായിരുന്നു'' എന്നു് ഒരു മൂന്നാംകിട സിനിമയിലെ അമ്മയെപ്പോലെ പറയിപ്പിച്ചതു തെറ്റായിപ്പോയി. അതിനുപകരം സഹതാപാർദ്രമായ ഒരു നോട്ടമോ, ദുഃഖസൂചകമായ നെടുവീർപ്പുകളോ, അല്ലെങ്കിൽ മകന്റെ കുട്ടിക്കാലത്തെ കൗതുകകരമായ ചില സംഭവങ്ങളുടെ പുനരാവിഷ്കരണമോ കാണിച്ചിരുന്നെങ്കിൽ ആ രംഗത്തിനു കൂടുതൽ വൈകാരികതീക്ഷ്ണത കൈവരുമായിരുന്നു.

ചെറുപ്പക്കാരന്റെ ഭാഗമെടുത്ത അടയാർ ഇൻസ്റ്റിറ്റ്യൂട്ട് സന്തതിയായ ശ്രീനിവാസനു അവസാനഭാഗത്തെ ദുഃഖത്തിനു മിഴിവു നൽകാൻ കഴിഞ്ഞില്ല. ഗ്രാമരംഗങ്ങളിലാണ് ശ്രീനിവാസൻ കൂടുതൽ ശോഭിച്ചതു്. ഒരു വിപ്ലവകാരിയുടെ മനോസംഘർഷങ്ങളേയും, ആത്മരോഷങ്ങളേയും പ്രതിഫലിപ്പിക്കുന്നതിൽ മധുമാസ്റ്റർ വിജയിച്ചിരിക്കുന്നു. വിവിധ ഭാവങ്ങൾ ഉൾക്കൊള്ളുന്ന രംഗങ്ങൾക്കു അനുയോജ്യമായ വിധത്തിൽ സംഗീതം പകർന്ന ദേവരാജനും, ഗ്രാമചിത്രങ്ങളെ സമർത്ഥമായി ഒപ്പിയെടുത്ത വിപിൻദാസും, ചിത്രത്തിന്റെ ഒഴുക്കിനെ തുണയ്ക്കുന്ന രീതിയിൽ ചിത്രസംയോജനം നിർവ്വഹിച്ച കണ്ണനുമാണ് (മധ്യഭാഗം ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണെന്നതു മാറ്റിനിർത്താം) ''സംഘഗാന''ത്തെ രക്ഷിച്ചിരിക്കുന്നതു്.

എങ്കിലും രാത്രികളുടേയും, തമ്പുരാട്ടിമാരുടേയും, വീരന്മാരുടേയും കഥ പറയുന്ന മലയാളസിനിമയുടെ കാഴ്ചക്കാർക്ക് സംഘഗാനം ഒരാശ്വാസമാണ്. കഥയുടെ പുതുമ അന്വേഷിക്കുന്നവർക്ക് ഒരു മേച്ചിൽപ്പുറവും. □

# 'മനുഷ്യദുരിതങ്ങൾക്ക് നേരെയുള്ള രോഷമാണ് എന്റെ കല"

ഋത്വിക് ഘട്ടക്

എതാനും വർഷംമുമ്പ് രവി ഓഝാ, ഇന്ദ്രജിത് സർക്കാർ എന്നിവർ ഇന്ത്യയിലെ പ്രതിജ്ഞാബദ്ധസിനിമയുടെ ഉദ്ഘാടകനും ആചാര്യനുമായ ഋത്വിക്ഘട്ടക്കുമായി നടത്തിയ ശ്രദ്ധേയമായ ഒരഭിമുഖസംഭാഷണമാണ് ഇവിടെ വിവർത്തനം ചെയ്തു ചേർത്തിരിക്കുന്നത്

താങ്കളുടെ അഭിപ്രായത്തിൽ ഒരു കലാകാരന്റെ, വിശേഷിച്ചും ചലച്ചിത്രകലാകാരന്റെ റോൾ എന്താണ്?

ഞാനൊരു കലാകാരനല്ല, ചലച്ചിത്രകലാകാരനുമല്ല. ചലച്ചിത്രം എനിക്കൊരു കലാരൂപമല്ല; എന്റെ ജനതയെ സേവിക്കുകയെന്ന ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗം മാത്രമാണ്. ഞാനൊരു സാമൂഹ്യശാസ്ത്രജ്ഞനല്ല, അതിനാൽ എന്റെ സിനിമയ്ക്ക് ജനങ്ങളെ മാററിത്തീർക്കാനാവുമെന്ന ഭ്രമമൊന്നും എനിക്കില്ല. ഒരു സിനിമാനിർമ്മാതാവിനും മാററാൻകഴിയുന്നത്ര നിസ്സാരമല്ല ജനങ്ങൾ. അവർ മഹത്വമേറിയവരാണ്. അവർ അവരെത്തന്നെ മാററിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഒന്നും മാററുകയല്ല, സംഭവിക്കുന്ന വലിയ മാററങ്ങൾ രേഖപ്പെടുത്തുക മാത്രമാണ്. സിനിമയെന്നാൽ എനിക്ക് ഒരു ആവിഷ്ക്കാരം മാത്രമാണ്. എന്റെ ജനങ്ങളുടെ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും നേർക്കുള്ള എന്റെ രോഷം ആവിഷ്ക്കരിക്കാനുള്ളൊരു മാർഗ്ഗം. നാളെ മനുഷ്യബുദ്ധി സിനിമയ്ക്കപ്പുറത്ത് സിനിമയെക്കാൾ സുശക്തവും സമീപസ്ഥവുമായി ജനങ്ങളുടെ ആഹ്ലാദങ്ങളും ഖേദങ്ങളും സ്വപ്നങ്ങളും ആദർശങ്ങളും ആവിഷ്ക്കരിക്കാനുതകുന്ന എന്തെങ്കിലും കണ്ടെത്തിയേക്കാം. അപ്പോൾ അതായിരിക്കും മാതൃകാപരമായ മാദ്ധ്യമം.

താങ്കളുടെ ചലച്ചിത്രങ്ങൾ തീക്ഷ്ണമായ ഒരു രാഷ്ട്രീയബോധം പ്രതിഫലിപ്പിക്കുന്നുണ്ട്. അതുകൊണ്ട് താങ്കളാണ് ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രീയ ചലച്ചിത്ര നിർമ്മാതാവെന്ന് പറഞ്ഞാൽ നേരല്ലേ?

എനിക്കറിഞ്ഞുകൂടാ. എന്തിനാണെന്നോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്? ഈ നിലയിലാണു ഞാനെന്ന് എങ്ങിനെ ഞാൻ സ്വയം പരീക്ഷിച്ചറിയും? ഞാനൊരു രാഷ്ട്രീയ സിനിമക്കാരനാണോ, ആദ്യത്തെ രാഷ്ട്രീയ സിനിമക്കാരനാണോ, ഒരേയൊരു സിനിമക്കാരനാണോ, എന്നെല്ലാം തീരുമാനിക്കേണ്ടത് എന്റെ കാണികളാണ്. വിശാലമായൊരു പശ്ചാത്തലത്തിൽ നോക്കിയാൽ എല്ലാ സിനിമയും രാഷ്ട്രീയമാണ്, എല്ലാ കലയുമതെ, എല്ലാ കലാകാരന്മാരുമതെ. അത് ഒന്നുകിൽ ഈ വർഗ്ഗത്തിന്റേതാണ്, അല്ലെങ്കിൽ ആ വർഗ്ഗത്തിന്റെ. ഒരു സിനിമക്കാരൻ അതിന് രാഷ്ട്രീയമെന്നു പേരിട്ടേക്കാം. മറെറാരാൾ അങ്ങിനെ പറഞ്ഞില്ലെന്നുവരും, പക്ഷേ അന്തിമമായി എല്ലാം ഈ ലക്ഷ്യത്തെത്തന്നെ സേവിക്കുന്നു. സിനിമയും, സിനിമയായതുകൊണ്ടുതന്നെ അതിന്റെ വിവിധ രൂപങ്ങളിലും പ്രസ്ഥാനങ്ങളിലുംകൂടെ രാഷ്ട്രീയത്തെ സേവിക്കുന്നു.

സിനിമയിലെ ആധുനിക പ്രവണതകളെക്കുറിച്ച്, വിശേഷിച്ചും, സിനിമയിലെ കഥാപാത്രങ്ങളുമായി വൈകാരികമായി തന്മയീഭവിക്കുന്നത് ഒരു ബൂർഷ്വാവിനോദമാണെന്നും, സംവിധായകൻ ഈ യാഥാർത്ഥ്യപ്രതീതി തകർത്ത് പുറത്തുവന്ന് കാണികളോട് സംസാരിക്കണമെന്നും ഉള്ള വിചാരഗതികളെക്കുറിച്ച്, താങ്കളെന്തുപറയുന്നു?

ഇതിൽ ആധുനികമായി ഒന്നുംതന്നെയില്ല; പ്രാചീനകാലംമുതലേ നിലനിന്നിട്ടുള്ളൊരു ധാരണയാണിത്. അരിസ്റ്റോഫാനസ്സിന്റെ നാടകങ്ങൾ വായിച്ചിട്ടുണ്ടോ? ആഥൻസ നഗരത്തിൽ 2500 വർഷംമുമ്പ് ജനിച്ചുമരിച്ച അദ്ദേഹം ഇതു ചെയ്തു. അതിനാൽ ഇതിൽ ആധുനികമായി ഒന്നുംതന്നെയില്ല. രൂപങ്ങളും രൂപങ്ങളുമുണ്ട്. ഇത് ഒരുതരം രൂപമാണ്, ഴാങ്ങ്ലൂക് ഗൊദാർദ്ദിനെപ്പോലെ ചിലർ ഇത് പ്രയോഗിക്കുന്നുണ്ട്. ഇതിൽ ആധുനികമായി ഒന്നുംതന്നെയില്ലെന്ന് ഓർമ്മിക്കുക. നമ്മുടെ പല മഹാകാവ്യങ്ങളിലും ഇത് ധാരാളമായുണ്ട്—അവയുടെ രചയിതാക്കൾ പുറത്തുവന്ന് ജനങ്ങളോട് സംസാരിക്കുന്നു. ഞങ്ങളുടെ 'ജാത്ര'കളുടെ (ഒരു ബെംഗാളി നാടോടി നാടകരൂപം) ഉദ്ദേശവും ഇതുതന്നെ. കലയിൽ ഒന്നും ആധുനികമല്ല, എല്ലാം ആധുനികമാണ്. വളരെ ആധുനികമായ എന്തെങ്കിലും ചെയ്തതിന്റെ പേരിൽ ഒരാൾ മഹിമ അവകാശപ്പെടുന്നെങ്കിൽ അയാളൊരു വിഡ്ഢിയാണ്; അയാൾ ജീവിക്കുന്നത് വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. കല നിരന്തരമായി രൂപം മാറിക്കൊണ്ടിരിക്കുന്നു; എല്ലാത്തരം രൂപങ്ങളും പ്രയോഗിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും തീർന്നുപോവുകയും ചെയ്തിരിക്കുന്നു, നാമതു വീണ്ടും കണ്ടെത്തുകമാത്രമേ ചെയ്യുന്നുള്ളൂ.

നമ്മുടെ ഐതിഹാസികവും നാടകീയവുമായ പാരമ്പര്യങ്ങൾ ഇന്ത്യൻ സിനിമയെ പൊതുവിലും താങ്കളെ പ്രത്യേകിച്ചും എങ്ങിനെ സ്വാധീനിച്ചു?

ഇന്ത്യൻ മനോഭാവത്തിൽ അധീശത്വംവഹിക്കുന്ന ഒരു മഹാകാവ്യപാരമ്പര്യമുണ്ട്. അത് ഇന്ത്യൻഉപബോധത്തോളം ഉയർന്നു ചെന്നിട്ടുണ്ട്. ഇന്ത്യക്കാർ പുരാണസിനിമകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നതിൽ അത്ഭുതമില്ല. ഞാനും അതിന്റെ ഭാഗമാണ്. ആ മഹാകാവ്യപാരമ്പര്യമില്ലാത്ത എന്നെപ്പററി എനിക്ക് ചിന്തിക്കാനേ വയ്യ. ഞാൻ തീർത്തും അതിനുവേണ്ടി നിലകൊള്ളുന്നു. ഓർമ്മയ്ക്കതീതമായ കാലംമുതലേ അതു നമ്മുടെ പാരമ്പര്യത്തിലുണ്ട്. എന്റെ സിനിമകളിൽ ഞാൻ പ്രധാനമായും നാടൻ കലാരൂപത്തെയാണാശ്രയിക്കാററ്. മഹാമാതാവ് എന്ന സങ്കല്പം, അതിന്റെ ദ്വൈതീഭാവത്തിൽ,

നമ്മുടെ സത്തയുടെ ഒരോവശത്തും നിലനില്ക്കുന്നു. മേഘേ ധാക്ക താരാ ജ്ജക്തി, താപ്പോ ഓഗപ്പോ എന്നീ സിനിമക ളിൽ ഞാനിതു ചേർത്തിട്ടുണ്ട്.

**ഏതു സിനിമാനിർമ്മാതാവാണ് താങ്കളെ ഏററവും സ്വാധീനിച്ചിട്ടുള്ളത്?**

സെർജി ഐസൻസ്റ്റീൻ. എന്നെ മാത്രമല്ല, അല്പമെങ്കിലും വിലയുള്ള എല്ലാ സിനിമാനിർമ്മാതാക്കളേയും അദ്ദേഹം സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹമാണ് സിനിമയുടെ പിതാവ്. ഗ്രിഫിത്തു് ഇല്ലെന്നല്ല, പക്ഷേ ഗ്രിഫിത്തു് ഇത്ര തീക്ഷ്ണമല്ല. ഐസെൻസ്റ്റീനാണ് സാധനം മുഴുവൻ തത്വവത്കരിച്ചതു്. നമുക്ക് ഈ ഭാഷ നല്കിയതു് അദ്ദേഹമാണ്. അതിനുമുമ്പു എഡ്വിൻ പോർട്ടർ ഉണ്ടായിരുന്നു—'ദ ഗ്രേററ് ട്രെയിൻ റോബറി' ഓർമ്മിക്കുക—പിന്നെ ഗ്രിഫിത്തും, പക്ഷേ ഇവർ അന്ധരായിരുന്നു. ഐസെൻസ്റ്റീനാണ് ആദ്യമായി ഈ നശിച്ച സംഗതിയെ പിടികൂടിയതു്. എന്നിട്ട് നമ്മെ സിനിമാനിർമ്മാണത്തിന്റെ പ്രാഥമിക കാര്യങ്ങൾ പഠിപ്പിക്കാൻ ശ്രമിച്ചു. സിനിമയെന്താണെന്നും ഈ നശിച്ച ക്യാമറസ്സാധനം എന്തു ചെയ്യുന്നുവെന്നും അദ്ദേഹം കണ്ടുപിടിച്ചു. അദ്ദേഹം സിനിമയിലെ കാളിദാസനാണ്—താത്വികനും സ്രഷ്ടാവും. ഫിലിം നിർമ്മാതാക്കൾ ഒരുപാടുണ്ട്. മഹാന്മാരും സമർത്ഥരുമായ ഫിലിം നിർമ്മാതാക്കൾ ഉണ്ടായിട്ടുണ്ട്. ഉണ്ട്. ഉണ്ടാവുകയുംചെയ്യും. പക്ഷേ അവരെല്ലാം സെർജി ഐസെൻസ്റ്റീനിന്റെ ഉപോത്പന്നങ്ങൾ മാത്രമാണ്. ഐസെൻസ്റ്റീൻ എല്ലാവരിലും മീതെയാണ്. എവിടെ സിനിമയുണ്ടോ, അവിടെ സിനിമാനിർമ്മാതാവ് ഐസെൻസ്റ്റീനിന്റെ സന്തതിമാത്രമാണ്: അദ്ദേഹമാണ് രക്ഷാകർത്താവ്, പിതാവ്—അദ്ദേഹമാണ് ആദാം. സിനിമയുടെ ആദിയിലെ ആദാം. ആദ്യത്തെ മനുഷ്യൻ.

**താങ്കളുടെ മിക്ക ചിത്രങ്ങളിലും രബീന്ദ്ര സംഗീതത്തിന് ഒരു പ്രധാനപ്പെട്ട ധർമ്മം നിർവ്വഹിക്കാനുള്ളതായിക്കാണുന്നു. രബീന്ദ്രനാഥടാഗൂറിനോടുള്ള താങ്കളുടെ ആഭിമുഖ്യം ഒന്ന് വിശദീകരിക്കാമോ?**

അദ്ദേഹത്തെ ഒഴിച്ചുനിർത്തി എനിക്കു സംസാരിക്കാൻ കഴിയില്ല. എന്റെ ജനനത്തിനും വളരെമുമ്പേതന്നെ അദ്ദേഹം എന്റെ വികാരങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഞാനെന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായിട്ടുണ്ട്. അദ്ദേഹം വാക്കുകളും മുഴുവൻ നൽകിയിട്ടുണ്ട്. ഞാനവ വായിക്കുമ്പോൾ എല്ലാം പറയപ്പെട്ടിരിക്കുന്നുവെന്ന്, പുതുതായൊന്നും പറയാനില്ലെന്ന്, എനിക്ക് മനസ്സിലാകുന്നു. എല്ലാ കലാകാരന്മാരും. ബംഗാളിയെങ്കിലും, ഇതപ്രയാസം അനുഭവിക്കുന്നുണ്ടെന്നു തോന്നുന്നു. ഇതു് ഒഴിവാക്കാനാവില്ല. അദ്ദേഹത്തോട് (രബീന്ദ്രനാഥിനോട്) ദേഷ്യപ്പെടാം, അദ്ദേഹത്തെ വിമർശിക്കാം, അദ്ദേഹത്തെ ഇഷ്ടപ്പെടാതിരിക്കാം, പക്ഷേ അന്തിമാപഗ്രഥനത്തിൽ അവസാനവാക്ക് അദ്ദേഹത്തിന്റേതാണെന്ന് കാണാം.

**രബീന്ദ്രനാഥടാഗൂറിന്റെ ഗണ്യമായ സ്വാധീനം താങ്കളിലുണ്ടായിട്ടും, ടാഗൂറിന്റെ രചനകളും താങ്കളുടെ ചിത്രങ്ങളും തമ്മിൽ ഗുണപരമായ വ്യത്യാസമുണ്ടെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം ആവശ്യത്തിലേറെ റൊമാൻറിക്കായിരുന്നെന്ന് താങ്കൾക്ക് തോന്നുന്നില്ലേ?**

റൊമാൻറിക്കോ! നിങ്ങൾക്കദ്ദേഹത്തെക്കുറിച്ചെന്തറിയാം? രബീന്ദ്രനാഥ് ഒരു റൊമാൻറിക്കല്ല. തീർത്തും വൈവിധ്യമാർന്ന ഒരു പ്രതിഭാസം. അദ്ദേഹം ബംഗാളി സാഹിത്യത്തിലെ കളിക്കുരങ്ങാണ്, എന്നിട്ട് നിങ്ങളദ്ദേഹത്തെ റൊമാൻറിക്കെന്നു വിളിക്കുന്നു. നിങ്ങൾ 'ചതുരംഗം' വായിച്ചിട്ടുണ്ടോ? അദ്ദേഹം യോഗിയും അജ്ഞേയവാദിയും എല്ലാമായിരുന്നു. അദ്ദേഹം ഒരു വൻ റൗഡിയുമായിരുന്നു. അശ്ലീലഭാഷ ഉപയോഗിക്കുന്നതിൽ തീർത്തും വലിയവൻ. തെരുവുപയ്യന്മാരുടെ ഭാഷയിലും അദ്ദേഹം എഴുതി. അതുകൊണ്ട് അദ്ദേഹത്തെ റൊമാൻറിക് എന്നു വിളിച്ച് ഒഴിവാക്കാനോ മറികടക്കാനോ നോക്കേണ്ട. ആ മനുഷ്യന്റെ കൃതികൾ മുഴുവനോടെ വായിച്ചു നോക്കു. അദ്ദേഹത്തിന്റെ രചനകളുടെ ഘടന തീർത്തും മുറുകിയതാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ, ബംഗാളി സാഹിത്യത്തിലെ കളിക്കുരങ്ങാണദ്ദേഹം. ഒരു കോവണിയും അതിനു മുകളിലൊരു കുരങ്ങുമായി ഒരു കളിക്കോപ്പ് നിങ്ങൾ കണ്ടിരിക്കും. ഈ കളിക്കോപ്പ് നേരെ പിടിച്ചാൽ കുരങ്ങ് ഉരുണ്ടിറങ്ങും. തല കീഴായി പിടിച്ചാൽ അപ്പോഴും കുരങ്ങ് ഉരുണ്ടിറങ്ങും. ഈ കളിക്കോപ്പിലെ കുരങ്ങിനെപ്പോലെയാണ് രബീന്ദ്രനാഥ്. അദ്ദേഹത്തിന് പടിപടിയായി മുകളിലേക്ക് കയറുവാൻ കഴിയും. അതുകൊണ്ട് അദ്ദേഹത്തെ ഒരു റൊമാൻറിക്കെന്നു വിളിക്കുന്നതു് വിഡ്ഢിത്തമാണ്. രബീന്ദ്രനാഥിനെ വിററഴിക്കാൻ നോക്കുന്ന ചിലരുണ്ട്. അതാണ് നിങ്ങളുടെ മനസ്സുകളിൽ അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെയൊരു സങ്കല്പമുള്ളതു്. നിങ്ങൾ രബീന്ദ്രനാഥിനെ വായിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കോപത്തെക്കുറിച്ച്, 'ഹരാമിപാണ'യെക്കുറിച്ച് നിങ്ങളിനിയും അറിഞ്ഞിട്ടില്ല. സമൂഹത്തിന്റെ ഏററവും താഴത്തെ പടിമുതൽ ഏററവും മുകളിലെ പടിവരെ അദ്ദേഹം ഒരാളേയും വെറുതെ വിട്ടില്ല. എന്നെ നിങ്ങളൊരു റൗഡിയെന്നോ റാസ്കലെന്നോ വിളിച്ചോളു. പക്ഷേ അദ്ദേഹം കൂടുതൽ വലിയൊരുത്തനായിരുന്നു. അദ്ദേഹത്തിനു എന്നേക്കാളേറെ തെറിവാക്കുകൾ അറിയാമായിരുന്നിരിക്കണം. അദ്ദേഹത്തെക്കുറിച്ച് തെററായ ധാരണ പുലർത്തരുതു്.

**അഭയാർത്ഥിപ്രശ്നം താങ്കളുടെ പല സിനിമകളിലും ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ഒരു പ്രമേയമായിരുന്നിട്ടുണ്ട്. താങ്കൾ ബംഗ്ലാദേശിലുണ്ടാക്കിയ 'തീത്താസ് ഏക്തി നദീർ നാം' എന്ന സിനിമയെ സംബന്ധിച്ച് ഈ പ്രശ്നത്തിന് നേരിട്ടൊരു പ്രസക്തിയുള്ളതായിത്തോന്നുന്നുണ്ടോ?**

അതെന്നെ നേരിട്ട് ബാധിക്കുന്നില്ല. പരോക്ഷമായി, അഗാധമായ ഒരു തലത്തിൽ, വിശാലാർത്ഥത്തിൽ അതെന്നെ ബാധിക്കുന്നുണ്ടുതാനും. സിനിമാനിർമ്മാണം ഒരാളുടെ ഉപബോധത്തെസ്സംബന്ധിച്ച യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരാളുടെ തോന്നലിനെസ്സംബന്ധിച്ച പ്രശ്നമാണ്. 'അഭയാർത്ഥിപ്രശ്നം' എന്ന് താങ്കൾ വിശേഷിപ്പിച്ചതിനെ ഞാൻ അഭയാർത്ഥി പ്രശ്നമായിട്ടല്ല കൈകാര്യം ചെയ്തിരിക്കുന്നതു്. എന്നെ സംബന്ധിച്ചിടത്തോളം, അതൊരു സംസ്കാരത്തിന്റെ തന്നെ വിഭജനമായിരുന്നു, അതെന്നെ ഞെട്ടിച്ചു. വിഭജനത്തിന്റെ കാലത്തു് നമ്മുടെ സ്വാതന്ത്ര്യത്തേയും സ്വാശ്രയത്തേയുംകുറിച്ച് ഒച്ചവെച്ചിരുന്ന നാട്യക്കാരെ ഞാൻ വെറുത്തു. നിങ്ങൾ കുട്ടികൾ എന്റെ ആ ബംഗാൾ കണ്ടിട്ടില്ല. എന്താണ് സംഭവി

വിവിധ വർണ്ണങ്ങളാൽ ഒരു വസന്തം കാഴ്ചവെയ്ക്കുന്ന പൂന്തോട്ടം! അതിൽ വൈവിധ്യം പ്രകടിപ്പിക്കുന്ന മുതലക്കുളവും, മയിൽക്കൂട്ടം, പാമ്പിൻസങ്കേതവും. ക്രൈസ്റ്റ് കോളേജിന്റെ പ്രത്യേകതയാണത്. ഈ പൂന്തോട്ടത്തിന്റെ വശ്യതയ്ക്കുപിന്നിൽ ഒരാളുണ്ട്, ആരുമറിയാത്ത മാണിക്യൻ. ഒരു തോട്ടക്കാരനേക്കാൾ ഉപരിയായി, ഒരു കലാകാരന്റെ നൈപുണ്യം സ്വന്തമായുള്ള മാണിക്യൻ! പൂന്തോട്ടത്തിന്റെ സൗന്ദര്യം ആസ്വദിക്കാനെത്താറുള്ള വിനോദസംഘങ്ങൾ മാത്രമാണ് മാണിക്യന്റെ ഏക ആശ്വാസം. എല്ലാവരാലും വിസ്മരിക്കപ്പെടുന്ന, പൂക്കളെ വിരിയിപ്പിക്കുന്ന മാണിക്യനെ ഇത്തരുണത്തിൽ സ്മരിക്കട്ടെ.

കുന്നതെന്ന്, ദേശീയ വിമോചനത്തിന്റെ ഈ മററിക്കൊട്ടുകൽമൂലം എങ്ങിനെയാണ് പെരുമാററമാതൃകകൾ മാറുന്നതെന്ന്, ഞാൻ നിരീക്ഷിക്കുകയാണ്. എനിക്ക് തോന്നിയതിന് ഞാൻ മിക്കവാറും ആവിഷ്കാരം നൽകി. ഇന്ന് ഞാൻ സന്തുഷ്ടനല്ല ഞാൻ കണ്ടതെല്ലാം ബോധപൂർവ്വമോ അബോധപൂർവ്വമോ എന്റെ സിനിമകളിൽ കടന്നുവരുന്നു. എന്റെ സിനിമകൾ പ്രകടമായ മുദ്രാവാക്യ പ്രണയത്താൽ നിറഞ്ഞിരുന്നിരിക്കാം. അല്ലെങ്കിൽ അവ വിദൂരമായിരുന്നിരിക്കാം. പക്ഷേ പ്രധാന കാര്യം അവശേഷിക്കുന്നു: എനിക്കു ചുററും കാണുന്നത് എന്നെ നിരാശാഭരിതനാക്കുന്നു. എനിക്കത് മടുത്തിരിക്കുന്നു.

**ഇന്നാട്ടിലെ യുവാക്കളായ സിനിമാനിർമ്മാതാക്കളിൽ ശരിയായ കലാവാസനയുണ്ടെന്നു തോന്നുന്നുണ്ടോ? അതോ ഇന്ത്യൻ ന്യൂവേവ് വെറും ശബ്ദം മാത്രമാണോ?**

ഉവ്വ്, വാസനാസമ്പന്നരായ ചിലരുണ്ട്, പക്ഷേ അവർ വഴി തെററിക്കപ്പെടുന്നതായി തോന്നുന്നു. ഞാൻ കൽക്കത്തയെക്കുറിച്ചല്ല പറയുന്നത്, കൽക്കത്ത എന്റെ അഭിപ്രായത്തിൽ തീർത്തും വന്ധ്യമാണ്. കൽക്കത്തയിലെ ഏതെങ്കിലും കുട്ടിയെ ചൂണ്ടി അയാളെന്തെങ്കിലും ചെയ്യുന്നുണ്ടെന്ന് എനിക്ക് പറയാനാവില്ല. പക്ഷേ ബോംബെയിൽ, കേരളത്തിൽ, കാശ്മീരിൽ, ആസ്സാമിൽപോലും എന്തെങ്കിലും ചെയ്യുന്ന ചെറുപ്പക്കാരുണ്ട്. സത്യദേവ് ദുബേയ്ക്ക് കഴിവുണ്ട്, പക്ഷേ അയാളൊരു വിഡ്ഢിത്തം കാണിച്ചു. അയാളൊരു നല്ല സ്ക്രിപ്ററ് തിരഞ്ഞെടുത്തു, പക്ഷേ ദുർബ്ബലമായ പശ്ചാത്തലത്തിൽ ഞാനയാളോടു പറഞ്ഞു: ഒരു വായിൽനോക്കി സ്ത്രീയെ പിഴപ്പിക്കുന്ന കഥയ്ക്കുവേണ്ടി ഇത്രയധികം പണവും ഊർജ്ജവും പാഴാക്കണോ? എന്തിന് 'ശാന്തതാകോർട്ട് ചാലുഹെ' ജനജീവിതത്തെസ്സംബന്ധിച്ച് കുറച്ചുകൂടി അടിസ്ഥാനപരമായ എന്തെങ്കിലുമായിക്കൂടേ? കുമാർസഹാനിയിലും ജോൺ അബ്രഹാമിലുമാണ് ഞാൻ വിശ്വാസമർപ്പിച്ചിരിക്കുന്നത്. മണികൗളും ഉണ്ട്. പക്ഷേ അയാൾക്ക് തലച്ചോറിലൊരു ചെരിവുണ്ട്. കാഴ്ചയ്ക്ക് ഒരു തകരാറ്. നിങ്ങൾ പിള്ളാരെപോലെതന്നെ വാക്കുകളുമായി എപ്പോഴും അനുരാഗബദ്ധനാവുന്ന ഒരാൾ. കുമാർ സഹാനിയാണ് ഏററവും നല്ല വിദ്യാർത്ഥി. അയാൾ തന്റെ സിനിമകളുമായി പുറത്തിറങ്ങുമ്പോൾ, അത് തീർത്തും ഞെട്ടിക്കുന്നതായിരിക്കും.

**താങ്കൾ പൂനയിലെ ഫിലിം ടെലിവിഷൻ ഇൻസ്റ്റിററ്യൂട്ടിന്റെ വൈസ്-പ്രിൻസിപ്പലായിരുന്ന കാലത്ത് നിരവധി ചെറുപ്പക്കാരായ സിനിമാനിർമ്മാതാക്കളെ പ്രചോദിപ്പിച്ച് ഒരു ഇന്ദ്രജാലം തന്നെ സംഭവിപ്പിച്ചു. അത്തരം നേട്ടം കൊയ്തെടുക്കാൻ താങ്കളുപയോഗിച്ച രീതികളൊന്നു വിവരിക്കാമോ?**

ഒരു കൂട്ടം ആൺകുട്ടികളെയും പെൺകുട്ടികളെയും ഞാൻ പിടികൂടി-ജീവിതവും ചൈതന്യവും നിറഞ്ഞുനിന്നവർ, ജീവനാഹ്ളാദം തുളുമ്പിയിരുന്നവർ. അവരെ നയിക്കുവാൻ എനിക്ക് പൂർണ്ണസ്വാതന്ത്ര്യവും കിട്ടി. എനിക്കു തോന്നുന്നതൊക്കെ ഞാൻ ചെയ്യും, ആരും എന്നോട് കല്പിക്കാനുണ്ടായിരുന്നില്ല. ഞാനവരിൽ ഫിലിം നിർമ്മാണത്തിന്റെ തീയും ചൈതന്യവും പകരാൻ ശ്രമിച്ചു. അവരെന്തിനാണ് ഈ ലോകത്തിൽ വന്നിരിക്കുന്നതെന്ന് സ്വയം ചോദിച്ചുനോക്കാൻ ഞാനവരോടു പറഞ്ഞു. നിങ്ങൾക്കുതന്നെ വേണ്ടിയല്ല, ഞാനവരോടു പറഞ്ഞു, മററുള്ളവരെ സേവിക്കാൻ. സിനിമ ഒരു ആവിഷ്കാരമാർഗ്ഗമല്ലാതെ മറെറാന്നുമല്ല, ഞാൻ മുമ്പു പറഞ്ഞപോലെ. അതുകൊണ്ട്, ഞാൻ പറഞ്ഞു, അവർക്ക് തങ്ങളുടെ സിനിമകളിലൂടെ ജനതയെ തീപ്പിടിപ്പിക്കേണ്ടിവരുമെന്ന്, അവരുടെ ദുരിതത്തിന്റെ കാരണങ്ങൾ ചൂണ്ടിക്കാട്ടണമെന്ന്. എന്റെ വിദ്യാർത്ഥികളിൽ ചിലരെന്റെ ഉപദേശം സ്വീകരിച്ചു. ചിലർ സ്വാഭാവികമായും സ്വീകരിച്ചില്ല. ഒരു കോളേജിലോ സർവ്വകലാശാലയിലോ എല്ലാ വിദ്യാർത്ഥികളും ഫസ്റ്റ് ക്ലാസ്സോടുകൂടി പാസ്സാവുകയും റാങ്കുമാർക്കുകൾ നേടുകയും പതിവില്ലല്ലോ. രണ്ടുമൂന്നുപേർക്ക് റാങ്കുമാർക്കുകൾ കിട്ടിയാൽ തന്നെ അദ്ധ്യാപകന്റെ അദ്ധ്വാനത്തിന് വേണ്ടത്ര പ്രതിഫലമായി.

**ഇന്നത്തെ അവസ്ഥയിൽ ഫിലിം ഇൻസ്റ്റിററ്യൂട്ട് യാഥാർത്ഥ ഫിലിം നിർമ്മാതാക്കൾക്ക് വളക്കൂറുള്ള മണ്ണാണെന്നു തോന്നുന്നുണ്ടോ?**

എനിക്കറിയില്ല. ഞാനല്പം കുടപ്പക്കാരനാവുകയാണെന്നെനിക്കു തോന്നുന്നു. എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്ന രണ്ടു മൂന്നു വ്യക്തികളേ ഉള്ളു എന്ന് ഏതായാലും ഞാൻ വിചാരിക്കുന്നു. ദൈവം അവരെത്തുണയ്ക്കട്ടെ. ഈ ലഹള അവസാനിക്കുന്നില്ലെങ്കിൽ അതൊരു മൂന്നാംകിട സർക്കാർ ഡിപ്പാർട്ടുമെന്ററായി മാറും. അങ്ങിനെ സംഭവിച്ചാൽ—അതു തീർത്തും നിശ്ചേതനമാകും, വെറും സാധാരണ സാധനങ്ങൾമാത്രം പുറത്തുവരും. വിരുദ്ധശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ—ഇതിൽനിന്നെന്തു പുറത്തുവരുമെന്ന് എനിക്കു പറയാനാവില്ല, പക്ഷേ നല്ലതെന്തെങ്കിലും സംഭവിക്കുമെന്നു പ്രതീക്ഷിക്കാനേ എനിക്കു കഴിയൂ. □

## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PUBLICATION

Form iv see rule 8

### CHRIST COLLEGE STUDENTS MAGAZINE

| | | |
|---|---|---|
| Place of publication | : | Irinjalakuda |
| Periodicity of Publication | : | Annual |
| Printer's Name | : | A. K. Nichalavose |
| Nationality | : | Indian |
| Address | : | Arakkal Thandan House<br>Christ Nagar<br>Irinjalakuda-680 121 |
| Publisher's Name | : | A. K. Nichalavose |
| Nationality | : | Indian |
| Address | : | Arakkal Thandan House<br>Christ Nagar<br>Irinjalakuda-680 121 |
| Editor's Name | : | Sudarsan V. P. |
| Nationality | : | Indian |
| Address | : | Valiyaparambil House<br>P. O. Chentrappinni |
| Owner's Name | : | Christ College<br>Irinjalakuda |

I, Nichalavose A. K., hereby declare that the particulars given are true to the best of my knowledge and belief.

Sd/
A. K. Nichalavose
Publisher.



'' കളിക്കുന്നവർ '' — പോൾ സെസാൻ


ഇതൊരു വിലകുറഞ്ഞ നന്ദിക്കുറിപ്പായിട്ടാരും കണക്കാക്കരുത്. കൃതജ്ഞത തോന്നുന്നതുകൊണ്ടു മാത്രം എഴുതിച്ചേർക്കുന്നതാണിത്. ഈ മാസിക ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികളോട് നൂറുശതമാനവും നീതി പുലർത്തിയിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നു. മാഗസിൻ കമ്മിറ്റിയുടെ ഈ വർഷത്തെ പരിപാടികൾ വിജയിപ്പിച്ചുതന്ന സുഹൃത്തുക്കളോട് അളവററ നന്ദിയുണ്ട്. നിർവ്വചിക്കാനാവാത്ത ചില പരിമിതികൾ ഞങ്ങളെ ബുദ്ധിമുട്ടിച്ചെങ്കിലും; ക്രൈസ്റ്റ് കോളേജിൽ പൊതുചടങ്ങുകളെന്ന നിലയിൽ ആദ്യമായി കവിയരങ്ങ്, കഥയരങ്ങ്, സിംപോസിയം തുടങ്ങിയവ നടത്താൻ ഞങ്ങൾക്കു കഴിഞ്ഞു. വെറും ചടങ്ങുകളായി ഇവ തരംതാണുകൊണ്ടിരിക്കുമ്പോൾ തന്നെ കഥയുടേയും, കവിതയുടേയും നവീന മുഖങ്ങളെ വിദ്യാർത്ഥികൾക്കു ലാളിത്യം നിറഞ്ഞ രീതിയിൽ പരിചയപ്പെടുത്തിക്കൊടുത്ത് അവരുടെ അമ്പരപ്പു മാററാൻ സാധിച്ചു. ഈ മാസികയുടെ ഒരുക്കൂട്ടലിനു സഹായിച്ച ക്രൈസ്റ്റ് കോളേജിലെ ചില അദ്ധ്യാപകരോടും, ചില സുഹൃത്തുക്കളോടും ഞങ്ങൾക്ക് അളവററ നന്ദിയുണ്ട്. വിവേകോദയം പ്രസ്സിലെ ആത്മാർത്ഥത നിറഞ്ഞ തൊഴിലാളികളേയും ഇവിടെ വിസ്മരിക്കുന്നില്ല. ബസ്സുകാശു തന്നും, കൈയടിച്ചു പ്രോത്സാഹനം നൽകിയും സഹായിച്ച സുഹൃത്തുക്കൾക്ക് ഒരിക്കൽ കൂടി നന്ദി.



സുദർശൻ വി. പി.
(എഡിറ്റർ)

[മധുര ജില്ലയിലെ ഒരു സാധു ഗ്രാമീണനിൽനിന്ന് ശ്രീ. സി. ആർ. കേശവൻവൈദ്യർക്ക് 1961-ൽ ലഭിച്ച ഒരു തമിഴ കത്തിൻെറ പരിഭാഷയാണ് താഴെ കൊടുക്കുന്നത്. സാധാരണക്കാർ 'ചന്ദ്രിക'യെ ആരാധിക്കുന്നതിൻെറ അടിസ്ഥാനം ഈ കത്തിൽ കാണാം.]

**ബഹുമാനപ്പെട്ട ചന്ദ്രിക സോപ്പു തയ്യാറാക്കും ഞങ്ങളുടെ ഗുരുനാഥർക്ക് എഴുതിക്കൊള്ളുന്ന അറിയിപ്പ്**



അയ്യാ,

ഇതുവരെ ലോകത്തിൽ കാണാൻ സാധിച്ചിട്ടില്ലാത്ത ആശ്ചര്യമായ സഞ്ജീവനി— ചന്ദ്രിക സോപ്പ്— ശ്രീരാമ ഭഗവാൻ അവതാരമെടുത്ത് ദുഷ്ടരെ സംഹാരം ചെയ്തതുപോലെ ത്വക്‌രോഗത്തെ ഇല്ലായ്മ ചെയ്യുവാനായി ജനനം എടുത്തിരിക്കുന്ന ചന്ദ്രിക സോപ്പ്.

കേൾക്കുക, പ്രഭുക്കളെ, കേൾക്കുക! എനിക്കു വയസ്സ് 43 ആയി. 20 വയസ്സിൽ ഉള്ളങ്കാൽ മുതൽ ഉച്ചിവരെ ശരീരം മുഴുവൻ പടർന്നുപിടിച്ച വ്യാധി—ആരും കണ്ടാൽ കണ്ണീർപൊഴിച്ച് പരിതാപപ്പെടും– ഇതുവരെ ആരും തന്നെ കണ്ടിട്ടില്ലാത്ത രോഗം—23 വർഷക്കാലം ഞങ്ങളുടെ കുടുംബം സദാ കണ്ണുനീരും കരച്ചിലുമായിരുന്നു. ആറുമാസക്കാലമായി താങ്കളുടെ നിർദ്ദേശാനുസരണം ചന്ദ്രിക സോപ്പ് തേച്ചുകുളിച്ചതുകൊണ്ട് ഞങ്ങളുടെ രോഗം നിശ്ശേഷം മാറി. എൻെറ ശരീരം മുഴുവനും വേദന സഹിക്കാൻപററാതെ എപ്പോഴും കരയുക. എൻെറ ഭാര്യ ഒരേ കരച്ചിൽ. എൻെറ കുഞ്ഞുങ്ങൾ അഞ്ചും കരച്ചിൽതന്നെ. ഞങ്ങളുടെ കുടുംബം മുഴുവനും 23 വർഷമായി ചുഴലിക്കാററിൽ അകപ്പെട്ടതുപോലെ ആയിപ്പോയി. ഞങ്ങളെക്കണ്ട ആളുകളെല്ലാം ഈ വ്യാധി എൻെറ ആയുസ്സ് ഒടുങ്ങുമ്പോഴേ തീരുകയുള്ളു എന്നു പറഞ്ഞു. അവരെല്ലാം ആശ്ചര്യപ്പെടുംവിധത്തിൽ എൻെറ രോഗം ഗുണപ്പെട്ടുപോയി. ഞാൻ ശരിയായ വിദ്യാഭ്യാസമുള്ളവനല്ല. അതുകൊണ്ട് എന്തെങ്കിലും തെററുണ്ടെങ്കിൽ ക്ഷമിക്കുവാനായി അപേക്ഷിക്കുന്നു. ഞാൻ ഇതുവരെ ഊശിവൈദ്യം—പച്ചിലവേരുകഷായം—തുടങ്ങിയ ചികിത്സകൾ വളരെ അധികം ചെയ്തു. ഒന്നും ഗുണപ്പെട്ടില്ല.

ആയിരത്തിൽ ഒരംശംമാത്രമേ താങ്കൾക്ക് എഴുതിയിട്ടുള്ളൂ. ഇതിന്നുമുമ്പ് ഈ രോഗത്തിന് ഒരു മരുന്നും കിട്ടിയിട്ടില്ല. എത്രയോ സോപ്പുതേച്ചു. എത്രയോ വൈദ്യംചെയ്തു. ഒന്നിനും ഗുണമുണ്ടായില്ല. എൻെറ ദൈവമായിട്ടു വന്ന ചന്ദ്രിക സോപ്പിനെ ഇതിന്നുമുമ്പ് ഈ പാപി ഗൗനിച്ചില്ല. ഇപ്പോൾ എട്ടുമാസക്കാലമായി ഉപയോഗിച്ച എനിക്ക് പൂർണ്ണസുഖം വന്നിരിക്കുന്നു. എനിക്ക് 20 വയസ്സിൽ കല്യാണം. അന്നുമുതൽ ഒരേ വിഷമം, ഒരേ കരച്ചിൽ ആയ കുടുംബം എട്ടുമാസക്കാലമായി ആനന്ദത്തിലാണ്. ഞങ്ങളുടെ രോഗം ആർ സുഖപ്പെടുത്തുന്നുവോ അവരായിരിക്കും ഞങ്ങളുടെ ദൈവം എന്നു സത്യംചെയ്തു. അതുപ്രകാരം ഞങ്ങളുടെ രോഗം മാററിയ താങ്കളെത്തന്നെ ഞങ്ങളുടെ കുലഗുരുവായി ആദരിച്ചുവരുന്നു. താങ്കൾ ഒരു ഉപകാരംചെയ്യണം. ഞങ്ങൾക്ക് എതുകാലവും മറക്കാതിരിക്കുന്നതിന്നുവേണ്ടി താങ്കളുടെ ഒരു ചെറിയ ഫോട്ടോ ഞങ്ങൾക്ക് അടയാളചിഹ്നമായി അയച്ചുതരുവാൻ നമസ്കാരത്തോടെ അപേക്ഷിക്കുന്നു. ഞങ്ങൾ കൈത്തറി നെയ്ത്ത് തൊഴിൽചെയ്ത് ഉപജീവനം കഴിച്ചുവന്നിരുന്നു. എന്നാൽ അഞ്ചു കുഞ്ഞുങ്ങളുടെ സംരക്ഷണച്ചെലവും ഞങ്ങളുടെ രോഗചികിത്സയുംകൂടി സാധിക്കാതെവന്നു. ഒററിചെയ്ത് കഷ്ടപ്പെടേണ്ട അവസ്ഥയിലെത്തിപ്പോയി. എന്നാലും ക്ലേശമില്ല. എൻെറ സുഖക്കേട് ഗുണപ്പെട്ടത് ഒന്നുമതി— ഞങ്ങൾചെയ്ത തപസ്സിൻെറ ഫലം. 'നോയററ വാഴ്‌വൈ കുറൈയററ ചെൽവം'' എന്ന ചൊല്ലുപോലെ ആയിത്തീർന്നു ഇപ്പോൾ. ഒരിക്കലും മറക്കുവാൻ പററുന്നതല്ല. അവിടെവന്ന് താങ്കളെ കാണുവാൻ എനിക്കു കഴിവില്ല. ശുഭം. ശുഭം.

**വൈ. സുന്ദരമൂപ്പനാർ**

1961

ചുപ്പുലാപുരം പോസ്റ്റ്, തിമ്മരാജനായ്ക്കന്നൂർ ഗ്രാമം, പെരിയകുളം താലൂക്ക്, മധുര ജില്ല

**S. V. Products, H. O. Irinjalakuda**

Branches BANGALORE, BOMBAY, NEW DELHI & AHMEDABAD



ക്രൈസ്റ്റ്
കോളേജ്
മാഗസിൻ
1979